അശ്വഘോഷന്റെ

# ശ്രീബുദ്ധചരിതം

294.3

വിവർത്തകൻ
സി.പി. കേശവൻ വൈദ്യൻ

P Govinda Pillai

# ശ്രീബുദ്ധചരിതം

(Malayalam)

# SREEBUDHA CHARITAM

**By ASWA GHOSHAN**

Translated by
C. P. KESAVAN VAIDYAN

First Published May 1971

PRINTED AT M. S. PRINTERS, QUILON

Price Rs. 7·00

Copyright:
N. Padmakshy

Published by the Translator

Distributors:
NATIONAL BOOK STALL
KOTTAYAM – TRIVANDRUM - ERNAKULAM – TRICHUR
PALGHAT – CANNANORE – QUILON – KOZHIKODE

# ശ്രീബുദ്ധചരിതം

(മഹാകാവ്യം)

## അശ്വഘോഷൻ

14621

വിവർത്തനം

സി. പി. കേശവൻ വൈദ്യൻ

PG Library & Research Centre

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 7·00

## സി. പി. കേശവൻ വൈദ്യന്റെ കൃതികൾ

| | |
|---|---|
| ദമയന്തി | (കവിത) |
| മയൂഖലേഖ | ,, |
| വീരനേതാജി | ,, |
| ബാഷ്പബിന്ദു | ,, |
| ശ്രീബുദ്ധചരിതം (വിവർത്തനം) | |

294-3

S1675 D123/72-73 1-1000

# സമർപ്പണം

ഭാരതോർവികള സൌഭാഗ്യം
തൂവും ഗംഗാസമാനയായ്
കൈരളിക്കാത്മസൌന്ദര്യം
തൂവും കേരളകൌമുദി.

കൌമുദീജനകൻ സീ. വീ
സൌമനസ്യമഹാനിധി
ഗൌരീഗുരുനിഭൻ വെൽവൂ
സൂരീന്ദ്രൻ കീർത്തിഗാത്രനായ്.

വെൺപുക്കൾക്കാന്തിയാൽ വിശ്വം
വെണ്മപൂശിയ സൽഗുരോ!
ഭാവനാസൂനജാലത്തിൻ—
ധാമമേ! നിത്യവന്ദനം.

നിൻ പാവനപദാംഭോജ—
സ്മരണൈകപരായണൻ
ആജ്ഞാകരൻ ഞാനർപ്പിപ്പൂ
ശ്രീബുദ്ധചരിതാമൃതം.

സി. പി. കേശവൻവൈദ്യൻ

# അഭിവാദനം

അശ്വഘോഷൻെറ 'ബുദ്ധചരിതം' മഹാകാവ്യം ഭാരതീയസാഹിത്യത്തിലെ ശ്രദ്ധേയമായ ഒരു കലാസൃഷ്ടിയാണ്. വിശ്വമഹാകവി കാളിദാസനുപോലും ഉപജീവ്യനായിരുന്നു അശ്വഘോഷനെന്ന് ചില ചരിത്രഗവേഷകന്മാർ സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ട്. അശ്വഘോഷൻെറ മഹത്വം സ്ഥാപിക്കുന്നതിന് കാളിദാസൻെറ ഉപജീവ്യത അത്യന്താപേക്ഷിതമല്ലായ്കയാൽ, ആവിധം ഒരു 'നിഴൽയുദ്ധം' നടത്തി, കാളിദാസൻെറ നിറംകെടുത്തേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. പക്ഷേ ഒരുകാര്യം തീർച്ചയാണ്. സംസ്കൃത കവിതയുടെ അകൃത്രിമസൗന്ദര്യവും അനിയന്ത്രിത സ്വഭാവവും വ്യക്തമാക്കാൻ 'ബുദ്ധചരിതം' നല്ലൊരു നിദർശനമാണെന്നു നിസ്സംശയം പറയാം. മഹാകാവ്യങ്ങൾക്കു യാതൊരു നിയമവും നിർവചനവുമില്ലാതിരുന്നകാലത്ത്, ഒരനുഗ്രഹീതകവിയുടെ സ്വച്ഛന്ദകവിതാപ്രവാഹം ബൃഹത്തായ കാവ്യരൂപംകൊണ്ടതാണ് ബുദ്ധചരിതം. ഇന്ത്യയെ മാത്രമല്ല ഇതര ഭൂഖണ്ഡങ്ങളെക്കൂടിയും തൻെറ തത്വശാസ്ത്രത്തിലേക്ക് ആകർഷിച്ച ഒരു മഹാത്മാവിൻെറ ജീവിതാപദാനങ്ങൾ പ്രകീർത്തിക്കുന്ന, അതിവിശിഷ്ടമായ, ഒരു ഇതിവൃത്തം ആ ബൃഹത് കൃതിയുടെ അന്തർധാരയായിട്ടുണ്ട്. അങ്ങനെ രൂപഭാവഭദ്രമായ ബുദ്ധചരിതം മഹാകാവ്യം ഭാരതീയരുടേയും വൈദേശികരുടേയും സ്മരണയിൽ, ആദരവിൻേറയും പ്രശംസയുടേയും പുതിയ പുതിയ നാമ്പുകൾ ഉയർത്തിക്കൊണ്ട്, രണ്ടു സഹസ്രാബ്ദക്കാലമായി അഭംഗുരം വിളങ്ങുകയാണ്.

സംസ്കൃതത്തിലെ പ്രസിദ്ധ കാവ്യങ്ങൾ പലതും മലയാളത്തിലേക്കു വിവൎത്തനം ചെയ്യപ്പെട്ടു. എങ്കിലും ബുദ്ധചരിതത്തിന് ഒരു പരിഭാഷ മലയാളത്തിൽ ഉണ്ടായില്ല. കവിയും പണ്ഡിതനുമായ വിദ്വാൻ സി. പി. കേശവൻവൈദ്യർ അടുത്തകാലത്തു് ആ കുറവ് നികത്തിക്കഴിഞ്ഞിരിക്കുന്നു. തന്നെയല്ല–ഏററവും ക്ലേശകരമായ ഒരു സമാരംഭത്തിലേൎപ്പെട്ടു് പൂൎണ്ണവിജയം കൈവരിച്ചിരിക്കുകയാണ് അദ്ദേഹം. മൂലഗ്രന്ഥത്തിലെ പല ഭാഗങ്ങളുമായി വൈദ്യരുടെ വിവൎത്തനം തട്ടിച്ചുനോക്കിയപ്പോൾ, കവിതാമൎമ്മജ്ഞനായ ഒരു സഹൃദയനും കവിയും ആ പരിഭാഷയിൽ പ്രതിഫലിച്ചിട്ടുള്ളതായി എനിക്കു കാണുവാൻ കഴിഞ്ഞു. സ്വതന്ത്രമായി കവിത രചിക്കുമ്പോഴുള്ള ഒരനായാസ മനോഹാരിത പലപ്പോഴും പരിഭാഷകളിൽ കാണപ്പെടാറില്ല. ശ്രീ: വൈദ്യരുടെ തൎജ്ജമ ആ ഉത്സൎഗ്ഗവിധിക്കു് ഒരപവാദമാണ്. ക്ലിഷ്ടവും കവിവിവക്ഷാവധാരണാക്ഷമവുമായ പല ഭാഗങ്ങളും മൂലകൃതിയിലുണ്ടു്. ആരും വ്യാഖ്യാനിച്ചിട്ടില്ലാത്ത ആ കവിതകളെല്ലാം ഒരു മഹാപണ്ഡിതൻെറ സൂക്ഷ്മതത്വഗ്രഹണചാതുര്യത്തോടും, ഒരു സഹൃദയൻെറ ആസ്വാദനസാമൎത്ഥ്യത്തോടുംകൂടി ശ്രീ: വൈദ്യർ വ്യാഖ്യാനിച്ചിരിക്കുന്നു. അങ്ങനെ ബുദ്ധചരിതം മഹാകാവ്യത്തിൻെറ മലയാള പരിഭാഷ ഒരപൂർവ സംഭവമാണെന്നു് സന്തോഷത്തോടെ പ്രസ്താവിക്കുകയാണ്.

ശ്രീമാൻ വൈദ്യരുടെ വിവൎത്തനശൈലി വ്യക്തമാക്കാൻ കാവ്യത്തിലെ മംഗളപദ്യംതന്നെ പരിശോധിച്ചുനോക്കാം.

"ശ്രിയം പരാൎദ്ധ്യാം വിദധദ്വിധാതൃജിത്
തമോ നിരസ്യന്നഭിഭൂത ഭാനുഭൃത്
നുദന്നിദാഘം ജിതചാരുചന്ദ്രമാഃ
സ വന്ദ്യതേഽൎഹന്നിഹ യസ്യനോപമാ."

പരാദ്ധ്യ ലക്ഷ്മീകരനായ് വിരിഞ്ചനെ,
തമസ്സകററിപ്പുലർകാല സൂര്യനെ,
തിദാഘഹൃത്തായ് മതിയേയുമത്ഭുതം
ജയിച്ചുമേവും ജിനനെത്തൊഴുന്നു ഞാൻ.

മൂലകൃതിയിലെ വൃത്തംതന്നെയാണ് പരിഭാഷയിലും. കവിയുടെ ആശയത്തെ അല്പമെങ്കിലും ഉപേക്ഷിക്കുകയോ വിവർത്തകൻ സ്വന്തമായി എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടില്ല. കവിതയുടെ ഒഴുക്കിനും 'ഗുണ'ത്തിനും തർജ്ജമയിൽ ഭേദംവന്നിട്ടുമില്ല. സംസ്കൃതത്തിന്റെ കർമ്മണിപ്രയോഗം മാററി മലയാളത്തിന്റെ തനതായ 'കർത്തരി'പ്രയോഗം—ഭാഷയുടെ നൈസർഗ്ഗികശൈലി—സ്വീകരിച്ചതും ഉചിതമായിരിക്കുന്നുണ്ട്. "നോപമം" എന്ന കവിതാഭാഗത്തെ "അത്ഭുതം" എന്നു വിവർത്തനം ചെയ്തതും അത്യുദാരമായിരിക്കുന്നു!

ഇങ്ങനെ ഏറിയ ക്രമം എല്ലാ ഭാഗങ്ങളിലും 'പുരോഭാഗി'യല്ലാത്ത ഏതൊരനുവാചകനും പ്രശംസിപ്പാൻ തോന്നിപ്പോകുന്ന ഒരു വിവർത്തനരീതി കണ്ടെത്താവുന്നതാണ്.

ശ്രീ: വൈദ്യരുടെ ബുദ്ധചരിതം പരിഭാഷയ്ക്ക് എല്ലാ ഭാവുകങ്ങളും പ്രാർത്ഥിച്ചുകൊള്ളുന്നു.

പ്രൊഫസർ,

ചന്ദ്രശേഖരൻ എം. എ.

ശ്രീനാരായണകോളേജ്.

കൊല്ലം,
7–12–'70

# അവതാരിക

നീപ്പാളിലാണ് ബുദ്ധചരിതത്തിൻെറ ഉത്ഭവം. അതിൻെറ മൂലകൃതി ഇന്നു ലഭ്യമല്ല അതിൻെറ പകപ്പുകളെന്നു കരുതപ്പെടുന്ന മൂന്നു കൈയെഴുത്തുപ്രതികളുണ്ടു്. ഒന്നു് പാരീസ് നാഷണൽ ലൈബ്രറിയിലും രണ്ടെണ്ണം കേംബ്രിഡ്ജ് യൂണിവേഴ്സിററി ലൈബ്രറിയിലും. ഇവ തമ്മിൽ അനേകം വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിലും ഇവയെല്ലാം ഒരേ മൂലകൃതിയുടെ പകപ്പുകളാണെന്നുള്ളതു് തീച്ചയാണു്. മൂലകൃതിയിലെ ടിപ്പണിയും മാജ്ജിനിലുണ്ടായിരുന്ന വ്യാഖ്യാതാക്കളുടെ കുറിപ്പുകളും പകപ്പെഴുത്തുകാർ വ്യത്യസ്തരീതിയിൽ മനസ്സിലാക്കിയതുകൊണ്ടാവാം ഈ വൈരുദ്ധ്യം. ഈ മൂന്നു പകപ്പുകളിൽ ആദ്യത്തേതു് ദേവനാഗരീലിപിയിലും മററുള്ളവ രണ്ടും നീപ്പാളിസ് ലിപിയിലുമാണു്. കേംബ്രിഡ്ജ് ലൈബ്രറിയിലുള്ളതെന്നു പറഞ്ഞ രണ്ടു പ്രതികൾക്കുപുറമേ പ്രൊഫസർ മാക്സ്മുള്ളരുടെ നേതൃത്വത്തിൽ പാരിസ് പകപ്പിൽനിന്നും ഉണ്ടാക്കിയിട്ടുള്ള മറെറാരു പ്രതിയും എൻെറ പതിപ്പ് തയ്യാറാക്കുന്നതിനുവേണ്ടി ഞാൻ ഉപയോഗിച്ചിട്ടുണ്ടു്. പാരിസ്പകപ്പ് A D 1830-ൽ അമൃതാനന്ദൻ തയ്യാറാക്കിയതാണെന്നു കാണാൻ കഴിയുന്നുണ്ടു്.

'ബുദ്ധചരിത'ത്തെ അതിൻെറ പതിനേഴു സർഗ്ഗങ്ങളുടെയും അന്ത്യസൂത്രങ്ങളിൽ മഹാകാവ്യം എന്നു വിശേഷിപ്പിച്ചിട്ടുണ്ടു്. അതിൻെറ കത്താവു് അശ്വഘോഷനാണെന്നു വ്യക്തമാക്കിയിട്ടുമുണ്ടു്. അദ്ദേഹം എന്നു ജീവിച്ചിരുന്നുവെന്നു് തീച്ചയില്ലെങ്കിലും A D. 645-ൽ

ഇൻഡ്യ വിട്ട ഹയൂൻസാങ്ങും A D. 673-ൽ ഇൻഡ്യ സന്ദർശിച്ച ഐററീസിംഗ്ഗും അദ്ദേഹത്തെ ഒരു മഹാകവിയായി കരുതുകയും അദ്ദേഹത്തിൻെറ ബുദ്ധമതവിശ്വാസത്തെപ്പററി സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. A D. ഒന്നാം ശതകത്തിൽ ജീവിച്ചിരുന്ന കനിഷ്കമഹാരാജാവിൻെറ സമകാലീനനും ആത്മീയോപദേശകനുമായിരുന്നിരിക്കണം അശ്വഘോഷൻ. A D. അഞ്ചാംശതകാരംഭത്തിൽ ചൈനീസ് ഭാഷയിലേയ്ക്കു തർജ്ജമചെയ്യപ്പെട്ട അദ്ദേഹത്തിൻെറ ബുദ്ധചരിതം അതിനു വളരെ മുമ്പുതന്നെ ബുദ്ധമതാനുയായികളുടെ ആദരവ് നേടിക്കഴിഞ്ഞിരുന്നു.

A D. ഏഴാം നൂററാണ്ടിൽ ബുദ്ധചരിതം ററിബററൻ ഭാഷയിലേയ്ക്കു തർജ്ജമ ചെയ്യപ്പെട്ടു. സംസ്കൃതപദങ്ങൾക്കു സമാനമായ ററിബററൻവാക്കുകൾ ഉപയോഗിക്കാൻ വലിയ ബുദ്ധിമുട്ടില്ലാത്തതുകൊണ്ടാവാം ഈ പതിപ്പ് ചൈനീസ് പതിപ്പിനേക്കാൾ മെച്ചപ്പെട്ടതായി കാണുന്നത്. ആദ്യഭാഗങ്ങളിൽ ഇവ തമ്മിൽ വലിയ സാമ്യമുണ്ടെങ്കിലും ഏതാനും അദ്ധ്യായങ്ങൾ കഴിയുമ്പോഴേയ്ക്കും ഇവ തികച്ചും വ്യത്യസ്തമായിത്തീരുന്നു. ഒന്നാം അദ്ധ്യായത്തിലെ കപിലവാസ്തുനഗരത്തിൻെറ മനോഹരമായ വർണ്ണനയടങ്ങിയ, 24 ശ്ലോകങ്ങൾ ഇവ രണ്ടിലും കാണുന്നില്ല. കൂടാതെ പാരീസ്പതിപ്പിലെ അവസാനത്തെ നാലു സർഗ്ഗങ്ങൾ ഇവയിലില്ല.

പാരീസ് പകർപ്പെഴുതിയ അമൃതാനന്ദൻെറ കുടുംബാംഗങ്ങൾ നീപ്പാളിലെ വിഖ്യാതരായ ചരിത്രകാരന്മാരും വിവിധദേവാലയങ്ങളിലെ അമൂല്യങ്ങളായ കൈയെഴുത്തുപ്രതികളുടെ സൂക്ഷിപ്പുകാരുമായിരുന്നെന്ന് ഡാക്ടർ ഡിറൈററിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. മുകളിൽ

സൂചിപ്പിച്ച നാലു സർഗ്ഗങ്ങളിൽ ആദ്യത്തെ മൂന്നു സർഗ്ഗങ്ങളുടെ കർത്താവ് അമൃതാനന്ദൻതന്നെയായിരിക്കാനാണ് സാദ്ധ്യത. അവയ്ക്കു തൊട്ടുമുമ്പുള്ള സർഗ്ഗത്തിലും അമൃതാനന്ദന്റേതായ പല ശ്ലോകങ്ങളും കടന്നുകൂടിയിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം കാവ്യഭംഗിയും അലങ്കാരപ്രയോഗങ്ങളും ഇവയിൽ വേണ്ടുവോളമില്ലെന്നു തന്നെയല്ല, വളരെയധികം വ്യാകരണത്തെററുകളും വൃത്തഭംഗവും കാണുന്നുണ്ടു. കൂടാതെ അമൃതാനന്ദന്റെ 'കല്യാണപഞ്ചവിംശാം ടീക'യുമായി ഈ സർഗ്ഗങ്ങൾക്കും ശ്ലോകങ്ങൾക്കും വളരെയധികം സാദൃശ്യമുണ്ട്. കാവ്യഗുണംവെച്ചുനോക്കുമ്പോൾ ഇവയെല്ലാം ഒരേ വ്യക്തിയാൽ എഴുതപ്പെട്ടവയാണെന്നു തോന്നും. ഈ അനുമാനങ്ങൾ ശരിയാണെങ്കിൽ, 'ബുദ്ധചരിത'ത്തിന്റെ ആദ്യത്തെ 13 സർഗ്ഗങ്ങളും പതിന്നാലാംസർഗ്ഗത്തിന്റെ ആദ്യഭാഗവും മാത്രമേ അശ്വഘോഷൻ എഴുതിയിരിക്കാനിടയുള്ളു.

സംസ്കൃതകവിതയുടെ ക്ലാസിക്കൽയുഗത്തിലെ, എന്നിയസ് (Ennius Quintus— B C. 239 - 169; Father of Latin poetry and Drama) ആയിരുന്നു അശ്വഘോഷൻ. അദ്ദേഹത്തിന്റെ കാവ്യരീതി പലപ്പോഴും പരുക്കനും അവ്യക്തവുമാണെങ്കിലും പ്രകൃത്യാ ഉള്ള ശക്തിയും സൌന്ദര്യവും അതിൽ നിറഞ്ഞുകിടപ്പുണ്ട്. അദ്ദേഹത്തിന്റെ കവിത അത്യധികമായ അദ്ധ്വാനത്തിന്റെ ഫലമല്ല അവ ബാഹ്യശാഖകളല്ല; സ്വാഭാവികമായ പൂക്കളാണ്.

അമരകോശം മുതലായ ക്ലാസിക്കൽ സംസ്കൃതസാഹിത്യത്തിലെ വളരെയധികം വാഴ്ത്തപ്പെട്ട ഗ്രന്ഥങ്ങളിലെ ചില കാവ്യഭാഗങ്ങൾ ബുദ്ധചരിതത്തിലെ ചില ഉപകഥകളുമായി താരതമ്യംചെയ്താൽ അശ്വഘോ

ഷൻെറ കവിത അവയിൽ പലതിനേക്കാളും മെച്ചപ്പെട്ടതാണെന്നും ഹൈന്ദവമെർജിൻ ആയ കാളിദാസനു പോലും പ്രചോദനം നൽകാൻ ഉപകരിച്ചുവെന്നും മനസ്സിലാക്കാവുന്നതാണ്. അമരകോശം, കുമാരസംഭവം, രാമായണം എന്നിങ്ങനെ വിശ്രുതങ്ങളായ പല സംസ്കൃതകൃതികളുടേയും കർത്താക്കൾ അശ്വഘോഷനെ അനുകരിക്കുകയോ അദ്ദേഹത്തിൻെറ പരുക്കൻകവിതയെ തേച്ചു മിനുക്കുകയോ, അദ്ദേഹത്തിൽനിന്നു പ്രചോദനം നേടുകയോ ചെയ്തിട്ടുണ്ടെന്നതു് തക്കമെററ സംഗതിയാണ്.

ബുദ്ധമതത്തെപ്പററിയോ അതിൻെറ ചരിത്രത്തെപ്പററിയോ 'ബുദ്ധചരിതം' ഒന്നുംതന്നെ പറയുന്നില്ലെങ്കിലും സംസ്കൃതസാഹിത്യകുതുകികൾക്കുതകുന്ന വിവരങ്ങൾ ഇതിൽ ധാരാളമുണ്ട്. കൈയെഴുത്തുപ്രതി വായിച്ചു മനസ്സിലാക്കി വ്യാഖ്യാനിക്കുകയെന്ന അത്യന്ത്യം ക്ലേശകരമായ ജോലിയിൽ ഏർപ്പെട്ടിരുന്നതുകൊണ്ട് കൂടുതൽ പ്രധാനപ്പെട്ട ചില സംഗതികൾ വിട്ടുപോയിരിക്കാം. ആയതിലേയ്ക്കു മററുള്ളവരുടേയും വരുംതലമുറയിലെ വിജ്ഞാനദാഹികളുടേയും കണ്ണുകൾ ചെന്നെത്തുമെന്നു് എനിക്കുറപ്പുണ്ട്. മൂലകൃതി കളങ്കപ്പെടുത്തപ്പെട്ടിരുന്നതുമൂലം അവ്യക്തവും ദുർഗ്രഹവുമായ ചില ഭാഗങ്ങൾ വിട്ടുകളയാൻ ഞാൻ നിർബന്ധിതനായിട്ടുണ്ട്. സംസ്കൃതപണ്ഡിതന്മാരുടെ നിരൂപണത്തിന്നായി ബുദ്ധചരിതത്തിൻെറ ആദ്യത്തെ പതിപ്പ് ഞാൻ സമപ്പിക്കുമ്പോൾ നീപ്പാളിസ് കൈയെഴുത്തുപ്രതിയിലെ തെററുകളെ എന്നിൽ വന്നുപോയിട്ടുള്ള വീഴ്ചകൾക്കു മറപിടിക്കാനുള്ള ഉപാധിയായി ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ!

E. W. COWELL M. A.,
October, 1892

CAMBRIDGE,
Oct. 23, 1892

# ശ്രീബുദ്ധചരിതം

## മഹാകാവ്യം

### സർഗ്ഗം 1

പരാർദ്ധ്യലക്ഷ്മീകരനായ് വിരിഞ്ചനെ,
തമസ്സകററിപ്പുലർകാലസൂര്യനെ,
നിദാഘഹൃത്തായ് മതിയേയുമത്ഭുതം
ജയിച്ചുമേവും ജിനനെത്തൊഴുന്നു ഞാൻ.

പയോദജാലങ്ങൾകണക്കുയർന്ന
പാർശ്വങ്ങളിൽ ശൈലഗണങ്ങൾ നില്ക്കേ,
വരിഷ്ഠസൗധങ്ങൾ നിരന്നുനില്ക്കും–
പുരം വിളങ്ങീ കപിലാഭിധാനം. 2

വെളുപ്പുമൗന്നത്യവുമേറെ നേടി–
ക്കൈലാസശൈലത്തെയധഃകരിപ്പൂ
തെററിദ്ധരിച്ചന്തികമാർന്ന വാരി–
വാഹങ്ങളെപ്പിന്നതു സൽക്കരിപ്പൂ. 3

രത്നപ്രഭാഭാസുരമാമതിങ്കൽ
ദാരിദ്ര്യവും ഹന്ത! തമസ്സുമില്ല
പ്രസന്നപൗരാവലിയൊത്തിണങ്ങി
ചിരിയ്ക്കയാം മോഹനരാജ്യലക്ഷ്മി. 4

യാതൊന്നിലെത്തോരണസിംഹകണ്ണ്-
രത്നപ്രഭാരമ്യമണീഗൃഹങ്ങൾ
ലോകത്തിലനുപമ്യമെഴായ്കമൂലം
പരസ്പരം സ്പർദ്ധ വഹിച്ചിരുന്നു. 5

വെൺതാമരപ്പൂവിനെ വെന്നൊരോമൽ-
തന്വംഗിമാർതൻ മുഖചന്ദ്രബിംബം,
കണ്ടാത്മസന്താപമിയന്ന ഭാനു
വാരാശിതൻ നേൎക്കു ഗമിപ്പു, മുങ്ങാൻ. 6

ശാക്യേശരാർജിച്ച മഹായശസ്സി-
ലിന്ദ്രന്റെ കീൎത്തിക്കു നിറം കുറഞ്ഞു
തദങ്കസമ്മാർജനമോൎക്കെ, വാനിൽ
ധ്വജങ്ങൾപൊക്കീ ജയവൈജയന്തി. 7

രാവിൽ, സരസ്സിൽ കുളിർവെണ്ണിലാവിൽ
വിരിഞ്ഞുനിന്നീടിന കൈരവങ്ങൾ
സൌവൎണ്ണസൌധംവഴിയൎക്കരശ്മി
പതിയ്ക്കവേ, പൊൻകമലങ്ങളായി. 8

മഹീമണാളർക്കണിമൌലിയായ
ശുദ്ധോദനൻ സൂരജനപ്പുരത്തെ
അലങ്കരിച്ചു, വികസിച്ച പത്മാ-
കരത്തെ, യന്നത്തലവൻകണക്കെ. 9

ഭൃദ്ദാരൻ, നിത്യസപക്ഷനായും,
ദാനപ്രസക്തൻ മദഹീനനായും,
ഈശൻ പരം ദൃക്സമദർശിയായും,
ശാന്തൻ നൃപൻ മേവി മഹാപ്രതാപൻ. 10

അവൻെറ ഹസ്താഹതിയേററു വീഴും-
വൈരിദ്വിപങ്ങൾ, സമരാങ്കണത്തിൽ
ശിരസ്സിൽനിന്നൂർന്ന മണിപ്രസൂന-
ജാലങ്ങളർപ്പിച്ചു നമസ്കരിപ്പൂ. 11

മഹോപരാഗങ്ങളെയുഷ്ണരശ്മി-
കണക്കു ശത്രുക്കളെ ദൂരെനീക്കി
വഹിച്ചുസന്മാർഗ്ഗസമുന്നതശ്രീ,
കാണിച്ചു ഭൂപൻ കരണീയമാർഗ്ഗം. 12

ധർമ്മാർത്ഥകാമങ്ങൾ മഹീന്ദ്രനൂഴി
ഭരിക്കവേ തമ്മിലിടർച്ചയെന്യേ
വർത്തിച്ചു തൌര്യത്രികമെന്നപോലെ
പരസ്പരോന്മേഷവിശേഷശോഭം 13

ഉദാരശീലാഞ്ചിതരാമനേക-
മമാത്യരോടൊത്തമിതപ്രഭാവം
നക്ഷത്രജാലാവൃതചന്ദ്രതുല്യ-
ശാക്യേന്ദ്രരാജൻ, നിതരാം വിളങ്ങി. 14

അവൻെറ ശോഭാപ്രസരം പകർന്നു
രവിപ്രഭാതുല്യതയാർന്ന സാധ്വീ
സദ്ധർമ്മപത്നീപദമുദ്വഹിച്ചു
മായാവിലാസം കലരാത്ത മായ. 15

ജനങ്ങളിൽ സ്നേഹമിയന്നൊരമ്മ,
ഗുരുക്കളിൽ ഭക്തി വളർന്ന ശിഷ്യ,
രാജന്യവംശോദിതഭാഗ്യലക്ഷ്മി,
തേജസ്വിനീ മായ സമുല്ലസിച്ചു. 16

"അശ്രീകരം സ്ത്രീചരിതം" ജഗത്തി-
ലെന്നാകിലും രാജ്ഞി പരം വിളങ്ങീ.
ശുഭ്രേന്ദുലേഖാസഖിയായ രാത്രി
യിരുൾക്കളങ്കത്തെ വഹിക്കയില്ല. 17

അരൂപനീ ഞാൻ, അയഥാർത്ഥലോക-
മെന്നുള്ളിലാക്കാനതിനാലശക്തൻ,
എന്നോർത്തു സൂക്ഷ്മസ്ഥിതി കൈവെടിഞ്ഞു
ധർമ്മം ശരീരത്തെ വഹിക്കയാവാം. 18

ദിവ്യാത്മശോഭം തുഷിതാഖ്യമായ-
നാകത്തിൽനിന്നുത്തമബോധിസത്വൻ,
ആ രാജ്ഞിതൻ കുക്ഷിയിലെത്തി, നാഗ-
രാജൻ പുരാ നന്ദയിലെന്നപോലെ. 19

തൂമഞ്ഞിൻ മലപോൽ വെളുത്തൊരു ഗജം
തന്നാറുശൃംഗങ്ങളും
ദാനാംബുസ്രുതിയും കലൻ്റ വടിവിൽ
ചെന്നങ്ങു മന്ദേതരം
ആ ശാക്യക്ഷിതിപാലകൻെറ മഹിഷീ
ഗർഭത്തിലുൾപ്പുക്കപോ-
ലാശാസ്യദ്യുതിപൂർണ്ണമീയുലകിനെ
സ്സംരക്ഷിച്ചു രക്ഷിക്കുവാൻ. 20

ഗർഭത്തെ രക്ഷിപ്പതിനാസ്ഥയോടേ
ലോകേശരീശൻെറ സമക്ഷമെത്തീ
എങ്ങും പ്രകാശിക്കിലുമുണ്ടു വെള്ളി-
മലയ്ക്കുമേൽ മധുരി ചന്ദ്രികയ്ക്കു്. 21

അകത്തു മിന്നൽപ്രഭയെ വഹിക്കും
വാർനീരദംപോൽ വിലസുന്ന മായ
ദാനാംബുവർഷങ്ങളതിൻ ലോക
ദാരിദ്ര്യസന്താപഭരം ഹരിച്ചു. 22

രാജാജ്ഞയും ദൌഹൃദവും നിമിത്തമാ-
രാജന്യധന്യാംഗന, ലുംബിനീവനം
പ്രാപിച്ചുപോൽ വിശ്രമമാസ്വദിക്കുവാൻ
പ്രായത്തിനൊത്തുള്ള വയസ്യമാരൊടും. 23

പൊൻപൂക്കൾതൻ ഭാരമിയന്ന വൃക്ഷ-
ക്കൊമ്പിൽ പിടിച്ചങ്ങിനെ മായ നില്ക്കേ,
സംഭിന്നമായോരുദരത്തിൽനിന്നും-
സംജാതനായ് വിശ്രുതബോധിസത്വൻ. 24

വ്രതങ്ങളാലസ്സതി സംഭരിച്ച
പുണ്യങ്ങളാം പൂക്കൾ ജവം ഫലിച്ചു
ജഗത്തിനാനന്ദദനായൊരുണ്ണി
ജനിച്ചു നിർവേദനമത്ഭുതാഭം. 25

വാനംപിളന്നെത്തിയ ബാലഭാനു
വിഭാതവേളയ്ക്കു വിളങ്ങിടുംപോൽ
മായോദരപ്രച്യുതനായ വത്സൻ
മഹസ്സിനാൽ പൊന്നൊളിപൂശി മന്നിൽ. 26

ഭൂജാതനാം കനകവർണ്ണനെ വിണ്ഡലത്തിൻ-
ഭൂജാനി, നൂനമഖിലാക്ഷികളാൽ നുകന്നു
മന്ദാരസൂനനിവഹങ്ങളൊടൊത്തു രണ്ടു-
മന്ദാകിനീമഹിതധാരകളെച്ചൊരിഞ്ഞു. 27

നിരന്നു ചുററും സുരർ കാത്തുനിൽക്കേ,
യവക്കവൻ കൺകുളിർനൽകി, വാഴ്കെ
സന്ധ്യാംബുദത്തിൻ മുകളിൽ സ്ഫുരിക്കും
ബാലേന്ദുവിൻ കാന്തികവന്നു ബാലൻ. 28

ഔർവന്റെയൂരുക്കും, വസുന്ധരയ്ക്കു
വാത്സല്യമേറും പൃഥുവിന്റെ ഹസ്തം
മാന്ധാതൃമന്നന്റെ ശിരസ്സുമെന്ന-
പോലിജ്ജിനന്നും ജനി ഭ്രൂവിശേഷം. 29

അനേകജന്മങ്ങളിൽ നീണ്ടുനിന്നൊ-
രമേയസൽക്കർമ്മജശക്തിയാലേ
അയോനിജൻ ബാലനവൻ വിളങ്ങി
യാകാശദേശച്യുതനെന്നപോലെ. 30

പ്രദീപ്തിയാലും പുരുശോഭയാലു-
മീബാലനീ മന്നിലണഞ്ഞ സൂര്യൻ
സൌന്ദര്യമോർത്താലതി ദീപ്രമെന്നാൽ
ശശാങ്കതുല്യം കുളിർ കണ്ണിനേകി. 31

അമേയസൌന്ദര്യനിധാനമായ-
വപുസ്സു ദീപപ്രഭയെജ്ജയിച്ചു
വിദ്യുൽപ്രവാഹദ്യുതിവീശി വിശ്വം
വിളക്കിയക്കാഞ്ചനചാരുവർണ്ണൻ. 32

അനാകുലം പത്മപദങ്ങളൂഴി
തൊടാതെയത്യത്ഭുതശക്തിയുക്തൻ
ഗമിച്ചുപോലേഴടി മന്ദമന്ദം
സപ്തർഷിനക്ഷത്രസമാനനുണ്ണി. 33

"ജനിച്ചു ഞാൻ ജ്ഞാനമയൻ ജഗത്തിൻ-
സമീഹിതങ്ങൾക്കു ഫലം പുലത്താൻ
എനിക്കിതന്ത്യം ജനി"യെന്നു ധീര-
സ്വനത്തിലത്ഥോജ്വലമോതി ബാലൻ. 34

വാർതിങ്കളിൻവെൺകതിർപോലെ രണ്ടു
തൂവെള്ളിനീർകമ്പികൾ വിണ്ണിൽനിന്നും
ശീതോഷ്ണവീര്യങ്ങൾ സുഖപ്രദങ്ങൾ
ശീഘ്രം കുമാരന്റെ ശിരസ്സിൽ വീണു. 35

വൈഡൂര്യപാദങ്ങൾകലന്ന തങ്ക
പര്യങ്കമാളും ശിശുവിൻ സമക്ഷം
തൻകൈകളിൽ കാഞ്ചനപത്മമേന്തി
വിൺപൗരർ വന്നങ്ങു ചുഴന്നുനിന്നു. 36

മായാതനൂജന്റെ മഹത്വമോത്തു
വാനിൽ സുരന്മാർ തലതാഴ്ത്തിനിന്നു
വെൺമേഘവെള്ളക്കുടയുദ്വഹിച്ചു
നന്മംഗളാശിസ്സുവരുച്ചരിച്ചു. 37

തഥാഗതൻ തൻ ജനനോത്സവത്തി-
ലാനന്ദമാർന്നു സുരമാമുനീന്ദ്രർ
സന്തപ്തരെക്കാത്തിടുവോരിലുണ്ടാം
സംതൃപ്തി വൈരാഗ്യമിയന്നവക്കും. 38

ജിനൻ ജനിച്ചോരളവിൽ ധരിത്രി
ചാഞ്ചാടി കാററിൽ കളിവഞ്ചിപോലെ
കാർമേഘമില്ലാത്ത നഭസ്സിൽനിന്നും
തൂമാരി തൂവീ മലർഗന്ധമിശ്രം 39

സൈ്വരം ചരിച്ചു, പരിരമ്യദിവ്യ-
സൌരഭ്യപൂരം പുലരുന്ന വായു
സൂര്യൻ പ്രകാശപ്രസരം വളർത്തി
പാരമ്യസൌമ്യപ്രഭ വഹ്നിയാർന്നു. 40

ആ രാജസൗധത്തിനു മുൻ വടക്കു
ക്രൂപം സ്വയം സാൽഭുതമുത്ഭവിച്ചു
അന്തഃപുരസ്ത്രീകളതിൽ കുളിച്ചു
സ്വാത്മീയകർമ്മങ്ങളെ നിർവ്വഹിച്ചു. 41

ധർമ്മാർത്ഥിസംഘത്തിലനേകദിവ്യർ
സന്ദർശനത്തിന്നവിടത്തിലെത്തി,
കുതൂഹലത്താൽ ചില മാമരങ്ങൾ
പൂജിച്ചു പൂവിൻനിര തൂവി നിന്നു. 42

പ്രഫുല്ലപുഷ്പാവലി ദിക്കുകൾക്കു
സുഗന്ധസൌഭാഗ്യഭരം വളർത്തി
സസംഭ്രമം ഭൃംഗവധൂടി പാടി
ഭുജംഗമം ശീർഷമുയർത്തിയാടി. 43

വീണാദികാമ്യധ്വനിയങ്ങൊരേടം
മൃദംഗതൂര്യദ്ധ്വനി മറെറാരേടം
കണ്ണുങ്ങളിൽ കുണ്ഡലകാന്തിചേരും
പെണ്ണുങ്ങൾ പാർശ്വങ്ങളിൽ വന്നുതിങ്ങി. 44

ഹാ! "രാജശാസ്ത്രം" വിരചിച്ചതില്ല
ഭൃഗ്വുത്തമൻ കോവിദനംഗിരസ്സും
തദാത്മജന്മാർ മഹനീയ ശുക്ര-
ബൃഹസ്പതീവര്യരതാരചിച്ചു. 45

"സാരസ്വതൻ" മുന്നമുരച്ചു വേദം,
നശിച്ചു പിന്നീടതദൃശ്യമായി,
വസിഷ്ഠനും ദുഷ്കരമാമതോത്താൽ
വ്യാസൻ രചിച്ചു വിവിധാനുബന്ധം. 46

വൈദുഷ്യമേവം ച്യവനൻ മടിയ്ക്കേ,
വാല്മീകി കാവ്യം വിരചിച്ചുനൽകീ
അത്രിയ്ക്കു ദുസ്സാധചികിത്സിതങ്ങൾ
തൽപുത്രനാത്രേയനഹോ! രചിച്ചു. 47

ആശിച്ചു മുന്നം കുശികൻ ദ്വിജത്വം,
തൽപുത്രനാർജിച്ചു യശസ്സുനേടി,
ആഴിയ്ക്കുതീരം സഗരൻ രചിച്ചു,
ദിലീപവംശ്യക്കതു സാഹ്യമായി. 48

ദ്വിജേതരന്മാർക്കരുതാത്ത യോഗ-
വിദ്യാഗുരുത്വം ജനകൻ വഹിച്ചു,
വിഖ്യാതിയാർന്നുള്ള മഹാരഥന്മാർ
പിന്നെപ്പുരം ദുർബലരായ് ഭവിച്ചു. 49

വയസ്സുമക്കാലവുമല്ല ഹേതു-
ജഗത്തിലൌന്നത്യമൊരുത്തനേലാൻ
മഹർഷിമാർക്കും മനുജാധിപക്കു-
മീ സത്യതത്വം തെളിയിച്ചു പൂർവർ. 50

ദൈവജ്ഞരാകും ദ്വിജരിപ്രകാരം
സമാശ്വസിപ്പിച്ചളവൂഴിനാഥൻ
അനർത്ഥശങ്കയ്ക്കിടമേകിടാതെ
മനസ്സിനുന്മേഷസുഖം പുലർത്തി. 51

സമ്പ്രീതിവായ്ക്കും നൃപനദ്ദ്വിജർക്കു
സൽക്കാരപൂർവ്വം ധനമേറെ നൽകി
വയസ്സുകാലത്തു വനാന്തഭൂവിൽ
വസിച്ചിടാമെന്നു നിനച്ചു മേവി. 52

നിർവാണസൌഖ്യപ്രദനായ ബുദ്ധൻ
ജനിച്ചുവെന്നാത്മതപോബലത്താൽ
അറിഞ്ഞു ധീമാൻ "അസിതൻ" മഹർഷി
ശാക്യേശ്വരൻതൻ സദനത്തിലെത്തി. 53

നന്മംഗളോജസ്സൊഴുകി ജ്വലിക്കും
ബ്രഹ്മർഷിയെ രാജഗുരുപ്രവീരൻ,
വ്യാജാനപേതം ബഹു സൽക്കരിച്ചു
രാജാന്തികത്തിൽ തരസാ നയിച്ചു. 54

ജിനൻെറ ജന്മോത്സവഭംഗിതിങ്ങി-
ത്തിളങ്ങുമന്തഃപുരസീമയിങ്കൽ
കടന്നുചെന്നുഗ്രതപസ്സമന്ത്യ-
വയസ്സുമേലുന്ന വിശിഷ്ടയോഗി. 55

യഥോപചാരം മുനിയെ ഗ്രഹിച്ചു
പാദ്യാർഘ്യപൂജാദികൾ ചെയ്തിരുത്തി
വസിഷ്ഠനോടാദരവാർന്ന രന്തി-
ദേവൻകണക്കേ; നൃപനേവമോതി. 56

അങ്ങെന്നെ വീക്ഷിച്ചതിനാൽ കൃതാർത്ഥൻ,
അനുഗ്രഹത്തിന്നനുയോജ്യനീ ഞാൻ
കല്പിക്കണം മൽകരണീയമെന്നിൽ
വിശ്വാസമർപ്പിക്കണമേ ദയാലോ! 57

ശുദ്ധോദനൻതൻ വചനം ശ്രവിച്ചാ
സദ്ധർമ്മധീരൻ മുനി വിസ്മയത്താൽ
വിശാലസംഫുല്ലവിലോചനശ്രീ
വഹിച്ചു മന്ദസ്വനമേവമോതി. 58

ത്യാഗം മഹാധർമ്മമോടൊത്തിണക്കു-
മങ്ങേയ്ക്കു ചേരാമതിഥിപ്രിയത്വം
സത്വാന്വയജ്ഞാനവയസ്സിനൊക്കു-
മെന്നെബ്ഭവാൻ സ്നേഹിതനെന്നുമോരാം. 59

രാജർഷിമാർ മുൻപു ധനത്തിനേക്കാൾ
ധർമ്മത്തിനഭ്യുന്നതി കൈവരുത്താൻ
ശാസ്ത്രാനുസാരം ധനമുൽസൃജിച്ചാ-
തപോധനന്മാർ ധനഹീനരായി. 60

ജ്ഞാനൈകരൂപൻ ഭവദാത്മജത്വം
വഹിച്ചുവെന്നായശരീരിവാക്യം
വിയത്തിൽനിന്നെൻ ചെവിയിൽ പതിച്ചു
ഗമിച്ചു കാണാൻ കുതുകം ജനിച്ചു. 61

ആ വാക്യമോർത്തും ശ[illegible]ം ഗണിച്ചും
ഞാനിങ്ങണഞ്ഞേനമിതാത്മമോദം
ഇന്ദ്രധ്വജംപോൽ വിലസുന്ന ശാക്യ-
ധ്വജത്തെ—നിൻപുത്രനെയൊന്നു കാണാൻ. 62

അമ്മാമുനീന്ദ്രൻെറ വചസ്സിനാലും—
പ്രഹർഷസംഭ്രാന്തിയോടന്നരേന്ദ്രൻ
തൻപുത്രനെട്ടിവ്യയതീശ്വരൻെറ
കൺമുമ്പിലർപ്പിച്ചു വണങ്ങിനിന്നു. 63

സച്ചക്രരേഖായുതപാദയുഗ്മം,
ജാലാഖ്യരേഖാംഗുലിതല്ലജങ്ങൾ,
നൽഭ്രൂക്കൾ ആവാരണവസ്തികോശം,
സാനന്ദമബ്ബാലനെ നോക്കി യോഗി. 64

ഗൌര്യങ്കഭൂവിൽ ഗുഹനെന്നപോലെ
ധാത്ര്യങ്കമാളും ജിനനെ നികാമം
സൂക്ഷിച്ചുവീക്ഷിച്ചു പൊടിഞ്ഞകണ്ണീർ
നിറഞ്ഞ കണ്ണാൽ മുനി നോക്കി വിണ്ണിൽ. 65

കണ്ണീരെഴും യോഗിയെ നോക്കിയാപ്പൽ
ഭയത്തിനാൽ ഭൂപനു മെയ്‌വിറച്ചു
ചോദിച്ചു മന്ദം വിനയത്തൊടേവം
ഹാ! ഗൽഗദത്താലിടറും സ്വനത്തിൽ. 66

ഏതുണ്ണിതന്നുൽഭവമൽഭുതത്തി—
ന്നാസ്ഥാനമായ് ശോഭനമായിരുന്നു
ആയുണ്ണിയെക്കണ്ടു ഭവാൻെറ കണ്ണിൽ
കണ്ണീരുദിക്കുന്നതിനെന്തു ബന്ധം? 67

ആയുസ്സിവന്നായതമല്ലി? ചൊൽകെൻ
ശോകത്തെ നീക്കാനിവനാവതില്ലേ?
അന്ത്യോപചാരത്തെ നമുക്കു നൽകാൻ
കാലം കടക്കൺമുന നീട്ടുകില്ലേ? 68

അക്ഷയ്യകീൎത്തിക്കിവനൎഹനാമോ?
രാജ്യത്തെ രക്ഷിച്ചിടുമോ? മഹാത്മൻ!
പ്രാപിക്കുമോ ഞാൻ പരലോകസൌഖ്യം?
ദേവാക്ഷിപോലെൻ മതി വിസ്ഫുരിപ്പൂ. 69

വംശദ്രുമത്തിൻതളിരെൻകുമാരൻ
തഴയ്ക്കുമോ ഹന്ത! കരിഞ്ഞുപോമോ?
വദിക്ക വേഗം ഭഗവൻ! യഥാൎത്ഥം,
തൻപുത്രനിൽ ക്രൂര പിതാവിനേവം. 70

അനിഷ്ടചിന്തയ്ക്കു വിധേയനെന്നു
മനസ്സിലാക്കീ മുനി വീണ്ടുമോതി
മറെറാന്നു ചിന്തിക്കരുതേ മഹീശ!
നിസ്സംശയം ഞാനരുൾചെയ്യു സത്യം. 71

വികാരമിപ്പെതൽനിമിത്തമല്ലീ
ഞാനെന്നെ വഞ്ചിച്ചതിൽ ഞാൻ തപിപ്പൂ
എനിക്കു പോകാൻ സമയം; ജനിച്ചു
ധൎമ്മക്ഷയത്തെത്തടയാൻ സമൎത്ഥൻ. 72

വെടിഞ്ഞു രാജ്യം വിഷയാഭിലാഷ-
മെഴാതെ നൽ ധ്യാനനിലീനനായി
ജഗത്തിലജ്ഞാനതമസ്സകററി
ജ്വലിക്കുമിജ്ഞാനമയെകസൂൎയ്യൻ. 73

ജരാമൃതിവ്യാധിതരംഗഫേന-
കരാളദുഃഖക്കടലിങ്കൽനിന്നും
ശോകാൎത്തരെ ജ്ഞാനമഹാപ്ലവത്തിൽ
കയററി രക്ഷിച്ചിടുമിക്കുമാരൻ. 74

ബുദ്ധിപ്രവാഹം സ്ഥിരശീലതീരം,
സമാധിശീതം, വ്രതചക്രവാകം,
ഇവന്റെ സദ്ധർമ്മനദീജലം ഹാ!
തൃഷ്ണാർദിതക്കാത്മസുഖം രചിക്കും. 75

സംസാരമാകും വനഭൂവിൽ മാർഗ്ഗം
കാണാതെ മാഴ്കും ഭവപാഥികക്കായ്
മോക്ഷൈകമാർഗ്ഗം വഴിപോലെ കാട്ടു-
മിവന്റെ ധർമ്മോക്തി ചിരം ജയിക്കും. 76

സുഖാനുഭോഗേന്ധനമാർന്നു കത്തും-
രാഗാഗ്നിയാലുള്ളുരുകുന്നവർക്ക്
ഇവന്റെ ധർമ്മപ്പുതുമാരിയെന്നു-
മാത്മാവിലാനന്ദരസം നിറയ്ക്കും. 77

തൃഷ്ണാർഗളം മോഹകപാടമാക്കും
പുറത്തുപോകാനരുതാത്ത വാതിൽ
സദ്ധർമ്മധീരപ്രഹരത്തിനാലേ
വിപാടനംചെയ്യുമിവൻ ക്ഷണത്തിൽ. 78

സ്വകർമ്മമോഹക്കയർകൊണ്ടു കെട്ടി
നിരാശനായ് ദുഃഖനിമഗ്നനായി
കഴിഞ്ഞുകൂടുന്നവനിങ്ങു മോക്ഷം
കൊടുക്കുമിമ്മോഹനധർമ്മരാജൻ. 79

ശോചിക്കൊലാ നീയിവനെക്കുറിച്ചു
ഹേ! സൌമ്യ! ശോച്യൻ ദൃഢമാ മനുഷ്യൻ
മോഹത്തിനാൽ ദുർഭഗദുർമദത്താ-
ലിവന്റെ സദ്ധർമ്മമനാദരിപ്പോൻ. 80

ഇവന്റെ ധർമ്മോക്തിയെനിക്കു കേൾക്കാൻ
ദുസ്സാധമായ് ഞാനതിനാലധന്യൻ
എനിക്കിതൊക്കെ സുരലോകവാസ-
മനർത്ഥമെന്നായി മനം തപിപ്പൂ. 81

കാര്യം ധരിച്ചാത്മസുഹൃൽസമേതൻ
ഭൂപൻ വിഷാദം സഹസാ വെടിഞ്ഞു
മകൻ വഹിക്കും മഹിമാതിരേക-
മച്ഛൻ നിനച്ചാത്മസുഖം നുകന്നു. 82

സ്വകീയസദ്ധർമ്മപഥത്തിലൂടെ
സുദൂരമീ ബാലനെ ഞാൻ നയിക്കും
നിതാന്തധർമ്മപ്രിയനല്ലി വത്സൻ
സന്താനനാശത്തെ—യതോർക്കവയ്യേ! 83

മുനിവരനസിതൻ പറഞ്ഞിവണ്ണം
സുതചരിതം പ്രിയശാക്യഭൂപതിക്കായ്
തദനു ജനശതങ്ങൾ നോക്കിനിൽക്കേ
പവനപഥംവഴി വന്നപോലെ പോയി. 84

നൃവരതനയജന്മമോദവായ്പിൽ
ഭുവനസുഖങ്ങൾ വെടിഞ്ഞു ബന്ധനങ്ങൾ
കുലസദൃശവിധിക്കു ചെയ്തു ഭൂപൻ
സുലളിതശോഭനബാലജാതകർമ്മം. 85

അനഘഗുണവിലാസശാലി മന്നൻ-
ദിനദശകങ്ങളെയംശുമാൻ നയിക്കേ,
ഉടനടി ജപഹോമമംഗളങ്ങൾ
തുടരുകയായ് കുലദേവതാപ്രിയങ്ങൾ. 86

പുരവരമതിലാ നരേന്ദ്രപത്നീ
സ്ഥവിരജനാനുഗപുത്രനൊത്തു പൂകി
നൃപതിയനുഗമിച്ചു പൌരവൃന്ദം
സുരപുരപൌരർകണക്കെ പിന്തുടർന്നു. 87

ദ്വിരദരദകൃതപ്രദീപപുഷ്പാ-
ഞ്ചിതശിബികയ്ക്കകമേറി രാജപത്നീ
തനയവതി ഭജിച്ചു ഭാവുകത്തിൻ-
ദ്യുതിചൊരിയും കുലദേവതാഗണത്തെ. 88

ഭവനമതിലണഞ്ഞ ശാക്യരാജൻ
ഭവസദൃശൻ ഗുഹജന്മസുപ്രസിദ്ധൻ
ബലധനയുതനാര്യവംശകർമ്മം
ബഹുവിധതുഷ്ടികരം തുടർന്നുചെയ്തു. 89

നരപതി സുതജന്മകൌതുകത്താൽ
പുളകിതമാം കപിലാഖ്യരാജധാനി
സുരയുവതിജനങ്ങൾ നൃത്തമാടു-
ന്നളകയതായ് നളകൂബരൻ ജനിക്കേ. 90

ശ്രീബുദ്ധചരിതത്തിലെ ഭഗവൽപ്രസൂതി
എന്ന ഒന്നാംസർഗ്ഗം

# സർഗ്ഗം 2

ജന്മം മുതല്ക്കേ ജനിമൃത്യുനാശം–
തേടുന്ന വത്സന്റെ വിശുദ്ധതാതൻ
ഗജാശ്വമിത്രങ്ങളെ നേടി നിത്യം
വാരിപ്രവാഹങ്ങളെയാഴിപോലേ. 1

രത്നം, ധനം, കാഞ്ചനമെന്നിവററിൻ
ഭാണ്ഡങ്ങൾ നവ്യങ്ങൾ മഹീധവന്നു്
ലഭിച്ചു വിസ്മായകഭൂരിസംഖ്യ,
മനോരഥത്തിന്നുമഗോചരങ്ങൾ. 2

ഹാ! ദിഗ്ഗജങ്ങൾക്കെതിരാം ഗജങ്ങൾ
ശക്തങ്ങളല്ലേവയെയാനയിക്കാൻ,
ആ വാരണങ്ങൾ മദതുന്ദിലങ്ങൾ,
യത്നംവിനാ രാജസമീപമെത്തി. 3

നാനാവിധം ചിഹ്നമെഴുന്ന ഹേമ–
ഭാണ്ഡം വഹിച്ചും സട പാരമാന്നും
തുരംഗമങ്ങൾ പരമപ്പുരത്തെ
ഹേഷാരവത്താൽ പരിപൂർണ്ണമാക്കി. 4

സന്തുഷ്ടിയും പുഷ്ടിയുമാന്നു ഭൂരി
പയസ്സിയന്നുള്ള സവത്സഗോക്കൾ
ആ ശാക്യരാജന്റെ വിശാലരാജ്യ–
മാശാസ്യമാക്കി സ്ഥിതിചെയ്തിരുന്നു. 5

അവൻെറ മധ്യസ്ഥത നേടി ശത്രു,
മധ്യസ്ഥഭാവം പ്രിയഭാവമായി,
സ്വപക്ഷമെന്നും പരിപുഷ്ടിയാൻ
വിപക്ഷമെന്നും വിലയം വഹിച്ചൂ. 6

മന്ദാനിലപ്രേരിതമേഘനാദൻ
സൌദാമിനീഭൂഷണഭൂഷിതാംഗൻ
വർഷർത്തുദേവൻ വഴിപോലെ കാല-
ദേശങ്ങളേ നോക്കിയുതിൻ മാരി. 7

കൃഷീവലന്മാരുടെ യത്നലേശ-
മേലാതെ സസ്യങ്ങൾ ഫലങ്ങൾ നേടീ,
സമ്പ്രാപ്യയാമോഷധികൾക്ക കൂടീ
സാരത്തിലും ശക്തിയിലും ഗുണങ്ങൾ. 8

ശരീരസൌഖ്യം കവരുന്ന കാലം
വരിഞ്ഞുകെട്ടീടിന മട്ട നിൽക്കേ,
ഗർഭം ധരിച്ചീടിന നാരിമാർക്കു
സിദ്ധിച്ചു സമ്പൂർണ്ണസുഖപ്രസൂതി. 9

മണ്ണിന്നൊരല്പം വിഭവം ലഭിയ്ക്കേ,
യന്നാരുമാരോടുമിരന്നതില്ല
അല്പം ധനം കൈവശമുള്ളവർക്കു
മർത്ഥിവ്രജത്തിങ്കലവജ്ഞയില്ല. 10

നാശങ്കരൻ, ഘാതക,നാത്മബന്ധു-
ജനത്തിനുംഭീകരനായ മർത്ത്യൻ,
ഹാ! ലുബ്ധനും മാഞ്ഞൊരവൻെറ രാജ്യം
യയാതിമന്നൻെറ പുരംകണക്കായ്. 11

ഉദ്യാനവും കൂപവുമാശ്രമങ്ങൾ,
സത്രങ്ങളും ക്ഷേത്രശതങ്ങളും ഹാ!
നിറഞ്ഞ രാജ്യം നവനാകമെന്നു
ജനങ്ങൾ ചിന്തിച്ചു സുഖം സ്വദിച്ചു. 12

ദാരിദ്ര്യവും രോഗവുമെത്തിടാത്ത
നാകത്തിലെന്നോണമതിൽ സുഖിച്ചു
പരസ്പരം വഞ്ചനചെയ്തിടുന്ന
ജായാധവന്മാരവിടത്തിലില്ല. 13

കാമത്തെ മാനിച്ചു വിവാഹമില്ല
കാമാർത്ഥമർത്ഥാർജനമാക്കുമില്ല
ധനത്തിനായില്ലൊരധർമ്മകർമ്മം
ധർമ്മം പുലർത്താനൊരു ഹിംസയില്ല. 14

ചൌര്യാദികൃത്യങ്ങളെഴാതെ പാര-
തന്ത്ര്യം തൊടാതുള്ള വിശാലഭൂവിൽ
സുഭിക്ഷസുക്ഷേമസുഖം തിളങ്ങീ
പുരങ്ങളാരാജ്യവനങ്ങൾപോലെ. 15

ദിനേശപുത്രൻ മനു മുൻപു രാജ്യം
ഭരിക്കവേയൂഴിയിലെന്നപോലെ
മറഞ്ഞു പാപങ്ങൾ നിറഞ്ഞു ഹർഷം
ജയിച്ചു ധർമ്മം, കലുഷം ശമിച്ചു. 16

ഈവണ്ണമാ രാജസുതന്നു സർവ്വ-
കാര്യങ്ങളും ശോഭനമാകയാലേ
സർവാർത്ഥസിദ്ധാഖ്യയവന്നു നൽകീ
സമ്പ്രീതിയുർവീധവന്ദദാഹിച്ചു. 17

മായാമനോജ്ഞാംഗി, സുരർഷിതുല്യ-
ശ്രീയാർന്ന തൻപുത്രനെ നോക്കിനോക്കി,
ആയത്തമാനന്ദമകത്തൊതുക്കാ
നാകാസ്ഥയാലാം ത്രിദിവം ഗമിച്ചു. 18

സ്നേഹത്തിലും ഭാവുകദീപ്തി തിങ്ങും-
ഭാര ത്തിലും ദേവകുമാരതുല്യൻ
അമ്മാരജിത്താമവനെ സ്വകീയ-
മാതൃഷ്വസാവേറവളർത്തിവന്നു. 19

ഉദിച്ചിടും ബാലരവിക്കുതുല്യൻ
മരുൽസഹായോജ്വലവഹ്നിതുല്യൻ
വളർന്നു ബാലൻ ദിവസങ്ങൾതോറും
വെളുത്തപക്ഷത്തിൽ നവേന്ദുപോലെ. 20

സുശീതളശ്രീമലർ, ചന്ദനങ്ങൾ
രത്നൗഷധീരഞ്ജിതമാല്യകങ്ങൾ
ഹൈമങ്ങളാം ഭൂഷകളും സ്വബന്ധു
ഗേഹങ്ങളിൽനിന്നു വരാൻതുടങ്ങി. 21

വയസ്സിനൊക്കുന്ന വിഭൂഷണങ്ങൾ
ഹിരണ്മയങ്ങൾ മൃഗചിത്രകങ്ങൾ
രഥങ്ങളശ്വങ്ങൾ പശുക്കളാന
പൂമ്പട്ടുചിത്രങ്ങളുമുണ്ടസംഖ്യം. 22

പ്രായത്തിനും തുംഗമഹത്വമേലും
വംശത്തിനും വേണ്ടവിധം വളർന്നു,
ശുചിത്വമൈശ്വര്യമമേയബുദ്ധി,
യിതിങ്കലബ്ബാലനബാലനായി. 23

കൌമാരമമ്പോടു കഴിഞ്ഞു നവ്യം
വയസ്സു ബാലന്നു് സമാഗമിച്ചു
അനേകനാൾകൊണ്ടു വരേണ്ട വിദ്യ
കുറച്ചുനാൾകൊണ്ടവനഭ്യസിച്ചു. 24

ഐശ്വര്യസന്ദായകഭാവി മുന്ന
ഭൂപൻ ധരിച്ചാനസിതങ്കൽനിന്നും
കാമിച്ചു വംശം നിലനിന്നുകാണാൻ
കാമാഭിലാഷം മകനിൽ പുലർത്താൻ. 25

കുമാരനായ് പിന്നെ,യശോധരാഖ്യയാം
കുമാരിയെ—തുല്യഗുണാഭിരാമയെ,
വരിച്ചു, വൈവാഹികനവ്യകൌതുകം
ധരിച്ചു ശോഭിച്ചു യശോവിലാസിനി 26

സമഗ്രസൌഭാഗ്യസമേതനായി-
സനൽകുമാരപ്രതിമൻ കുമാരൻ
ഇന്ദ്രാണിയോടിന്ദ്രനതെന്നപോലെ
യശോധരാദേവിയൊടൊത്തു മേവി. 27

തൻമാനസത്തിന്നഴലേകിടുന്ന-
തേതെങ്കിലും കണ്ടിടുമെന്നു തോന്നി
സൌധോദരത്തിൽ സ്ഥിരവാസമാക്കി,
രോധിച്ചു പുത്രന്റെ പുരപ്രയാണം 28

വെൺമേഘവെൺപാൽപുഴയിൽ കളിച്ച
ഹർമ്മ്യങ്ങൾ സർവ്വർത്തുമനോഹരങ്ങൾ
സൌന്ദര്യസാരള്യമിയന്ന നാരീ-
തൂര്യങ്ങൾതൻ മാധുരി തൂവിനിന്നു 29

പൊൻനൂൽവളച്ചാർത്തു കലന്ന കൈയാൽ
ധന്യാംഗനോന്നീതമൃദംഗനാദം
വാരാംഗനാനൃത്തവിശേഷമപ്പോൾ
കൈലാസതുല്യം സദനം ലസിച്ചു. 30

മാധുര്യവാക്കാൽ, കലയാൽ മനോജ്ഞ—
ഹാരങ്ങളാൽ പുഞ്ചിരിവൈഭവത്താൽ
ആ രാജപുത്രന്റെ മനം മയക്കീ,—
നിരീക്ഷണത്തിൻ നികരത്തിനാലും. 31

അനംഗതന്ത്രത്തിലനന്തശക്തി
കലന്ന കമ്രാംഗികളൊത്തു ബുദ്ധൻ
"വിമാനസൌധ"ത്തിനകത്തുതന്നെ
വസിച്ചു നാകസ്ഥിതനെന്നപോലെ. 32

മകന്റെ സൌഭാഗ്യസമൃദ്ധിയും ത—
ന്മഹസ്സമീക്ഷിച്ചു കൃതാർത്ഥനായി
ശമിച്ചു സൌഖ്യാഭിനിവേശ,മാത്മ—
ദമത്തെ വാഞ്ഛിച്ചു ചരിച്ചു പുണ്യം. 33

അധീരനായീലഭിമാനശീലൻ
മായാവിയോഗാഗ്നിയിൽ നീറിയില്ല
അധീനമാക്കീ ചപലേന്ദ്രിയാശ്വം
ഗുണങ്ങളാലേ വിജയിച്ചു വിശ്വം. 34

അന്യർക്കു ഭക്ത്യാദരവങ്കുരിക്കും
ജ്ഞാനാത്മകം വിദ്യയവൻ പഠിച്ചു
തൻപൌരവൃന്ദത്തിനതല്ല ലോക—
പൌരർക്കവൻ മംഗളഭംഗി നേർന്നു. 35

പൂജിച്ചു പാരിൻപതി"യംഗിരസ്സിൻ-
പാദം"ചിരായുസ്സു കുമാരനേകാൻ
ഹോമിച്ചു ഹവ്യങ്ങൾ വളൎന്ന തീയിൽ
വിപ്രൎക്കു നൽഗോക്കളെ നൽകിയേറെ. 36

മനശ്ശരീരങ്ങളെയൊന്നുപോലെ
വിശുദ്ധമാക്കാനുതകും ജലത്തിൽ-
വരിഷ്ഠതീൎത്ഥത്തി,ലുടൻ കുളിച്ചു
സോമത്തെയും ശാന്തിയെയും നുകൎന്നു. 37

അനൎത്ഥമാം സാന്ത്വനമോതിയില്ല,
പിന്നപ്രിയ തത്വവുമോതിയില്ല
അവാസ്തവം സാന്ത്വനകൎക്കശത്വ-
മീ ശാക്യരാജന്നിതിലൊന്നുമില്ല. 38

അനീഹിതത്തെയഥവാ ഹിതത്തെ
യോരോവിധം ഭാവമിയന്നുനോക്കീ
ശിവങ്ങളവ്യാഹതശക്തമാൎന്നു
യാഗങ്ങൾ ഹിംസാരഹിതങ്ങൾ ചെയ്തു. 39

നേരിട്ടെതിൎക്കും നൃവരന്റെ തൃഷ്ണ-
ദാനാംബുവാൽ ദൂരെയകററി വേഗം
സദ്വൃത്തമാകും മഴുവാലവന്റെ
ദൎപ്പത്തെ നീക്കീ രണമാടിടാതെ. 40

ഏകം നയിച്ചിട്ടവനേഴു സൂക്ഷി-
ച്ചേഴും വെടിഞ്ഞഞ്ചു വിടാതെ കാത്തു
പൂകീ ത്രിവൎഗ്ഗം വെളിവായ് ത്രിവൎഗ്ഗം
ഉണ്ടായ് ദ്വിവൎഗ്ഗം വെടിവൂ ദ്വിവൎഗ്ഗം 41

അവൻ വധിച്ചില്ല വധാർഹരെത്തൽ-
കോപം സ്ഫുരിച്ചില്ല വിലോകനത്തിൽ
ബന്ധിച്ചവൻ സാന്ത്വനതന്തുവാലേ
സന്ത്യാഗവും സൽഫലഹേതുവായി. 42

വ്രതങ്ങളാഷ്ടങ്ങളവൻ വരിച്ചൂ,
തൻപൂർവ്വവൈരങ്ങൾ പരിത്യജിച്ചൂ,
സുഗന്ധമേലുന്ന യശസ്സണിഞ്ഞു
മാലിന്യമേറവന്ന രജസ്സു മാററി. 43

നൂനം ഹരിച്ചില്ലവനന്യരാജ്യം
ആശിച്ചുമില്ലന്യനെഴുന്ന വിത്തം
ശത്രുക്കൾതൻദൂഷണമോതിയില്ല
പശ്ചാത്തപിച്ചില്ല ഹൃദന്തരാളം. 44

ഏവം നൃപാലോത്തമനാചരിക്കേ-
യവ്വണ്ണമപ്പൗരരുമാചരിച്ചു
ധ്യാനത്തിൽവർത്തിക്കവെ യേകലക്ഷ്യ-
മെത്തുന്ന പഞ്ചേന്ദ്രിയമെന്നപോലെ. 45

യശോവിലാസോജ്ജ്വലപുണ്യശാലിനി
യശോധരാ കാന്തിമതി സുമംഗലീ
ശിതാംശുരമ്യാനനമാന്ന പുത്രനെ
സ്സവിച്ചു രാജൽഗുണരാഹുലാഖ്യനെ. 46

വംശത്തിനെത്തുന്ന സമൃദ്ധിയോർത്തു
പാരം പ്രസാദിച്ചു മഹീമണാളൻ
പൗത്രൻെറ ജന്മത്തിലുദിച്ചമോദം
പുത്രൻെറ ജന്മത്തിലുദിച്ചപോലെ. 47

എനിക്കു മൽപുത്രനിലെന്നപോലെ
പൌത്രങ്കലും സ്നേഹമുദിപ്പതെന്തേ?
ശാക്യേന്ദ്രനോർത്തിങ്ങനെ ജാതകർമ്മം
നടത്തി നാകോത്സുകനെന്നപോലെ. 48

എൻപൂർവ്വരാജർഷികളാത്മധർമ്മ
മാർഗ്ഗം ചരിച്ചേററ യശസ്സു നേടി
നിത്യവ്രതംനോററു തപസ്സുചെയ്തു
യാഗങ്ങൾ ഹിംസാരഹിതങ്ങൾ ചെയ്തു. 49

പുണ്യത്തിനാലും പുരുദീപ്തിയാലും
വംശത്തിനാൽ സച്ചരിതത്തിനാലും
യശസ്വിയൂഴീശനുദാരശീലൻ—
സഹസ്രരശ്മിക്കു സമം വിളങ്ങി. 50

ധാതാവിനെത്താണുനമസ്കരിച്ചു
ജപിച്ചു പുത്രന്റെ സുഖത്തിനായി
ദുസ്സാധകാര്യങ്ങൾ നടത്തിയാദ്യം
ബ്രഹ്മാവു സൃഷ്ടിക്കുമതിന്നപോലെ. 51

ശാസ്ത്രം വിമർശിച്ചു വെടിഞ്ഞു ശസ്ത്രം,
ശമത്തെ നേടി നിയമം സഹിച്ചു
യതീശ്വരൻപോൽ വിഷയംവെടിഞ്ഞു
പിതാവുപോലാരിലുമാർദ്രനായി. 52

പുത്രൻ കുലത്തെ കുലമോ യശസ്സെ
തൻപുത്രനായിട്ടു ഭരിച്ചു രാജ്യം
ആത്മാവിനായിസ്സുരഭൂവൊരുക്കി
ധർമ്മത്തിനായിട്ടു വസിച്ചു മന്നിൽ. 53

ശാസ്ത്രങ്ങളും സജ്ജനവും വിധിച്ച
ധർമ്മങ്ങളെ ശാന്തനൃപൻ ചരിച്ചു
പൌത്രന്റെ പൊൽപ്പൂമുഖമൊന്നു കണ്ടാൽ
വനം ഗമിക്കാ മകനെന്നുമോർത്തു 54

തന്നാത്മവീര്യപ്രഭയെ വളർത്താൻ
തന്നാത്മജന്മാരെ വളർത്തിടുന്നു
ഏവംനിനച്ചൂഴിസുഖം വിടാതെ
യാശിച്ചു ധർമ്മസ്ഥിതിയെപ്പുലർത്താൻ. 55

അനുപമബലവാന്മാരായിടും ബോധിസത്വർ
വിഷയസുഖമറിഞ്ഞോർ പോയിതുല്ലന്നപുത്രർ
മഹിയിലധികകർമ്മം ഹേതുവായിട്ടൊരും
ഭുവനരതിവിടില്ലാ ബോധമുണ്ടാംവരെയ്ക്കും. 56

അന്തഃപുരവിഹാരമെന്ന–
രണ്ടാംസർഗ്ഗം

# സർഗ്ഗം 3

പത്മാകരങ്ങൾ ബഹുശീതളങ്ങൾ,
പൂങ്കോകിലം പാടിന പൂമരങ്ങൾ
ശഷ്പങ്ങളാം പച്ചവിരിപ്പുമാർന്ന
വനങ്ങളുണ്ടെന്നതു കേട്ടു ബുദ്ധൻ. 1

നാരീജനാലങ്കൃതമാമതിന്റെ-
മനോജ്ഞഭാവത്തെ മനസ്സിലോർത്തു,
ആശിച്ചുപോകുന്നതിനനുഗ്രഹത്തിൽ
ബന്ധിച്ച നാഗത്തരുണൻകണക്കെ. 2

അറിഞ്ഞു താതൻ തനയാഭിലാഷം,
തൽപ്രാഭവത്തിന്നനുയോജ്യമായി
സ്നേഹത്തിനാൽ നവ്യവയസ്സിനൊത്ത-
വിനോദയാത്രയ്ക്കനുവാദമേകീ. 3

രോധിച്ചു സഞ്ചാരപഥത്തിൽനിന്നു
ശോകാർത്തരെ, ദുഃഖിതദുർജ്ജനത്തെ,
ശോകം കുമാരന്നവരെനിരീക്ഷി-
ച്ചുദിച്ചിടാമെന്നു നിനയ്ക്കയാലേ. 4

രോഗാർത്തരെ, വൃദ്ധരെ, ഹീനഭിക്ഷു-
ജാലങ്ങളെയംഗവിഹീനരേയും
സാരള്യവാക്കാലകലേയകറ്റീ-
യാരാജപാതയ്ക്കഴകേറ്റമേറ്റീ. ൫

വിശാലവീഥിയ്ക്കതിശോഭവായ്ക്കെ,
വിനീതദാസാനുചരൻ കുമാരൻ
പ്രാസാദഭൂവിന്നനുവാദപൂർവ്വം-
ഭൂവാസവൻതൻ സവിധത്തിലെത്തി. 6

പിദന്ന നരേന്ദ്രൻ ചുടുകണ്ണുനീരാൽ
നനഞ്ഞ പുത്രന്റെ ശിരസ്സിൽ മുത്തി
'പോയാലും'എന്നോതിയൊരേകവാക്യം
മനസ്സിൽനിന്നും മകനേ വിടാതെ. 7

സുവർണ്ണഭാണ്ഡങ്ങളിഞ്ഞ നാലു-
ഹയങ്ങളാൽ ഭംഗികലർന്നതായി
തെളിഞ്ഞ മിന്നൽക്കടിഞ്ഞാണിയന്ന
രഥത്തിലാ രാജസുതൻ കരേറി. 8

ആട്ടും കൊടിക്കൂറകളും പുഷ്പമാല്യം
വിടർന്നവെൺപൂക്കളുമാർന്ന മാർഗ്ഗം
പ്രാപിച്ചു തുല്യാനുചരൻ നഭസ്സു
നക്ഷത്രരമ്യൻ ശശിയെന്നപോലെ. 9

നീലോൽപ്പലത്തിന്നു നിഭങ്ങളായ-
നേത്രങ്ങളാൽ വർഷിതനെന്നപോലെ
മന്ദം ജിനൻ രാജപഥം കടന്നു
പൌരവ്രജംനോക്കി നമസ്കരിക്കേ. 10

സ്തുതിച്ചു സൌമ്യസ്ഥിതിയെ നിനച്ചു,
വന്ദിച്ചു പിന്നെച്ചിലർ ദീപ്തിയാലേ
വൈപുല്യമായുസ്സിനുദീക്ഷവാനും
ക്ഷേമത്തിനായും ചിലർ നേർന്നുനിന്നു. 11

വ്യൂഹത്തിൽ വള്ളിക്കുടിലിങ്കൽനിന്നും
വന്നെത്തിടും വേടവധൂജനങ്ങൾ
സിദ്ധാൎത്ഥനെത്താണുനമിച്ചു ദേവ–
ധ്വജത്തെയെന്നോണമമന്ദഹൎഷം. 12

നൃപാത്മജൻ രാജ്യവിലോകനത്തി–
ന്നെത്തുന്നതായ് ദാസജനത്തിൽനിന്നും
അറിഞ്ഞനുജ്ഞാസഹിതം തിരിച്ചു
സൌധത്തിൽനിന്നംഗനമാർ സഹൎഷം. 13

കലങ്ങിമങ്ങും നയനങ്ങളാൎന്നും,
അഴിഞ്ഞ കാഞ്ചീഗുണമുദ്വഹിച്ചും
വിഭൂഷണം മാറിമറിഞ്ഞണിഞ്ഞും
കൌതൂഹലത്താൽ ചിലർ നിന്നിരുന്നു 14

സോപാനനാദം മണികാഞ്ചിനാദം
ഹാ! നൂപുരത്തിൻകളശിഞ്ജിതങ്ങൾ
സൌധത്തിലെപ്പക്ഷികളിൽ പ്രഗാഢ–
മുൾഭ്രാന്തിയുണ്ടാക്കിയുയൎന്നിരുന്നു. 15

ഉല്ക്കണ്ഠ വായ്ക്കുന്ന നതാംഗിമാൎക്കു
സോത്സാഹയാനത്തിനു മോഹമേറി
ശ്രോണീരഥം, പീനപയോധരങ്ങൾ
ഗതിക്കിതെന്നാൽ പ്രതിബന്ധമായി. 16

സാമൎത്ഥ്യമേകയ്ക്കു നടക്കുവാനു–
ണ്ടന്യയ്ക്കതില്ല,ന്യ നടക്കുകില്ല
രഹസ്സിലൎപ്പിച്ച വിഭൂഷണങ്ങൾ
മറച്ചിടാനുണ്ടൊരുവൾക്കു മോഹം 17

പരസ്പരം തിങ്ങിഞെരുങ്ങി നാദം
വളർത്തിടും കുണ്ഡലഭൂഷണങ്ങൾ
തിളങ്ങിടും സസ്വനകങ്കണങ്ങൾ
വാതായനങ്ങൾക്കു പുലമ്പലേകി. 18

ജനാലകൾക്കുള്ളിൽ നിരന്നുനില്ക്കും
വരാംഗിമാർതൻ വദനങ്ങൾകാണാം
സൌധങ്ങളിൽ കാഞ്ചനപങ്കജങ്ങൾ
വരിക്കു നിർമ്മിച്ചു പതിച്ചപോലെ 19

കൌതൂഹലംകൊണ്ടു തുറന്ന വാത-
ലേലുന്ന ഹർമ്മ്യങ്ങൾ നിരന്നുനിന്നു
വിണ്ണോർനതാംഗീനിരയാൽ നിറഞ്ഞ
വിമാനയാനങ്ങൾ കണക്കു മുററും. 20

മേൽനിന്നുനോക്കും വനിതാജനങ്ങൾ
ഭൂവിൽ ഗമിക്കാൻ കരുതുന്നപോലായ്
മേലോട്ടുനോക്കും നരരാകമാനം
ദ്യോവിൽഗമിക്കാനുഴലുന്നപോലായ്. 21

നാരീസമൂഹം ബഹുദീപ്തിയും തൻ
സൌന്ദര്യവും സത്വരമുററുനോക്കി
ഇവൻെറ നൽഗേഹിനി ധന്യ,യെന്നു
പറഞ്ഞു ചിന്താഗതി വേറെയില്ലാ. 22

ഉരുണ്ടുനീണ്ടുള്ള മഹാഭുജങ്ങ
ളേലുന്ന നീലോല്പലപുഷ്പബാണൻ
"രാജ്യം വിടും ധമ്മമെടുക്കും" എന്ന
വാർത്തയ്ക്കിവൻ ഗൌരവമേകിടുന്നു. 23

വിനീതരായ് രാജപഥത്തിൽ വന്നു
നിരന്ന പൌരാവലിയെക്കുമാരൻ
വീക്ഷിച്ചു ഹർഷിച്ചു നിനച്ചു തൻെറ
ജന്മാന്തരത്തെപ്പുണരുന്നതായി. 24

സ്വർഗ്ഗത്തിനൊപ്പം സുഖമുല്ലസിക്കു
മാ രാജ്യരത്നത്തെ,യമർത്ത്യർ നോക്കി
വാർദ്ധക്യമേറും നരനെ സൃജിച്ചു
സിദ്ധാർത്ഥഹൃത്തിൻഗതിയുന്നയിക്കാൻ. 25

പിന്നെക്കുമാരൻ, ഇര കാൻതിന്ന
വിരൂപനാം വൃദ്ധനെ,യാശു കണ്ടു
വദിച്ചു "സംഗ്രാഹകനോ"ടി,താസ്ഥ-
നിറഞ്ഞൊരുൾക്കാമ്പൊടിരുന്നു തേരിൽ. 26

ആരാണിവൻ? സൂത! വരുന്ന മർത്ത്യൻ
കേശങ്ങൾ വെൺപഞ്ഞികൾപോൽ വെളുത്തോൻ
യഥാർത്ഥനോ കൃത്രിമനോ കഥിയ്ക്കി-
വൈരൂപ്യമേലുന്ന മനുഷ്യവൃദ്ധൻ? 27

തൂങ്ങിച്ചുളുങ്ങും പുരികങ്ങളാലേ-
നേത്രങ്ങൾ മൂടിദ്ദയനീയനായോൻ
ഇരുന്നുതാഴ്ന്നേറെ വളഞ്ഞ ദേഹം
വിറച്ചുകേഴുന്നൊരു വിഹ്വലാംഗൻ, 28

വരണ്ടു ശുഷ്കിച്ചു വളഞ്ഞുനീണ്ട-
കരങ്ങളാലേ വടിയൂന്നിനില്പോൻ
യഥാർത്ഥനോ കൃത്രിമനോ വദിയ്ക്കി
വൈരൂപ്യമേലുന്ന മനുഷ്യവൃദ്ധൻ. 29

സൂതൻ വണക്കത്തൊടു ഭ്രമണാള-
സൂതന്നു സന്ദേഹനിവൃത്തി നൽകാൻ
യത്നിക്കവേ ദേവര വന്നു ബുദ്ധി-
മോഹം രചിച്ചൂ വിജയിച്ചു വിശ്വം 30

രൂപം ഹരിക്കും, വ്യസനം രചിക്കും,
ശോകം വളർത്തും, രതിയെത്തളർത്തും
ഓർമ്മയ്ക്കുമഞ്ചിന്ദ്രിയശക്തികൾക്കും
നാശംവരുത്തും ജര ദുഃഖരൂപം. 31

മുന്നേ മുലപ്പാലിവനും കുടിച്ചൂ
പിന്നെ ക്രമത്താലതു തേഞ്ഞുമാഞ്ഞു
കാലം ഗമിയ്ക്കേ യുവരമ്യനായി
പിന്നീ വപുഷ്മാൻ ജരയോടുചേർന്നു. 32

ഈ വാക്കുകേട്ടൊന്നു വിറച്ചു പൂമെയ്
രാജാത്മജൻ സൂതനൊടോതി വീണ്ടും
എനിക്കുമീ ദോഷമുദിക്കുമോ ചൊൽ,
സുസ്മേരമസ്സാരഥി മന്ദമോതീ. 33

സൌഭാഗ്യവാനങ്ങു വയസ്സനായാൽ
നിസ്സംശയം പിന്നിതു സംഭവിക്കും,
ശരീരസൌന്ദര്യവിനാശദാത്രി—
ജരയ്ക്കു താനേ ശരണംഗമിക്കും. 34

മുൻജന്മസൽകർമ്മഫലം പുലർത്തും—
പുണ്യങ്ങളാലാശയശുദ്ധബുദ്ധൻ
ജരാചരിത്രത്തിലഹോ! ഭയന്നു,
മേഘസ്വനത്തിൽ ബത! ഗോവുപോലെ. 35

ദീർഘം ശ്വസിച്ചു, തലയൊന്നനക്കി
ജീർണ്ണാംഗലക്ഷ്ണങ്ങൾ നട്ടു നിന്നു
പിന്നെസ്സമീപത്തു നിരന്നുനിൽക്കും--
ജനങ്ങളെ നോക്കിയുരച്ചു മന്ദം. 36

ശരീരശോഭാനിചയത്തെ മററും-
പരാക്രമത്തെ സ്മൃതിയേയുമെല്ലാം
ഹരിച്ചിടുന്നു ജര, മർത്ത്യനെന്നാൽ
ഭയപ്പെടുന്നില്ലിതു കണ്ടറിഞ്ഞും. 37

തിരിച്ചുവിട്ടീടുകയീ രഥത്തെ
ഗൃഹത്തിലേയ്ക്കെൻ പ്രിയസാരഥേ! നീ
ഉദ്യാനഭൂവിൽ സുഖമെങ്ങു! ഹൃത്തിൽ
വാർദ്ധക്യചിന്താഗതി തുങ്ങിനിൽക്കേ. 38

അനന്തരം കല്പനയാദരിച്ചു
രഥത്തെയസ്സാരഥി പിൻതിരിച്ചു
വൈക്ലവ്യചിന്താവശനാം കുമാരൻ
ശൂന്യാഭമാം സൌധതലത്തെയാന്നു. 39

ജരാവിചാരം പിരിയായ്കമൂലം
വരാതെയായ് രാജസുതന്നു സൌഖ്യം
ധരാധവൻ തൻെറ ഹിതാനുസാരം,
ആ രാജപുത്രൻ പുരമെത്തി വീണ്ടും. 40

അമർത്ത്യതന്ത്രം വിരചിച്ച മായാ-
മനുഷ്യരോഗാർത്തനെ,യാർദ്രനായി
വിലോകനംചെയ്തു വിവർണ്ണനായി,
വിചാരമേലും സുഗതൻ പറഞ്ഞു. 41

ഇറുന്നുതൂങ്ങുന്ന കരങ്ങളേററം—
മെലിഞ്ഞഹോ! പാണ്ഡുരമായ ഗാത്രം
വളൎന്നുപൊങ്ങും വയർ, നീളമേലും—
ശ്വാസങ്ങളാൽ ചഞ്ചലമാം ശരീരം, 42

അമ്മേ! സഹിയ്ക്കാനരുതേയെനിക്കെ—
ന്നാക്രന്ദനത്താൽ ഭുവനം മുഴക്കി,
അന്യാശ്രയത്താലിവിടാഗമിയ്ക്കു—
മീ മർത്ത്യനാരെന്നരുൾചെയ്തു സാധോ! (യുഗ്മകം) 43

അനന്തരം സാരഥിയോതി, സൌമ്യ!
ധാതുപ്രകോപംവഴി വന്നുചേരും
രോഗാഖ്യമാമീ വലിയോരനൎത്ഥം,
ദേവേന്ദ്രനും രോഗവിമുക്തനല്ല. 44

മന്ദം മൊഴിഞ്ഞു നൃപസൂനു സാനു—
കമ്പം ചിരം രോഗിയെയുററുനോക്കി
ഈ രോഗമീ മർത്ത്യനു മാത്രമാണോ?
പലൎക്കുമീ രോഗമുദിക്കുമോ ചൊൽ. 45

രഥപ്രണേതാവരുൾചെയ്തു രാജ—
കുമാര! സാധാരണമാണു രോഗം,
രോഗങ്ങളാൽ ദുഃഖമെഴുന്നവൎക്കും
സുഖങ്ങളും സാധാരണമാണു മന്നിൽ. 46

അറിഞ്ഞു സത്യം സദയൻ, ജലത്തിൽ
ബിംബിച്ച ചന്ദ്രന്നു സമം വിറച്ചു,
ഈ വാക്യമേററം മൃദുവാം സ്വനത്തി—
ലാ വന്ദനീയൻ സുഗതൻ വദിച്ചു. 47

രോഗത്തിനാലുള്ളുരുകുന്നവക്കും
സുഖത്തിലാനന്ദമുദിച്ചിടുന്നു,
ചിരിപ്പു രോഗാദി ഭയം കലന്നോർ
വിജ്ഞാനമെന്തിത്രയധഃപതിച്ചു? 48

തിരിച്ചുപോകാം പ്രിയസാരഥേ! തേർ-
തിരിക്ക രാജേന്ദ്രപുരിക്കുനേരേ
എനിക്കു രോഗാദിഭയത്തിനാലേ
മനസ്സു സങ്കോചമിയന്നിടുന്നു. 49

പിന്നെ പ്രസാദദ്യുതി തീരെ മാഞ്ഞു
ചിന്താനിലീനൻ സദനത്തിലെത്തി
തൻപുത്രനെക്കണ്ടതിവത്സലശ്രീ
ശുദ്ധോദനൻ നന്ദനനെ ഗ്രഹിച്ചു. 50

നിവത്തനത്തിൻ കഥ കേട്ടു പുത്ര-
നെന്നെ ത്യജിച്ചെന്നു നൃപൻ നിനച്ചു.
ശൌചാധികാരത്തെ വഹിക്കുവോരിൽ
കോപിച്ചു ശിക്ഷാവിധിനൽകിയില്ല. 51

കുമാര നീ രാജ്യസുഖത്തെ, യെന്നെ
വെടിഞ്ഞു പോയീടരുതെന്നുറച്ചു.
ശൃംഗാരവീരാദിരസം തുളുമ്പും-
നാനാവിധാനങ്ങളുമേർപ്പെടുത്തി. 52

സംഗീതനൃത്താദികളൊന്നുമന്തഃ-
പുരത്തിലെ പ്രേമമുണർത്തിയില്ല
വെളിക്കുപോകാൻ നൃപനാജ്ഞനൽകി
രസാന്തരത്തെച്ചുരതിച്ചു പോരാൻ. 53

മാരന്റെ തന്ത്രം വഴിപോൽ പഠിച്ച
വാരാംഗനാമുഖ്യകളെ മഹീന്ദ്രൻ,
നൃഹാർദ്ദപൂർവ്വം നിയമിച്ചു, പുത്ര-
ചിന്തയ്ക്കു വേറേ വഴിയാരചിക്കാൻ. 54

ആ രാജമാർഗ്ഗങ്ങളലങ്കരിച്ചു
വിധേയമാക്കി പരിശോധനയ്ക്കും
രഥത്തെയും സൂതനെയും പുതുക്കി,
പറഞ്ഞയച്ചൂ മകനെ മഹീശൻ. 55

രാജാത്മജൻ പോകവെയാസുരന്മാർ
നിർമ്മിച്ച മർത്ത്യന്റെ ശവം വഹിപ്പോർ
വരുന്നതന്യക്കതെദൃശ്യമെന്നാൽ
കുമാരനും സൂതനുമാശു കണ്ടു. 56

നൃപാത്മജൻ സൂതനൊടോതി, നാലു-
മനുഷ്യരാൽ നീതനിതാരു സാധോ?
ശോകാതുരന്മാരനുയാത്രചെയ്വൂ-
വിഭൂഷണാലംകൃതമീ ശവത്തെ. 57

അസ്സാരഥിക്കാന്നിട്ടമാത്മബോധ-
ബലം സുരന്മാർ നിഹനിക്കയാലേ
പറഞ്ഞുകൂടാത്ത മഹാരഹസ്യ-
സത്യങ്ങളശ്ശാന്തനരച്ചിവണ്ണം. 58

ബുദ്ധീന്ദ്രിയപ്രാണഗുണങ്ങൾ പോയി
തണുത്തു ഗാത്രം തടിപോലെയായാൽ
വളത്തി രക്ഷിപ്പവരും കരഞ്ഞു
മുഷിഞ്ഞു പിന്നീ മൃതനെ ത്യജിക്കും. 59

ശ്രവിച്ചവൻ സാരഥി ചൊന്ന വാക്യം
സംഭ്രാന്തിപൂണ്ടിങ്ങനെയുച്ചരിച്ചു
മൃതിക്കു സാധാരണനല്ലി വേണ്ടൂ?
എല്ലാർക്കുമുണ്ടോ മൃതിയീ ജഗത്തിൽ? 60

സസ്മേരമസ്സാരഥി,യോതി, സൌമ്യ!
സർവർക്കുമുണ്ടീ മൃതി മന്നിടത്തിൽ
ഹീനർക്കു മധ്യർക്കു മഹാശയർക്കു
മെല്ലാർക്കുമോർക്കീ മൃതി തുല്യതന്നെ. 61

അധീരനായ്ത്തീർന്ന നരേന്ദ്രസൂനു
മൃതിപ്രതാപത്തെയനുസ്മരിച്ചു
രഥത്തിലേയ്ക്കൊന്നു ചരിഞ്ഞിരുന്നു
ഗഭീരമന്ദ്രസ്വനമേവമോതി. 62

ഭയം വെടിഞ്ഞീ ജനസഞ്ചയം വൻ-
മദത്തഴപ്പാൻ ചിരിച്ചിടുന്നു
സ്വാസ്ഥ്യം മനസ്സിന്നു രചിപ്പു മാർഗ്ഗ-
മധ്യത്തിൽ നിൽക്കും നരരെന്നപോലെ. 63

രഥം തിരിച്ചീടുകയീ നമുക്കു
വിനോദയാത്രയ്ക്കിതു ചേർന്നതല്ല,
സ്വയം വിനാശത്തെയറിഞ്ഞ മർത്ത്യൻ
പ്രസന്നനായ്ത്തീർന്നിടുമോ വിപത്തിൽ? 64

കുമാരനുദ്വേഗമിയന്നു ചൊൽകിലും
രഥം തിരിച്ചീല സമർത്ഥസാരഥി
നരേന്ദ്രനിർദ്ദേശമനുസ്മരിച്ചവൻ
സുപത്മഖണ്ഡത്തിലണച്ചിതാ രഥം. 65

നിരന്തരം വിലസിന പൂമരങ്ങളും
ഹിതസ്വനം വിതറിന കോകിലങ്ങളും
മനോജ്ഞമാം സുരഭിലപത്മവാപിയും
കലന്നതാമുപവനമേകിയുത്സവം. 66

വരാംഗനാസഹിത, മനോഹരം വനം
കുമാരനെ സരഭസമാനയിക്കയാൽ
നവാപ്സരസ്സെഴുമളകാധിപാലയം
നവവ്രതൻ മുനിസദൃശൻ കടന്നവൻ. 67

ശ്രീബുദ്ധചരിതമഹാകാവ്യത്തിലെ "സംവേഗോൽപ്പത്തി"
എന്ന മൂന്നാംസർഗ്ഗം.

# സർഗ്ഗം 4

വന്നുചേർന്ന വരംപോലെ
വിളങ്ങും രാജപുത്രനെ,
നാരിമാർ ചെന്നു വന്ദിച്ചു,
ചാരുചഞ്ചലനേത്രമാർ. 1

താമരത്താരിതൾക്കൊത്ത
കൈത്തലംകൊണ്ടു സാദരം
സൽക്കരിച്ചഭിവീക്ഷിച്ചാ-
സമ്മോഹനനതാംഗിമാർ. 2

മന്മഥാഭിനിവേശത്താ-
ലവനെച്ചുററിനിന്നവർ
നിശ്ചലാക്ഷികളാലേററം-
നുകർന്നു രാഗനിർഭരം. 3

സഹജം ഭൂഷണംപോലെ
ലക്ഷണം ചേർന്ന സൗമ്യനെ
കാമ്യവിഗ്രഹമുൾക്കൊണ്ട-
കാമനെന്നോർത്തു മങ്കമാർ. 4

സൌമ്യത്വമതിസൌന്ദര്യ-
മിവയാൽ വിളങ്ങുവോൻ
മന്നിലെത്തിയ ചന്ദ്രൻതാ-
നിവനെന്നു നിനച്ചവർ. 5

അവൻെറ ദേഹസൌന്ദര്യ-
മീക്ഷിച്ചു മദിരാക്ഷിമാർ
അന്യോന്യം നോക്കി നിശ്ശബ്ദം
നെടുവീർപ്പിട്ടു നിന്നപോൽ. 6

നിരീക്ഷിച്ചു നിരീക്ഷിച്ചു
നിന്നു മോഹനഗാത്രിമാർ,
ചിരിച്ചില്ലോതിയില്ലൊന്നും
ജിനവൈഭവദീപ്തിയാൽ. 7

പ്രേമവൈവശ്യവും കർമ്മ-
വൈമുഖ്യവുമിയന്നിടും
അവരെ, കണ്ടു മതിമാൻ
"ഉദായീ" ചൊന്നു സസ്മിതം. 8

ഹാവഭാവാദിയും പിന്നെ-
ച്ചാതുര്യം ശാസ്ത്രബോധവും
ഒത്തിണങ്ങിയൊരി നിങ്ങൾ
സുപ്രസിദ്ധകൾ നിർണ്ണയം. 9

ജയിച്ചു കുരുദേശത്തെ,
കുബേരോപവനത്തെയും
ഗുണവൃന്ദത്തിനാൽ നിങ്ങൾ
മുന്നേ തന്നിപ്പുരത്തെയും. 10

ഹാവഭാവാദിയാൽ നിങ്ങൾ
സൗന്ദര്യഗുണശക്തിയാൽ
കാമം സ്ത്രീകൾക്കുമുണ്ടാക്കും,
പുരുഷന്മാർക്കു ചൊല്ലണോ? 11

യാതൊന്നു നിർവ്വഹിച്ചീടാൻ
നിയോഗിച്ചു മഹീപതി
അതിലാലസ്യമേലുന്നു
നിങ്ങൾ, ഞാനതിഖേദവും. 12

ലജ്ജാശീലമെഴും നവ്യ–
ലലനാതല്ലജങ്ങളേ!
ഗോപകന്യകമാർക്കൊപ്പം
നിങ്ങൾക്കും ലജ്ജ ഭൂഷണം. 13

പ്രഭാവത്താലിക്കുമാരൻ
മഹാനാണെന്നിരിക്കിലും
യോഷാമാഹാത്മ്യമാധുര്യം
സ്ഥാപിക്കാൻ മുതിരേണ്ടയോ? 14

"കാർശീസുന്ദരി"യാം വേശ്യ
വശത്താക്കിയ യോഗിയെ
മുന്നം കാൽകൊണ്ടു മർദ്ദിച്ചു
ദേവക്കുമഭിവന്ദ്യനെ. 15

"മന്ധാലഗൗതമൻ" ഭിക്ഷു,
'ജംഘാ' നാമ വരാംഗിയെ
പ്രീതിപ്പെടുത്തുവാൻ ജീവൻ–
നൽകി, നാകം ഗമിച്ചുപോൽ. 16

ജാതിസ്ഥാനങ്ങളിൽ തിരെ–
ത്താണ മറെറാരു പെൺമണി
ഗൗതമാഖ്യമുനീന്ദ്രൻെറ
പത്നിയായ് വാണുപോൽ സതി. 17

വരനാരീകഥാഭംഗി–
യറിയാത്തൊരു ശുദ്ധനാം
ഋശ്യശൃംഗനെയശ്ശാന്ത
വരിച്ചു വിഹരിച്ചുപോൽ. 18

വിശ്വസർഗ്ഗമഹസ്സാർന്ന
വിശ്വാമിത്രമുനീന്ദ്രനെ
വരനായ് ഹന്ത! വാഴിച്ചു
"ഘൃതാചി" ദശവത്സരം. 19

മുന്നം സ്ത്രീകൾ വശത്താക്കി
പല മാമുനിമാരെയും
പ്രയാസമെന്തിനിക്കൊച്ചു
യുവാവിനെ മയക്കുവാൻ. 20

ആത്മവിശ്വാസവും തീവ്ര-
യത്നവും നിങ്ങളേലുവിൻ!
ഇക്കുലത്തിനെ,യിരാജ്യ–
ലക്ഷ്മി, വേർപിരിയാവിധം 21

രാഗമാധുരി വർഷിക്കാൻ
പ്രാഗത്ഭ്യം സ്ത്രീകളേലുകിൽ
നന്മതിന്മകളർപ്പിക്കാ–
മവക്കാരിലുമെപ്പൊഴും. 22

"ഉഭായി"വാക്യമാം തീവ്ര–
പ്രേരണാശക്തിമൂലമായ്
ആരംഭിച്ചവരുൾപ്പൂവിൽ
കുമാരാകർഷണോദ്യമം. 23

ലലിതം ഗമനം, മന്ദ-
സ്മിതമോഹനവീക്ഷണം,
നൽഭ്രൂചാലനവും, ഭീതി-
യാർന്നപോലാർന്നു യോഷമാർ. 24

രാജകല്പനയും ദേഹ-
ലാവണ്യത്തിൻ തിളക്കവും
കാമോന്മാദവുമൊന്നിച്ചാ
പ്രേമയത്നം തുടർന്നുപോയ്. 25

പിന്നെ വനിതമാരൊത്തു-
വനം പൂകീ നൃപാത്മജൻ,
കരിണീയുതകംഭീന്ദ്രൻ
ഹിമവദ്വനമെന്നപോൽ. 26

അപ്സരസ്സുകളോടൊത്തു
വിവസ്വാൻ കാട്ടിലെന്നപോൽ
ശോഭിച്ചു കാമിനീജാല-
സഹിതൻ വനഭൂമിയിൽ. 27

"ആവർജിതക"ളെന്നാഖ്യ-
യാർജിച്ചു കനകാംഗിമാർ
കാഠിന്യമേലുമുത്തുംഗ-
സ്തനങ്ങൾ ചേർത്തു മേനിയിൽ. 28

അതികോമളമാം ബാഹു-
ലതയേലുമൊരംഗന,
വീണ ഭാവം നടിച്ചിട്ടു
വേഗം ചുംബിച്ചു നാഥനെ. 29

താമ്രാധരോഷ്ഠവും ഹൃദ്യ-
മധുഗന്ധവുമാർന്നവൾ
രഹസ്യം കേൾക്കകെന്നോതി
രഹസ്സിൽ ചെന്നു മുത്തിനാൾ 30

ചന്ദനച്ചാറണിഞ്ഞന്യ-
ത്തുന്ദിലസ്നേഹത്രപിണ്ണി
എന്നിൽ ഭക്തി വഹിക്കെന്നു
ചൊല്ലിക്കൈതൊട്ടു മുത്തിനാൾ. 31

നീലാംശുകമണിഞ്ഞേക
യുന്മാദത്തെ നടിക്കവേ,
സ്വർണ്ണകാഞ്ചി വിരാജിച്ചി-
തന്ധകാരത്തിൽ മിന്നൽപോൽ. 32

സ്വർണ്ണകാഞ്ചി കിലുങ്ങുന്ന
മത്തവാരണഗാമിനി
ശ്രോണീരഥങ്ങൾ തെല്ലൊന്നു
കാണുംമട്ടു നടന്നിതു്. 33

പൂക്കളാൽ പുളകംപൂണ്ട-
ചൂതത്തെ ചാരിനിന്നവൾ
കാണിച്ചു ഹേമകുംഭത്തിൻ-
സഹജാതസ്തനങ്ങളെ 34

ഒരു പത്മവനത്തിന്നു
പത്മസൂനമിവത്തവൾ
അപ്പത്മവദനൻ മുൻപിൽ
പത്മശ്രീപോലെ നിൽക്കയായ്. 35

ഗാനം സാഭിനയം പാടി
യത്ഥം പ്രകടമാംവിധം
നീ ചതിച്ചെന്നു നോട്ടത്താ–
ലറിയിച്ചിതു നാഥനെ. 36

പുരികക്കൊടിയാൽ ശോഭ
വളരും വദനത്തിനാൽ
ഒരു തന്വി, കുമാരൻെറ
പല ചേഷ്ടകൾ കാട്ടിനാൾ. 37

അളകാഞ്ചിതയാം പീന–
സ്തനി കുണ്ഡലധാരിണി
'ഭവാനു വരിക'യെന്നോതീ
മന്ദം മധുരഭാഷിണി. 38

ഒരുത്തി മലർമാല്യങ്ങൾ
കൊണ്ടു ബന്ധിച്ചു നാഥനെ,
മറെറാരുത്തി മനോരമ്യ
ചടുലോക്തികളാലുമേ. 39

മാവിൻ പൂങ്കുലയേന്തിക്കൊ
ണ്ടൊരു മന്മഥവിഹ്വല
ഈ പുഷ്പമാരുടേതെന്നു
ചോദിച്ചുൽഗതകൌതുകം. 40

ആണിനെപ്പോൽ നടന്നും പി–
ന്നിരുന്നും ചൊന്നൊരോമലാൾ
അങ്ങയെ സ്ത്രീകൾ തോൽപ്പിച്ചു
ജയിക്കു ഭാവിഭൂപതേ! 41

ചലലോചനയാമേക-
കുലശീലവിലാസിനി,
കനിവാൻ കടാക്ഷിച്ചു
പൂവും ചുംബിച്ചു ചൊല്ലിനാൾ. 42

ഇങ്ങു നോക്കുകയാച്ചൂതം
മധുസൂനസുഗന്ധിതം
ഹേമപഞ്ജരമാന്നിങ്ങു-
ക്രൂവുന്നു വരകോകിലം. 43

കാമുകർക്കഴലേകുന്നോ
രശോകം കാൺക, മോഹന!
ഭ്രമരാവലി മൂളുന്നു
ചെന്തീയിൽ വെന്തു നൊന്തപോൽ. 44

ചൂതശാഖ ദൃഢം ചുററി-
നിൽക്കുന്നു തിലകദ്രുമം
പീതാംഗരാഗമേലുന്നോൻ
വെള്ളവസ്ത്രം ധരിച്ചപോൽ. 45

ചെങ്കുറിഞ്ഞിസുമം നോക്കു
ലാക്ഷാരസന്നിഭപ്രഭം
സ്ത്രീനഖദ്യുതിയാൽ തോററു
തല കുമ്പിട്ടു നില്ക്കയാം. 46

ഇളന്തളിർ നിരന്നുള്ള
ബാലാശോകത്തെ നോക്കുക
കൈത്തലം കണ്ടു ലജ്ജിച്ചു
തല കുമ്പിട്ടു നിൽക്കയാം. 47

തീരത്തിൽ സിന്ദുവാരങ്ങൾ
പൂത്തുനിൽക്കും സരസ്സിനെ
കാൺക വെൺപട്ടു ചൂടീട്ടു
ശയിക്കുന്ന വരാംഗിപോൽ. 48

സ്ത്രീമഹത്വം സമീക്ഷിക്ക
ചക്രവാകം സരസ്സിതിൽ
അന്നയാത്ര നടത്തുന്നു
ഭാര്യയെ ഭൃത്യനെന്നപോൽ. 49

മത്തമാം കോകിലത്തിന്റെ
ഗാനം കേൾക്കുന്ന മോഹനം
ആനുകൂല്യം സ്ഫുരിപ്പിച്ചു
പാടുന്നു മറെറാരാൺകുയിൽ. 50

വസന്തം പക്ഷികൾക്കെല്ലാ-
മുന്മദം നൽകി നൂതനം,
ആലോചിക്കുകിലിങ്ങാർക്കു
മത്ഭുതം തോന്നുകില്ലതിൽ. 51

ഈവിധം മദനാവേശ-
വൈവശ്യം കാട്ടി മങ്കമാർ
ഉദ്യമിച്ചു വശത്താക്കാ-
നശ്ശാക്യനൃപപുത്രനെ. 52

യമവും ശമവും ധൈര്യ-
ഗുണവും ചേർന്ന ശാക്യജൻ
ക്ഷമിപ്പിൻ! നിങ്ങളെന്നോതി
യാത്മധ്യാനസമുത്സുകൻ. 53

അവർതന്നാത്മവിശ്വാസ-
ജന്യതീവ്രപരിശ്രമം
ഓർമ്മിച്ചുമഴൽ വർദ്ധിച്ചും
സൗഗതൻ മുങ്ങി ചിന്തയിൽ. 54

സൗന്ദര്യത്തെ വിഴുങ്ങുന്ന
വാർദ്ധക്യം വരുമെന്നതും
യൗവനം നിത്യമല്ലെന്നു
മെന്തുകൊണ്ടോർപ്പതില്ലിവർ? 55

രോഗംവരും നമുക്കെന്നെ-
തോരുന്നില്ലിവരാരുമേ
അതിനാൽ ഭയമേലാതെ
യാനന്ദിച്ചു വസിക്കയാം. 56

സർവ്വവും സംഹരിക്കുന്ന
മരണം വരുമെന്നിവർ
അറിയാതെ കളിക്കുന്നു
ചിരിക്കുന്നു നിരന്തരം. 57

വാർദ്ധക്യം വ്യാധി മരണ-
മിവയെപ്പററിയോരുവോർ
സ്വാസ്ഥ്യവും നിദ്രയും പിന്നെ
ചിരിയും കൊൾവതെങ്ങനെ? 58

ജീർണ്ണനെ രോഗിയെ മൃത്യു-
വെത്തിയോനെയുമൊന്നുപോൽ
കണ്ടാൽ കാരുണ്യമേലാത്തോൻ
നൂനം ചൈതന്യമററവൻ. 59

പൂക്കളും ഫലവും തീരെ
വേർപിരിഞ്ഞൊരു മാമരം
പതിച്ചാലും മുറിച്ചാലും
ശോകമന്യനിയന്നിടാ 60

ലോകഭോഗങ്ങളീവണ്ണം
ധ്യാനത്താൽ ദൂരെനീക്കവേ
ഉദായീ നീതിശാസ്ത്രജ്ഞന്ന
സ്നേഹത്താലോതി സാദരം. 61

എന്നെ സഖാവായങ്ങേയ്ക്കു
നൽകീ വസുമതീവരൻ
അതിനാൽ സ്നേഹധർമ്മങ്ങ-
ളോർമ്മിച്ചോതുന്നു ഞാൻ ഹിതം. 62

പ്രതിഷേധമനിഷ്ടത്തി-
ലിഷ്ടത്തിലനുവർത്തനം
തുല്യദുഃഖത ദുഃഖത്തി-
ലീ മൂന്നും മിത്രലക്ഷണം 63

സ്നേഹം പ്രതിജ്ഞചെയ്തോൻ ഞാ-
നങ്ങോ ധർമ്മം മറന്നവൻ
മൈത്രിയെ മുൻനിറുത്തീട്ടു
കർത്തവ്യം ചെയ്കയാണു ഞാൻ. 64

താരുണ്യം ഭൂരി ലാവണ്യ-
മിവയാലഭികാമ്യനാം
അങ്ങേയ്ക്കു ചിതമല്ലൊട്ടും
സ്ത്രീകളിൽ സ്നേഹശൂന്യത. 65

ഭാവിക്കയെങ്കിലും വേണം
സ്ത്രീകളിൽ പ്രേമമേവനും
അവക്കവെജ്ഞ മാറാനും
ആത്മകാമ്യസുഖത്തിനും. 66

അനുവത്തനവും നാരീ-
ഹൃദയത്തിന്നു ബന്ധനം
സ്നേഹസൌഖ്യാഭിലാഷങ്ങൾ
വിഹരിക്കുന്നു നാരിയിൽ. 67

ഹൃദയം പിൻതിരിഞ്ഞാലു-
മങ്ങിതോത്തു മഹാശയ!
സൌന്ദര്യത്തിനു യോജിച്ച
ദാക്ഷിണ്യം കൈവരിക്കണേ. 68

സ്ത്രീജനത്തിനു ദാക്ഷിണ്യം
ഭൂഷണം ജീവനൌഷധം
ദാക്ഷിണ്യഹീനസൌന്ദര്യം
പൂവില്ലാത്തൊരു പൂവനം. 69

ദാക്ഷിണ്യത്തെ നിനച്ചോമൽ-
പക്ഷ്മളാക്ഷികളെ ഭവാൻ
പരിഗ്രഹിക്ക കാമത്തെ
നിരസിക്കായ്ക നിർദ്ദയം. 70

കാമമുൽകൃഷ്ടമെന്നോത്തു
ദേവലോകധുരന്ധരൻ
കാമിച്ചു ഗൌതമാഖ്യൻെറ
പത്നിയായോരഹല്യയെ. 71

അഗസ്ത്യൻ പ്രേമമർപ്പിച്ചു
സോമരാജൻെറ പത്നിയിൽ
"ലോപാമുദ്ര"യതെന്നാഖ്യ
യവൾക്കന്നു ലഭിച്ചുപോൽ. 72

"ഔതത്ഥ്യ"മുനിതൻ ധർമ്മ-
പത്നീ മാരുതിദേവിയിൽ
ബൃഹസ്പതിക്ക സൽപുത്രൻ
ഭരദ്വാജൻ ജനിച്ചുപോൽ. 73

ബൃഹസ്പതിയുടെ പത്നി-
"ജഹ്നുതീ"ദേവിയിൽ പുരാ
ചന്ദ്രമസ്സിനു സൽപുത്രൻ
ബുധൻ സംജാതനായിപോൽ. 74

കാളിന്ദീപുളിനത്തിങ്കൽ
കാളിയെ—ജലജാതയെ,
ഗാന്ധർവവിധിയാൽ വേട്ടു
ജാതരാഗൻ പരാശരൻ. 75

മാതംഗീകന്യയാമക്ഷ-
മാല ശിലവിഗർഹിത
കപിഞ്ജലാദനെപ്പെററു
വസിഷ്ഠൻ സംഗമിക്കയാൽ. 76

യയാതിമന്നവൻ വൃദ്ധ-
നാകിലും ദേവകന്യയാം
"വിശ്വാചി"യോടൊത്തു ചൈത്ര-
രഥത്തിൽ വിഹരിച്ചുപോൽ. 77

തൻനാശത്തെയറിഞ്ഞിട്ടും
മാദ്രീസൌന്ദര്യമോഹിതൻ
മാന്മഥം സുഖമാർജിച്ചു-
മരിച്ചു "പാണ്ഡു"മന്നവൻ. 78

വിപ്രകന്യകയെ മുന്നം
"കരാളജനകൻ" മഹാൻ
ഹരിച്ചു ജാതിഭ്രംശത്തെ
നേടീ, കാമസുഖത്തെയും. 79

ഗർഹ്യമാണെങ്കിലും കാമ-
സാഫല്യം നേടിയെത്രയോ
ദീർഘദർശികൾ ജീവിച്ചു
ദിവ്യവൈഭവശാലികൾ. 80

അങ്ങോ ഭവ്യഗുണൻ ധീമാൻ,
ബലവാൻ യുവസുന്ദരൻ
വിശ്വത്തെ നിലനിർത്തുന്ന
വിഷയങ്ങളെയോർക്കണേ 81

ഭംഗിയും ശാസ്ത്രവും നന്നായ്
തിങ്ങിടുംമൊഴി കേൾക്കയാൽ
സ്നിഗ്ദ്ധഗംഭീരമാം മന്ദ-
സ്വനത്തിൽ ബുദ്ധനോതിനാൻ. 82

സൌഹാർദ്ദസൂചകം നിന്റെ
വചനം യുക്തമെൻ സഖേ!
എന്നാകിലും ക്ഷണിക്കന്നെൻ-
ചിന്താവീഥിയിലേയ്ക്കു ഞാൻ. 83

വിഷയാത്മകമീ വിശ്വം
നിത്യമല്ലെന്നതോർപ്പു ഞാൻ
അനിത്യം വിശ്വസൌന്ദര്യ-
മാശിക്കില്ലാസ്വദിക്കുവാൻ. 84

വാർദ്ധകം, വ്യാധി, മരണ-
മിവ മൂന്നും വരായ്കിലോ
എനിക്കും രതിയുണ്ടാകും
മനോജ്ഞവിഷയങ്ങളിൽ. 85

സ്ത്രീകൾക്കു ദേഹസൌന്ദര്യ-
മെന്നും മാറാതിരിക്കിലും
വിരക്തിയാർന്ന വിജ്ഞർക്കു
രതി നൽകാനശക്തമാം 86

വാർദ്ധക്യം കാന്തി തിന്നീടും
നാരീസൌന്ദര്യമെന്നഹോ!
അന്നവർക്കുമവജ്ഞയ്ക്കു-
പാത്രം, പ്രീതിയതേകിടാ. 87

വാർദ്ധക, വ്യാധി, മരണ-
ധർമ്മമേവൻ ഗ്രഹിക്കുമോ
ദുഃഖത്തിലും സുഖിക്കുന്നു
മൃഗപക്ഷികൾപോലവൻ. 88

കാമോൽസുകന്മാരായ് മുന്നം
മഹാന്മാരെന്നു ചൊല്ലി നീ
അവർക്കുമജ്ഞതാശക്തി-
യസംശയമുദിച്ചതാം. 89

ആത്മാത്ഥമായവക്കില്ല
സക്തിയോ ബത! മുക്തിയോ
ദഗ്ദ്ധരാമവരിൽ കാണ്മ–
തജ്ഞതാശക്തിവൈഭവം. 90

സ്ത്രീകളിൽ സ്നേഹഭാവത്തെ
കാണിക്കാനരുളുന്നു നീ
അനൃതം ഞാൻ വെറുക്കുന്നു
ദാക്ഷിണ്യത്തിൻെറ പേരിലും. 91

ഇഷ്ടമല്ലതെനിക്കൊട്ടു–
മസത്യമനുവത്തനം,
സർവഭാവങ്ങളും ചേരാ–
തുള്ള കർമ്മമധർമ്മമാം 92

അസത്യരാഗിതൻ വേഴ്ച്ച–
യ്ക്കുണ്ടാകാമഥവാ ഗുണം
അനുരാഗാർദ്രചേതസ്സി–
ന്നെന്തു ദോഷമുദിച്ചിടും? 93

അനുരാഗികളന്യോന്യം
വഞ്ചിക്കാൻ കരുതീടുകിൽ
സ്ത്രീ, പുമാനേ, പുമാൻ, സ്ത്രീയെ,
നോക്കുവാൻ ശക്തിയാന്നിടാ. 94

സത്യമിങ്ങനെയാണെങ്കിൽ,
ജരാ മരണഭീതിയാൽ
ഖേദിക്കുമെന്നെയെന്തിന്നു
വഞ്ചിക്കാൻ തുനിയുന്നു നീ? 95

അഹോ! മഹാധൈര്യമിയന്ന നിൻമന-
സ്സനാര്യകാമങ്ങളിലാർന്ന കൌതുകം,
മരിച്ചു മണ്ണായ് മറയും ജനങ്ങളെ-
സ്സദാ നിരീക്ഷിച്ചു മദിക്കയോ സുഖം? 96

ജരാ, മൃതി, വ്യാധികളെ സ്മരിക്കയാ-
ലനാരതം ദീനത ചേരുമെൻമനം
ഭുജിക്കയില്ലാത്മഗതങ്ങൾ, സൌഖ്യവും,
നിനച്ചു തീജ്വാലകൾ ചൂഴ്ന്നിടുന്നപോൽ. 97

അസംശയം മൃത്യു സമാഗമിക്കുമെ-
ന്നറിഞ്ഞവൻ, കാമസുഖത്തിലാഴുകിൽ,
ഇരിമ്പുപോൽ കക്ശമായൊരാ മന-
സ്സറിഞ്ഞിടില്ലാ വ്യഥയും ഭയാദിയും. 98

പിന്നെക്കുമാരൻ നിരൂപിച്ചു തൻമന-
സ്സനാര്യകാമങ്ങളിൽനിന്നകററവാൻ,
ജനാവലീദൃഷ്ടിപഥസ്ഥനസ്തഭൃ-
ധരത്തിലാഹന്ത! മറഞ്ഞു ഭാസ്കരൻ 99

അനന്തരം വിഫലഭൂഷണങ്ങളും,
കലാഗുണം പ്രണയചേഷ്ടിതങ്ങളും,
സ്വകീയമാം രതിയുമൊളിച്ചു ഹൃത്തില-
പ്പുരത്തിലേയ്ക്കഥ മടങ്ങി മങ്കമാർ. 100

ഉദ്യാനഭൂവാർന്ന മഹാജനങ്ങളെ,
കനിഞ്ഞു വീക്ഷിച്ചവനന്തിവേളയിൽ
അനിത്യതാഭാവമനുസ്മരിച്ചെഴും
വിഷാദഭാരത്തൊടുമെത്തി പത്തനം. 101

പിന്നെക്കേട്ടു ഭൂപൻ വിഷയവിമുഖം
പുത്രചരിതം
ജവം ദുഃഖം പേറി ഹൃദയഗതശല്യൻ
ഗജനിഭൻ
പരം ശ്രാന്തൻ മന്ത്രീസഹിതനഥ
മാർഗ്ഗങ്ങൾ കരുതി,
യഹോ! കണ്ടില്ലന്യം സരണി, മദന-
പ്രേമമൊഴികെ.

"സ്ത്രീവിഘാതം" എന്ന
നാലാംസർഗ്ഗം

## സർഗ്ഗം 5

മതിമോഹനനായ് വിളങ്ങി നാനാ-
വിഷയാകർഷിതനായ രാജബാലൻ
ഹൃദയക്ഷതമേററു ഹന്ത! കേഴും
ഹരിപോൽ ദുസ്സഹദുഃഖദഗ്ദ്ധനായി. 1

ഒരുനാളനുയാനകൌതുകശ്രീ-
തിരളും മന്ത്രികുമാരരൊത്തു ദൂരെ
വനഭൂതലദർശനാശയാലേ
നരദേവാനുമതൻ ഗമിച്ചു ശാന്തൻ. 2

കനകാഞ്ചിതമാം ചിലങ്കയോടും,
പ്രചലൽചാമരഹേമഭാണ്ഡമോടും,
പുരുശോഭപുലർന്നൊരശ്വമേറി-
ത്തരസാ മന്മഥസന്നിഭൻ ഗമിച്ചു. 3

ജനനിന്ദിതമാം വനാന്തരത്തിൽ
വനയാനോത്സുകനെത്തി വന്ദനീയൻ
സലിലോർമ്മികളാരചിച്ച തോടും
പരമീക്ഷിച്ചു കൃഷിക്കുചേർന്ന ഭൂവും. 4

തൃണരാജി കലപ്പയാൽ മുറിഞ്ഞും
ചെറുജീവിപ്രകരം ചതഞ്ഞുചിഞ്ഞും
നിറയും കൃഷിഭൂമി നോക്കി നോക്കി
സ്വജനസ്തോമവിയോഗമാർന്നപോലായ്. 5

കൃഷിജോലികൾ ചെയ്കയാൽ ശരീരം
കരുവാളിച്ചു മുഷിഞ്ഞ മർത്ത്യരേയും
ഹലമേന്തി നടക്കയാൽ കിതയ്ക്കും
മൃഗജാലങ്ങളെയും കനിഞ്ഞുദ്ദനാക്കി. 6

അവനത്തുരഗത്തിൽ നിന്നിറങ്ങി-
യഴലുംപൂണ്ടു നടന്നു മന്ദമന്ദം
"ജനിയും മൃതിയും ജഗത്തിനെന്നും-
ബത! മാറാത്തൊരനർത്ഥ"മെന്നുരച്ചു. 7

വിജനത്തിലിരിക്കുവാൻ കൊതിച്ചു,
സ്വജനശ്രേണിയവൻ തിരിച്ചയച്ചു
ഹരിതദ്യുതിയാർന്ന ചാരുജാംബവ-
തരുമൂലത്തിലണഞ്ഞു നിശ്ചലാക്ഷൻ. 8

ഹരിതം തൃണജാലമിന്ദ്രനീല-
ദ്യുതിതൂവും ദളവും നിറഞ്ഞ ഭൂവിൽ
ഒരുദിക്കിലിരുന്നു ജീവിതത്തിൻ
ജനിനാശങ്ങളെയോർത്തു ശോകലീനൻ. 9

ഒരുമട്ടു മനസ്സൊതുക്കിനിർത്തി,
വിഷയേച്ഛാദിയുമാധിയും വെടിഞ്ഞു
അഭിയുക്തവിചാരശാന്തി നേടി,
പ്രഥമം ധ്യാനവിധാനരീതിയോർത്തു. 10

ക്ഷണമോർത്തു വിവേകജന്യസൌഖ്യം;
ഭുവനോൽകൃഷ്ടസമാധിജന്യസൌഖ്യം,
ഇതുതാൻ വരമെന്നുറച്ചു ഗാഢം
നിതരാം ചിന്തകൾ തിങ്ങിവിങ്ങിനിൽക്കേ, 11

ഉളവാം വ്യസനം, ജഗത്തിലാക്കും
വിരസവ്യാധി ജരാദിഹേതുവാലേ,
ജരയോ രുജയോ വളർന്നുകേഴും-
നരരെക്കണ്ടു ഹസിച്ചിടും മദാന്ധർ. 12

ഇതുപോൽ സുഖമായി ഞാനിരിക്കിൽ,
പരനെപ്പററിയവജ്ഞ തോന്നിയേക്കാം
അറിവൂ നിയതം നികൃഷ്ടമെന്നാ
യതിനെ,ധർമ്മവിവേകശക്തിയാലേ. 13

അവനിങ്ങനെയോർക്കവേ മനസ്സിൽ
ജനസാമാന്യ ജരാ,ലയങ്ങളോർത്തു
ബലയൌവ്വനജീവിതങ്ങളെല്ലാം
വിലയും നിസ്സ്വതയും ശരിക്കറിഞ്ഞു. 14

പരിതോഷമിയന്നതില്ല ചിത്തം
മടിയും നിദ്രയുമില്ല ശങ്കയില്ല
വിഷയങ്ങളിലില്ല വാഞ്ഛയെന്നാൽ
പരവിദ്വേഷവുമില്ല ഗർവ്വവായ്പും. 15

ഇതുമാതിരി ശാന്തബുദ്ധി നിത്യം
ക്ഷിതിനാഥാത്മജനേറവേയൊരിക്കൽ
ഒരു മർത്ത്യനുമക്ഷിലക്ഷ്യമാകാ-
തൊരു ഭിക്ഷുപ്രവരൻ സമീപമെത്തി. 16

കഥ ചോദിച്ചു നൃപാത്മജൻ സഹർഷം,
പറ നീയാരതു കേട്ടവൻ പറഞ്ഞു
"ജനിമൃത്യുഭയങ്ങളും സംഹരിക്കും-
വരമോക്ഷം തിരയുന്ന സാധുവീ ഞാൻ," 17

“ക്ഷയധർമ്മമിയന്നൊരീ ജഗത്തിൽ
ക്ഷയമില്ലാത്ത നിസർഗ്ഗരമ്യമോക്ഷം
തിരയുന്നു വിരക്തനായ് നടന്നും
സ്ഥിരമായ് ദിക്കിലിരുന്നു ചിന്തയാന്നും.” 18

ചിലനാൾ ചില വൃക്ഷമൂലമാന്നും
ഗിരി, ദേവാലയ, കാനനങ്ങളാന്നും
വിരയുന്നു നിരാശനീ വിരാഗൻ,
വരമോക്ഷം തിരയുന്ന ഭിക്ഷുവേഷൻ. 19

നൃപജൻ കനിവാന്നു നോക്കിനില്ക്കെ
യിതുമോതീട്ടവനുൽപതിച്ചു വാനിൽ
സ്മൃതിയെ സദയം കൊടുത്തു വിണ്ണിൽ–
പതിയാ ഭിക്ഷു ഗമിക്കയായിരുന്നു. 20

ഗഗനം വഴിയാഗതൻ ഗമിക്കെ,
സുഗതൻ മോദമിയന്നു വിസ്മയിച്ചു,
അവനോതിയ വാക്യമൊക്കെയോക്കേ,
ഭവനം വിട്ടു ഗമിക്കുവാൻ നിനച്ചു. 21

സുരതുല്യനവൻ മനസ്സൊതുക്കി
തുരഗത്തിൻ മുകളിൽ ക്ഷണാ കരേറി
പരിതഃസ്ഥിതരാം ജനത്തെ നോക്കി
വനയാനോദ്യമമന്നു മാററിവച്ചു. 22

ജരയും മൃതിയും വരാതെ നോക്കാൻ
വനവാസത്തിനുറച്ചു തൻ മനസ്സിൽ
ജിനനിങ്ങനെ രാജധാനി പൂകി
വനലോലൻ ഗജവല്ലഭൻ കണക്കേ. 23

അതിനിർവൃത ഞാൻ പദം നമിപ്പൂ
പതിസാഫല്യമനോരഥൻ ജയിപ്പൂ
ധൃതകൌതുകമോതി രാജകന്യ-
യെതിരേവന്നൊരു കാന്തനോടു ശാന്തം. 24

സ്ഫുടമിമ്മൊഴിയമ്മഹാനുഭാവൻ
സരസം കേട്ടു ഗരിഷ്ഠശാന്തിനേടി
"അതിനിർവൃത ഞാൻ" അതെന്ന വാക്യം
പരിനിർവാണസുഖം പകന്നു നെഞ്ഞിൽ. 25

കനകാചലതുംഗശൃംഗകാമ്യൻ
ഘനഗംഭീരമൃദുസ്വനം കലന്നോൻ,
അതിനിർമ്മലധർമ്മകർമ്മലോലൻ
നിലയം പൂകി നിശാശശിപ്രഭാവൻ. 26

മഹനീയഗുണൻ തനൂജനെത്തി
സചിവാരാധിതതാതസന്നിധാനം,
സുരനായകദിവ്യദൃക്പഥത്തിൽ
തരസാ ചെന്ന സനൽകുമാരതുല്യൻ. 27

ജനനായക! സാദരം നമിപ്പേൻ
അനുവാദം കനിവാന്നു നൽകിടേണം
മനമാശു കൊതിപ്പു സന്ന്യസിക്കാ-
നനിവാര്യം സഹനീയമെൻവിയോഗം. 28

ഇതുകേട്ടു മഹീധവൻ നടുങ്ങി,
ഗജസംഘട്ടനമേററ പാദപംപോൽ
കമലപ്രതിമം കരം ഗ്രഹിച്ചു
കരുണാഗൽഗദബന്ധുരം വദിച്ചു. 29

മതിയാക്കുക സാഹസം കുമാര!
സമയം സംഗതമല്ല സന്യസിക്കാൻ,
നവയൌവനരമ്യമാംവയസ്സിൽ
വ്രതചര്യയ്ക്കു വിധിച്ചതില്ല ശാസ്ത്രം. 30

വിഷയങ്ങളിലാശയേറുവോനും
വ്രതഖേദങ്ങളിൽ മുങ്ങിമാഴ്കുവോനും
തരുണന്നുമരണ്യമാർത്തിനൽകും
അനഭിജ്ഞന്നതനർത്ഥജാലമേകും. 31

പ്രിയവത്സ! നമുക്കു ധർമ്മകാലം
നിയതം നിന്നെ വരിപ്പു രാജ്യലക്ഷ്മി
സ്ഥിരവിക്രമ! നീ ഭരിക്ക രാജ്യം
പിതൃവാക്യം നിരസിക്ക യോഗ്യമല്ല. 32

നിഹതാശയ! സാഹസങ്ങൾ മാററി
ഗൃഹധർമ്മങ്ങളിൽ നീ വഹിക്ക മോഹം
മഹനീയമഹീസുഖങ്ങൾ നേടി
സ്പൃഹണീയം വനമന്ത്യകാലമേലാം. 33

അവനീശ്വരവാക്യശക്തിയാലേ
വിവശൻ ഗൽഗദസന്നകണ്ഠനോതി
ചതുരാശ്രമപാലനത്തിനെന്നും
പ്രതിഭൂവാകിൽ വനത്തിൽ ഞാൻ ഗമിക്കാം. 34

മരണം തൊട്ടുകില്ല ജീവിതത്തെ
പുരുസൌഖ്യം വരുമില്ല രോഗമേതും
ജര, യൌവനമാക്രമിക്കയില്ലെൻ–
ധനസമ്പത്തുമകററിടാ വിപത്തി. 35

അതിഗൃദ്ധതരാർത്ഥവാക്യമേവം
മൊഴിയും പുത്രനൊടോതി ശാക്യരാജൻ
വെടിയൂ ജവമീ മനോഗതത്തെ,
യുപഹാസ്യൻ വിഫലാശയോത്സുകൻ നീ. 36

വരമേരുരതൻ, പിതാവോടോതീ,
ക്രമമില്ലെങ്കിലവാര്യമെൻെറ മോഹം
എരിയും ദഹനങ്കൽനിന്നൊരാൾക്കും
പിരിയാനും പിരിയിക്കുവാനുമാകാ. 37

ജനതയ്ക്കു ദൃഢം വിയോഗമെന്നാ-
ലിതു ധർമ്മാർത്ഥവിയോഗമല്പകാലം,
കൃതകൃത്യത നൂനമറെറാരെന്നെ
ബത! ലോകത്തൊടു മൃത്യു വേർപിരിക്കാം. 38

അനഘോജ്ജ്വലമോക്ഷവാഞ്ഛ വായ്ക്കും-
തനയൻതൻ മൊഴികേട്ടു ശാക്യരാജൻ,
കരുതായ്ക വനം ഗമിക്കുവാനെ-
ന്നരുളിക്കാമ്യസുഖങ്ങൾ സംഭരിച്ചു. 39

സചിവാദികളക്കുമാരനായി
ബഹുമാനപ്രണയങ്ങൾ കാഴ്ചവച്ചു.
ജനകൻ ചുടുകണ്ണുനീർ ചൊരിഞ്ഞു
ഘനസന്താപമോടാത്മജൻ, പിരിഞ്ഞു. 40

ചലകുണ്ഡലശോഭിതാനനങ്ങൾ
ഘനനിശ്വാസമുലച്ചിടും സ്തനങ്ങൾ,
അതിനീലവിലോചനങ്ങളും, ചേ-
ന്നലസാപാംഗികൾ നോക്കിനിന്നു ദൂരെ. 41

വരവർണ്ണിനിമാർക്കു ഹൃത്തടത്തിൽ
മദനോന്മാദകരൻ, സുവർണ്ണവർണ്ണൻ
ശ്രവണാംഗവിലോചനസ്വഭാവം
വചനസ്പർശവപുസ്സുകൊണ്ടകററി. 42

ദിവസം മുറപോൽ കടന്നുപോകെ,
രവിതുല്യപ്രഭ രാജപുത്രനേറീ
തിമിരക്കരി മായ്ച്ചുവെണ്മപൂശാൻ
രവിയാശിച്ചു സുമേരുവിൽ കരേറീ. 43

കനകോജ്ജ്വലദീപശോഭചേൎന്നും
വരകാളാഗരുധൂമഗന്ധമാൎന്നും,
വിലസും കനകാസനത്തിലുദ്യൽ-
സ്ഥിരഭക്തിപ്രസരം ജിനൻ വിളങ്ങീ. 44

വരതൂര്യസപര്യചെയ്തുനിന്നു
വരനാരിപ്രകരം പ്രമോദപൂർണ്ണം,
ഹിമവാൻെറ ശിരസ്സിൽ വെണ്ണിലാവിൽ
അളകാനാഥനെയപ്സരസ്സുപോലേ. 45

ശ്രുതിമോഹനതൂര്യശക്തിയും, ഹാ!
രതിയും ഹർഷവുമേകിയില്ല തെല്ലും
പരമാത്മസുഖത്തിനാഗ്രഹിക്കും
കൃതി,യേലില്ല സുഖങ്ങൾ നശ്വരങ്ങൾ. 46

സുരപൌരരവൻെറയുദ്യമങ്ങൾ
സരസം നോക്കി നിറഞ്ഞു മോദമുള്ളിൽ
പ്രമദാകുലമേകകാലനിദ്രാ-
കുലമാക്കീ, വികൃതാംഗചേഷ്ടമാക്കി. 47

ഒരു പെൺമണി, കോപമാർന്നപോലെ
മടിയിൽ തങ്ങിന വീണയെ വെടിഞ്ഞും
ഇളകും കരതാരിലക്കപോലം
ബലമായ് ചേർത്തു കിടന്നുമങ്ങുറങ്ങി. 48

കരിവണ്ടൊളിചേർന്ന പത്മമൊട്ടും
നുരയാൽ പുഞ്ചിരിപൂണ്ട തീരഭ്രുവും
കലരും നദിപോലതാ ശയിപ്പൂ,
സ്തനവെൺപട്ടകലെക്കളഞ്ഞൊരുത്തി. 49

കനകോജ്ജ്വലമംഗളം തിളങ്ങും-
ബിസിനീകോമളമാം കരങ്ങളാലെ,
ഒരു സുന്ദരി, തൻ മൃദംഗകത്തെ
വരനെന്നോർത്തു ദൃഢം പുണർന്നുറങ്ങി. 50

കനകാഭരണങ്ങളാർന്നു, മഞ്ഞ-
വസനം ചാർത്തിയൊരംഗനാമതല്ലി,
ഗജരാജനൊടിച്ച കൊന്നതൻ പൂ-
ങ്കുലയേലുന്നൊരു ശാഖപോൽ കിടപ്പൂ. 51

ഒരു പെൺമണി, ജാലകാന്തികത്തിൽ
ശയനംകൊൾവൂ, വളഞ്ഞു വില്ലുപോലെ,
അതിമോഹനഹാരശോഭയോടേ
കൃതി, നിർമ്മിച്ചൊരു സാലഭഞ്ജിപോലേ. 52

മണികുണ്ഡലശോഭിയാം കപോലം
കലരും മററൊരു നാരി, തൻ മുഖാബ്ജം,
ജലപക്ഷിയടിച്ചൊടിഞ്ഞുവീണ
ജലജംപോൽ വിഗതാഭമായ് കിടപ്പൂ. 53

അപരാംഗനമാരതാ ശയിപ്പൂ
സ്തനഭാരം വളരും വപുസ്സിയന്നോർ,
അവർ തമ്മിലഹോ! പരിഷ്വജിപ്പൂ–
വലയം ചാർത്തിയ തൽകരങ്ങളാലേ. 54

അതിനിർമ്മലഹേമരമ്യസൂത്രാ–
ഞ്ചിതയാം തോഴിയെയെന്നപോലൊരുത്തി
നിജവീണയെ മെയ്യണച്ചു മുത്തും–
നിലയിൽ, ഗാഢസുഷുപ്തിയാന്നുപോയി. 55

വരപാശമെടുത്തു തോളിൽനിന്നും
പണവത്തെ പ്രിയകാന്തനായ് നടിച്ചു,
നിജശയ്യയിലാക്കിയാത്തമോദം
രമണീയാംഗിയൊരുത്തി നിദ്രകൊൾവൂ. 56

ദിനനായകനസ്തമിച്ചിടുമ്പോ–
ളിതൾ പൂട്ടുന്നൊരു പങ്കജാളിപോലെ
മിഴിപൂട്ടിയുറങ്ങിടുന്ന നാരി–
നിര, കാണായി വിമാനകക്ഷ്യയിങ്കൽ. 58

മുടി ചിന്നിയഴിഞ്ഞുതിന്നുവീണും,
ഗളമാല്യങ്ങൾ മുറിഞ്ഞു താഴെവീണും,
ഗജഗാമിനിയൊന്നിതാ കിടപ്പൂ
ഗജസംഘട്ടനമേററ വീണപോലെ. 58

ലലനാജനരമ്യമായ ലജ്ജ,–
യകലെത്തള്ളിയൊരംഗനാലലാമം
നെടുവീർപ്പിയലുന്ന നിദ്രയിങ്കൽ
കരവിക്ഷേപവിജൃംഭണങ്ങളോടേ. 59

നിജഭൂഷണമാല പൊട്ടിവീണും,
വസനഗ്രന്ഥിയുലഞ്ഞഴിഞ്ഞുവീണും
അനിമീലിതശുക്ലനിശ്ചലാക്ഷം
ചില രമ്യാംഗികൾ നിദ്രയിൽ കിടപ്പൂ. 60

വിവൃതാനനയായൊരുത്തി, ലാലാ-
ജലനിഷ്യന്ദനനിന്ദ്യഭാവമേന്തി
മദഘൂർണ്ണിതപോലതാ ശയിപ്പൂ
ചലനാപേതയനാര്യമാം വിധത്തിൽ. 61

മൃഗപക്ഷികുലത്തിനൊത്തവണ്ണം
മൃഗലോലേക്ഷണമാർ ശയിച്ചു ശാന്തം
പരിരമ്യസരസ്സിൽനിന്നു നീക്കി-
പ്പവനൻ വാട്ടിയ പങ്കജങ്ങൾപോലെ. 62

സ്ഥലവും നിലയും മറന്നുറങ്ങും-
ലലനാമൌലികളെ നരേന്ദ്രപുത്രൻ
ഒരുനോക്കിനു കണ്ടു കണ്ണടച്ചു
പുരുബീഭത്സരസം പരിസ്ഫുരിച്ചു. 63

വികൃതം ബഹുഗർഹണീയമോക്കിൽ
വനിതാശീലമനർത്ഥജാലപൂർണ്ണം
വസനാഭരണാദിയിൽ ഭ്രമിക്കും-
പുരുഷൻ സ്ത്രീവശനായി രാഗമേലും. 64

പ്രമദാവലിതൻ സ്വഭാവലൌല്യം
വികലസ്വപ്നവികാരവും നിനയ്ക്കിൽ
മനുജന്നു വരില്ല തെറ്റതിങ്കൽ
ഗുണഹീനന്നനുരാഗമങ്കുരിക്കാം. 65

ജവമാ സ്ഥിതിയോർത്തു ശ്രദ്ധമായി-
ട്ടവിടംവിട്ടു ഗമിക്കുവാനുറച്ചു
അഭിവാഞ്ഛിതസിദ്ധി ദേവരോർത്തു
ഭവനദ്വാരമസാഹസം തുറന്നു. 66

മണിമേടയിൽനിന്നിറങ്ങി മന്ദം
മഹിളാദർശനവിപ്രിയപ്രബുദ്ധൻ
അനിവാര്യമനോരഥൻ കടന്നു
ഭവനത്തിൻമുറിയൊന്നിൽ നിർവ്വിശങ്കം. 67

ഹയപാലകനെയുണർത്തി മന്ദം
'രയമേറും ഹയം' എന്നുരച്ചു പിന്നെ
തുരഗത്തെ നയിക്ക സത്വരം ഞാൻ
വരസായൂജ്യഗവേഷണൈഷി, പോട്ടേ. 68

ഹൃദയത്തിലുദിപ്പു മോദമേററം
വ്യവസായോന്മുഖമെൻമനം ത്വരിപ്പൂ
വിജനത്തിലു,മല്ല ഞാനനാഥൻ
വിജയത്തിന്നു വിധേയമെൻ പ്രയാണം. 69

വിനയം നിജലജ്ജയും വെടിഞ്ഞീ-
വനിതാരാജി, ശയിപ്പൂ മൽസമീപം
സ്വയമീ മണിമന്ദിരം തുറന്നു
നിയതം വന്നിതു യാനരമ്യകാലം. 70

തനയൻെറ ഹിതം സമാദരിച്ചു
ജനകപ്രോക്തമനുസ്മരിച്ചു ദാസൻ
പരചോദനമുള്ളിലാന്നപോലെ
ജവമശ്വത്തെ വരുത്തുവാൻ മുതിർന്നു. 71

കനകക്കടിഞ്ഞാണെഴുന്ന വക്ത്രം
ലഘുശയ്യാസ്തരണം കലർന്ന ഗാത്രം
ജവസത്വബലങ്ങൾ ചേർന്നൊരശ്വം
ഹയപാലൻ നൃപപുത്രനായ്ച്ചരുത്തി. 72

മുതുകെല്ലു മറഞ്ഞു ശോഭയേറും-
ശ്രവണം, പുഷ്ടമദമ്യമായ വാലും
വിനതോന്നതകുക്ഷി പാർശ്വയുഗ്മം
വിപുലപ്രോഥലലാടവും ലസിപ്പൂ. 73

കമലത്തിനു തുല്യമാം കരത്താൽ
ഹയരാജന്റെ പുറം തടാ തലോടി
മധുരാക്ഷരമേവമോതി മന്ദം
പരസൈന്യപ്രവിവിക്ഷുവെന്നപോലേ. 74

പല ശത്രുഗണത്തെ നിന്നിലേറി-
പ്പലവട്ടം ക്ഷിതിനായകൻ ജയിച്ചു,
പരമിന്നയി! നിന്നെ ഞാൻ ശ്രയിപ്പൂ
വരസായൂജ്യഗതിക്കു പിൻതുണയ്ക്കായ്. 75

വലുതായൊരനർത്ഥഗർത്തമാളും
നരനെ, ധർമ്മപഥാഭിഗമ്യനേയും
പരമാർത്ഥസഹായകാർഹരാക്കാ-
മിതു ധർമ്മശ്രയണത്തിനുള്ള സാഹ്യം. 76

അറിവൂ ഹൃദയം ജഗത്തിലേവൻ
വരസാഹ്യം ഫലധർമ്മസംശ്രയത്താൽ
പരമന്യനു ചെയ്യുമായവന്നും
ധ്രുവമെത്താം ഫലസാരമേകഭാഗം. 77

തുരഗോത്തമ! നീയിതോർത്തു വേഗ-
ത്വരയാർന്നാത്മഹിതത്തിനനന്യനായും
ത്വരിതം നിജകർമ്മനിർഭരശ്രീ
രതിയാർന്നെന്റെ മനോരഥം നയിക്കൂ. 78

നിജസഹചരനെക്കണക്കവെങ്കൽ
കൃതമതി നിസ്തുലസാഹ്യമേൽപ്പെട്ടത്തീ
ധവളതുരഗമഗ്നിതുല്യരൂപൻ
രവിശരഭദ്രസമം മുദാ കരേറി. 79

പദരവരഹിതം സദശ്വരാജൻ
പരിജനനിദ്രയകന്നിടാത്തമട്ടിൽ
വിഗതഹനരവം, പ്രശാന്തഹേഷം,
നിനദവിമുക്തപദക്രമം നടന്നു 80

കനകവലയഭൂഷണം തിളങ്ങും
കമലസമാനകരാഗ്രമാർന്ന യക്ഷൻ
അവനിയിലരമിറങ്ങിയാർത്തമോദം
ഹയഖുരയാനമനാദരമ്യമാക്കി. 81

സുഖകരമായ് ഗജരാജനും തുറക്കാൻ
കഴിവിയലാത്ത കനത്തൊരക്കവാടം
നൃപതനയനഹോ! സമാഗമിക്കെ
വിഗതപരിശ്രമമക്ഷണം തുറന്നു. 82

സുതനെ, ജനകനെ, മനോജ്ഞയാകും-
ഹൃദയസുഖപ്രിയഗേഹലക്ഷ്മിയേയും,
കൃതമതി, നിയതം വെടിഞ്ഞു പിന്നെ
പിതൃനഗരങ്ങളിൽനിന്നു നിർഗമിച്ചു. 83

നളിനദളവിശാലചാരുനേത്രൻ
ജിന,നതിധീരഗഭീരമേവമോതി
ജനിമൃതികളറുത്തുമാററിടാതി--
പ്പുരവരസീമനി ഞാൻ വരില്ല വീണ്ടും. 84

വചനമിതു പുരം പ്രതിദ്ധ്വനിക്കേ
ധനദജനാവലി ഭൂരിസൌഖ്യമന്നാം,
പ്രമദവിവശരായ് ദേവരപ്പോൾ
ജിനനു നിരർഗ്ഗളമംഗളങ്ങൾ നേർന്നു. 85

ഹുതവഹതനുവാൻ ദേവവൃന്ദം,
നിരവധി ദന്തുരദൃഗ്ഗ്മാർഗ്ഗഭുവിൽ
തുഹിനതതി നിറഞ്ഞ വാനിലൂടെ--
ഹിമകരരശ്മികൾപോലെ വെൺമ തൂവി. 86

ഹരിഹയഹയതുല്യമത്തുരംഗം
ഗഗനതലത്തെയരിഞ്ഞരിഞ്ഞു നീങ്ങി
ഹിമകണഗണകീർണ്ണമന്തരീക്ഷം
ബഹുശതയോജന പിന്നിലേയ്ക്കു നീങ്ങി. 87

ശ്രീബുദ്ധചരിതമഹാകാവ്യത്തിലെ
"അഭിനിഷ്ക്രമണം" എന്ന
അഞ്ചാംസർഗ്ഗം.

# സർഗ്ഗം 6

ലോകത്തിൻ നേത്രമാം സൂര്യ-
നുദിക്കേ, യതിഭംഗിയിൽ
ഭാർഗ്ഗവാശ്രമഭാഗത്തെ
ദർശിച്ചു, രാജനന്ദനൻ. 1

ഹരിണങ്ങളുറങ്ങുന്നു
സ്വൈരം മേവുന്നു പക്ഷികൾ
അവിടം കണ്ടു വിശ്രാന്തൻ
ചാരിതാർത്ഥ്യമിയന്നപോൽ. 2

വിസ്മയത്തിൻ നിവൃത്തിക്കും
തപസ്സിൻ പൂജനത്തിനും
അനുയാത്രികരക്ഷയ്ക്കു-
മശ്വത്തിൽനിന്നിറങ്ങിനാൻ. 3

തടവീയുടനശ്വത്തെ
കൃതകൃത്യതയാർന്നപോൽ
സസ്നേഹമസൃണം നോക്കി
ഛന്ദകനോടോതിയിങ്ങനെ. 4

ഗരുഡോപമമീയശ്വം,
അനുധാവനമാർന്ന നീ
എന്നിലുൾഗതയാം നിന്റെ
ഭക്തിയെക്കാട്ടിയുത്തമ. 5

മററുകാര്യമിരുന്നാലു-
മെൻമനസ്സിലിരുന്നിട്ടും
ഭർത്തൃസ്നേഹവുമീവണ്ണം
ഭക്തിയും കലരുന്ന നീ. 6

സ്നേഹമില്ലാത്ത ശക്തന്മാർ,
ഭക്തിയേറുമശക്തരും,
ശക്തിയും ഭക്തിയും ചേന്നോ-
രില്ല നിൻതുല്യരാരുമേ. 7

അതിനാൽ നിന്റെ നിഷ്കാമ-
കർമ്മത്തിൽ തൃപ്തനാണു ഞാൻ
ഫലത്തിൽ ശൂന്യമെന്നാലു-
മെന്നിലുണ്ടീ കൃതാർത്ഥത. 8

അഭിനന്ദിക്കുമെല്ലാരും
സഫലോദ്യമനെപ്പരം
യത്നം വിഫലമാണെങ്കിൽ
സന്ത്യജിക്കും സ്വബന്ധുവും 9

പുത്രനെ വംശവൃദ്ധിക്കും,
അച്ഛനെ പോഷണത്തിനും
ലോകത്തെയഭിവാഞ്ഛിയ്ക്കു-
മൊന്നും നിർഹേതുകം വരാ. 10

എന്തിന്നു വളരെച്ചൊൽവൂ
ചെയ്യുന്നിക്കേറെ നന്മ നീ
അശ്വത്തോടൊത്തു പോയാലു-
മാശിച്ച വനമെത്തി ഞാൻ. 11

ഏവമോതീ ദയാശീലൻ
ഗുണനിർമ്മുക്തി നേടുവാൻ
ദുഃഖിക്കുമവനായ് നൽകീ
ഭൂഷണങ്ങളശേഷവും. 12

ശിരസ്സിലൊളിതൂവീടും
മണി കയ്യിലെടുക്കവേ
സൂര്യൻ മുകളിൽ നില്ക്കുന്ന
മന്ദരംപോലെയായവൻ 13

ഈ രത്നമെൻപിതാവിൻെറ
കാല്ക്കലർപ്പിച്ചു ഛന്ദ! നീ
അറിയിക്കുക സന്താപ-
വിനിവൃത്തിക്കു സാദരം. 14

ജരാമരണമില്ലാസ്ഥ
നേടുവാൻ വനമെത്തി ഞാൻ
നിഃസ്നേഹം, മന്യു, സ്വർഗേച്ഛ,
ലക്ഷ്യമല്ലിവയൊന്നുമേ. 15

അതിനാലെൻ വിയോഗത്തിൽ
ഖേദിക്കാനില്ല തെല്ലുമേ
കാലത്താലീ വിയോഗത്തിൻ
കഥപോലും മറക്കണം. 16

വിയോഗം നൂനമെത്തീടു-
മതിനാൽ മോക്ഷമാളുവോൻ
വരികില്ലിനിമേൽ ബന്ധു-
വിരഹം മോക്ഷലബ്ധിയാൽ 17

ശോകത്യാഗത്തിനായ് പോന്നോ-
രെന്നെയോൎത്തഴൽ പൂകൊലാ
കാമാവേശമെഴും രാഗ-
രതരേ ശോച്യരായിട്ടു. 18

പൂൎവ്വികന്മാൎക്കു സമ്മാന്യ-
മായതാണെന്റെ നിശ്ചയം
സംന്യസിക്കുന്നോരീയെന്നെ
യോൎത്തു താതൻ വ്യഥിക്കൊലാ. 19

വിപത്തിങ്കലൊരുത്തന്നു
ധനം ബന്ധുക്കളേകിടാം.
ദുർലഭം ധർമ്മബന്ധുക്കൾ
തീരെയില്ലെന്നുമായ് വരാം. 20

അകാലത്തിലിവൻ ധർമ്മ-
മാശ്രയിച്ചെന്നതോൎക്കൊലാ
ക്ഷണികം ജീവിതം, ധർമ്മ-
കാലത്തെ കാത്തുനിന്നിടാ. 21

അതിനാൽ സത്വരം മോക്ഷ
മന്വേഷിപ്പതിനോർപ്പു ഞാൻ.
മരണം ശത്രുവായ് നിൽക്കേ
ജീവിതസ്ഥൈര്യമെങ്ങനെ? 22

അറിയിക്കണമെൻവാൎത്ത-
യീവണ്ണം സൗമ്യ! ഭൂപനെ
ഇനിമേലെന്നെയോൎക്കാത്ത-
വിധം നീയുദ്യമിക്കണം. 23

എന്നിലുൽഭൂതമായോരി
നൈർഗ്ഗുണ്യത്തെയുമോതണം
സ്നേഹത്തെ നീക്കും നൈർഗ്ഗുണ്യം
നിഃസ്നേഹൻ ശോകമാർന്നിടാ. 24

ഈ വാക്യം കേട്ടു വിഭ്രാന്തൻ
ഛന്ദൻ സന്താപവിഹ്വലൻ
കണ്ണീർ ചൊരിഞ്ഞു നിഷ്പന്ദം,
കൈകൂപ്പിക്കൊണ്ടു ചൊല്ലിനാൻ. 25

ദുഃഖം ബന്ധുജനത്തിന്നു
നൽകും ഭാവൽക ചെയ്തിയാൽ
കേഴുന്നെൻ ഹൃദയം പങ്ക-
മഗ്നനാം ഗജമെന്നപോൽ. 26

കഠിനാശയനാം കണ്ണീ-
രുളവാക്കുന്ന നിശ്ചയം
അങ്ങോർമ്മിക്കുക,യിസ്നേഹ -
വിഹ്വലന്നരുളേണമേ! 27

വിമാനസൗധശയ്യയ്ക്കു
യോജിക്കും മെയ്യിതെങ്ങുവാൻ?
ഖരദർഭാങ്കുരം ചേർന്ന
തപോവനമിതെങ്ങഹോ! 28

അങ്ങേയ്ക്കു വനയാനത്തി-
നശ്വത്തെയാനയിച്ചു ഞാൻ
എന്നെക്കൊണ്ടു ബലാൽ ദൈവം-
ചെയ്യിപ്പിച്ചുതു മൽപ്രഭോ! 29

ഭവദീയോദ്യമം ധർമ്മ-
മയമായ് കണ്ടുകൊണ്ടു ഞാൻ
ശോകത്തിൻ ചിഹ്നമീയശ്വം
പുരം പൂകിപ്പതെങ്ങനെ? 30

പുത്രവത്സലനായ് സ്നേഹ-
സൌമ്യനാം രാജവൃദ്ധനെ
നാസ്തികൻ ദൈവവിശ്വാസ-
മെന്നപോൽ വെടിയൊല്ല നീ 31

അങ്ങയെക്കാത്തുരക്ഷിച്ച
രണ്ടാം മാതാവിനെ പ്രഭോ!
തൻകർമ്മത്തെ കൃതഘ്നൻപോൽ
വിസ്മരിക്കായ്ക നിർഭയം. 32

കുലം, ശീലം, ഗുണം, പുത്ര-
നിവയൊത്തു വിളങ്ങിടും
സതിയെ സന്ത്യജിക്കൊല്ലാ
ഖലൻ ലക്ഷ്മിയെയെന്നപോൽ. 33

സൽകീർത്തിയെ വെറുക്കുന്ന
വ്യസനിക്കു സമം ഭവാൻ
തൻപുത്രനെ നിരുന്മേഷം
സന്ത്യജിച്ചാർത്തി നേടൊലാ. 34

രാജ്യം ബന്ധുക്കളിവയെ
കൈവിടാൻ കരുതും ഭവാൻ
എന്നെ ത്യജിക്കൊലാ ഗർഭ-
ദാസ,നങ്ങേയ്ക്കു ഞാൻ വിഭോ! 35

വനത്തിലങ്ങയെ വിട്ടു
ദഹിക്കും ഹൃദയത്തൊടെ
രാമനെ ലക്ഷ്മണൻപോലെ-
പൂകുകില്ലാ പുരത്തെ ഞാൻ. 36

അങ്ങയെ സന്ത്യജിച്ചെത്തു-
മെന്നോടെന്തോതിടും നൃപൻ?
അന്തഃപുരങ്ങളോടെന്തു
വാർത്ത ഞാനരുൾചെയ്തിടും? 37

ആജ്ഞാപിക്കുന്നു നൈർഗ്ഗുണ്യം
താതനെയറിയിക്കുവാൻ
യതിസന്നിഭനാമങ്ങേ-
യ്ക്കില്ല നൈർഗ്ഗുണ്യമേതുമേ. 38

ലജ്ജിക്കും ഹൃദയത്തോടും
സജ്ജയാം ജിഹ്വയോടുമേ
ഞാൻ പക്ഷേ പറയാമെന്നാ-
ലാരു ശ്രദ്ധിക്കുമായതു്? 39

വളർചന്ദ്രന തൈക്ഷ്ണ്യത്തെ
വദിക്കാൻ തുനിയുന്നവൻ
അങ്ങേയ്ക്കു ദോഷം ജല്പിക്കു-
മതു ശ്രദ്ധിപ്പതാരുവാൻ? 40

വ്യസനാവേശമാർന്നിടും
കരുണാർദ്രഹൃദന്തനിൽ
സ്നേഹശൂന്യത നന്നല്ല
സപ്രസാദം മടങ്ങുക. 41

ശോകവിഹ്വലനാം ഛന്ദൻ-
തൻെറ വാക്കുകൾ കേൾക്കയാൽ
മനഃസ്ഥൈര്യം ജ്വലിക്കുന്ന
മതിമാൻ ചൊല്ലിയുത്തരം. 42

വിയോഗത്തെ നിനച്ചുള്ള
ശോകം നീ സന്ത്യജിക്കുക.
നാനാജീവികളിൽ സ്നേഹ-
ഭാവം നിയതമല്ലെടോ! 43

മോക്ഷത്തെ നിത്യം കാംക്ഷിച്ചു
ബന്ധുസ്നേഹം വിടായ്കിലും
അസ്വാസ്ഥ്യവശരാം നമ്മെ
മരണം വേർപിരിച്ചിടും. 44

മഹാത്മുല്ലയഹോ ദുഃഖ-
മയനാമെൻ ജനിത്രിയായ്
അമ്മാതാവിനു ഞാനാര്?
എനിക്കാരവരെന്നു ചൊൽ. 45

വാസവൃക്ഷത്തിൽ വന്നിട്ടു
പോകും പക്ഷികളെന്നപോൽ
പാരിലൊന്നിച്ചു വാണിട്ടു
പിരിവൂ ജീവരാശികൾ. 45

ബകങ്ങളൊന്നുചേർന്നിട്ടു
വീണ്ടും വേർവിട്ടു പോയിടും
യോഗം വിയോഗമീ രണ്ടും
ജീവികൾക്കൊരുപോലെയാം. 47

അന്യോന്യം വേർപിരിഞ്ഞാലും
വീണ്ടും ലോകത്തിലെത്തിടും
കിനാവുപോലെഴും വേഴ്ച്ച-
യതിൽ വിശ്വാസമേലൊലാ. 48

സഹജം പണ്ണരാഗം സ-
ന്ത്യജിക്കും വൃക്ഷസംഹതി
ഒന്നൊടൊന്നിൻെറ വേർപാടി-
ന്നെന്തുകൊണ്ടയി! വന്നിടാ. 49

സന്താപം സന്ത്യജിച്ചിട്ടു
സൌമ്യ! നീ പോക സാമ്പ്രതം
സ്നേഹം വദ്ധിച്ചുവന്നീടി-
ലിനിയും വന്നുചേരുക. 50

അനാപേക്ഷകമെൻ വൃത്ത-
മറിയിക്ക ജനങ്ങളെ
സ്വാത്മസ്നേഹം വെടിഞ്ഞെൻെറ
നിശ്ചയം നീ ശ്രവിക്കുക. 51

ജരാമൃത്യുജയം നേടി
വേഗം ഞാനാഗമിച്ചിടാം
കൃതകൃത്യതയേലാതെ
മരണം പൂകിയെന്നുമാം. 52

അവൻെറ വചനം കേട്ടു
തൽക്ഷണം തുരഗോത്തമൻ
പാദങ്ങൾ രണ്ടിലും നക്കി-
ബാഷ്പം വർഷിച്ചു നിൽക്കയായ്. 53

ജാലികാ സ്വസ്തികാങ്കങ്ങളാം–
കലരും കൈകകളാൽ ജിനൻ,
തലോടിക്കൊണ്ടു സസ്നേഹം
തുരഗത്തോടു ചൊല്ലിനാൻ. 54

സദശ്വത്തിൻ സ്വഭാവത്തെ–
കാട്ടി നീയശ്വരത്നമേ!
കണ്ണീർ തൂവാതെ പോയാലും
യത്നം സഫലമായ് വരും. 55

ഛന്ദന്റെ ഹസ്തസ്ഥിതമായ ചാരു–
മണിക്കിരീടം, ജിന,നാഞ്ഞെടുത്തു,
തൂണീരസൂപ്തം മണിനീലഖഡ്ഗം,
ഭാരസ്ഥമാം പാമ്പുകണക്കയന്ന്. 56

മുറിച്ചു പിന്നമ്മകുടം സകേശം
നീലോല്പലത്തിൻ ദ്യുതിചേർന്ന വാളാൽ
വെൺപട്ടുപോലുള്ള മഹാനഭസ്സിൽ
സരസ്സിലന്നപ്രതിമം പറത്തി. 57

പൂജിക്കുവാനും ബഹുമാനഭാവം
കാണിക്കുവാനും സുരർ കാത്തുനിന്നു
യോജിച്ച മട്ടിൽ സുരരാകമാനം
ദിവ്യോത്സവത്തിൻ ബഹുശോഭ തൂവി. 58

ദാരങ്ങളേയും, നൃപലക്ഷ്മിയേയും,
വേർവിട്ടുപോന്നോൻ വനവാസലോലൻ,
സുവർണ്ണവസ്ത്രത്തെ വെടിഞ്ഞു വന്യം-
വസ്ത്രം വരിക്കാൻ പരമാഗ്രഹിച്ചു. 59

കാഷായവസ്ത്രാഞ്ചിതനായ് വിളങ്ങും-
വ്യാധൻ സമീപത്തിലണഞ്ഞു വേഗം
സുസ്മേരമഭ്യാഗതനോടു ശാന്തം
ശാക്യാധിരാജപ്രഭവൻ പറഞ്ഞു. 60

കാഷായവസ്ത്രം ധ്രുവമീ ധനുസ്സും-
യോജിക്കയില്ലായതിനാൽ മഹാത്മൻ!
ആസക്തിയങ്ങേയ്ക്കിതിലില്ലയെങ്കി-
ലെനിക്കു നൽകിപ്പകരം ഗ്രഹിക്കാം. 61

വേഷത്തിൽ വിശ്വാസമിയന്നടുക്കും
മൃഗങ്ങളെക്കൊന്നു ദിനം നയിപ്പൂ
ആവശ്യമാണെങ്കിലിതേറ്റുവാങ്ങി
യെനിക്കു വെൺപട്ടുടയാട നൽകൂ. 62

ആനന്ദഭാരത്തൊടു വന്യവസ്ത്രം
വരിച്ചു വെൺപട്ടവനുസ്രജിച്ചു
ദിവ്യം വപുസ്സാർന്നൊരു വേടനപ്പോൾ
വിൺപാതയിൽക്കൂടിയുയർന്നുപോയി. 63

കുമാരനും ഛന്ദനുമാശു നോക്കി
യാശ്ചര്യമത്യന്തമിയന്നുനിന്നു
കാഷായവസ്ത്രത്തിലവർക്കു വാച്ചൊരാ-
ഭക്തിപ്രസാദങ്ങൾ നിറഞ്ഞുതിങ്ങി. 64

കണ്ണീരെഴും ഛന്ദനെ യാത്രയാക്കി
കാഷായവസ്ത്രാവൃതശാക്യജാതൻ
സന്ധ്യാംബുദം ചൂടിയൊരദ്രിതുല്യൻ
ഗമിച്ചു ദിവ്യാശ്രമദിക്കുനോക്കി. 65

രാജ്യാശകൈവിട്ട മഹാൻ തഥാഗതൻ
വിവർണ്ണവസ്ത്രാവൃതനായ് ഗമിക്കവേ
ഉയർത്തി മുൻകൈകൾ വിലാപനിസ്വനം,
പതിച്ചു ഭുവിൽ തുരഗാധിനായകൻ. 66

തിരിഞ്ഞുനോക്കീട്ടു കരഞ്ഞു പിന്നെയാ
മുൻകൈകളാൽ കന്ധരമാഞ്ഞടിച്ചുമേ
നിരാശനായിട്ടു കരഞ്ഞു സസ്വനം-
പുരത്തിലെത്തീ കദനപ്രവിദ്ധനായ്. 67

നിലയ്ക്കുനിന്നു ചിലനേരമേററവും-
ദീനസ്വനത്തിൽ കഴലിട്ടടിക്കയായ്
മറിഞ്ഞുവീണും ഗതിതെററി നിന്നുമേ
ചരിച്ചു ദുഃഖിച്ചു തുരംഗപുംഗവൻ. 68

"ഛന്ദകനിവർത്തനം" എന്ന
ആറാംസർഗ്ഗം

# സർഗ്ഗം 7

കണ്ണീരെഴും ഛന്ദനെ വേർപിരിഞ്ഞു
വന്യാശ്രമപ്രേമമെഴും നിരീഹൻ
സവ്വാത്ഥസിദ്ധൻ, തനുകാന്തിതുവി–
പ്പണ്ണാശ്രമം പൂകി സുരഷിതുല്യൻ 1

ആ രാജപുത്രൻ, മൃഗകീണ്ണപണ്ണ–
ശാലാങ്കണത്തിങ്കലണഞ്ഞനേരം,
ലാവണ്യപുണ്യദ്യുതിയാന്ന ഗാത്രം,
കൺപ്രീതി സവ്വാശ്രമികൾക്കുമേകി. 2

സീരായുധം കൈനുകവും ചുമന്നു
വന്നെത്തി ജായാധവകർഷകന്മാർ
ഇന്ദ്രാഭനാം ബുദ്ധനെ നോക്കിയാത്മ
ധുര്യങ്ങൾപോൽ തൻതല താഴ്ത്തിനിന്നു. 3

പുറത്തുപോയ് പുഷ്പസമിൽകുശങ്ങ-
ളാജ്ജിച്ചു വന്നെത്തിയ വേദിയന്മാർ
നവ്യർഷി സിദ്ധാത്ഥനെ നോക്കിനിന്നു
തന്നാശ്രമത്തിൽ കയറാതെതന്നെ. 4

വാർനീരദംപോലവനേ നിരീക്ഷി–
ച്ചുൽഗീതമൂർന്നു മയിലിൻഗണങ്ങൾ,
തൃണങ്ങൾ തിന്നാതെ മിഴിച്ചുനിന്നു
മാൻപേടയും തൻ കലമാനുമൊപ്പം. 5

ഇക്ഷ്വാകുവംശത്തിലുദിച്ച ഭാസ്വാൻ
തേജസ്വിയെസ്സത്വരമുററുനോക്കി
കറന്നു വിട്ടീട്ടുകിലും പയസ്സു
ചുരത്തിനിന്നൂ കറവപ്പശുക്കൾ. 6

നൂനം വസുക്കൾക്കിവനഷ്ടമൻതാ–
നല്ലെങ്കിൽ നാസത്യരിലേകനാവാം
സർവ്വാർത്ഥസിദ്ധന്റെ വിലോകനത്തി–
ലാശ്ചര്യമേവം മുനിമാർ വദിച്ചു. 7

സുരാധിനാഥന്റെ ശരീരമന്യം,
ചരാചരങ്ങൾക്കെഴുമാദിധാമം,
വനാന്തമുദ്യൽപ്രഭയാൽ വിളക്കി
യവൻ ദിനേശപ്രതിമൻ നിതാന്തം. 8

പർണ്ണാശ്രമത്തിൽ സ്ഥിതരാം മുനീന്ദ്രർ
പൂജാഭിവാദ്യാദികൾ ചെയ്തശേഷം
മേഘധ്വനിക്കൊത്ത ഘനസ്വനത്തിൽ
പ്രത്യർച്ചനം ചെയ്തവരെ കുമാരൻ. 9

സ്വർഗ്ഗത്തിലെത്തുന്നതിനാഗ്രഹിച്ചു
മഹാതപസ്സിൻ വിവിധക്രമങ്ങൾ
ചരിച്ചിടും മാമുനിമാരെ നോക്കി
മോക്ഷോത്സുകൻ ധീരനവൻ ചരിച്ചു. 10

തപോധനന്മാർ തുടരും തപസ്സിൻ–
വികാരഭേദങ്ങളെ നോക്കിനോക്കി,
അനുവ്രജിക്കും മുനിയോടു തത്വം
ഗ്രഹിക്കുവാനുൾക്കൊതി പൂണ്ടുരച്ചു. 11

ഇന്നാദ്യമാണാശ്രമദർശനം, ഞാൻ–
തപോവിശേഷങ്ങളറിഞ്ഞിടാത്തോൻ
എന്നോർത്തു കാരുണ്യമിയന്നുചൊൽകീ
തപോവിധാനത്തിനെഴുംഫലങ്ങൾ. 12

ബ്രഹ്മർഷിമുഖ്യൻ, ജവമോതി, ശാക്യ–
രാജാത്മജന്നാത്മദയാസമേതം
തപോവിശേഷങ്ങൾ, ഫലങ്ങൾ, പിന്നെ
സമഗ്രചര്യാക്രമവും ക്രമേണ. 13

ശുദ്ധാശനം, വാരിജസസ്യജാലം
പർണ്ണങ്ങൾ, തോയം, ഫലമൂലകങ്ങൾ,
പച്ചയ്ക്കു ഭക്ഷിക്കണമാശ്രമസ്ഥൻ
ഭേദം തപോവൃത്തിനിമിത്തമുണ്ടാം. 14

ഖഗങ്ങൾപോൽ നെന്മണിയാഹരിപ്പോർ,
മൃഗങ്ങൾപോൽ പുല്ലുകൾ കാർന്നശിപ്പോർ,
ഭുജംഗമൊന്നിച്ചു വസിച്ചു വാത–
മശിച്ചു വല്മീകജതുല്യരായോർ. 15

കല്ലിന്നകത്തുള്ളതെടുത്തശിപ്പോർ,
അശുദ്ധഭക്ഷ്യങ്ങൾ പരം ഭുജിപ്പോർ
പരക്കുവേണ്ടീട്ടു പചിച്ചു ശിഷ്ടം–
വരുന്നുവെന്നാകിലതാഹരിപ്പോർ. 16

നനഞ്ഞൊലിക്കും ജഡയോടെ രണ്ടു–
സന്ധ്യയ്ക്കുമഗ്ന്യാഹുതി ചെയ്തിടുന്നോർ
മീനങ്ങളോടൊത്തു ജലാശയത്തിൽ
കൂർമ്മങ്ങൾപോൽ ഗാത്രമൊതുക്കി വാഴ്‌വോർ 17

സ്വർല്ലോകമെത്തും ചിലരീ തപസ്സാ-
ലീമന്നിലും മററു മുനീശ്വരന്മാർ
ദുഃഖത്തിലൂടേ സുഖമുന്നയിപ്പൂ
ധർമ്മത്തിനേകാശ്രയമല്ലി ദുഃഖം? 18

ഈവണ്ണമാ വന്ദ്യതപോധനൻെറ-
വാക്യം ശ്രവിച്ചാ ക്ഷിതിപാലവത്സൻ
തത്വം ഗ്രഹിക്കാൻ കഴിയാഞ്ഞതൃപ്തി-
പൂണ്ടാത്മഖേദത്തൊടു മന്ദമോതീ. 19

ദുഃഖാത്മകം ഹന്ത! തപസ്സ,തിൻെറ-
ഫലം നിനച്ചാൽ സുരലോകവാസം,
ജനങ്ങൾ മാറുന്ന ദിനങ്ങൾതോറും,
വന്യാശ്രമത്തിൻഫലമെത്ര മോശം. 20

ധനം, ജനം, ബന്ധുജനങ്ങ,ളെല്ലാം-
വെടിഞ്ഞു വിണ്ണിന്നു തപസ്സുചെയ്യോർ
വിയോഗശോകാത്തർ പുരത്തിലേയ്ക്കു
തിരിച്ചുപോകുന്നതിനും കൊതിക്കാം. 21

ശരീരഖേദപ്രദമാം തപസ്സാൽ
സൌഖ്യത്തിനാശിച്ചു പരിശ്രമിപ്പോൻ
സംസാരദോഷങ്ങളറിഞ്ഞിടാത്തോൻ,
ദുഃഖത്തിനാൽ ദുഃഖമിയന്നിടുന്നു. 22

പേടിച്ചിടുന്നു മൃതിയേ ജനങ്ങൾ,
വീണ്ടും ജനിക്കുന്നതിനാഗ്രഹിപ്പൂ
ജനിച്ചിടുന്നാകിലഹോ! മരിക്കു,
മേതിൽ ഭയക്കുന്നതിൽ മുങ്ങിടുന്നു. 23

സുഖാനുഭോഗം ചിലർ തേടിടുന്നു
സ്വർഗ്ഗത്തിനായന്യർ പണിപ്പെടുന്നു
സുഖത്തിനാശാകൃപണന്ന കൊതിക്കേ,-
യനർത്ഥഗർത്തങ്ങളിൽ വീണിടുന്നു. 24

ഏവൻ പരം താഴ്ന്നവനേ ത്യജിക്കു-
മാത്മാഭിവൃദ്ധിക്കവനുദ്യമിക്കും
വിജ്ഞർക്കു ചെയ്വാൻ കഴിയുന്ന കാര്യ-
മജ്ഞർക്കു തോന്നീടുകപോലുമില്ല 25

ശരീരപീഡാ, മുനിധർമ്മമെങ്കി-
ലധർമ്മമാകുന്നു ശരീരസൌഖ്യം
ധർമ്മങ്ങൾ നൽകുന്നു പരത്ര സൌഖ്യം
ഓർത്താലധർമ്മം വരധർമ്മമത്രേ 26

ദേഹം മനസ്സിന്നു വിധേയമായി
പ്രവൃത്തിയല്ലെങ്കിൽ നിവൃത്തിയേലും
ഓർത്താൽ മനഃസംയമനം പ്രശസ്തം
മനസ്സൊഴിഞ്ഞാൽ ജഡമിശ്ശരീരം. 27

ശുദ്ധാശനം പുണ്യമിയറ്റുമെങ്കിൽ
മൃഗങ്ങളും പുണ്യമിയന്നിടുന്നു
നിർഭാഗ്യരാം കർമ്മപരാങ്മുഖന്മാർ
വൈഫല്യവൈവശ്യതയും വഹിക്കാം. 28

ദുഃഖാപ്തി പുണ്യത്തിനു ഹേതുവാകാം
സുഖാപ്തിയോ പുണ്യജമായ് ഭവിക്കാം
സുഖങ്ങൾ ദുഃഖങ്ങളിവയ്ക്കു നിത്യ-
സംബന്ധമാവേഴ്ച്ചനിമിത്തമില്ല. 29

തൻകർമ്മശുദ്ധിക്കു വിശുദ്ധതീർത്ഥ-
സ്സ്നാനം നടത്തുന്ന നരക്കു പാർത്താൽ
സംതൃപ്തിയുൾപ്പൂവിലുദിക്കുമെന്നാൽ
പാപം ഹരിക്കാനതിന്നില്ല ശക്തി. 30

ഏതൊന്നിലംഭസ്സു തൊടുന്നതിൻെറ
ഗുണങ്ങളംഭസ്സിലമന്നിടുന്നു
ചിലപ്പൊളുണ്ടാം ഗുണമായതോർത്താ-
ലംഭസ്സിലംഭസ്സു,തിനില്ല മാററം. 31

യുക്തിക്കു യോജിച്ചവിധത്തിലേവം
വദിച്ചു നിൽക്കേ രവിയസ്തമിച്ചു
ധൂമാകുലം വൃക്ഷകുലം നിറഞ്ഞ
തപോവനത്തിങ്കലവൻ കടന്നു. 32

ഹോമാഗ്നികുണ്ഡങ്ങളുമാത്മതേജ
സ്സിയന്നിടും മാമുനിമാരുമൊത്തു
മന്ത്രസ്വനാകൂജിതരമ്യമാമ-
ത്തപോവനം ശാന്തിനികേതമത്രേ. 33

കുറച്ചുനാളങ്ങു നിശാകരാഭ-
നഗാധവിജ്ഞാനി തപസ്സുചെയ്തു
തപസ്സുമായാശ്രമവും വെടിഞ്ഞു
തിരിച്ചു പിന്നീടവിടത്തിൽനിന്നും. 34

അവൻെറ മാഹാത്മ്യമനുസ്മരിച്ച-
ങ്ങനുവ്രജിച്ചൂ ചിലരാശ്രമസ്ഥർ
അനാര്യലോകം നിരസിച്ചിടുന്ന
ധർമ്മത്തെ നന്മാമുനിമാർകണക്കേ. 35

അവൻ ജഡാവല്ക്കലചീരമേലും
തപോധനന്മാരെ വഴിക്കു കണ്ടു
തപസ്സുചെയ്വോരിവരെന്നുറച്ചു
സമീപവൃക്ഷത്തണൽപുക്കിരുന്നു. 36

അടുത്തണഞ്ഞീടിന മാമുനീന്ദ്ര
രാവന്ദ്യനെച്ചുററി വളഞ്ഞിരുന്നു
വയസ്സു കൂട്ടം യതിവര്യനേകൻ
മനോജ്ഞമന്ദസ്വനമേവമോതി. 37

ഇയാശ്രമം നിൻ വരവാൽ സധന്യം
നീ വേർപിരിഞ്ഞാലിതധന്യമാകും
എന്നോർത്തു നീയിന്നിതിനേ വിടൊല്ലാ
ജിവൈഷിതൻ മെയ് ഹിതദേഹിപോലെ 38

ബ്രഹ്മർഷി രാജർഷിനിഷേവ്യനായി
വർത്തിച്ചിടുന്നു ഹിമവാൻ, സമീപം
തപോധനന്മാർ തുടരും തപസ്സിൻ—
മാഹാത്മ്യമേറുന്നതതിൻ ഗുണത്താൽ 39

ധർമ്മാത്മശോഭാസഹിതം വിളങ്ങും—
ദേവർഷിമാർ മററു മഹർഷിമാരും
വിണ്ണിന്നു സോപാനനിഭങ്ങൾ പുണ്യ
തീർത്ഥങ്ങൾ തേടുന്നിതതിൻെറ ചുററും. 40

വീണ്ടും ഭവാനുത്തരദിക്കുനോക്കി
തപസ്സിനായിട്ടു ഗമിക്കെ നല്ലൂ
നന്നല്ല തെക്കോട്ടിഹ യാനമാത്മ—
തപോധനന്മാർക്കൊരുമാത്രപോലും 41

ക്രിയാലസൻ, ധമ്മപഥം വെടിഞ്ഞോ-
നശുദ്ധൻ, ഇങ്ങേററമധഃപതിച്ചോൻ,
ഈയാശ്രമത്തിൽ ദൃഢമില്ലൊരുത്ത
നങ്ങേയ്ക്കു വാസം ശുഭമായ്‌വരട്ടേ. 42

ഈ ഞങ്ങളാശിപ്പു സഹായിയായി-
തപോധനത്തിൻനിധിയാംഭവാനെ
ശക്രാഭനാമങ്ങയൊടൊത്തു വാസം
ബൃഹസ്പതിക്കും ശുഭമായ് ഭവിക്കും. 43

സന്യാസിസംഘത്തലവൻ സഹർഷം-
സിദ്ധാർത്ഥനോടിങ്ങനെ ചൊന്നനേരം
സംസാരനാശത്തിനൊരുങ്ങിനിൽപ്പോൻ
സ്വകീയമന്തർഗ്ഗതമേവമോതീ. 44

ധർമ്മം ചരിക്കുന്നവരായ നിങ്ങൾ-
ക്കാതിഥ്യഭാവത്തെ വഹിക്കയാലും
ഭാവൽകസമ്മാന്യതയാലുമേററം
സന്തോഷസംതൃപ്തികളേറിടുന്നു. 45

സ്നിഗ്ദ്ധാഭിരാമോക്തികളാൽ ഹൃദന്തം
സുസ്നാതസൌഭാഗ്യസുഖം സ്വദിപ്പൂ
നവീനധർമ്മഗ്രഹണത്തിനെൻെറ
മനസ്സു വീണ്ടും ത്വരയാർന്നിടുന്നു. 46

അസംശയം സ്നേഹദയാഗുണങ്ങൾ
കാണിച്ചു വർത്തിച്ചിതു നിങ്ങളെന്നിൽ
പിരിഞ്ഞുപോകുന്നതിനാലെനിക്കു
ണ്ടുൾത്താരിലീ ബന്ധുവിയോഗദുഃഖം. 47

നിങ്ങൾക്കു നാകീയസുഖാപ്തിലക്ഷ്യ
മെനിക്കു ജന്മക്ഷയമേകലക്ഷ്യം
വിഭിന്നധർമ്മങ്ങളെഴില്ലൊരേടം
ഇയാശ്രമം ഞാനതിനാൽ വിടുന്നു. 48

വെറുപ്പിനാൽ മറെറാരവജ്ഞയാലീ-
വനത്തെ ഞാൻ വേർപിരിയുന്നതല്ല
അതീതകാലങ്ങളിലെന്നപോലെ
ധർമ്മം ചരിക്കുന്ന മുനീന്ദ്രർ നിങ്ങൾ. 49

യഥാർത്ഥവും സുസ്പഷ്ടമർത്ഥവത്തു-
മാകുംവചസ്സാ നൃപസൂനു ചൊൽകേ
വിജ്ഞാനമേറും മുനിമാർക്കവങ്കൽ
വിശേഷയുക്തം ബഹുമാനമേറി. 50

ജഡാധരൻ വല്ക്കലവസ്ത്രധാരി
കമണ്ഡലുഗ്രസ്തകരൻ ദ്വിജർഷി
ആപിംഗളശ്രീനയനൻ സുദീർഘ-
നാസായുതൻ ഭസ്മധരൻ പറഞ്ഞു. 51

ശ്രീമൻ! ഭവാൻ നേരരുൾചെയ്തു നൂനം
ദർശിച്ചു ജന്മങ്ങളിലങ്ങു ദോഷം
സ്വർഗ്ഗാപവർഗ്ഗങ്ങളെയോർത്തറിഞ്ഞു
നിത്യാപവർഗ്ഗത്തെ വരിച്ചു നല്ലൂ. 52

യാഗം, തപസ്സും നിയമങ്ങളും, സ്വർ-
ലോകം നയിപ്പൂ ഗൃഹമേധിവർഗ്ഗം
രാഗാഖ്യമാം ശത്രുവിനെ ജയിച്ചു
സായൂജ്യമേലുന്നിതു സാത്വികന്മാർ. 53

ഈ നിശ്ചയം സുസ്ഥിരമെങ്കിലിന്നു
വേഗം ഭവാനെത്തുക വിന്ധ്യഭൂവിൽ
നിഷ്ഠാപ്രഭാവപ്രഭയാർന്ന ദിവ്യ-
നരാഡനദ്ദേശമലങ്കരിപ്പൂ. 54

തത്വം ഭവാനമ്മുനിവര്യനോത്തു-
മിഷ്ടത്തിനൊത്തെങ്കിലതാദരിക്കാം
കാണുന്നു ഞാൻ നിൻമതിയേ, യരാഡ
മതിക്കുമെത്താൻ കഴിയാത്ത ദൂരം. 55

വിശാലനേത്രങ്ങൾ, വിടർന്ന നാസ-
പൊൻതാമരത്താരിനൊടൊത്തൊരാസ്യം
താമ്രാധരോഷ്ഠം, തനു രക്തജിഹ്വ
നുകർന്നിടും ജ്ഞാനമഹാസമുദ്രം. 56

അഗാധഗംഭീരത, താവകീന-
സന്ദീപ്തനാനാഗുണലക്ഷണങ്ങൾ
ആചാര്യവർഗ്ഗത്തിനവാപ്തമായോ-
രാചാര്യഭാവത്തെ വദിച്ചിടുന്നു. 57

തദനു മുദിതനാ നൃപാത്മജൻ
മുനിനിവഹത്തെ വണങ്ങി യാത്രയായ്
അവനെയനുഗമിച്ചു പിന്നെ,യാ-
ശ്രമികളണഞ്ഞു നിജം തപോവനം.

തപോവനപ്രവേശം എന്ന

ഏഴാം സർഗ്ഗം.

## സർഗ്ഗം 8

തുരംഗനേതാവു്, തദിയനായകൻ
വനത്തിലത്യുൽസുകനായ് ഗമിക്കവേ,
ദുരന്തശോകാത്മകദിർഘപാതയിൽ
ചരിച്ചു കണ്ണീർ ചൊരിയാതെ ദുർഭഗൻ. 1

നിദേശമുൾക്കൊണ്ടൊരു രാത്രികൊണ്ടു താൻ,
ഹയത്തൊടൊന്നിച്ചു ഗമിച്ച പാതയെ
സ്വകീയനാഥന്റെ വിയോഗചിന്തയാൽ,
ഗമിച്ചു പിന്നെട്ടു ദിനങ്ങൾകൊണ്ടവൻ. 2

ഹയം സമുത്തുംഗബലം വഹിക്കിലും–
നടന്നു സന്തോഷമദങ്ങളെന്നിയേ,
സുവർണ്ണഭാണ്ഡാദിയണിഞ്ഞിരിക്കിലും
പ്രമോദമാർന്നീല ജിനൻ ത്യജിക്കയാൽ. 3

തിരിഞ്ഞുനോക്കീ തുരംഗം തപോവനം
മുഴക്കി ഹേഷാരവദീനരോദനം
വിശപ്പു വർദ്ധിക്കുകിലും തൃണങ്ങളോ
ജലാംശമോ തൊട്ടതുമില്ല യാത്രയിൽ. 4

മഹാത്മതേജസ്സൊളി തൂവിടും ‘തഥാ–
ഗത’ന്റെ ജന്മാഞ്ചിതപുണ്യഭൂമിയിൽ
ക്രമേണ വന്നെത്തിയ ചേതകൌതുകം
ദിനേശനില്ലാത്ത നഭസ്സിലെന്നപോൽ. 5

സരോരുഹങ്ങൾ, ജലശോഭ നൽകിലും,
സുമങ്ങൾ വൃക്ഷങ്ങളിലേറെ വായ്ക്കിലും,
അതിങ്കലെപ്പൂവനം, ആയി കാനനം,
പ്രഹർഷമപ്പൌര,രിയന്നിടായ്കയാൽ. 6

അനന്തസന്താപമുയൻ കണ്ണുനീർ-
നിറഞ്ഞ നേത്രങ്ങളെഴും ജനാവലി
തടഞ്ഞിടുംപോലവനും തദശ്വവും
പുരത്തിലുൾപ്പുക്ക വിഷാദവിഹ്വലം. 7

നിരീക്ഷണംചെയ്തു നരേന്ദ്രവത്സനെ
വെടിഞ്ഞൊരാ ഛന്ദനെയും ഹയത്തെയും
ചൊരിഞ്ഞു കണ്ണീർമഴ, പൌരസഞ്ചയം
പുരാ രഥം, രാമനെ വിട്ടു വന്നപോൽ. 8

അനന്തരം ഛന്ദകനോടു കണ്ണുനീർ-
നിറഞ്ഞ പൌരാവലിയോതിയുൽസുകം
കനിഞ്ഞു നീ ചൊല്ലുക രാജപുത്രനെ
ഹരിച്ചതെന്തിന്നു ചതിച്ചു ഞങ്ങളെ? 9

വിനീതനായ്, പൌരരൊടോതി, സാരഥി,
പരിത്യജിച്ചില്ല ഹരിച്ചുമില്ല ഞാൻ.
കരഞ്ഞപേക്ഷിച്ചിട്ടുമെന്നെയും തുരം-
ഗമത്തെയും വിട്ടു, ഗമിച്ചവൻ വനം. 10

അവൻെറ വാക്കിങ്ങനെ കേട്ടു പൌരർതൻ-
മനസ്സു ദുസ്സാധമിതെന്നുറയ്ക്കയാൽ
പൊഴിഞ്ഞു കണ്ണീർച്ചുടുനീർകണങ്ങളെ
ശപിച്ചു നിർഭാഗ്യതയേയുമേററവും 11

വനത്തിലേതിൽ, പ്രിയരാജനന്ദനൻ
ഗമിച്ചുവോ നാമതിലെത്തണം ജവം
പരാർദ്ധ്യപഞ്ചേന്ദ്രിയശക്തിമാഞ്ഞൊരാ–
നരക്കു നേരായി നമുക്കു ജിവിതം. 12

അവൻ ത്യജിക്കും പുരമിന്നു കാനനം
ധ്രുവം വസിക്കും വനമോ മഹാപുരം
അവൻെറ വേർപാടിൽ വിളങ്ങിടാ പുരം
സുരേന്ദ്രനില്ലാത്തൊരമർത്ത്യനാടുപോൽ. 13

കുമാരനിങ്ങെത്തിയിതെന്ന ചിന്തയാൽ
ജനാലതോറും മരുവും നതാംഗിമാർ
തുരംഗമം കേവലമങ്ങു കാൺകയാൽ,
അടച്ചു ജന്നാല തുടൎന്നു രോദനം. 14

സുതാഗമത്തെക്കരുതിട്ടിവാനിശം
വ്രതോപവാസങ്ങൾ ചരിച്ചിട്ടും നൃപൻ
ജപിച്ചു മന്ത്രങ്ങൾ, സുരാലയങ്ങളിൽ
നടത്തി സൽകർമ്മശതകങ്ങൾ വേറെയും. 15

തുരങ്ഗമത്തിൻ ചുടുകണ്ണുനീർക്കണം
നിറഞ്ഞ കണ്ണോടതിദൂനമാനസൻ,
പരാർഘ്യനാം ശാക്യകുലേശ,നെത്തിനാ–
നരാതി തോല്പിച്ച നരേശനെന്നപോൽ. 16

നരേന്ദ്രസൗധത്തിലണഞ്ഞ കംഥകം
നിറഞ്ഞ കണ്ണീരൊടു നോക്കി ചുറവുമേ
ഉറക്കെ രോദിച്ചു പരിശ്രമിക്കയാം
പരക്കുതൻ ദുഃഖനിവേദനത്തിനായ്. 17

നൃപാലസൗധത്തിനകത്തു മേവിടും
ഖഗങ്ങൾ ദൂരസ്ഥവിഹംഗമങ്ങളും
തുടൻ ശബ്ദിച്ചു മഹീശനന്ദനൻ
സമാഗമിച്ചെന്നു നിനച്ചു സത്വരം. 18

നിരന്തരം കണ്ഠകഹേഷ കേൾക്കയാൽ
നിനച്ചു രാജാത്മജനാഗമിച്ചതായ്
ജനേശസൗധത്തിനടുത്തു വാണിടും
ജനങ്ങൾ മോദിച്ചു ചതിച്ചു പാഴ്‌വിധി. 19

അമായസന്തോഷജശോകമൂർച്ഛയാൽ
കുമാരസന്ദർശനലോലശീലമാർ
ഗൃഹത്തിൽനിന്നാശു തിരിച്ചു മങ്കമാർ
ശരന്നഭസ്സിന്നു വരുന്ന മിന്നൽപോൽ. 20

നിരാശനാം ഛന്ദനെയും ഹയത്തെയും
ചിരം നിരീക്ഷിച്ചു സബാഷ്പലോചനം,
കരഞ്ഞു തന്വംഗികൾ, കാനനത്തിൽ
വൃഷം വെടിഞ്ഞീടിന ഗോക്കൾപോലവേ. 21

സ്വവത്സനാശാകുലയായ ധേനുപോൽ
ദളോല്ലസൽകാഞ്ചനരംഭയെന്നപോൽ
കരങ്ങൾനീട്ടി നിപതിച്ചു ഭൂമിയിൽ
നരേന്ദ്രഗേഹേശ്വരിയായ ഗൗതമി. 22

തളൻ ഹസ്തങ്ങൾ, നശിച്ചു മാധുരീ,
വിഷാദമൂർച്ഛാഭരമാന്ന നാരിമാർ
കരഞ്ഞിടാനശ്രുവുതിന്നിടാതെ, നി-
ശ്ചലങ്ങൾ ചിത്രങ്ങൾ കണക്കിരുന്നുപോയ്. 23

സരോജസൂനങ്ങളൊടൊത്ത കൈകളാ-
ലടിച്ചു മാറിൽ സുദതീവതംസകം,
സമീരണപ്രേരിതപല്ലവങ്ങളാ-
ലതാ ശരീരത്തിലടിച്ചിടുന്നപോൽ. 24

അഗാധകോപാരുണലോചനങ്ങളും,
വിശാലനിശ്വാസചലൽസ്തനങ്ങളും
കലൎന്ന ശോകാശ്രുവെഴും "യശോധരാ"
പറഞ്ഞു പിന്നുഗ്രവിഷാദഗൽഗദം. 25

പ്രസുപ്തയാമെന്നെ വെടിഞ്ഞു രാത്രിയിൽ
ഗമിച്ചതെങ്ങെന്റെ മനോരഥപ്രിയൻ
തിരിച്ചുവന്നിങ്ങയി! നീയുമശ്വവും
വദിക്കണേ, സൂത! മദീശനെങ്ങവൻ? 26

അനാര്യമാം സ്നേഹവിഹീന ദുഷ്കൃതം
നൃശംസ! ചെയ്തെന്തിനു കേണിടുന്നു നീ,
പൊഴിച്ചിടേണ്ടാ മിഴിനീർ, സഹർഷനായ്
വസിക്ക, ചേരാ തവ ബാഷ്പചെയ്തികൾ. 27

പ്രിയങ്കരൻ, വശ്യനതീവസാധു, മൽ-
പ്രിയന്നു സാഹ്യം ധ്രുവമേറെ നൽകി നീ
എനിക്കിനിക്കാണ്മതിനൊത്തിടാതെ,യെൻ
പ്രിയൻ ഗമിച്ചൂ സഫലം തവ ശ്രമം. 28

വരം മനുഷ്യന്നു സമത്ഥനാം രിപു
കുബുദ്ധിയാം മിത്രമഹോ! നികൃഷ്ടമാം
സുഹൃൽസ്വഭാവത്തിൽ വസിക്കവേ, സുഹൃൽ-
കുലത്തെയാപൽച്ചുഴിയിങ്കൽ വീഴ്ത്തി നീ. 29

അമേയശോച്യസ്ഥിതിയാർന്നു ഭൂഷണം–
വെടിഞ്ഞു കണ്ണീരു ചൊരിഞ്ഞുമിങ്ങനെ
ഹിമാലയംപോൽ വരനുല്ലസിക്കവേ
വസിക്കയോ നാഥവിഹീനയായി ഞാൻ. 30

വിടങ്കബാഹുക്കളുയർത്തി മേൽക്കുമേൽ
തുടർന്നു പാരാവതദീനരോദനം
കുമാരസാന്നിദ്ധ്യവിഹീനമായിട്ടും
വിമാനസൗധം വിലപിച്ചിടുന്നതാം. 31

എനിക്കനർത്ഥപ്രദനായതോർക്കുകിൽ
തുരംഗമിക്കംഥകനെന്നതോർപ്പു ഞാൻ
ഹരിച്ചു സർവ്വസ്വവുമിങ്ങുനിന്നു ഞാ–
നുറങ്ങവേ തസ്കരനെന്നപോലിവൻ. 32

നിശാതശസ്ത്രപ്രഹരം സഹിക്കുവാൻ
കരുത്തനാം കംഥകമക്കശാഹതി
ഭയന്നുനാട്ടിൻ മഹനീയഭാഗ്യ,മെൻ–
മനസ്സുമൊന്നിച്ചു ഹരിച്ചതെങ്ങനെ? 33

അനാര്യകർമ്മാഭിരതൻ സ്വഹേഷയാൽ
ജനേശസൗധത്തെ നിറയ്ക്കുമിശ്ശഠൻ
മദീശനെക്കൊണ്ടു ഗമിച്ച വേളയിൽ
നദിച്ചിടാതെന്തിനു മൂകനായിവൻ? 34

ഉണർന്നുവെങ്കിൽ കുതിരച്ചിനപ്പിനാൽ
കുളമ്പുനാദം നിശമിച്ചുവെങ്കിൽ ഞാൻ
ഹന്ദസ്വനം വാജി വളർത്തിയെങ്കിലും
വരാതിരുന്നേനെ ദുരന്തദുർവിധി. 35

നിരന്തരം ദേവി കരഞ്ഞു കണ്ണുനീർ
ചൊരിഞ്ഞു ചൊല്ലും വചനങ്ങൾ കേൾക്കയാൽ
മുഖം കുനിച്ചങ്ങനെ നിന്നു സാദരം
സബാഷ്പമച്ഛന്ദകനോതിയിങ്ങനെ. 36

പഴിക്കൊലാ മൽ പ്രിയകംഥകത്തെ, നീ
യനാഥനാമെന്നിലെഴായ്ക കോപവും
നിതാന്തനിർദ്ദോഷികൾ ഞങ്ങൾ, സർവ്വഥാ
ഗമിച്ചു ദേവൻ സത! ദേവനെന്നപോൽ. 37

നരേശ്വരൻ നൽകിയിരുന്ന ശാസനം
മറന്നു ഞാൻ ദൈവതദൃഷ്ടശക്തിയാൽ
തുരംഗമത്തെ ത്വരിതം കൊടുത്തു പി-
ന്നനുപ്രയാണം ബത! ചെയ്തു ദേവനെ. 38

നയിച്ചു ഞാനശ്വ,മവൻ ധരിത്രിയെ
ത്തൊടാതെ വേഗം ഖുരനാദമെന്നിയേ
ഗമിച്ചു, വക്ത്രം പിളരാതിരിക്കയാൽ
ഹനസ്വനം ചെയ്തതുമില്ല തെല്ലുമേ. 39

പുറത്തു രാജേന്ദ്രകുമാരനെത്തവേ
തുറന്നു വാതൽക്കതകക്ഷണം സ്വയം
തമസ്സു മാറീ രവിരശ്മിയേററപോൽ
ഇതൊക്കെ ദൈവേച്ഛയിതാദരിക്കണം. 40

നരേന്ദ്രനിർദ്ദേശഹിതങ്ങൾ സന്തതം
ജനങ്ങൾ പാലിച്ചു, ഗമിച്ചു സൌഗതൻ
അറിഞ്ഞതില്ലാരുമുറക്കമാകയാൽ
ഇതൊക്കെ ദൈവേച്ഛയിതാദരിക്കണം. 41

വനാന്തവാസോചിതവസ്ത്രമത്ഭുതം
കുമാരനേകീയൊരു ദിവ്യപൂരുഷൻ
മണിക്കിരീടം ഗഗനപ്രസക്തമാ-
യിതോർക്ക ദൈവേച്ഛയിതാദരിക്കണം. 42

സുമംഗലീ! വഞ്ചനയില്ല ഞങ്ങളിൽ
വനാനുയാനത്വരയുദ്വഹിക്കൊലാ
എനിക്കുമശ്വത്തിനുമിഷ്ടമെന്നിയേ
സുരാനുയാനാഞ്ചിതനായ് ഗമിച്ചവൻ 43

പ്രയാണവൃത്താന്തവിധം സവിസ്തരം
ശ്രവിച്ച രാജാംഗനമാർക്കു സത്വരം
പ്രശാന്തമായ് ശോകവികാരമെങ്കിലും
മനസ്സുഖം മാഞ്ഞു വനാന്തചിന്തയാൽ. 44

വിഷാദവൈവശ്യമിയന്നു കുട്ടിയെ-
പ്പിരിഞ്ഞ മാൻപേടകണക്കു ഗൌതമി
വെടിഞ്ഞു ധൈര്യം, വിലപിച്ചു, മാരിപോൽ
ചൊരിഞ്ഞ കണ്ണീരൊടുമോതിയിങ്ങനെ. 45

മഹോർമ്മിപോലേറെ വളർന്നു നിരന്തരം
കറുത്തുമിന്നുന്നൊരവന്റെ വാർകുഴൽ
സ്ഫുരൽപ്രതാപോജ്ജ്വലഭവ്യരമ്യമാം
നരേന്ദ്രമൌലിക്കഴകേററമേററിടും. 46

ഉരുണ്ടു നീണ്ടുള്ള കരങ്ങളും, ത്രുമുഖം,
വിശാലനേത്രങ്ങളും, വിരിഞ്ഞ മാറിടം,
പ്രസിദ്ധിയേറും ഘനദുന്ദുഭിസ്വനൻ
വസിക്കയോ കാനനപർണ്ണശാലയിൽ. 47

ഗുണോജ്വലൻ ഭാവിവരൻ ത്യജിക്കയാ-
ലഭാഗിനീ നിർണ്ണയമീ വസുന്ധര
സ്വഭാവസമ്മോഹനനത്യുദാരനാം
നൃപൻ ജനിപ്പൂ ജനഭാഗ്യദീപ്തിയാൽ. 48

എനിക്കുമീയശ്വവരനുമില്ലിതിൽ
തരിമ്പുമാഗസ്സയി! സൽകുലാംഗനേ!
അമർത്ത്യതന്ത്രത്തിനധീനനായഹോ!
നിരാകുലൻ ഞങ്ങളെ വേർപിരിഞ്ഞുപോയ്. 49

ജിനൻെറ തീവ്രം വിരഹം നിരന്തരം,
നിനച്ചു സന്താപമിയന്നു മങ്കമാർ,
മഹാവിഷാദത്തിലുമേറെ വിസ്മയം-
വഹിക്കെ, വേർപാടു മറന്നപോലെയായ്. 50

സച്ചക്രരേഖം ജലപുഷ്പമോഹനം
നിഗൂഢഗുൽഫം, മൃദുലാംഗുലീയുതം
തദീയപാദം വനകക്ക്ശസ്ഥലീ
തലത്തിലർപ്പിച്ചു നടപ്പതെങ്ങനേ? 51

വിമാനസൌധത്തിലമേയശോഭയും
സുശീതളശ്രീയുമെഴുന്ന ശയ്യയിൽ
ശയിക്കുമപ്പൂമൃദുമേനിയെങ്ങനെ
വനാശ്രമപ്പാഴ്ത്തറയിൽ ശയിച്ചിടും? 52

കുലം, ബലം, നവ്യവയസ്സു ലക്ഷ്മിയും
കലന്ന വിദ്വന്മണി രാജനന്ദനൻ
കൊടുക്കവോന്നർഹനവൻ ഗ്രഹിച്ചിടാ
പരങ്കൽനിന്നാത്മഹിതത്തിനൊന്നുമേ. 53

സുവർണ്ണപര്യങ്കതലസ്ഥശയ്യയിൽ
ശയിച്ചു തൂര്യധ്വനി കേട്ടെണീപ്പവൻ
മഹാതപഃക്ലേശപരീതനെങ്ങനേ
വനാശ്രമപ്പാഴ്ത്തറയിൽ ശയിച്ചിടും? 54

വിലാപമേവം തുടരുമ്പൊളംഗനാ
ജനങ്ങളാലിംഗനമാർന്നു തങ്ങളിൽ
വിശാലനേത്രങ്ങൾ പൊഴിഞ്ഞു കണ്ണുനീർ
വിടർന്ന സൂനങ്ങൾ മരന്ദമെന്നപോൽ. 55

പ്രിയൻ പിരിഞ്ഞീടിന ചക്രവാകിപോൽ
സ്വയം പതിച്ചാളുടനേ യശോധരാ
പതുക്കെയോരോന്നു പുലമ്പിയസ്ഫുടം
തുടർന്നു വീണ്ടും സവിഷാദഗൽഗദം. 56

അനാഥയാമെന്നെ വെടിഞ്ഞു ധർമ്മതൽ-
പരത്വമേലാൻ നൃപനദ്യമിക്കയോ?
സ്വധർമ്മദാരങ്ങളെ വിട്ടു നിർഭയം
തപസ്സു ചെയ്വോർക്കിഹ ധർമ്മമെങ്ങനെ? 57

ഗമിച്ചു പത്നീസഹിതം വനങ്ങളിൽ
"മഹാസുദർശാ"ദികൾ നിൻപിതാമഹർ
ഇതോർത്തു കാരുണ്യമിയന്നെനിക്കുമാ-
വനത്തിലെത്താനനുവാദമേകണേ! 58

മഖത്തിലോ ശ്രൌതവിധിക്രമത്തിലോ
വ്രതം വഹിക്കാത്ത വധൂവരവ്രജം
പരത്ര തൽകർമ്മഫലം ഭുജിച്ചിടും
ത്യജിക്കുകെന്നിൽ പ്രിയ! ധർമ്മമത്സരം. 59

അറിഞ്ഞിടുന്നുണ്ടിതു ധർമ്മവല്ലഭൻ
മനോഹരങ്ങൾ കലഹിച്ചു ഞാൻ വൃഥാ
സുഖൈഷി പിന്നെന്നെ വെടിഞ്ഞു മൽപ്രിയൻ
മഹേന്ദ്രലോകാംഗനമാരെ വേൾക്കുമോ? 60

നിനച്ചിടുന്നേനവരെത്രമാത്രമു-
ജ്ജ്വലിപ്പു സൌന്ദര്യമദത്തിളപ്പിനാൽ
തപസ്സുചെയ്യുന്നിവനെന്നെയും മഹീ-
സുഖത്തെയും വിട്ടു വനത്തിലേകനായ്. 61

എനിക്കു വിൺഭൂമിയിലില്ലൊരാശയി-
ങ്ങതാത്മവിജ്ഞാനികളാഗ്രഹിച്ചിടാ
ഇഹത്തിലും ഹന്ത! പരത്തിലും പ്രിയൻ
പിരിഞ്ഞുപോകായ്കയതെൻ മനോരഥം. 62

മനോജ്ഞ! നിന്നാനനമൊന്നു കാണുവാ-
നെനിക്കിനിബ്ഭാഗ്യമെഴാതെവന്നിടാം
അഭാഗ്യനാം രാഹുലനും പിതാവു തൻ-
വരിഷ്ഠവാത്സല്യസുഖം സ്വദിച്ചിടാ. 63

സുദാരുണം മോഹനകാന്തിയേലുമാ-
മനസ്വിതൻ മാനസമെന്നതോർപ്പു ഞാൻ
അരാതികൾക്കും പ്രിയമേററിടും ശിശു-
പ്രഗൽഭനെ തൽജനകൻ ത്യജിക്കുമോ? 64

ഇരുമ്പിനും കല്ലിനുമല്ലലേകിടും
കടുപ്പമുണ്ടെൻെറ മനസ്സിനും ദൃഢം
സുഖോചിതൻ മൽപതി കാനനോർവിയിൽ
ഗമിക്കിലും ഹാ! തകരാത്തതാകയാൽ. 65

ഇതേവിധം കാന്തവിയോഗചിന്തയാൽ
കരഞ്ഞുവീണും വിലപിച്ചുമാ സതി
സ്വഭാവമാഹാത്മ്യമിരിക്കിലും മനഃ
സ്ഥിരത്വവും വിട്ടു വരിഷ്ഠ ലജ്ജയും. 66

അനന്തരം ശോകവിലാപഖിന്നയാം
യശോധരാദേവിയെ നോക്കി നാരിമാർ
നിരന്തരം മാരി പതിച്ച വാരിജ-
പ്രസൂനതുല്യാനനമാർ കരഞ്ഞുപോയ്. 67

ജപാദിയും ഹോമസമഗ്രകർമ്മവും
കഴിഞ്ഞു ദേവാലയഭൂ വിട്ടും നൃപൻ
ശ്രവിച്ചു പൌരക്കെഴുമാർത്തരോദനം
വിറച്ചു മേഘധ്വനികേട്ട ദന്തിപോൽ. 68

ധരാധവൻ ഛന്ദനെയും ഹയത്തെയും
നിരാശനായ് നോക്കി നിനച്ചു പുത്രനെ
പതിച്ചു ശോകാകുലനായ് ധരിത്രിയിൽ
സുരോത്സവത്തിൻ ധ്വജമെന്നപോലവേ. 69

അനന്തരം പുത്രവിയോഗഖിന്നനെ
ജനങ്ങൾ താങ്ങി, നിജബോധമെത്തവേ
മിഴിച്ചു വീണ്ടും ജലപൂർണ്ണദൃഷ്ടിയാൽ
ഹയത്തെ നോക്കിക്കരുണം പുലമ്പിനാൻ. 70

രണങ്ങളിൽ ഭൂരിസഹായമേകി നീ,
എനിക്കു പിന്നപ്രിയവും രചിച്ചു നീ
ഗുണങ്ങളാലാദരണീയനാകിലും
വനത്തിലെൻ പുത്രനെ—ഹാ! ചതിച്ചു നീ. 71

നയിക്ക നീയെന്നെയവൻ വസിച്ചിട്ടം
വനത്തിൽ—നൽകീട്ടകെനിക്ക ജീവനെ
അവൻ പിരിഞ്ഞില്ല നമുക്ക ജീവിതം
രുജാർദ്ദിതന്നൌഷധമെന്നപോലവേ. 72

"സുവൎണ്ണനിഷ്ഠീവി" മരിച്ചവേളയിൽ
മരിച്ചതില്ലമ്പിയലുന്ന "സഞ്ജയൻ"
അനർഘനെൻ സൂനു വനം ഗമിക്കവേ–
യനാത്മവാനോർപ്പു മരിക്കവാനിവൻ. 73

വിഭുത്വവും ക്ഷത്രിയപൂർവ്വികത്വവും
പ്രജാധിപത്യപ്രദയും വഹിച്ചിട്ടം
മഹാത്മവിജ്ഞാനി മകൻ മരിക്കവേ
വ്യഥിച്ചിടാതെങ്ങനെ വാണിതാ "മനു" 74

അജൻെറ സൽപുത്രവരേണ്യനായിട്ടം
പ്രജാധിനാഥനു നമസ്കരിപ്പു നാം
പ്രിയങ്കരൻ സൂനു വനം ഗമിക്കവേ
ഗമിച്ചു നാകം, കരുതീല ജീവിതം 75

വദിക്ക നീയേതുടജത്തിനുള്ളില–
ഞ്ഞൊളിച്ചിതെന്നന്തിമമാം ജലാഞ്ജലി
ഇവൻെറ ജീവൻ പരലോകയാത്രയിൽ
നിവാപനീർത്തുള്ളി കൊതിച്ചു കേണിടാം. 76

തനയവിരഹഘോരദുഃഖമൂഴി-
സദൃശമുറപ്പെഴുമുരംത്തടം തകൎത്തു
ദശരഥനുസമം സുതീവ്രശോകം
വിളറിവിറച്ചു വിചേതനൻ നൃപാലൻ. 77

ശ്രുതവിനയഗുണപ്രഭാവമേലും
സചിവപുരോഹിതരാത്മശക്തിയുക്തൻ
വിധുരനൃപതിയോടിവണ്ണമോതീ
പരിസരവും സുതശോകവും ഗണിപ്പോർ. 78

വെടിയുക നൃപ! ശോകദുഃഖമൽക്ക ധൈര്യം,
കൃപണതപൂണ്ടു പൊഴിഞ്ഞിടായ്ക കണ്ണീർ,
മലർനിര വാടിയ മാലപോലെ രാജ്യം
ഝടിതി വെടിഞ്ഞു വനം ഗമിച്ചു മുന്നോർ. 79

സുതനിതു നിയതം സ്വകർമ്മജാതം
കരുതുക മുൻപസിതൻ പറഞ്ഞ വാക്യം
സുരപുരിയിലുമീജഗത്തിലും കാൽ-
ക്ഷണവുമധീശത കാമ്യമല്ലവന്ന്. 80

അപരപരിശ്രമമാണു വേണ്ടതെങ്കിൽ
സപദി വദിക്കുക, പോകയാണു ഞങ്ങൾ
നിയതിയുമഭികാമ്യയത്നവും പോർ-
ത്തുടരുമതിൻ പരിണാമശക്തി കാണാം. 81

നരപതിയവരോടുരച്ചിതെന്നാൽ
ശരി,യിതു നിങ്ങൾ പറഞ്ഞപോലെ ചെയ്യിൻ!
സുതരതഹൃദയത്തിനില്ല ധൈര്യം
വനശകുനിക്കുസമം പിടഞ്ഞിടുന്നു. 82

ത്വരിതമവർ നരേന്ദ്രശാസനത്തെ-
ക്കരുതി വനത്തിനുനേർക്കുതന്നെ പോയീ
പരമതിചരിതാർത്ഥനായ് സദാരൻ-
നൃപതി നടത്തി, തദീയശേഷകാര്യം. 83

അന്തഃപുരവിലാപം എന്ന
എട്ടാംസർഗ്ഗം.

## സർഗ്ഗം 9

നൃപന്റെ കണ്ണീർ നിതരാം നിരീക്ഷി-
ച്ചുൽബുധരാം മന്ത്രിപുരോഹിതന്മാർ
അശ്വങ്ങൾപോലാശു ഗമിച്ചു വായ്ക്കും-
സൌഹാർദ്ദപൂർവ്വം വനഭൂവിലേയ്ക്കായ്. 1

യാത്രാപരിക്ലേശമഗണ്യമാക്കി-
ത്തങ്ങൾക്കിണങ്ങും പരിവാരമോടെ
രണ്ടാളുമത്യന്തവിനീതരായി-
ച്ചെന്നെത്തിയാ ഭാർഗ്ഗവവാസഭൂവിൽ. 2

പൂജിച്ചു വിപ്രർഷിയെയാ മഹാന്മാർ,
മഹർഷി പിന്നെ പ്രതിപൂജചെയ്തു
ധന്യാസനത്തിൽ സ്ഥിതിചെയ്തശേഷം
തന്നാത്മകൃത്യം വഴിപോൽ വദിച്ചു. 3

ഇക്ഷ്വാകുവംശത്തിന ശോഭയേററ-
മേററുന്ന ശുദ്ധോദനഭൂവരന്റെ
പുരോഹിതാമാത്യപദങ്ങളാത്ത-
ഭക്ത്യാ വഹിക്കും നൃപദാസരെങ്ങൾ. 4

മഹേന്ദ്രതുല്യന്റെ ജയന്തതുല്യൻ-
പുത്രൻ, ജരാമൃത്യുഭയങ്ങൾ നീക്കാൻ
ഇങ്ങെത്തിപോൽ, ഞങ്ങളതിൻ യഥാർത്ഥ
തത്വം ഗ്രഹിക്കുന്നതിനായണഞ്ഞു. 5

സുദീർഘഹസ്തൻ, സുകുമാരനേക-
നിങ്ങെത്തി,യാരെന്നതറിഞ്ഞതില്ല
ധർമ്മാർത്ഥബോധത്തി“നരാഢപർണ്ണ-
ശാലയ്ക്കുപോയെ”ന്നരുൾചെയ്തു വിപ്രൻ. 6

അറിഞ്ഞു സത്യം മുനിയെസ്സഹർഷം
നമസ്കരിച്ചമ്പൊടനുജ്ഞവാങ്ങി
രാജാത്മജൻ പോയൊരരണ്യദുർഗ്ഗ-
മാർഗ്ഗത്തിലൂടങ്ങവർ യാത്രയായീ. 7

ഘനം മറയ്ക്കും രവിയെക്കണക്ക
മരച്ചുവട്ടിൽ സ്ഥിരമൌനിയായി
ഇരുന്നിടും രാജകുമാരസിദ്ധനെ
സമീക്ഷണംചെയ്തു, ജയിച്ചു യത്നം. 8

യാനം നിറുത്തീ,യരികിൽ സഹർഷ-
മാവൈദികൻ മന്ത്രിസമേതനെത്തീ
സവാമദേവൻ മുനിയൌർവശേയൻ
ശ്രീരാമദേവാന്തികമാർന്നപോലെ. 9

മഹേന്ദ്രനെ ശുക്രനുമംഗിരസ്സു-
മെന്നോണമർച്ചിച്ചവരമ്മഹാനെ,
പ്രത്യർച്ചനംചെയ്തവരെ മഹേന്ദ്ര-
തുല്യൻ, മഹാധ്യാനവിമുക്തചിത്തൻ. 10

ശാക്യാധിനാഥന്റെ സമീപമാജ്ഞാ
വശംവദന്മാരവരങ്ങിരുന്നു
പുനർവസുയോഗമിയന്ന താരാ-
നാഥന്റെ സൌഭാഗ്യമവന്നുദിച്ചു. 11

മരച്ചുവട്ടിൽ പുരുകാന്തിതൂവി-
ത്തിളങ്ങുമദ്ദേവനൊടോതി മന്ത്രി,
നൽപാരിജാതത്തണലാന്നിരിക്കും-
ജയന്തനോടഗ്ഗുരുവെന്നപോലെ. 12

ഭവാന്റെ വേർപാടിലെഴുന്ന ശോക-
ശല്യത്തിനാൽ മൂർച്ഛിതനായ താതൻ,
കരഞ്ഞു കണ്ണീർച്ചുടുമാരിതൂവി
ക്കിഴിഞ്ഞപേക്ഷിപ്പതു കേൾക്ക സാധോ! 13

സന്ന്യാസചര്യാരതനെന്നു നിന്നെ-
ദ്ധരിപ്പൂ ഞാനെങ്കിലുമൊന്നു ചൊൽവൂ
അകാലവന്യാശ്രമിയായ നിന്നെ-
സ്സ്മരിച്ചു ശോകാഗ്നിയിൽ ഞാൻ ദഹിപ്പൂ. 14

ധർമ്മപ്രിയാ! വത്സ! നമുക്കുവേണ്ടി-
ദ്ധർമ്മത്തെ നേട്ടു, വെടിയൂ വനത്തെ,
നദീരയം തീരതലത്തെയെന്ന-
പോലെന്നെയിശ്ശോകരയം തകർപ്പൂ. 15

സമീരണന്നും ഖരദീധിതിയ്ക്കു-
മഗ്നിയ്ക്കുമെന്നല്ല മഹാശനിക്കും
സാദൃശ്യമേലും വിരഹോഗ്രദുഃഖം
വരട്ടിടുന്നെന്നെയെരിച്ചിടുന്നു. 16

രാജ്യത്തെ രക്ഷിക്ക, സുഖിക്ക പിന്നെ,
ശാസ്ത്രാനുസാരം വനവാസമേല്ക്കൂ
അനിഷ്ടബന്ധുക്കളെയും തുണയ്ക്കൂ,
യെല്ലാററിലും നൽക്കനിവാണു ധർമ്മം. 17

യതീശ്വരന്മാൎക്കു വനത്തിലല്ല
പുരത്തിലും ശാശ്വതസിദ്ധി നേടാം
ബുദ്ധിപ്രയത്നങ്ങളതിന്നു ഹേതു,
ഭീരുത്വചിഹ്നങ്ങൾ ജഡാവനങ്ങൾ. 18

കിരീടവും നന്മണിമാലയും, പൊൻ-
കേയൂരവും ചാൎത്തി മഹീവരന്മാർ
ഗാർഹസ്ഥ്യധർമ്മത്തിനു ഹാനിയെന്യേ
രാജ്യം ഭരിച്ചും ചരതിച്ചു മോക്ഷം. 19

ആഷാഢകൻ, ശ്രീബലി, വജ്രബാഹു
പാകദ്രുമൻ. മോഹനരന്തിദേവൻ
വിജ്ഞാനമേറും ജനകൻ മുറയ്ക്കീ
പുരാതനന്മാരെയനുസ്മരിക്കു. 20

ഗാർഹസ്ഥ്യധർമ്മത്തെ നയിച്ചു നിത്യ-
സായൂജ്യമാൎജ്ജിച്ചു പുരാതനന്മാർ
രാജ്യത്തെയും നിൻ ഹൃദയത്തെയും നീ
ഭരിച്ചു വൎത്തിച്ചു ജയിക്ക നീണാൾ. 21

ഞാനാഗ്രഹിക്കുന്നു കുമാര! നിന്നെ
യൂഴിക്കധീശത്വമിയന്നു കാണ്മാൻ,
കുളിച്ചു വെള്ളക്കുടചൂടിനിൽക്കും
നിന്നെസ്സമീക്ഷിച്ചു വനംഗമിക്കാൻ. 22

ഭവാനൊടോതാൻ ചുടുകണ്ണുനീരു
ചൊരിഞ്ഞുകൊണ്ടാ നൃപനേവമോതി
സ്നേഹാൎത്തനാം താതനെയോൎത്തു വേഗം
വരേണമാര്യൻ പിതൃസന്നിധാനം. 23

ഭാവൽകവേർപാടിലകം തകൎന്നു-
മുങ്ങുന്ന ശോകാബ്ധിയിലാ നൃപാലൻ,
സമുദ്ധരിച്ചീടുക ചെന്നു വാൎദ്ധി-
നിമഗ്നയാം ഭൂവിനെയെന്നപോലെ. 24

ഗംഗാസുതൻ ഭീഷ്മനെ, രാമനേയും,
ഭൃഗുപ്രിയൻ ഭാർഗ്ഗവരാമനേയും
സ്മരിച്ചു താതപ്രിയധർമ്മമാർഗ്ഗം
ചരിച്ചു രാജിക്കുക രാജസൂനോ! 25

മരിച്ചിടാറായൊരു വന്ദ്യവൃദ്ധ-
രാജ്ഞിക്കു നൽകീടുക ദർശനം നീ
പ്രണഷ്ടവത്സാകുലയായ ഗോവിൻ
സാദൃശ്യമേകാൎയ്യയവൾക്കു ദേവ! 26

ഹംസം പിരിഞ്ഞീടിന ഹംസിയെപ്പോൽ
ഗജം വെടിഞ്ഞുള്ള കരേണുവെപ്പോൽ
സനാഥയെന്നാലുമനാഥയായോ-
രദ്ദേവിയെ കാക്കുക ദർശനത്താൽ. 27

അച്ഛൻ പിരിഞ്ഞുള്ളഴലാം തമസ്സു
വിഴുങ്ങിടും രാഹുലനെദ്ദയാലോ!
തൂൎണ്ണം സമീപിക്കുക കാത്തുകൊൾകി
വെൺതിങ്കളെ, രാഹുമുഖത്തിൽനിന്നും. 28

നിശ്വാസധൂമാവിലമായ് വളൎന്ന
വിയോഗശോകാഗ്നിയിൽ നീറി, നിന്നെ
കാണാൻ കൊതിക്കുന്നു മഹീശചിത്ത-
മന്തഃപുരം, രാജ്യവുമാകമാനം. 29

പുരോഹിതൻതൻ വചനം ശ്രവിച്ചാ
ധ്യാനച്യുതൻ നിർമ്മലബോധിസത്വൻ
മുഹൂർത്തമൌനസ്ഥിതി പൂണ്ടശേഷം
വിനീതഭാവത്തൊടിവണ്ണമോതീ. 30

അറിഞ്ഞു പുത്രപ്രിയമെൻമനസ്സി-
തെന്നിൽ പ്രിയം താതനു വായ്ക്കുമെന്നും
എന്നാകിലും രോഗജരാവിപത്തിൻ
ഭയത്തിനാലെൻ സ്വജനം ത്യജിപ്പൂ. 31

വിയോഗമേലില്ല ജനങ്ങളെങ്കി-
ലാരും കൊതിക്കും പ്രിയദർശനത്തെ,
യോഗം ഭവിച്ചാലുമെഴും വിയോഗം,
വിടുന്നു ഞാൻ താതസുതാദിബന്ധം. 32

നരേന്ദ്രശോകത്തിനു ഹേതു ഞാനെ-
ന്നോതുന്നതേതും പ്രിയമല്ലെനിക്ക്
സമാഗമം സ്വപ്നസമാനമല്ലീ
വരാം വിയോഗം, പഴുതേ വിഷാദം. 33

വിചിത്രലോകാനുഭവങ്ങളാലേ
ഭവൽകബുദ്ധിക്കിതു നിർണ്ണയിക്കാം
മാലിന്നു പുത്രാദികളല്ല ഹേതു,—
അജ്ഞാനമാകുന്നതിനേകഹേതു. 34

ഇണങ്ങിവാണിങ്ങു ജനങ്ങൾ തമ്മിൽ
പിരിഞ്ഞിടുന്നു വഴിപോക്കർപോലെ,
വിജ്ഞർക്കു ശോചിപ്പതിനില്ല കാര്യം
ബന്ധുപ്രിയം വായ്ക്കിലുമില്ല ബന്ധു. 35

ഇഹത്തിൽനിന്നിങ്ങനെ വേർപിരിഞ്ഞു
പരത്ര യോജിക്കിലുമിങ്ങു പോരും,
പോയാലുമിങ്ങോട്ടു വരുന്നു, വീണ്ടും-
പോകുന്നിതിൽ തെല്ലൊരു മാററമില്ല. 36

ഗർഭംമുതൽക്കേ ബത! ജീവജാലം
ഹനിക്കുവാൻ പിൻതുടരുന്നു മൃത്യു
"അകാലവന്യാശ്രമമാന്നു നീ"യെ-
ന്നെന്നോടു പുത്രപ്രിയനോതിടുന്നു. 37

സുഖാനുഭോഗത്തിനു കാല,മെന്നാൽ
സദ്ധൎമ്മചര്യയ്ക്കുമതാണു കാലം
കാലം സദാ ധ്രുവലയം ഗ്രഹിപ്പൂ
ശ്രേയസ്സു നൽകുന്നിതു കാലമെല്ലാം. 38

എനിക്കു രാജ്യം തരുവാൻ നിനയ്ക്കിൽ
പിതൃസ്വഭാവത്തിനു ചേൎന്നതത്രേ;
പ്രതിഗ്രഹിക്കാൻ കഴിവില്ലെനിക്കു
രോഗിക്കപഥ്യാശനമെന്നപോലെ. 39

ദുരാഗകൾക്കാസ്പദമീ വിഭുത്വം
വിജ്ഞാനമാശിപ്പവനാഗ്രഹിക്കാ
ഉദ്യോഗവും വൻമദവും വളൎത്തും,
ക്രമേണ ധർമ്മക്ഷയവും ജഗത്തിൽ. 40

എരിഞ്ഞിടും നന്മണിമന്ദിരംപോൽ
വിഷംകലൎന്നുള്ളൊരു ഭോജനംപോൽ
നക്രം നിറഞ്ഞുള്ള സരസ്സുപോൽ ഞാൻ
വെടിഞ്ഞിടും രാജ്യസുഖാഭിലാഷം. 41

പരാത്മവിജ്ഞാനഗുണാനുരൂപം
സകാരണം നിസ്പൃഹനാം കുമാരൻ
വദിച്ചിട്ടും വാക്കുകൾ കേട്ടു മന്ത്രി-
വരൻ പ്രശാന്തസ്വനമേവമോതീ. 42

കാലത്തിനും ബുദ്ധിഗുണത്തിനും സം-
സ്കാരത്തിനും തീരെ വഴങ്ങിടാതെ
ശോകം പിതാവിന്നരുളീട്ടു ധർമ്മ-
കാമങ്ങളെ കാക്കുക ധർമ്മമല്ല. 43

നൂനം ഭവാനില്ലതി സൂക്ഷ്മബുദ്ധി
ധർമ്മാർത്ഥകാമങ്ങളെ വേർതിരിക്കാൻ
പ്രത്യക്ഷമാം ദുർവിധിവൈഭവത്തിൻ
ഫലം ഗണിക്കാതെ ഭവാൻ ചരിപ്പു. 44

ജീവിക്കു ജന്മങ്ങളനേകമുണ്ടെ-
ന്നോതുന്നു നൂനം ചിലരില്ലയെന്നും
സന്ദേഹമിസ്സംഗതിയിൽ ഭവിച്ചു,
ഭരിക്ക സമ്പ്രാപ്തസമൃദ്ധരാജ്യം. 45

വീണ്ടും പ്രവത്തിപ്പതിനൊക്കുമെങ്കിൽ
അതിങ്കലാനന്ദമിയന്നുകൊള്ളാം
കർമ്മങ്ങളില്ലാ പരഭൂവിലെങ്കിൽ
ജഗത്തിനേലുന്നിതയത്നമോക്ഷം. 46

ഉണ്ടെന്നു ചൊൽവൂ പരലോക,മന്യർ
വർണ്ണിച്ചിടുന്നില്ലവരാത്മമോക്ഷം
ദ്രവത്വമംഭസ്സിനു തീയ്ക്കു ചൂടും-
പോലിങ്ങു സാധാരണമാണു കർമ്മം. 47

ശുഭാശുഭങ്ങൾ ജനനാത്യയങ്ങൾ,
സ്വാഭാവികം സർവ്വമിതെ,ന്നുതന്നെ
ചൊല്ലുന്നു പിന്നെച്ചിലർ, ആയതോർക്കേ,
തോന്നുന്നു യത്നം ഫലശൂന്യമെന്നായ്. 48

പഞ്ചേന്ദ്രിയം സ്വക്രിയ ചെയ്യുമെങ്കിൽ
ഹിതാഹിതത്വം സ്വയമേല്ക്കുമെങ്കിൽ
വാർദ്ധക്യരോഗാദികളെത്തിടുന്നി-
താരെന്തുചെയ്താലായതതിൻ സ്വഭാവം. 49

അംഭസ്സിനാലഗ്നി ശമിച്ചിടുന്നി-
തംഭസ്സു വററുന്നു ദൃഢാഗ്നിയാലേ
വിഭിന്നഭൂതങ്ങൾ ശരീരഭൂവി-
ലൈക്യത്തിൽനിന്നീയുലകുദ്വഹിപ്പൂ. 50

ഭുജങ്ങൾ, പാദങ്ങൾ, ശിരസ്സിതെല്ലാ-
മിണങ്ങിടും ഗർഭശരീരഭൂവിൽ
ജീവാത്മചൈതന്യമണഞ്ഞിടുന്നു
സാധാരണത്വം ബുധരോതിടുന്നു. 51

മുള്ളിൻ മുനയ്ക്കാരരുളുന്നു തൈക്ഷ്ണ്യം,
വിചിത്രഭാവം മൃഗപക്ഷികൾക്കും,
സ്വാഭാവികം സർവ്വവുമീ ജഗത്തിൽ,
കർത്തൃത്വമില്ലാരിലുമെങ്ങുമേതും. 52

സൃഷ്ടിച്ചിടുന്നീശ്വരനെന്നനേകർ,
അതിൽ പ്രയത്നത്തിനൊരർത്ഥമില്ല,
ലോകോൽഗതിയ്ക്കുള്ളൊരു ഹേതുവേതാ-
ണതാണു നാശത്തിനുമേകഹേതു. 53

ആത്മാവുമൂലം ജനനം ജഗത്തി-
ലാത്മാവു സംസാരവിനാശഹേതു
ലോകം ജനിക്കുന്നിതു യത്നമെന്യേ,
മോക്ഷം ലഭിക്കുന്നു പരിശ്രമത്താൽ. 54

സന്താന, വേദ, ക്രതുലബ്ധിയാലേ
പിതൃക്കൾ, നന്മാമുനിമാർ, അമർത്ത്യർ,
ഋണപ്രമുക്താർഹർ, നരക്കതീന്നു-
മോചിച്ചിട്ടുന്നാകിലെഴുന്നു മോക്ഷം. 55

ഈവണ്ണമുള്ളോരു വിധിക്രമത്താൽ
പ്രയത്നമേലുന്നവർ മോക്ഷമേലും,
സുതീവ്രയത്നം തുടരുന്നു മോക്ഷ-
രതർക്കു ദുഃഖം ധ്രുവമെത്തിടുന്നു. 56

ഹേ! സൗമ്യ! മോക്ഷോൽസുകനാകിലങ്ങു
ശാസ്ത്രാനുസാരം ഭുവനം ഭരിക്കു
ലഭിച്ചിടും നിർവൃതി നിൻ മനസ്സും
സന്തോഷസംതൃപ്തി നരേന്ദ്രഹൃത്തും. 57

തപോവനം വിട്ടു പുരം ഗമിക്കാൻ
സന്ദേഹമേലേണ്ട മഹാനുഭാവ!
മുൻപും പലേ ഭൂപർ പുരത്തിലെത്തി
നിൻപൂർവികന്മാർ വനഭൂവിൽനിന്നും 58

രാജ്യം ഭരിക്കുന്നതിനംബരീഷൻ
തപോവനം വിട്ടു പുരത്തിലെത്തി
ജനാവനത്തിന്നു വനത്തിൽനിന്നും,
അയോദ്ധ്യയിൽ പുക്കിതു രാമചന്ദ്രൻ. 59

സപുത്രനാം സാല്വനൃപൻ ദ്രുമാക്ഷൻ
വനത്തിൽനിന്നും നഗരത്തിലെത്തി
വസിഷ്ഠവിപ്രർഷിയിൽനിന്നു രാജ്യം
ശ്രീരന്തിദേവപ്രതിമൻ ഗ്രഹിച്ചു. 60

ധർമ്മം ചരിപ്പോർ, ചിലരീവിധത്തിൽ
പുരത്തിലെത്തീ വിപിനത്തിൽനിന്നും,
ഗേഹപ്രവേശത്തിൽ വരില്ല ദോഷം
ധർമ്മം പുലർത്താൻ വനഭൂവിൽനിന്നും. 61

നൃപാലനുൾപ്പൂമ്പുളകം പുലർത്തിടും
വചസ്സു മന്ത്രിപ്രവരൻ വദിക്കവേ
അസക്തനായീടിലുമാത്മശക്തിയാ-
ലകമ്പ്യനാം രാജകുമാരനോതിനാൻ. 62

ജഗത്തിലുണ്ടെന്നുമതില്ലയെന്നുമി-
ങ്ങഗാധസന്ദേഹമതിന്നു ഞാൻ സ്വയം
തപസ്സിനാലിന്നഥവാ ശമത്തിനാൽ
പ്രശസ്തസത്യസ്ഥിതിയെ ഗ്രഹിക്കുവേൻ. 63

എനിക്കിതൊന്നും ഹിതമല്ല സൂക്ഷ്മമായ്
ഗ്രഹിക്കുവാനിങ്ങരുതാത്തതാകയാൽ
വിജ്ഞൻ പരപ്രത്യയമാർന്നുകൊൾകിലോ
നയിച്ചിടാമന്ധനിരുട്ടിലന്ധനെ. 64

യഥാർത്ഥതത്വം ഗ്രഹിയാതിരിക്കിലും
ശുഭാപ്തിവിശ്വാസമെഴുന്നിതെൻമനം,
ഖലന്റെ തത്വഗ്രഹണത്തിനേക്കാൾ
ശുഭൈഷിതൻ നിഷ്ഫലദുഃഖമുത്തമം. 65

ശ്രുതങ്ങൾ മർത്ത്യന്നഹിതങ്ങളാകിലോ
ഹിതങ്ങളാപ്തോക്തികളെന്നതോർക്കണം
അഹീനദോഷാന്വിതനാപ്തനാകയാ-
ലതഥ്യമോതീടുകയില്ല നിശ്ചയം. 66

ഗൃഹപ്രവേശത്തിനെനിക്കു വത്സലൻ
വദിച്ച രാമാദി നിദർശനങ്ങളെ
ഉദാരധർമ്മസ്ഥിരനിശ്ചയങ്ങളിൽ
ക്ഷതവ്രതന്മാരെയുദാഹരിക്കയോ? 67

നഭസ്സിൽനിന്നും രവി മന്നിൽ വീഴ്കിലും
സ്ഥിരസ്വഭാവം ഹിമവാൻ ത്യജിക്കിലും
ജിതേന്ദ്രിയശ്രീയൊടനാദിതത്വമുൾ-
ഗ്രഹിച്ചിടാതാലയമെത്തുകില്ല ഞാൻ. 68

ജ്വലിച്ചിടും തീക്കനലിൽ പതിച്ചിടാം
കൃതാർത്ഥനാകാതെ വരില്ല വീട്ടിൽ ഞാൻ
പ്രതിജ്ഞചെയ്തിങ്ങനെ ഭാവഗർവ്വമു-
ദ്വഹിച്ചു മുന്നോട്ടു നടന്നു നിർമ്മമൻ. 69

ശ്രവിച്ചു മന്ത്രീന്ദ്രപുരോഹിതാദികൾ
ശകാധിരാജാത്മജധീരനിശ്ചയം
സബാഷ്പമൗനം പിറകേ നടന്നഹോ!
നിരാശരായ്പോന്നു പുരത്തിലേയ്ക്കവർ. 70

തൽസ്നേഹം സുരഭിലരാജഭക്തി രണ്ടും-
മേളിക്കും മഹിതർ നടന്നു, നിന്നു, പോയീ
അക്ശ്രീയുതനെ,യവർക്കശക്തിയാർന്നു
നോക്കാനും മഹിയിൽ വെടിഞ്ഞു പോരുവാനും. 71

സിദ്ധാർത്ഥസ്ഥിതി വിശദം മനസ്സിലാക്കാൻ
പ്രച്ഛന്നാസ്ഥിതിയിലയച്ച ചാരവർഗ്ഗം
ശോകത്താലുഴറിന രാജസന്നിധാനം
പ്രാപിച്ചാൻ സചിവവരൻ പ്രസാദഹീനൻ. 72

കുമാരാന്വേഷണമെന്ന
ഒമ്പതാം സർഗ്ഗം.

# സർഗ്ഗം 10

രാജന്യവത്സൻ വനവാസലോല-
നാരാജദൂതാഗ്ര്യരെ വിട്ടശേഷം
ഗംഭീരഗംഗാനദിയെക്കടന്നു
രമ്യാഭമാം രാജഗൃഹത്തിലെത്തി. 1

ശൈലങ്ങൾ സൂക്ഷിച്ചു,മലങ്കരിച്ചും,
തീർത്ഥങ്ങൾ തീരാത്ത വിശുദ്ധിചേർത്തും,
പേർകേട്ട പഞ്ചാചലപട്ടണത്തിൽ
ചെന്നെത്തി, വിണ്ണിൽ കമലാസനൻപോൽ. 2

അവന്റെ ഗാംഭീര്യവുമാ വപുസ്സു-
മോജസ്സുമീക്ഷിച്ചു മഹാജനങ്ങൾ
ആനന്ദഭാരത്തൊടു വിസ്മയത്താ-
ലിവൻ ശിവശ്രീ ശിവനെന്നുറച്ചു. 3

അവൻ നടക്കും നെടുവീഥിയിങ്കൽ
നടന്നവൻ നിന്നു, നടന്നുനിന്നോൻ,
വേഗം നടന്നോൻ ഗതി മന്ദമാക്കി,
യിരുന്നവൻ ചാടിയെണീററുപോയി. 4

പൂജിച്ചൊരുത്തൻ ജിനനെക്കരത്താൽ
ശിരസ്സുതാഴ്ത്തീട്ടൊരുവൻ നമിച്ചു.
സ്നേഹത്തിനാൽ മറെറാരുവൻ സ്തുതിച്ചു,
ആരും നമിക്കാതെ നടന്നതില്ല. 5

കണ്ടിട്ടു ലജ്ജിച്ചു വിചിത്രവേഷർ,
വാദിച്ചുനിന്നോനതിമൌനിയായീ
പ്രത്യക്ഷധർമ്മാന്തികമാന്നപോലെ
യുണ്ടായതില്ലാക്ഷമനീതിചിന്ത. 6

മാർഗ്ഗത്തിലോരോ തൊഴിൽ ചെയ്തിരിക്കും
നാരീനരന്മാർ ബഹുമാനപൂർവ്വം
അവൻെറ പൂണൂലിനെയുററുനോക്കി
യവൻെറ ദൃഷ്ടിക്കതറിഞ്ഞുകൂടാ. 7

നെററിത്തടം, കണ്ണു, മുഖം, ശരീരം,
പാണിദ്വയം, നൽപുരികം, പദങ്ങൾ,
ഏതൊന്നിലെത്തുന്നൊരുവൻെറ ദൃഷ്ടി-
യുറച്ചുനില്ക്കുന്നിതതിങ്കൽമാത്രം. 8

ഊർണ്ണഭ്രൂവത്യായതലോചനങ്ങൾ
ജാലാഖ്യരേഖാപരിരമ്യഹസ്തം
ഭൂപാലനാർഹന്നു തപസ്വിവേഷം
ക്ഷോഭിച്ചുപോൽ രാജഗൃഹത്തിലെ ശ്രീ. 9

ശ്രോണീശനമ്മാഗധഭൂവിൽനിന്നും
വരുന്ന തീർത്ഥാടകസഞ്ചയത്തെ
വീക്ഷിച്ചു ചോദിച്ചതിനുള്ള ഹേതു-
വുണർത്തി രാജാന്തികമാന്നൊരുത്തൻ 10

രാജ്യാഭ കൈവിട്ടു സനാതനാത്മ-
സായൂജ്യമേലാനൊരു രാജപുത്രൻ
തപസ്സുചെയ്യുന്നു മഹാവിരക്തൻ
ശാക്യേശവംശത്തിനു ഭാഗ്യദീപം. 11

മനസ്സിലേതോ നിരൂപിച്ചു കാര്യം
ധരിച്ചു രാജാവവനോടുരച്ചു
"അറിഞ്ഞുവന്നീടുക തൽചരിത്രം"
അതേ വരാമെന്നവനങ്ങുണർത്തി. 12

അലോലനേത്രങ്ങൾ, അടുത്ത നോട്ടം
മൌനസ്വഭാവം പുരുമന്ദയാനം
ഭിക്ഷയ്ക്കുവേണ്ടീട്ടു ചരിച്ചു ഭിക്ഷു-
മനം ചലിക്കാതെ ചലിച്ചു ഗാത്രം. 13

വാങ്ങിച്ചു ഭിക്ഷാന്നമൊടെത്തി ദേവൻ
വിവിക്തമാം പ്രസ്രവണപ്രദേശം
തൻനിഷ്ഠയും ഭക്ഷണവും കഴിച്ചു
കരേറിയ"പ്പാണ്ഡവ"പർവ്വതത്തിൽ. 14

മയൂരനാദങ്ങൾ നിറഞ്ഞ ലോധ്ര-
വനത്തിലാരക്തകഷായവേഷൻ
സ്സൂര്യനപ്പോളുദയാചലത്തിൽ
ബാലാരുണൻപോൽ നിതരാം വിളങ്ങീ. 15

ദർശിച്ചു രാജാനുചരൻ സമർത്ഥൻ
ശ്രേണീശനെ ചെന്നറിയിച്ചു ഗൂഢം
ശ്രദ്ധിച്ചു ഭൂപൻ ബഹുമാനപൂർവ്വം
തിരിച്ചു, കാണാൻ നിഭൃതാനുയാത്രൻ. 16

പാർത്ഥപ്രതാപോജ്ജ്വലനായ ഭൂപൻ
പ്രാപിച്ചിതപ്പാണ്ഡവപർവ്വതത്തിൽ
അജയ്യശക്തിത്തികവാർന്ന സിംഹം
മഹീധരത്തിൽ ജവമെത്തിടുംപോൽ. 17

അപ്പർവ്വതത്തിൻ നവശൃംഗതുല്യ-
മിരുന്ന സിദ്ധാത്ഥനെയാ നരേന്ദ്രൻ
ദർശിച്ചു ദിവ്യപ്രഭമഭ്രകൂട-
ശൈലസ്ഥനാം ചന്ദ്രനെയെന്നപോലെ. 18

ശമത്തിനാലും തനുകാന്തിയാലും
പ്രത്യക്ഷധർമ്മാത്മകനെ മഹീശൻ
പ്രാപിച്ചു ഭക്തിപ്രസരപ്രസാദം
ശചീവരൻ പത്മജനെക്കണക്കേ. 19

ധ്യാനസ്ഥനെ ശാസ്ത്രവിധിപ്രകാരം
പൂജിച്ചു ചോദിച്ചു ശുഭാശുഭങ്ങൾ
അദ്ദേവനും ശാന്തസമത്ഥഗീരാൽ
അനാമയസ്വാസ്ഥ്യവിധങ്ങളോതി. 20

അനന്തരം വാരണകർണ്ണനീല
ശിലാതലത്തിൽ സ്ഥിതിചെയ്തു ഭൂപൻ
മഹർഷിവര്യന്റെ മനോഗതത്തെ
മനസ്സിലാക്കാൻ ത്വരപൂണ്ടുരച്ചു. 21

അത്യായതപ്രീതിയെനിക്കു മുന്ന
ഭവൽകുലത്തിൽ സ്ഥിതിചെയ്തിട്ടുന്നു
അക്കാരണത്താൽ സുത! ഞാനുരയ്ക്കും
സൌഹാർദ്ദഗീരിൻ പൊരുളാദരിക്കൂ. 22

സൂര്യാന്വയത്തിൽ സുത! നീ ജനിച്ചു
വയസ്സു നവ്യം, രുചിരം ശരീരം
രാജ്യം ഭരിക്കേണ്ടവനാണു വത്സൻ
ഭിക്ഷാത്ഥിയാകാനവകാശമില്ല. 23

നിൻമേനിയോ ലോഹിതചന്ദനാർഹം,
കാഷായവസ്ത്രത്തിനു ചേർന്നതല്ല
രാജ്യം ഭരിക്കുന്നതിനാണു കൈകൾ
ഭിക്ഷാന്നമുണ്ണുന്നതിനുള്ളതല്ല. 24

പിതൃപ്രിയത്താൽ ഭവദീയരാജ്യം
പരാക്രമത്തിന്നനധീനമെങ്കിൽ
സഹിക്ക നീ വത്സ! ഭരിച്ചുവാഴ്ക!
മദീയരാജ്യത്തിലൊരർദ്ധഭാഗം. 25

കോപിക്കയില്ലാ സ്വജനങ്ങളെന്നാൽ
കാലക്രമത്തിൽ സുഖവൃദ്ധിയുണ്ടാം
സത്തുക്കളോടുള്ളൊരു വേഴ്ചമൂലം
സമൃദ്ധി സത്തുക്കൾ വഹിച്ചിടുന്നു. 26

വംശസ്വഭാവോദിതമായ ഗർവ്വാൽ
വിശ്വാസമില്ലെന്റെ വചസ്സിലെങ്കിൽ
എൻമൈത്രിയാൽ പോരിലരാതിവർഗ്ഗം
ജയിച്ചു സന്തൃപ്തി കലർന്നുകൊൾക! 27

വരിക്കയേതെങ്കിലുമൊന്നിതിങ്കൽ
ധർമ്മാർത്ഥകാമങ്ങളെ നേടി വാഴ്ക!
മറെറാന്നിലാശിക്കിലവൻ ത്രിവർഗ്ഗ-
മാപിക്കിലും നൂനമധഃപതിക്കും. 28

ആരർത്ഥധർമ്മങ്ങൾ വെടിഞ്ഞു കാമം
ആർ ധർമ്മകാമങ്ങളെഴാതെയർത്ഥം
ആരർത്ഥകാമങ്ങൾ നശിച്ചു ധർമ്മം
സന്ത്യാജ്യനക്കാമിതകർമ്മചാരി. 29

ധർമ്മാർത്ഥകാമങ്ങളും ശരിക്കു നേടി
സ്വജീവിതം മോഹനമാക്കിവാഴ്ക!
ത്രിവർഗ്ഗസംരക്ഷണമാണു പാരിൽ
യഥാർത്ഥമാം സൽപുരുഷാർത്ഥമാർക്കും. 30

വൃഥാ വഹിച്ചീടരുതിങ്ങു വില്ലു-
കുലയ്ക്കുവാനുൾക്കെഴുമിക്കരങ്ങൾ
മാന്ധാതൃമന്നനു സമം ത്രിലോകം
ജയിച്ചിടാം ഭൂവിനെയെന്തു പിന്നെ? 31

സ്നേഹത്തിനാൽ ഞാനിതു ചൊൽകയാണെ-
ന്നൈശ്വര്യമാശിച്ചു വദിക്കയല്ല.
വീക്ഷിക്കവേ താവകഭിക്ഷുവേഷ-
മെനിക്കു കണ്ണീർ നിറയുന്നു കണ്ണിൽ. 32

ത്യജിക്ക ഭിക്ഷാശ്രമമിങ്ങു, കാമം
ഭുജിക്ക വന്യാശ്രമമന്ത്യമത്രേ
നിൻപൂർവ്വികന്മാർക്കു സമം നിനക്കും
വയസ്സുകാലത്തു വനത്തിലെത്താം. 33

വാർദ്ധക്യകാലത്തു വനാന്തവാസ-
മിണങ്ങുമന്യാശകളന്നു നീങ്ങും
കാമം യുവാവിന്നു, വനം വയസ്സ,-
ന്നിടയ്ക്കു വർത്തിപ്പവനാണു വിത്തം. 34

അർത്ഥത്തിനും സന്തതകാമ്യമായ
ധർമ്മത്തിനും യൗവനമേകശത്രു
സൂക്ഷിച്ചുരക്ഷിപ്പൊരു യൗവനത്തെ-
പ്പോലും ഹരിക്കുന്നു നികൃഷ്ടകാമം 35

സുധീരമാമന്ത്യവയസ്സൊരല്പ-
പരിശ്രമത്താൽ മഹനീയമാക്കാം
അശക്തിയാലും ബത! ലജ്ജയാലും
സ്വസ്ഥാനസംസ്ഥാനമതിന്നിണങ്ങും. 36

പ്രമാദമത്യന്തസുഖാഭിലാഷം,
വ്യാജം മഹാസാഹസനിന്ദ്യകർമ്മം,
ജഗത്തിലീ യൗവനമാം വനത്തെ-
ക്കടക്കിലാശ്വാസമെഴുന്നു മർത്ത്യൻ. 37

പ്രമാദചാപല്യമദാദിയാലും
നവ്യം വയസ്സങ്ങു കഴിഞ്ഞുപോട്ടെ
കാമത്തിനീ യൗവനമേകലക്ഷ്യം,
ജിതേന്ദ്രിയത്വം യുവതിയ്ക്കിണങ്ങാ. 38

ധർമ്മം ചരിക്കുന്നതിനാശയെങ്കിൽ
യജിക്ക നീ നിൻകുലധർമ്മയജ്ഞം
യജ്ഞങ്ങളാൽ തീർത്തൊരു നാകഭൂവിൽ
യജ്ഞപ്രിയൻ പൂകി മഹാമരുത്വാൻ. 39

നൽകാഞ്ചനത്തോൾവളയാർന്ന കൈകളും
മണിപ്രകാണ്ഡപ്രഭ ചേർന്ന മൗലിയും
കലർന്ന രാജർഷികൾ മോക്ഷമാർന്നു തൻ-
മഖങ്ങളാൽ പിന്നെ മഹർഷിവൃന്ദവും. 40

ഈവണ്ണം മഗധനൃപൻ പറഞ്ഞുവീണ്ടും-
ദേവേന്ദ്രപ്രതിമനവൻ ദൃഢം പറഞ്ഞു
കേട്ടിട്ടും ചലനമെഴാതെ രാജപുത്രൻ
കൈലാസാചലമതുപോലനങ്ങിയില്ല.

ശ്രീബുദ്ധചരിതമഹാകാവ്യത്തിലെ
"ശ്രേണ്യാഭിഗമനം" എന്ന ദശമസർഗ്ഗം.

# സർഗ്ഗം 11

വന്യാശ്രമത്തെ നിയതം ദുഷിച്ചു
വർണ്ണിച്ചു ഭൂപൻ വിരമിച്ചശേഷം
വികാരവിക്ഷോഭവിഹീനനായി
ശുദ്ധോദനാത്മപ്രിയപുത്രനോതി. 1

പ്രശസ്തവംശോത്ഭവനാം ഭവാന്റെ
വചസ്സിലാശ്ചര്യമശേഷമില്ല
വിശ്വസ്തമിത്രത്തിനു ചേർന്നതായ
വിശുദ്ധയാം വൃത്തിയിതെന്നുമോർപ്പേൻ 2

ഭീരുക്കളിൽ ശ്രീയതുപോലിളക്ക-
മേലാമസത്തുക്കളിലുള്ള മൈത്രി
തൻപൂർവ്വികന്മാർ ചരതിച്ചൊരാത്മ-
സന്തുഷ്ടി സത്തുക്കൾ വളർത്തിടുന്നു. 3

ദുസ്സാധകാര്യങ്ങളിലുദ്യമിപ്പോർ,
സൌഹാർദ്ദമന്യോന്യമെഴുന്ന മർത്ത്യർ,
മിത്രങ്ങളായ് ഞാനവരെഗ്ഗണിപ്പൂ
സ്വാസ്ഥന്നു തൻവൃദ്ധിയിലില്ല മിത്രം. 4

ധർമ്മത്തിനോ ബന്ധുഗുണത്തിനോ താ-
നാർജ്ജിച്ച വിത്തം ചിലവാക്കിടുന്നോൻ
നശിച്ച വിത്തത്തെ നിനച്ചു പശ്ചാ-
ത്താപം ചുമക്കേണ്ടിവരില്ലൊട്ടുക്കം. 5

സുഹൃത്വവും ശ്രേഷ്ഠതയും നിനച്ചീ–
യെന്നിൽ ഭവാനുൾക്കനിവങ്കുരിച്ചു;
എന്നോർക്കയാൽ സാന്ത്വനമോതുവേൻ ഞാൻ,
മറെറാന്നുമോതാൻ കഴിവില്ല രാജൻ! 6

ഞാനോ ജരാമൃത്യുഭയങ്ങൾ നീങ്ങാൻ
മോക്ഷത്തെ മോഹിച്ചു തപസ്സുചെയ്‌വൂ
കണ്ണീരെഴും ബന്ധുജനങ്ങളേയും
വെടിഞ്ഞു കാമാദി സുഖങ്ങളേയും. 7

പാമ്പിൻവിഷം, വഹ്നി, കരാളമേഘ–
ജ്യോതിസ്സ്, വൻകാററി,തിലില്ല പേടി
എനിക്കഹോ! പേടിയിതൊന്നിൽമാത്രം
കാമാഭിലാഷാദി മഹാവിപത്തിൽ. 8

ക്ഷേമാർത്ഥചോരങ്ങൾ, നിരർത്ഥകങ്ങൾ,
കാമങ്ങൾ, നൂനം ക്ഷണഭംഗുരങ്ങൾ,
മയങ്ങി മുങ്ങുന്നിതതിങ്കലുഗ്ര–
തപസ്സുചെയ്യും മുനിമാർ മനസ്സും. 9

കാമിക്കു നാകത്തിലുമില്ല സൗഖ്യ–
മീ മർത്ത്യലോകത്തിലതെങ്ങു പിന്നെ?
കാമിക്കു സംതൃപ്തിവരാ സുഖത്തി–
ലഗ്നിക്കലംഭാവ്യതയിന്ധനത്തിൽ? 10

കാമത്തിനൊത്തുള്ളൊരനർത്ഥമില്ല,
മയങ്ങിമുങ്ങുന്നതിലിജ്ജനങ്ങൾ
തത്വം ഗ്രഹിപ്പോനതിഭീരുവീ ഞാൻ,
വിജ്ഞൻ ദൃഢം കാമസുഖം കൊതിക്കാ. 11

സമുദ്രപര്യന്തമഹീശനാർപ്പൂ-
വാർദ്ധിക്കുമങ്ങേക്കരയെ ജയിക്കാൻ.
കാമങ്ങളാൽ തൃപ്തി ജഗത്തിനില്ല
സരിൽഗണത്താൽ ജലധിക്കുമില്ല. 12

സുവർണ്ണവർഷം സുരർ തൂവി പിന്നെ
ചതുസ്സമുദ്രങ്ങളെയും ജയിച്ചു
അർദ്ധാസനം ശക്രനിൽനിന്നു വാങ്ങി,
തീർന്നീല മാന്ധാതൃമനോഭിലാഷം. 13

പേടിച്ചു വൃത്രാസുരനെസ്സുരേന്ദ്രൻ
സ്വർഗ്ഗത്തിൽനിന്നോടിയൊളിച്ചുവാഴ്കെ
മഞ്ചം ചുമപ്പിച്ചു മഹർഷിമാരെ
മഥിച്ച മന്നൻ നഹുഷൻ നശിച്ചു. 14

"ഐഡാ"ഖ്യഭൂപൻ സുരഭൂവിലെത്തി
ച്ചാർവംഗിയാമുർവശിയെ മയക്കി
സ്വർണ്ണം കൊതിച്ചമ്മുനിമാരിൽനിന്നും
നാശം വരിച്ചൂ, വിഷയപ്രസക്തൻ. 15

ഇന്ദ്രങ്കലായി, ബലിയിങ്കൽനിന്നും,
ഇന്ദ്രങ്കൽനിന്നും, നഹുഷങ്ക,ലായീ
നാകത്തിലും ഭൂവിലുമേതൊരാൾക്കും
നിൽക്കില്ല നൂനം സ്ഥിരഭാഗ്യലക്ഷ്മി. 16

ചീരം ധരിച്ചും, ഫലമൂലകങ്ങൾ
ഭക്ഷിച്ചു,മേററം ജഡയുദ്വഹിച്ചും
ധ്യാനത്തിലാളും മുനിയേയുമാഴ്ത്തും
കാമാഖ്യശത്രുക്കളെയാരു തേടും? 17

ഉഗ്രായുധാഖ്യൻ മൃതിയെസ്സധീര-
മാക്കേന്തിനായ് ഭീഷ്മനിൽനിന്നു നേടി?
അമംഗളം തദ്വാധചിന്തപോലും
വ്രതഘ്നവൃത്തങ്ങൾ നിനയ്ക്ക പാപം. 18

അല്പം സ്വദിച്ചാലഭിലാഷമേറും,
വർദ്ധിക്കിലും തൃപ്തിവരില്ല തെല്ലും,
വിജ്ഞൻ വെറുക്കും പുരുപാപമുണ്ടാ,-
മാരിക്കൊട്ടും കാമവിഷം സ്രജിച്ചു. 19

കൃഷ്യാദിധർമ്മങ്ങളിണങ്ങുവോരേ-
ക്കാമാദിദുഃഖങ്ങളിൽ മുങ്ങുവോരെ;
അസക്തരാം സ്വസ്ഥരെയും നിനയ്ക്കൂ,
കാമം ത്യജിക്കുന്നു മനസ്വിവൃന്ദം. 20

നൂനം വിപൽകാമിനി, കാമസമ്പ-
ത്ത,വൾക്കെഴും വേഴ്ച മദം വളർത്തും,
വിവേകമില്ലായ്ക വരും മദത്താൽ,-
കാമോന്മദൻ ദുർന്നരകം ഗമിപ്പു. 21

യത്നത്തിനാൽ കിട്ടിയതാദരിച്ചു,
പിന്നെ ത്യജിക്കുന്നു, ഭുജിച്ചിട്ടുന്നു,
ഭിക്ഷാന്നസാദൃശ്യമെഴുന്ന കാമം,
വിജ്ഞന്റെ ഹൃത്തിന്നഭിഗമ്യമാകാ. 22

ആശിച്ചു സിദ്ധിച്ചതു ദൂരെ മാററാ-
നാകാഞ്ഞു തുഷ്ണാവശർ കേണിട്ടുന്നു
പാഴ്ത്തീക്കനൽക്കൊത്തതി തീക്ഷ്ണമാമ-
ന്നാമത്തിലാക്കേണ്ടതെന്നെ ഹൃത്തിണങ്ങും? 23

കാമാതുരൻ തൃപ്തിയെഴാതെയാത്മ–
സൗഖ്യം ലഭിക്കാതെ നശിച്ചിടുന്നു.
കോപിച്ച പാമ്പിന്നു സമാനമാമ–
ക്കാമത്തിലാർക്കെങ്ങനെയാശതോന്നും? 24

വിശന്നു മാഴ്കുന്നൊരു സാരമേയ–
മശ്ക്കിലും തൃപ്തിവരാത്തതേതോ?
ജീർണ്ണാസ്ഥി, കങ്കാളസമാനമാമ–
ക്കാമത്തിലാർക്കെങ്ങനെയാശ തോന്നും? 25

രാജാവു, ചോരൻ, ജലമഗ്നി,യെന്നീ–
വർഗ്ഗത്തിൽനിന്നും ഭയമുൽഭവിക്കും,
കാമത്തിൽനിന്നിങ്ങതിലും കഠോര–
മാപത്ത,തിൽ പ്രീതി ബുധന്നുദിക്കാ. 26

ഏതൊന്നിലാശിപ്പവനിങ്ങു ദുഃഖം
സ്വബന്ധുശത്രുക്കളിൽനിന്നുദിപ്പൂ
അത്യുഗ്രഹിംസായുക്ത നിദാനമാമ–
ക്കാമത്തിലാസക്തി ബുധന്നുദിക്കാ. 27

മൃഗങ്ങൾ സംഗീതരസത്തിൽ മുങ്ങി–
ച്ചാകുന്നു, തീയിൽ ശലഭം പതിപ്പൂ,
മാംസാശി മത്സ്യം ബളിശം വിഴുങ്ങും,
ഏകും വിനാശം വിഷയാഭിലാഷം. 28

കാമങ്ങൾ സൌഖ്യാനുഭവങ്ങളെന്നാൽ
ഭോഗ്യങ്ങളല്ലാത്തതുമുണ്ടനേകം
വസ്ത്രാദികം വസ്തുഗണം ജഗത്തിൽ
ശോകപ്രതീകാരവിധിക്കുമാത്രം. 29

ദാഹോപശാന്തിക്കു ജലം, വിശപ്പു-
മാററുന്നതിന്നായതുപോലെയന്നം,
ഗേഹങ്ങൾ കാററും വെയിലും തടുക്കാൻ,
ശൈത്യം തടുക്കുന്നതിനാണു വസ്ത്രം. 30

യാതൊന്നിനായ് കൌരവവംശമാകെ
നശിച്ചു വൃഷ്ണ്യന്ധകരും മരിച്ചു
ശൂലാസികാഷ്ഠത്തിനു തുല്യമാമ-
ക്കാമത്തിലാക്കെങ്ങനെയാശ തോന്നും? 31

യാതൊന്നിനായ് ശണ്ഠ തുടർന്നു തമ്മിൽ
സുന്ദോപസുന്ദാസുരർ മണ്മറഞ്ഞു
സൌഹാർദ്ദവിദ്ധ്വംസനകാരിയാമ-
ക്കാമത്തിലാസക്തി ബുധന്നുദിക്കാ. 32

കാമാന്ധരായോർ ചിലരാർന്നിടുന്നു
തിര്യക്കുലത്തിന്നു സമാനഭാവം
അമംഗളങ്ങൾക്കതിമിത്രമാമ-
ക്കാമത്തിലാസക്തി ബുധന്നുദിക്കാ. 33

ചെയ്യുന്നു കാമാന്ധരനാര്യകർമ്മം
പൂകുന്നു ശോകം വധബന്ധനാദി
നൈരാശ്യമേലുന്നിഹ ജീവിതത്തെ
ത്യജിക്കുവാൻ വെമ്പലിയന്നിടുന്നു. 34

നിദ്രാവിധാനത്തിനു ശയ്യ, പിന്നെ
യഥാശ്രമം തീർക്കുവതിന്നു യാനം,
ഭവ്യാസനം സ്ഥാനവിനോദനാർത്ഥം,
സ്നാനം നിജാരോഗ്യബലത്തിനത്രേ. 35

ദുഃഖപ്രതീകാരനിമിത്തകങ്ങൾ
കാമങ്ങൾ ഭോഗാർഹസുഖങ്ങളല്ല
ദുഃഖപ്രതികാരവിധിക്രമങ്ങൾ
കാമങ്ങളായ് കാണുകയില്ല ധീമാൻ. 36

അത്യുഷ്ണദാഹാർദിതനേവനോരും
ശീതോപചാരം സുഖഭോഗമെന്നായ്.
ദുഃഖപ്രതികാരപരൻ നിനയ്ക്കാ
ഭോഗാഖ്യയക്കാമസുഖത്തിനേകാൻ. 37

കാമങ്ങളിൽ സുസ്ഥിരയല്ല തുഷ്ടി
കാമാഖ്യ നൽകില്ലതിനാലതിങ്കൽ
സൌഖ്യങ്ങൾ നമ്മൾക്കു തുടന്നു നൽകും-
ഭാവങ്ങൾ, ദുഃഖങ്ങളുമേകിടുന്നു 38

പരുത്തതും നേർത്തതുമായ വസ്ത്രം
തരുന്നു നമ്മൾക്കു സുഖാസുഖങ്ങൾ
ചന്ദ്രാംശുവും ചന്ദനവും ചിലപ്പോൾ
സുഖാസുഖങ്ങൾക്കു നിറം രചിക്കും. 39

അലാഭലാഭാദികളീ ജഗത്തി-
ലിരട്ടയായേ നിലകൊൾവതുള്ളൂ
നിത്യം സുഖിക്കും നരനില്ല പാരിൽ
ദുഃഖിക്കുവോനും ധ്രുവമില്ലൊരുത്തൻ. 40

സുഖാസുഖം മിശ്രിതമോർപ്പു ഞാനി-
രാജത്വവും ദാസ്യവുമൊപ്പമായി
നിത്യം ചിരിക്കും നൃപനില്ല ഭുവിൽ,
കരഞ്ഞിടും ദാസനുമില്ല നൂനം. 41

ആജ്ഞാമഹാശക്തിയിൽനിന്നുതന്നെ,
യാതങ്കമൂഴീശനു മാറ്റിടുന്നു
താപം ഹരിക്കും തരുരാജതുല്യൻ
താപം സഹിക്കുന്നു ജഗത്തിനായി. 42

മുൻപേകഭൂപൻ, യതിവങ്കമിത്ര-
വിശ്വാസമാർജ്ജിപ്പതിനായ് മരിച്ചു
വിശ്വാസമെന്നിട്ടുമുദിച്ചതില്ല
ഭീരുത്വമേലുന്നവനെങ്ങു സൌഖ്യം 43

ജയിക്കിലും സർവ്വമഹീതലത്തെ
വസിക്കുവാൻ പട്ടണമൊന്നുമാത്രം
അതിങ്കലോ കേവലമേകഗേഹം
അന്യർക്കു ദാസ്യത്തിനു രാജഭാവം. 44

നുകപ്രമാണം വസതിക്കു ഭൂമി
വിശപ്പുമാറ്റുന്നതിനല്പമന്നം,
ഒരാസനം, ശയ്യയുമൊന്നുതന്നെ
നരേന്ദ്രനന്യങ്ങൾ വിഭൂഷണങ്ങൾ. 45

തുഷ്ടിക്കവശ്യം ഫലമെങ്കിലൂഴി-
യില്ലാതെ സന്തുഷ്ടിയെനിക്കുദിക്കും
സന്തുഷ്ടിയുൾപ്പൂവിലുയർന്നുനിന്നാൽ
സാധാരണംതന്നെ വിശേഷമെല്ലാം. 46

കാമാഭിലാഷങ്ങളിലാഴ്ത്തിടായ്ക-
ക്ഷേമപ്രഭാസുന്ദരമെൻഹൃദന്തം
ചിന്തിച്ചു സൌഹാർദ്ദമനുക്ഷണം നീ-
കല്പിക്കൊലാ മൽശപഥം മുടക്കാൻ. 47

അമർഷമാണോ നിജവൈരിവൃന്ദ
മിവൻ ഭയന്നോ വനമാർന്നതല്ല
ഫലത്തെ മോഹിച്ചു ഭവാന്റെ വാക്യം,
പ്രതിഗ്രഹിക്കാത്തതുമല്ല രാജൻ! 48

കോപിച്ച സർപ്പത്തെ വെടിഞ്ഞുവീണ്ടും
ബന്ധിക്കുവാനേതൊരുവൻ ശ്രമിക്കും?
കത്തുന്ന തീജ്ജ്വാലകളെക്കണക്കെ,
കൈവിട്ട കാമങ്ങളെ വിട്ടുനിൽക്കാം. 49

ആന്ധ്യം കൊതിക്കുന്നൊരു സൂക്ഷ്മദർശി
ദാരിദ്ര്യമാശിച്ചുഴലും ധനാഢ്യൻ
ഉന്മാദമിച്ഛിപ്പൊരു കല്യചിത്തൻ,
കാമിച്ചിടും നശ്വരലോകസൌഖ്യം. 50

ഭിക്ഷാശിയാം ഞാനനുശോച്യനല്ല
നൂനം ജരാമൃത്യുഭയങ്ങൾ മാഞ്ഞാൽ
ഇഹത്തിൽ നന്മംഗളശാന്തിസൌഖ്യം
പരത്തിലോ ദുഃഖവിഹീനമുക്തി. 51

ധനേശനാണെങ്കിലുമിന്നു തൃഷ്ണാ—
പരീതനോത്താലനുകമ്പനീയൻ
ഇഹത്തിലേലില്ലവ,നാത്മസൌഖ്യം
പരത്തിലാഴാമഴലിൻകയത്തിൽ. 52

കുലം ബലം ശീലമിവയ്ക്കിണങ്ങും—
വിധം ഭവാനെന്നൊടുരച്ചിടുന്നു
കുലം, ബലം, ശീലമിവയ്ക്കുചേരും
പ്രതിജ്ഞയെ സാർത്ഥകമാക്കിടും ഞാൻ. 53

ഞാനിങ്ങു സംസാരസുഖം വെടിഞ്ഞു
സായൂജ്യമാരാഞ്ഞു ചരിച്ചിടുന്നു
ആശിക്കയില്ലാസുരരാജ്യവും ഞാൻ
മനുഷ്യരാജ്യം പുനരെന്തിനാവോ? 54

പുമർത്ഥസമ്പാദനമാര്യമെന്നു നീ—
വദിച്ചിടുന്നൂ സദയം മഹാശയ!
അനർത്ഥമെൻചെയ്തികളെന്നുമെങ്ങനെ
ക്ഷയോന്മുഖം കർമ്മമിയറ്റിടും സുഖം? 55

പദത്തിലേതിൽ ജരയില്ല ഭീതിയി—
ല്ലനന്തജന്മങ്ങളുമില്ല ബാധയും
പുമർത്ഥമെന്നായതിനെഗ്ഗണിപ്പൂ ഞാൻ
ക്രിയാപ്രകാരങ്ങളെഴില്ല തെല്ലതിൽ. 56

യുവത്വമേലുന്നു വികാരഭാര,മാ—
ശ്രയിക്കയാ വാർധകമെന്നു ചൊല്ലി നീ
അസത്യമന്യാശ്രയഗർഹ്യവാർദ്ധകം,
യുവത്വമോ സുസ്ഥിരഭാവസുന്ദരം. 57

സ്വകർമ്മസാമർത്ഥ്യമെഴുന്ന പൂരുഷൻ
മനം ഹരിക്കുന്നു വയസ്സിലേതിലും
വ്യവസ്ഥയില്ലാത്ത വിനാശമോർത്തവൻ
ജരാഗമം കാത്തിടുമോ ശമോൽസുകൻ. 58

ജരാരുജാഘോരശരങ്ങളാർന്നിടും—
കൃതാന്തനെത്തീ വനവേടനെന്നപോൽ,
ജനങ്ങളാം വന്യമൃഗങ്ങളെജ്ജവം
ഹനിച്ചിടുന്നൂ തരഭേദമെന്നിയേ. 59

വയോധികൻ യൌവ്വനശാലി, ബാലകൻ,
സ്വകർമ്മമാരാകിലുമാശുചെയ്യണം
കൃപാഗുണശ്രീയുതധർമ്മമൂർത്തിയിൽ
പ്രവൃത്തിയോ പിന്നെ നിവൃത്തിയോ വരാം. 60

കുലത്തിനൈശ്വര്യസമൃദ്ധി നൽകിടും
മഖം നടത്തീടുകയെന്നു ചൊല്ലി നീ,
നമസ്കരിക്കുന്നു മഖത്തിനായ് സുഖം
കൊതിച്ചിടാ ഞാനു പരദുഃഖദുഃഖിതൻ. 61

ഫലേച്ഛയാലന്യനെ നിഗ്രഹിക്കുവാൻ
ദയാമനസ്കന്നു മനസ്സു തോന്നിടാ
ഫലോദയത്തെ ക്രതുദൈവകമെങ്കിലും
ക്ഷയോന്മുഖം കർമ്മമകാമ്യമായിടും 62

മഖം മഹാധർമ്മദമെങ്കിലെന്തിനീ—
വ്രതങ്ങളും ശീലമനശ്ശമങ്ങളും
പരാക്രമത്തിൻ ഫലമുണ്ടതിങ്കലി—
ന്നതോർത്തിടുമ്പോളതിനെ ത്യജിക്കണം 63

ധരിത്രിയിൽ കഷ്ടമൊരുത്തനന്യനെ,
വധിക്കയാലാത്മസുഖം ലഭിച്ചിടാം
അനിഷ്ടമത്രേ സദയന്നു,തന്ന്യമാം
ജനുസ്സിലും വേദന വേർപെടാതെയാം. 64

ഫലേച്ഛയാൽ വഞ്ചിതനാകയില്ല ഞാൻ
സുഖത്തിലാസക്തിയെനിക്കുദിച്ചിടാ
കടുത്ത വൻമാരി പതിച്ചവല്ലരീ—
ദളങ്ങൾപോൽ ചഞ്ചലമാം പ്രവൃത്തികൾ. 65

സമാഗമിച്ചേൻ വരമോക്ഷവാദിയാ-
മരാഡനെക്കാണ്മതിനാശവാസ്സൂയാൽ
ഗമിക്കയാണിന്നു ഭവാന്നു മംഗളം,
ക്ഷമിക്ക വാക്യം ശമതത്വനിഷ്ഠുരം. 66

സുരേന്ദ്രനും സൂര്യനുമെന്നപോലെ, സൽ-
ഗുണങ്ങളാൽ ഭവ്യതയെപ്പുലർത്തുക
സുദീർഘമായുസ്സനഘാത്മജാഭയും
കലർന്നു ധർമ്മത്തെ വളർത്തി വാഴുക! 67

നമിച്ചു ഭൂപാലകനോതി മാമുനേ!
ഫലിച്ചിടും പാവനമിമ്മനോഗതം
മനസ്സിലേററം കൃതകൃത്യനാകവേ-
യെനിക്കുമേകീടണമേയനുഗ്രഹം. 68

പ്രതിജ്ഞചെയ്തങ്ങനെതന്നെയെന്നുടൻ
നടന്നു വന്യാശ്രമമെത്തി മാമുനി,
യതീന്ദ്രനെക്കണ്ടതിവിസ്മയത്തോടെ
ക്ഷിതീന്ദ്രനും തൽപുരമെത്തിയങ്ങനെ. 69

ശ്രീബുദ്ധചരിതമഹാകാവ്യത്തിലെ
കാമവിഗർഹണമെന്ന 11-ാം സർഗ്ഗം

# സർഗ്ഗം 12

പിന്നെശ്ശാന്തി വിളങ്ങുന്നൊ-
രരാഡാശ്രമ,മെത്തിനാൻ
ശരീരംകൊണ്ടു പൂജിക്കാ-
നെന്നപോൽ ശാക്യനന്ദനൻ 1

ആശ്രമത്തിന്നഭിമുഖ-
മാഗമിക്കും കുമാരനെ
ശ്രീമൻ! സ്വാഗതമെന്നോതി
സ്വീകരിച്ചൂ മുനീശ്വരൻ 2

അന്യോന്യം കുശലക്ഷേമ-
വാക്യമോതിസ്സകൌതുകം
കുലനാമാഭിവിജ്ഞന്മാ-
രിരുന്നൂ പുണ്യഭൂമിയിൽ. 3

ആസനസ്ഥിതനാം രാജ-
പുത്രനെ മുനിസത്തമൻ
നീണ്ട നേത്രങ്ങളാലേററം
നുകന്നരുളിയിങ്ങനെ. 4

അറിഞ്ഞു നിന്നെ ഞാൻ സൌമ്യ'
ഭവനംവിട്ടു പോന്നതായ്
പൊട്ടിച്ചൂ സ്നേഹപാശം നീ
പാശത്തെ മദയാനപോൽ. 5

വിഷവല്ലരിയെപ്പോലെ-
രാജ്യശ്രീയെ വെടിഞ്ഞു നീ
ധൈര്യവും സ്ഥൈര്യവും നിന്റെ
മനശ്ശക്തിയുമത്ഭുതം. 6

അണിഞ്ഞ പുഷ്പമാല്യംപോൽ
നൽകീ രാജ്യം സ്വപുത്രനായ്,
വാർദ്ധകത്തിൽ വനംപൂകാം
നൃപൻ, അത്ഭുതമെന്തതിൽ. 7

ആശ്ചര്യമാണതി നവ്യ-
വയസ്സിൽ സുഭഗൻ ഭവാൻ
ലഭിച്ച രാജ്യം കൈവിട്ടു
വൈരാഗ്യത്തെ വഹിക്കുകിൽ. 8

പരിപാവനമീ ധർമ്മ-
മറിയാനർഹനാം ഭവാൻ
അറിവാം തോണിയാൽ തന്നി-
ശോകക്കടൽ കടക്കുക! 9

ശാസ്ത്രം പഠിച്ചുവെന്നാലും
കാലം വിജ്ഞാനമേകണം
പ്രയത്നശീലം ഗാംഭീര്യം
രണ്ടും കാൺമൂ ഭവാനിൽ ഞാൻ. 10

അരാഡമുനിതൻ വാക്യം
കേൾക്കയാൽ ചൊല്ലിയിങ്ങനെ
പരമപ്രീതി സമ്പന്നൻ-
മരുവാക്യം മഹാശയൻ. 11

വിരക്തിവായ്ക്കിലും കാൺമൂ
സൗമനസ്യം ഭവാനിൽ ഞാൻ
അകൃതാർത്ഥനതെന്നാലു-
മിതിനാൽ ഞാൻ കൃതാർത്ഥനായ്. 12

ആചാര്യനെയണഞ്ഞീടാ-
നാത്മതേജസ്സു പൂണ്ടവാൻ
കാൺകയാലങ്ങയെ, ലോക-
ശോകംതീർക്കാനുമോർപ്പു ഞാൻ. 13

അതിനാലാത്മവിശ്വാസ-
മെന്നിലങ്ങേയ്ക്കുദിക്കുകിൽ
ജരാ, മരണ, രോഗങ്ങൾ,
മാറുംമാർഗ്ഗമുരയ്ക്കുണേ. 14

അരാഡനതിവാത്സല്യം
തോന്നീ ശാക്യതനൂജനിൽ
സംഗ്രഹിച്ചോതിയിവണ്ണം
സ്വകീയം ശാസ്ത്രനിശ്ചയം. 15

സംസാരം വന്നുചേരുന്ന-
തെങ്ങനേ? മാറിടുന്നതും?
ഞങ്ങൾക്കെഴുമഭിപ്രായം
കേൾക്ക വിദ്വന്മണേ! ഭവാൻ. 16

വികാരവും, പ്രകൃതിയും,
ജനിയും മൃതിയും ജരാ
സത്വം, എന്നിവയെച്ചൊല്ലും
സ്ഥിരസത്വ നിനയ്ക്കു നീ. 17

വികാരമിന്ദ്രിയം, ബുദ്ധി,
പാണി, പാദം, വചസ്സുകൾ
മനസ്സ്, പീയൂപസ്ഥങ്ങൾ,
കേൾക്ക! സൽബുധധീരമേ! 18

പഞ്ചഭൂതമഹങ്കാരം
ബുദ്ധി,യവ്യക്തഭാവവും
നൂനം പ്രകൃതിയെന്നോതാ-
മിവയെത്തത്വകോവിദ! 19

ക്ഷേത്രജ്ഞാനമിയന്നീടിൽ
ക്ഷേത്രജ്ഞൻതന്നെയായിടും
ക്ഷേത്രജ്ഞനാത്മാവെന്നത്രേ
യാത്മചിന്തകർ, ചൊൽവതു് 20

സശിഷ്യനാം കപിലനെ-
ക്കരുതാം പ്രതിബുദ്ധനായ്
സപുത്രൻ പ്രതിബുദ്ധൻതാൻ
പ്രജാപതിയുമായിടും. 21

ജനനം മരണം പിന്നെ
കൊല്ലപ്പെട്ടുക കൊല്ലുക
വ്യക്തമെന്നിതിനെച്ചൊല്ലു-
മവ്യക്തം വിപരീതമാം. 22

സംസാരകാരണം ചൊല്ലാ-
മജ്ഞാനം കർമ്മതൃഷ്ണകൾ
ഇവ മൂന്നും നിലയ്ക്കാഞ്ഞാൽ
ജീവൻ സൽഗതിയാർന്നിടാം. 23

വിപ്രത്യയമഹംകാരം
സന്ദേഹ,മഭിസംപ്ലവം
അവിശേഷാനുപാതങ്ങൾ
സംഗ,മഭ്യവപാതവും. 24

വിപ്രത്യയം വിചാരത്തിൻ
വിപരീതപ്രവൎത്തനം
നിനയ്ക്കുന്നൊന്നു മറെറാന്നു
ചെയ്യുന്നു വിപരീതമായ്. 25

അറിയുന്നു വദിക്കുന്നു
പോകുന്നു നിന്നിടുന്നു ഞാൻ
ഈ വിചാര മഹങ്കാരം
അനഹങ്കാര! കേൾക്ക നീ. 26

ഇംഗിതങ്ങളെ യിങ്ങേവൻ
കാണുന്നു സംശയാവിലം
അസന്ദേഹ! നിനച്ചാലും
സസന്ദേഹനവൻ ദൃഢം. 27

മനസ്സു ബുദ്ധി കർമ്മങ്ങൾ,
ഏതൊന്നിൽ ചേൎത്തുവോ ദൃഢം
അതിൻസമൂഹം ഞാനെന്ന-
തോരുന്നതഭിസംപ്ലവം. 28

പ്രതിബുദ്ധാപ്രബുദ്ധൎക്കും
പ്രകൃതികളെഴും പൊരുൾ
അറിയുന്നേവനവനാ-
ണവിശേഷൻ മഹാശയ! 29

നമസ്കാരം വഷട്കാരം
പ്രോക്ഷണാഭ്യുൽക്ഷണാദിയും
അനപായമതെന്നത്രേ
പ്രാജ്ഞന്മാരരുളുന്നിതു്. 30

യാതൊന്നിനാൽ ദൂഷിക്കുന്നു
മനോവാക്കർമ്മബുദ്ധികൾ
അഭിഷംഗമതാണെന്ന-
തറിയൂ മംഗളാശയ! 31

എന്റേതു്, ഞാനതിന്റേതു്
എന്നേതിലുള്ളുരുകുന്നുവോ?
അതാണഭ്യവപാതം സം-
സാരത്തിൻ മുഖ്യകാരണം 32

അവിദ്യയ്ക്കു വിഭാഗങ്ങൾ
അഞ്ചായ് കാൺമൂ മനീഷികൾ
തമസ്സു മോഹം വൻമോഹം,
താമിസ്രദ്വയമിങ്ങനെ. 33

തമസ്സാകുന്നിതാലസ്യം,
ജനിമൃത്യുക്കൾ മോഹമാം
മഹാമോഹമസമ്മോഹം
കാമമെന്നറിയേണമേ. 34

യാതൊന്നിനാൽ ജീവജാലം
മയങ്ങി മരുവുന്നുവോ
അതിനാലേ മഹാമോഹ-
മെന്നു പേർ വന്നു മിത്രമേ! 35

കോപമാകുന്ന താമിസ്രം
കോപഹീന! ധരിക്ക നീ
വിഷാദമന്ധതാമിസ്ര
മെന്നുചൊല്ലുന്നു കോവിദർ. 36

വിഭാഗമഞ്ചിയന്നീട്ട
മവിദ്യാസഹിതൻ നരൻ
സംസാരദുഃഖം തിങ്ങുന്ന
ജന്മങ്ങളിലുഴന്നിടും 37

കാണുവോൻ കേൾക്കുവോൻ പിന്നെ
കാര്യകാരണമോരുവോൻ
ഞാനാണെന്നു നിനച്ചീടും
സംസാരത്തിലുഴന്നിടും. 38

ഇക്കാരണങ്ങളാലെന്നു-
മൊഴുകുന്നു തമോനദി
ഹേതുവില്ലായ്കിലോ നൂനം
ഫലമില്ലായ്മതാൻ ഫലം. 39

നന്നായറിയണം നാലു
കാര്യവും മോക്ഷവത്സലൻ
പ്രതിബുദ്ധാപ്രബുദ്ധതാം
വ്യക്താവ്യക്തതയെന്നിവ. 40

വഴിപോലിതറിഞ്ഞിട്ടു-
മാത്മജ്ഞാനസമുൽസുകൻ
സാഹസങ്ങളെഴാതാത്മ-
സായൂജ്യം കൈവരിച്ചിടും. 41

ബ്രഹ്മവാദികളായിട്ടും
ബ്രാഹ്മണശ്രേഷ്ഠരീവിധം
ബ്രഹ്മചര്യം ചരിക്കുന്നു
ചെയ്യുന്നു വിപ്രപൂജയും. 42

മുനിതൻ വചനം നന്നായ്
ശ്രവിച്ചു നൃപനന്ദനൻ
ചോദിച്ചു തൻ തപസ്സിന്നും
നിഷ്ഠയ്ക്കും ചേർന്ന രീതികൾ. 43

ബ്രഹ്മചര്യം ചരിക്കേണ്ട-
തേതുനാൾവരെയെങ്ങനെ?
ധർമ്മചര്യയിതെല്ലാർക്കും
ശർമ്മദായികയാകുമോ? 44

അനുസ്മരിച്ചു ശാസ്ത്രത്തെ
യരാഡനതിഭംഗിയിൽ
ധർമ്മത്തെ മററൊരുവിധം
വിസ്തരിച്ചു സമഗ്രമായ്. 45

ഭവനത്തെ വെടിഞ്ഞാദ്യം
ഭിക്ഷുവേഷം ഗ്രഹിക്കണം
ബ്രഹ്മചര്യത്തിനൊക്കുന്ന
ശീലവും സ്വീകരിക്കണം. 46

സന്തോഷമേററമാർന്നിട്ടി-
ങ്ങേതിനാലെവിടെങ്കിലും
ഏകാന്തവാസമേലുന്നു
ശാസ്ത്രജ്ഞാനമെഴും കൃതി. 47

രാഗത്തിൽ ഭയമുൾക്കൊണ്ടും
വൈരാഗ്യത്തിൽ സുഖിച്ചുമേ
പഞ്ചേന്ദ്രിയങ്ങളോടൊത്തു
നിയന്ത്രിക്കുന്നു മാനസം. 48

കാമദ്വേഷാദിയും ദ്രോഹ–
ചിന്തയും സന്ത്യജിക്കയാൽ
വിവേകജന്യമാം പൂർവ്വ–
ധ്യാനം പൂകുന്നു നിശ്ചലൻ. 49

അദ്ധ്യാനസൌഖ്യമെന്നെന്നും
നിത്യമെന്നു നിനയ്ക്കയാൽ
അപൂർവ്വസുഖസൌഭാഗ്യം
പൂണ്ടന്നു മുഗ്‌ധബുദ്ധിമാൻ. 50

കാമദ്വേഷങ്ങളേലാതെ
ശാന്തിതൻ കാന്തിചിന്തവേ
ആനന്ദവഞ്ചിതൻ ബ്രഹ്മ-
ലോകം പൂകുന്നു പുണ്യവാൻ. 51

മനഃക്ഷോഭം ജനിപ്പിക്കും
സംശയങ്ങളെ മാററുവാൻ
പര്യാപ്തമായിട്ടും ധ്യാനം
കൈക്കൊള്ളുന്നു ഫലപ്രദം. 52

ആനന്ദമേററമാർന്നിട്ടു–
വിശേഷം കണ്ടിടായ്‌കയാൽ
ഭാസ്വരം പദമെത്തുന്നി–
തവൻ ദേവാദിവന്ദിതൻ. 53

സുഖധ്യാനത്തിൽനിന്നേവൻ
പിന്തിരിക്കുന്നു മാനസം
തൃതീയം ധ്യാനമേല്പന്നി–
തവൻ സുഖവിഹീനകം. 54

മോക്ഷമെന്നിതിനെ വാഴ്ത്തു
മഭിമാനികളാം ചിലർ
സുഖദുഃഖങ്ങളും ചിന്താ–
ശക്തിയും മാഞ്ഞുപോകയാൽ. 55

മനസ്സിൻശക്തി കൈവിട്ടു
യത്നിക്കാതെയിരിപ്പവൻ
സുരക്കു തുല്യം സൌഭാഗ്യ–
സൌഖ്യങ്ങൾ നേടിടുന്നുപോൽ. 56

സുഖമങ്ങനെയാന്നിട്ടു–
മതിനെത്തള്ളിടുന്നവൻ
സുഖദുഃഖങ്ങളില്ലാത്ത
നാലാംധ്യാനമിയന്നിടും 57

ഇദ്ധ്യാനത്തിൻ ഫലം ദേവ–
തുല്യനാക്കുന്നു മർത്ത്യനെ
വേറെയും ഫലമുണ്ടെന്നു
ചൊല്ലുന്നു ബുദ്ധിശാലികൾ 58

ധ്യാനോത്ഥിതൻ ദേഹികൾക്കു–
ദോഷം ദർശിക്കകാരണം
ശരീരം മാറുവാനുള്ളോ–
രറിവാർജ്ജിച്ചിടുന്നവൻ. 59

പിന്നെ ധ്യാനമുപേക്ഷിച്ചു
വിശേഷകൃതനിശ്ചയൻ
കാമത്തിലെന്നപോൽ മാററം
രൂപത്തിങ്കലുമാർന്നിട്ടും. 60

ശരീരാന്തർഗതാകാശ
മാദ്യം ദർശിച്ചു ബുദ്ധിമാൻ
ഘനദ്രവ്യങ്ങളിൽപ്പോലു-
മാകാശത്തെ നിറച്ചിട്ടും. 61

ആത്മാവിനെ മനസ്സിന്നു
നേരായ് കണ്ടു മഹാശയൻ
അന്തമില്ലായ്മയെസ്സ്വാന്തം
ചിന്തിക്കുന്നു സുസൂക്ഷ്മമായ്. 62

ആത്മാവിലാത്മവിലയ-
മീക്ഷിച്ചാത്മവിചക്ഷണൻ
ഒന്നും കാണായ്കയാൽ പിന്നെ
നാസ്തികത്വമിയന്നുപോൽ. 63

പഞ്ജരം വിട്ട കിളിപോൽ
കോശം കൈവിട്ട പക്കിപോൽ
ദേഹനിർഗതനാം ജീവൻ-
മുക്തനായ് വിലസുന്നു താൻ 64

ബ്രഹ്മസ്വരൂപനാം ജീവൻ
നാശഹീനമതാകയാൽ
മോക്ഷമെന്നിതിനെത്തന്നെ
വദിക്കുന്നു മനീഷികൾ. 65

മോക്ഷവും മോക്ഷസിദ്ധിക്ക
മാർഗ്ഗവും വിവരിച്ചു ഞാൻ
തത്വജ്ഞാനമുദിച്ചെങ്കി-
ലിഷ്ടമെങ്കിൽ ഗ്രഹിച്ചിടാം 66

രാജർഷിയാം ജനകനും
പരാശരമുനീന്ദ്രനും
ആർജ്ജിച്ച മോക്ഷമിതിനാൽ
വേറെയും മോക്ഷകാമികൾ. 67

മുനീന്ദ്രവാക്യം കേട്ടിട്ടും
സന്ദേഹമകലായ്കയാൽ
മുജ്ജന്മവാസനാശക്തി
സമ്പന്നൻ ചൊല്ലിയുത്തരം. 68

മേല്ക്കുമേൽ ശിവമേകുന്നി-
ജ്ഞാനമെന്നതു കേട്ടു ഞാൻ
ദേഹം ദേഹി വിടുന്നില്ലെ-
ന്നീഹിതം നിന്നിടില്ലിതിൽ. 69

വികാരവും പ്രകൃതിയും
ജീവൻ വെടിയുമെങ്കിലും
വീണ്ടും ജനനഹേതുക്ക-
ളിതിലുണ്ടെന്നു കാൺമു ഞാൻ 70

വിശുദ്ധനെങ്കിലും മുക്ത-
നെന്നാത്മാവിനെയോതിടാം
ദേഹത്തിൻ സുദൃഢത്യാഗ-
മാത്മാവുണ്ടെങ്കിലാന്നിടാ. 71

എന്നും തള്ളുകില്ലും കാണാ-
മീമൂന്നും നിലകൊൾവതായ്
ആത്മാവിൻ സ്ഥിതിയേതൊന്നി-
ലതിലുണ്ടതിസൂക്ഷ്മമായ്. 72

ദോഷങ്ങൾ തൻ സൂക്ഷ്മതയാൽ
മനസ്സിൻ ശൂന്യവൃത്തിയാൽ
ആയുസ്സിൻ വേഷ്ടയാലും നാം
മോക്ഷത്തെ പാർത്തുഴന്നിടും. 73

അഹങ്കാരം ത്യജിക്കെന്നു
കഥിക്കുന്നു ഗുണൈഷികൾ
അഹങ്കാരപരിത്യാഗ-
മാത്മാവിങ്കലിണങ്ങിടാ. 74

സംഖ്യാദിഭിന്നനാത്മാവ്
നിർഗ്ഗുണത്വമിയന്നിടാ
നൈർഗ്ഗുണ്യമേലാതാത്മാവി-
ന്നില്ല മോക്ഷമൊരിക്കലും. 75

ഗുണികൾക്കും ഗുണങ്ങൾക്കും
കാണുന്നീല വിരോധിത
രൂപവും ചൂടുമില്ലാത്തൊ-
രഗ്നിയെ കാണ്മതില്ല നാം. 76

ദേഹമില്ലാതില്ല ദേഹി-
ധർമ്മമില്ലാതെ ധർമ്മിയും
മുന്നമില്ലാത്തൊരിദ്ദേഹി-
ദേഹം ബന്ധിപ്പതെങ്ങനെ? 77

ദേഹമില്ലാതെഴും ദേഹി,
യജ്ഞനോ ചൊൽക! വിജ്ഞനോ?
വിജ്ഞനെങ്കിൽ വരാം ജ്ഞേയം,
ജ്ഞേയൻ മോക്ഷമിയന്നിടാ. 78

അജ്ഞനെന്നാകിലാത്മാവിൻ–
സങ്കല്പം പിന്നെയെന്തിനായ്?
ആത്മാവില്ലാതെഴും ജ്ഞാനം
"മരക്കമിഠം" കണക്കെഴാം. 79

ഏതു ഹേതുവിനാൽ ത്യാഗം
ഗുണമായ് കരുതുന്നുവോ?
അതിനാൽ സർവസന്ത്യാഗ–
മാത്മനിർവൃതി നൽകിടും. 80

അറിഞ്ഞരാഢധർമ്മങ്ങ–
ളതിൽ തൃപ്തിവരായ്കയാൽ
അപൂർണ്ണമെന്നു കരുതീ–
ട്ടവിടം വിട്ടുപോയവൻ. 81

മോക്ഷജ്ഞാനോൽസുകൻ പോയി
രുദ്രകൻ വാഴുമാശ്രമം
ധ്യാനസ്ഥനാകയാൽ കാണാൻ
സാധിച്ചീലമ്മുനീന്ദ്രനെ. 82

സംജ്ഞാസംജ്ഞിതദോഷങ്ങൾ
ദർശിച്ചമ്മുനിപുംഗവൻ
ശൂന്യഭാവത്തിൽനിന്നെത്തി
സംജ്ഞാസംജ്ഞാത്മികാം ഗതിം. 83

വീണ്ടും ജനനമുണ്ടാമീ-
മുനിയെയാശ്രയിക്കിലും
അന്യനെത്തേടുവേനെന്നു
തള്ളി രുദ്രകനെ ജവം. 84

മോക്ഷം നേടണമെന്നോർത്തി-
ട്ടവിടം വിട്ടു തൽക്ഷണം
പ്രാപിച്ചു ഗയരാജർഷി-
നഗരീനാമമാശ്രമം. 85

പിന്നെ നൈരഞ്ജനയുടെ
തീരത്തിൽ ചിരമേകനായ്
വസിച്ചു നിയതം ധ്യാന-
വ്രതചിന്താസമുൽസുകൻ. 86

അഞ്ചു ഭിക്ഷുക്കളെവനെ-
സേവിച്ചു മോക്ഷകാമികൾ
ധനാരോഗ്യങ്ങളാർന്നോനെ-
യിന്ദ്രിയാർത്ഥങ്ങളെന്നപോൽ. 87

പൂജിച്ചു ദേവനെ ഭക്തി-
വിനയസ്നേഹമാർന്നവർ
ഹൃദയത്തെ സമുത്സാഹ-
മിന്ദ്രിയാർത്ഥങ്ങളെന്നപോൽ. 88

പഞ്ചേന്ദ്രിയങ്ങളാൽ, ശാന്ത-
ഹൃദയംപോലനാരതം
സമ്പൂജ്യശീലരാമഞ്ചു-
ശിഷ്യരാൽ സേവ്യനായവൻ. 89

ജനിയും മൃതിയും മാറാ
നിതു നന്നെന്നുറച്ചവൻ
അശനാദി വെടിഞ്ഞുഗ്ര-
തപസ്സന്നു തുടങ്ങിനാൻ. 90

മർത്ത്യദുസ്സഹമായിട്ടു-
മുപവാസം സഹിച്ചഹോ
ആറു സംവത്സരം ഘോര-
തപസ്സിൽത്തന്നെ മേവിനാൻ. 91

തില,തണ്ഡുല,കോലങ്ങ-
ളോരോന്നാഹാരവേളയിൽ
അശിച്ചു പാരം യതിച്ചു
സംസാരക്കരപറ്റുവാൻ. 92

മെലിഞ്ഞുവെങ്കിലും ഘോര-
തപസ്സാലക്കളേബരം
നിയതം ദിവ്യതേജസ്സിൻ-
നിധിയായ്ത്തീർന്നു നിർണ്ണയം. 93

കൃശനായീടിലും കീർത്തി-
രമ്യനായന്യദൃഷ്ടിയിൽ
കുമുദാനന്ദമേകുന്ന-
ശരൽക്കാലനവേന്ദുപോൽ. 94

ചോരയും മാംസവും തീർന്നി-
ട്ടെല്ലും തൊലിയുമായവൻ
ക്ഷീണനെന്നാലുമക്ഷീണ-
ഗംഭീരൻ കടലെന്നപോൽ. 95

തപഃക്ലേശത്തിനാലേറെ-
ത്തളർന്ന തനുവാർന്നിട്ടും
ഭവഭീരു നിനച്ചേവം
മോക്ഷജ്ഞാനം കൊതിക്കയാൽ. 96

ജ്ഞാനവൈരാഗ്യമോക്ഷങ്ങൾ
സിദ്ധിക്കില്ലിത്തപസ്സിനാൽ
ഞാവൽത്തണലിൽ മുൻകണ്ട-
ദേവനെൻ മാർഗ്ഗദർശകൻ. 97

ബലഹീനനിതാർജ്ജിക്കാ-
നാവുകില്ലെന്നതോരവേ
ചരിച്ചു ഹൃദയം സ്വാന്ത-
ശരീരബലവൃദ്ധിയിൽ 98

വിശപ്പും ദാഹവും ദേഹ-
ക്ഷീണവും പാരമേറിടും
അസ്വാസ്ഥമാനസൻ കാമ്യ-
സിദ്ധി നേടുന്നതെങ്ങനെ? 99

ഇന്ദ്രിയപ്രീതിയാൽ ദേഹ-
സൌഖ്യം നേടുന്നു ദേഹികൾ
അതിനാൽ ഹൃദയത്തിനും
ചേരുന്നു നവ്യനിർവൃതി. 100

ശാന്തപ്രസന്നഹൃദയം
സമാധിക്കനുയോജ്യമാം
സമാധിയുക്തചേതസ്സിൽ
ധ്യാനയോഗം ലഭിച്ചിടും 101

ധ്യാനപ്രവൎത്തനംകൊണ്ടു-
മന്നിൽ ധൎമ്മമുദിച്ചിടും
ധർമ്മികൾക്കു ലഭിക്കുന്നു
നിർവാണപദമുത്തമം. 102

ആഹാരമാണിതിൻമുഖ്യ-
ഹേതുവെന്നു നിനപ്പു ഞാൻ
ആയുസ്സു നീളുമെന്നല്ല
തേജസ്സും നൂനമേകിടും. 103

കളിച്ചു നൈരഞ്ജനയിൽ-
നിന്നു മന്ദം കൃശൻ മുനി,
കരയ്ക്കുകേറീ വൃക്ഷാഗ്ര-
ശാഖാഹസ്താവലംബിയായ്. 104

ദേവപ്രേരണയാലാവാം
ഗോപരാജൻെറ നന്ദിനി
വന്നു നന്ദബലാദേവി,
ഹൃദയാനന്ദതുന്ദിലാ. 105

കൈയിൽ ധവളമാം ശംഖം,
നീലപ്പട്ടുടയാടയും
വെൺനുരച്ചാർത്തു നീലാംബു
യമുനാനദിയാമിവൾ. 106

ശ്രദ്ധയാൽ പ്രീതിയാൎന്നിട്ടാ
നീലോൽപല വിലോചന
തലതാഴ്ത്തിട്ടു തൃക്കാല്ക്കൽ
കാഴ്ചവച്ചിതു പായസം. 107

അവൎക്കു ജന്മസാഫല്യം,
ദേവൻ ഭക്ഷിച്ചു നൽകവേ
ഇന്ദ്രിയപ്രീതി വൎദ്ധിച്ചു
ജ്ഞാനഗ്രഹണശക്തിയും. 108

ധ്യാനം മൂൎത്തീഭവിച്ചോണം
പുകൾ പൂണ്ടുന്ന മാമുനി
കാന്തിതൂവി പ്രകാശിച്ചു
പൂൎണ്ണതിങ്കൾക്കലയെന്നപോൽ 109

ധ്യാനപ്രച്യുതനെന്നോൎത്തു
പഞ്ചഭിക്ഷുക്കൾ വിട്ടുപോയ്
നിർമുക്തദേഹിയെ ശീഘ്രം
പഞ്ചഭൂതങ്ങളെന്നപോൽ. 110

പച്ചപ്പുല്ലുവിരിപ്പാർന്നോ-
രരയാൽച്ചോട്ടിലക്ഷണം
ചെന്നെത്തീ, ശാശ്വതജ്ഞാന-
ശക്തിയെത്തേടുമമ്മുനി. 111

മരച്ചുവട്ടിൽ ത്വരിതം തൃണങ്ങളെ-
വിരിച്ച യോഗാസനനവ്യവേദിയിൽ
പ്രതിജ്ഞചെയ്തമ്പൊടിരുന്നു നിശ്ചലം,
മതിപ്രഭാവാഞ്ചിതശാക്യമാമുനി. 112

വരിഷ്ഠപര്യങ്കകനാമമാസനം
വരിച്ചു സുപ്തോരഗദേഹപിംഡിതം
പ്രഫുല്ലസാഫല്യമുദിച്ചിടുംവരെ
തപസ്സുചെയ്തീടണമെന്നുറച്ചവൻ. 113

ശ്രീബുദ്ധചരിതമഹാകാവ്യത്തിലെ
"അരാഡദർശന"മെന്ന 12-ാം സൎഗ്ഗം.

## സർഗ്ഗം 13

രാജർഷിവംശോദിതനാ മുനീന്ദ്രൻ,
മോക്ഷം സ്വദിക്കുന്നതിനുദ്യമിക്കേ,
മോദിച്ചു സമ്മാന്യസമസ്തലോകം,
പേടിച്ചു സദ്ധർമ്മവിരോധി മാരൻ. 1

കാമാഖ്യനാമേവനെയീജഗത്തിൽ
പൂമ്പാണനെന്നാളുകളോതിടുന്നു
അദ്ദേവനെ സാത്വികർ, കാമനെന്നും
മോക്ഷാരിയെന്നും നിഗദിച്ചിടുന്നു. 2

തൽപുത്രരാം വിഭ്രമ,ദർപ്പ,ഹർഷർ,
തുഷ്ണാരതിപ്രീതികളാം പുത്രിമാരും,
ചോദിച്ചു വൈകാരികഹേതു, താതൻ
തൻമക്കളോടീ മറുവാക്യമോതി. 3

ഇമ്മാമുനീന്ദ്രൻ പുരുമൗനശീല-
നൽബുദ്ധനായ് ബുദ്ധിശരംതൊടുത്തു
എന്നെജ്ജയിക്കാൻ തുനിയുന്നതോർത്തി-
ന്നെന്നുള്ളിലേറുന്നു വിഷാദഭാരം. 4

അനാദരിക്കുന്നിവനെന്നെയെങ്കിൽ,
അന്യർക്കിവൻ മോക്ഷപഥം തെളിക്കിൽ,
ശൂന്യം മദീയം വിഷയം, ഹതാശൻ
വൃത്തൻ പിരിഞ്ഞുള്ള "വിദേഹ"നീ ഞാൻ. 5

വിവേകമില്ലാതിവനെന്റെ ദൃഷ്ടി-
യ്യേതേവരെഗ്ഗോചരനായിടുന്നു?
തകൎക്കുവേൻ ധൈര്യമതേവരെയ്യും,
നദീരയം സേതുവിനെക്കണക്കു്. 6

അനന്തരം പുഷ്പധനുസ്സമഞ്ജു-
ശരപ്രസൂനങ്ങളുമങ്ങെടുത്തു്
അശ്വത്ഥമൂലത്തിലുടൻ സപുത്ര-
നണഞ്ഞു ഹൃത്തിന്നസുഖം രചിപ്പോൻ. 7

സംസാരമാം വാരിധിയെക്കടക്കാൻ
ആശിക്കുമസ്ശാന്തനെ നോക്കി മാരൻ
ഇടത്തുകൈ, വിൽമുനയിങ്കൽ വച്ചാ-
ശരൈകശീലൻ, ജവമേവമോതി. 8

എണീയ്ക്കു സൽക്ഷത്രിയ! മൃത്യുഭീത!
ത്യജിക്ക മോക്ഷേച്ഛ ഭരിക്ക രാജ്യം
ബാണങ്ങളാലീയുലകം ജയിക്ക!
വാനോർപുരം പൂവുക! പിന്നൊട്ടക്കം. 9

നിൻ പൂൎവ്വരാജൎഷികൾ സഞ്ചരിച്ച-
ധൎമ്മപ്രഭാ രമ്യപഥത്തിലൂടെ
സൈ്വരം ചരിച്ചീടുക! ദൂരദൂരം
നീ ഭിക്ഷുവൃത്തിക്കനെയോജ്യനല്ല. i0

എണീക്ക! ഇല്ലെങ്കിലിരിക്ക ധീര!
പ്രതിജ്ഞയെപ്പോററുക ഭീതിയെന്യേ
എടുത്തു ഞാനമ്പിതു മുൻപൊരിക്കൽ,
ഇനപ്രഭൻ ശംഭുവിലന്നയച്ചു. 11

സ്പർശിച്ചു മുൻപൈഡനെയീയൊരസ്ത്രം
ചിത്തഭ്രമം സോമജനും ജനിച്ചു,
വൈവശ്യമപ്പാണ്ഡുവുമുദ്വഹിച്ചു,
ക്ഷീണൻ നരൻ ദുർബ്ബലൻ എന്തുചെയ്യും? 12

പെട്ടെന്നെഴുന്നേല്ക്കു, വദിക്ക നാമ,–
മീയമ്പു യാനത്വരയാർന്നിടുന്നു,
രതിപ്രിയം തഞ്ചിന കൊച്ചുകോക–
യുവാവിലും ഞാൻ ശരമെയ്യുമല്ലോ? 13

ഏവം പറഞ്ഞിട്ടുമനങ്ങിയില്ല,
യോഗാസനം മൌനി വെടിഞ്ഞുമില്ല
അവന്റെനേർക്കാ ശരമെയ്തു മാരൻ,–
തൻപുത്രപുത്രീ മിഴികൾക്കുമുമ്പിൽ 14

കടുത്ത ക്രൂരമ്പതയച്ചു ഹൃത്തിൽ,
അധീരഭാവം ലവമാർന്നതില്ല
യഥാർത്ഥമീക്ഷിച്ചുഴലുന്ന മാരൻ
വിഷാദചിന്താജടിലം, പറഞ്ഞു. 15

ശൈലേന്ദ്രപുത്രിയ്ക്കു വിധേയനാകാ–
നേതമ്പിനാൽ ശങ്കരഹൃത്തിളക്കി
ആയമ്പുതന്നാണിതു നൂനമേതും
ചിന്തിച്ചിടുന്നില്ലിവനെന്തു ചിത്രം? 16

ഇവന്നു നൽസൂനശരങ്ങളല്ല,
സന്തോഷസമ്പ്രീതികരങ്ങളല്ല
വേണ്ടുന്നതോ ഭൂതഗണങ്ങൾ ചെയ്യും
സന്ത്രാസസന്തർജ്ജനപീഡനങ്ങൾ. 17

നിനച്ചു മാരൻ നിജസൈന്യവൃന്ദം,
ഹനിക്കുവാൻ ശാക്യജനെ ക്ഷണത്തിൽ
വാർവില്ലുമമ്പും ഗദയും വഹിക്കും-
തൽഭൃത്യവർഗ്ഗം ജവമങ്ങണഞ്ഞു. 18

വരാഹമീനാശ്വമുഖങ്ങളാർന്നോർ,
സിംഹാനനന്മാർ ഗജതുല്യവക്ത്രർ,
ഏകേക്ഷണന്മാർ, ബഹുശീർഷമുള്ളോർ,
ലംബോദരന്മാർ, ചെറുകുക്ഷിയുള്ളോർ. 19

ആട്ടിൻമുഖന്മാർ, ഘടജാനുവുള്ളോർ
ദംഷ്ട്രായുധന്മാർ, നഖമേറെ നീണ്ടോർ
ശിരസ്സെഴാത്തോർ, ബഹുരൂപമുള്ളോർ
ആസ്യാർദ്ധവും വൻമുഖവും കലർന്നോർ. 20

താമ്രാരുണൻ ലോഹിതബിന്ദുവർണ്ണൻ,
ഹ്രസ്വാംഗഹസ്തൻ ബഹുധൂമ്രകേശൻ
മാല്യംധരൻ, വാരണലംബകർണ്ണൻ,
ചർമ്മാംബരൻ വസ്ത്രവിഹീനനായോൻ. 21

ശ്വേതാർദ്ധവക്ത്രൻ, ഹരിതാർദ്ധകായൻ,
താമ്രാരുണാഭൻ, കരിനീലവർണ്ണൻ,
ഉഗ്രോരഗം ചുററിയ കൈകളാർന്നോൻ,
മിന്നും മണിമേഖലയെദ്ധരിപ്പോൻ. 22

ശൂലം ധരിപ്പോൻ, പനപോലെ നീണ്ടോൻ,
ദംഷ്ട്രാകരാളൻ, ശിശുഹ്രസ്വഗാത്രൻ
മാർജ്ജാരവക്ത്രൻ, ഫണിഘോരവക്ത്രൻ
വിഹംഗമെയ്ധാരി മനുഷ്യകായൻ. 23

വികീൎണ്ണകേശൻ, ശിഖി,യൎദ്ധമുണ്ഡൻ
പ്രഹൃഷ്ടവക്ത്രൻ ഭ്രുകുടീമുഖോഗ്രൻ
രജാംബരൻ, വ്യാകുലവേഷനായോൻ
തേജോഹരൻ പിന്നെ മനോജ്ഞവേഷൻ. 24

മുടന്തു കാട്ടിച്ചിലർ സഞ്ചരിച്ചു,
പരസ്പരം ഹാ! ചിലർ മത്സരിച്ചു
കളിച്ചുനിന്നു ചിലരാ നഭസ്സിൽ
ചരിച്ചു വൃക്ഷാഗ്രതലത്തിലന്യർ. 25

ശൂലം ചുഴററീട്ടു നടിച്ചൊരുത്തൻ
മദിച്ചൊരുത്തൻ ഗദയെച്ചുഴററീ
കൂത്താടിയേകൻ വൃഷഭംകണക്കെ
തീജ്ജ്വാല തൂവീ തനുവിന്നൊരുത്തൻ. 26

ഈവണ്ണമാ ഭൂതഗണങ്ങളും ചുററും,
ആ ബോധിവൃക്ഷത്തെ വളഞ്ഞുനിന്നു
ഗ്രസിക്കുവാനോ നിഹനിക്കുവാനോ
നാഥാജ്ഞയെക്കാത്തവർ നിന്നിരുന്നു. 27

സിദ്ധാൎത്ഥനും മാരനുമങ്ങു ഘോര
യുദ്ധം തുടങ്ങുന്ന നിശാമുഖത്തിൽ
ഇരുണ്ടു വാനം വിറയാൎന്നു ഭൂമി
സശബ്ദമദ്രികളുജ്ജ്വലിച്ചു. 28

കറങ്ങിവീശി പവനൻ വിയത്തിൽ
തെളിഞ്ഞതില്ലിന്ദു മറഞ്ഞു താരം
രാവിൻ തമസ്സേറെ വളൎന്നുപൊങ്ങി
വാരാശി വല്ലാതലറിക്കുതിച്ചു. 29

ശാക്യർഷിതൻ ധ്യാനവിധിക്കുവിഘ്നം-
ശങ്കിച്ചു നാഗങ്ങൾ, മഹീധവന്മാർ
കന്ദർപ്പനിൽ കോപമിയന്നു ദീർഘ-
നിശ്വാസവും ജൃംഭയുമുദ്വഹിച്ചു. 30

സദ്ധർമ്മസിദ്ധിപ്രിയഭാവമേലും-
ശുദ്ധാധിവാസർ, വിബുധർഷിവര്യർ
മാരാനുകമ്പാവശരായി നൂനം
വൈരാഗ്യമേലുന്നവർ കോപമേലാ. 31

ഹിംസാരസവ്യാപ്തമായ മാര-
സൈന്യം മരച്ചോട്ടിൽ വളഞ്ഞുനില്ക്കെ,
വീക്ഷിച്ചു മോക്ഷോൽസുകരാകിലും ഹാ!
ഭിക്ഷുക്കൾ വാവിട്ടുവിളിച്ചുപോയീ. 32

കോപാതിരേകത്തൊടണഞ്ഞിടുന്ന
മാരന്റെ സൈന്യത്തെ മഹർഷി നോക്കി
വികാരവും ക്ഷോഭവുമാർന്നിടാതെ-
യിരുന്നു ഗോമധ്യഗസിംഹതുല്യൻ. 33

മുനിക്കു സംഭ്രാന്തിഭയങ്ങളേകാ-
നനുജ്ഞ സൈന്യത്തിനു നൽകി മാരൻ
ക്രൌര്യത്തൊടാ സൈന്യമണഞ്ഞവന്റെ
ധൈര്യം തകർക്കുന്നതിനുദ്യമിച്ചു. 34

നീട്ടിത്തുലോം നാവതിതീക്ഷ്ണദംഷ്ട്ര-
കാട്ടിക്കരിങ്കണ്ണുകളിട്ടുരുട്ടി
ശ്രോത്രങ്ങൾ കൂർപ്പിച്ചു പിളർന്നു വക്ത്രം
പേടിപ്പെടുത്തിച്ചിലർ നിന്നിരുന്നു. 35

രൂപത്തെയും ഭീകരർതൻ നികൃഷ്ട-
ഭാവത്തെയും കണ്ട മുനീന്ദ്രനുള്ളിൽ
ഉണ്ടായതില്ലിണ്ടൽ, അനങ്ങിയില്ല
മുററും ശിശുക്രീഡകളായ് ഗണിച്ചു. 36

ഒരുത്തനാംഭീകരരക്തനേത്ര-
നവൻെറനേക്ക്ഗ്ഗദയോങ്ങിനിന്നു
ഇന്ദ്രൻെറ മുൻപിൽ ഗദയോടുകൂടി
വജ്രാഖ്യനാം ദാനവനെന്നപോലെ. 37

മരങ്ങളും കല്ലുകളും പറിച്ചു-
ങ്ങെറിഞ്ഞിടാനായ് ചിലരുദ്യമിച്ചു
പതിച്ചു വജ്രാഹതിയേററ വിന്ധ്യ-
ശൃംഗങ്ങൾപോൽ ദൂരെ മഹീതലത്തിൽ. 38

നഭസ്സിൽനിന്നും ചിലർ താഴെയിട്ട
മരങ്ങൾ, വൻകല്ലുകളായുധങ്ങൾ
സായാഹ്നമേഘങ്ങൾകണക്കു വാനിൽ
ശോഭിച്ചു വീഴാതവ ഭൂതലത്തിൽ. 39

അവൻെറനേർക്കുക്കിലെറിഞ്ഞൊരുത്തൻ
കഡംഗരം പർവ്വതശൃംഗതുല്യം
മോചിച്ചുപോതമ്മുനിതൻ മഹസ്സാൽ
വാനത്തിൽവച്ചങ്ങതു ധൂളിയായി. 40

അത്യുജ്ജ്വലൽചക്രസമാനനേകൻ
വർഷിച്ചു ചെന്തീക്കനൽ വിണ്ണിൽനിന്നും
കല്പാന്തകാലത്തെരിയും സുമേരു
സുവർണ്ണധൂളീനികരംകണക്കേ. 41

ചെന്തീപ്പൊരിച്ചാർത്തെഴുമഗ്നിവർഷം
ബോധിദ്രുമച്ചോട്ടിലൊരാൾ ചൊരിഞ്ഞു
സ്നേഹാർദ്രനാം ബുദ്ധമുനിക്കതൊക്കെ
രക്തോൽപലത്തിൻ ദളവർഷമായി 42

സ്വദേഹചേതസ്സുകളെത്തകർക്ക-
മാപൽതരംഗങ്ങളണഞ്ഞപോഴും
ശാക്യർഷിയുൾക്കമ്പമെഴാതെ മുററും
ധ്യാനത്തിൽമുങ്ങി സ്ഥിതിചെയ്തിരുന്നു. 43

ദുർഭൂതവക്ത്രങ്ങളിൽനിന്നനേകം
സർപ്പങ്ങളുഗ്രങ്ങൾ ബഹിർഗമിച്ചു
മന്ത്രങ്ങളാൽ കെട്ടിയപോലതൊന്നും
ശ്വസിച്ചുമില്ലൊട്ടു ചലിച്ചുമില്ല. 44

മേഘങ്ങളായ് ഭൂതഗണങ്ങൾ മാറി
വിദ്യുൽപ്രപാതധ്വനിയെ മുഴക്കി
വർഷിച്ചു കല്ലിൻമഴയാമരത്തി-
ലെന്നാലതോ പൂമഴയായി മാറി. 45

വില്ലിൽ ശരം മറെറാരുവൻ തൊടുത്ത-
തെരിഞ്ഞുപോയൂഴിയിൽ വീണതില്ല
ദീനസ്വഭാവം വളരും നരൻെറ
കോപംകണക്കായതെരിഞ്ഞുപോയി. 46

ശരങ്ങളഞ്ചെയ്തൊരുവൻ സയത്നം
മഹർഷിയിൽ ചെന്നതു വീണതില്ല
സംസാരവൈരാഗ്യമിയന്നവൻെറ
പഞ്ചേന്ദ്രിയം കാന്തിയിലെന്നപോലെ. 47

ഹനിക്കുവാനായ് ഗദയെ ഗ്രഹിച്ചാ
മഹർഷിതൻ നേർക്കൊരുവൻ കുതിച്ചു
അടുത്തിടുംമുൻപു പതിച്ചു ഭുവി-
ലവൻ, വിപത്തിൽ ജളനെന്നപോലെ 48

കാർമേഘവർണ്ണാഞ്ചിതയാമൊരുത്തി
യമ്മാമുനീന്ദ്രന്റെ മനം മയക്കാൻ
സമാഗമിയ്ക്കയവൾ സംഭ്രമിച്ചാൾ
ശാസ്ത്രങ്ങളിൽ ദുർബ്ബലബുദ്ധിപോലെ. 49

പ്രദീപ്തമാം കണ്ണെഴുവോനൊരുത്തൻ
നേത്രാഗ്നിയാൽ പന്നഗതുല്യനായി
നിന്നില്ല കണ്ടില്ല മുനീന്ദ്രഗാത്രം
കാമാതുരൻ നന്മയെ എന്നപോലെ. 50

കട്ടിക്കരിങ്കല്ലുമയത്തിയന്യ-
നേററം പണിപ്പെട്ടു നിരാശനായി
ധ്യാനൈകഗമ്യം മഹനീയമോക്ഷം
കാമിച്ചു കായക്ലമമാർന്നപോലേ. 51

സിംഹങ്ങളായ് വൻപുലിയായുമന്യ-
രത്യുഗ്രനാദങ്ങളുടൻ മുഴക്കി
ജന്തുക്കൾ പേടിച്ചു പരം ചുളുങ്ങി
പെട്ടെന്നിടിത്തീ വരുമെന്നതോർത്തു. 52

മൃഗങ്ങളും ദന്തികളും ക്ഷണത്തിൽ
കരഞ്ഞുകൊണ്ടോടി മറഞ്ഞിതെങ്ങോ
ആ രാത്രിയിങ്കൽ പകലെന്നപോലേ
ഖഗങ്ങൾ ദീനസ്വരമാലപിച്ചു. 53

ആ ദീനനാദം നിശമിച്ചു സർവ്വ-
ജന്തുക്കളും ഭീതികലർന്നു വാൾകേ
പേടിച്ചതില്ലമ്മുനി ചൂളിയില്ല
കാകസ്വനത്താൽ ഗരുഡൻകണക്കേ. 54

ദുർഭൃതസൈന്യങ്ങളിൽനിന്നു തെല്ലും
പേടിപ്പതില്ലമ്മുനിയെന്നതോർക്കേ,
സന്യാസിവൃന്ദത്തിനു നിത്യവൈരി
ദുഃഖിച്ചു കോപിച്ചു ഗമിച്ചു മാരൻ. 55

വെടിഞ്ഞു നീ നിഷ്ഫലസാഹസങ്ങൾ,
ഗമിക്ക ശർമ്മം പരമാസ്വദിക്ക
ഉൾക്കമ്പമിശ്ശാക്യനു നീ, സുമേരു-
ഗിരിക്കു കാററും പകരാൻ പ്രയാസം. 56

ത്യജിച്ചിടാം ചൂടിനെയഗ്നി, പിന്നെ-
ദ്രവസ്വഭാവം ജലം, ഊഴി ദാർഢ്യം
അനേകജന്മാർജ്ജിതപുണ്യപൂർണ്ണ-
നിവൻ ത്യജിക്കാ നിജതീവ്രയത്നം. 57

സുനിശ്ചയം പൌരുഷമീ മനസ്സും
ജനങ്ങളിൽ കാരുണിയും കലർന്നോൻ
തത്വം ഗ്രഹിക്കാതെഴുന്നേല്ക്കയില്ല,
തമസ്സു നീക്കാതുയരില്ല സൂര്യൻ. 58

ലഭിച്ചിടുന്നഗ്നി, മരം കടഞ്ഞാൽ,
കിട്ടുന്നു തണ്ണീർ മഹിയെക്കുഴിക്കിൽ,
ന്യായത്തൊടാത്മാർത്ഥതയുദ്വഹിക്കും
പ്രയത്നശീലന്നു ലഭിക്കുമേതും 69

രാഗാദിരോഗങ്ങളിലിങ്ങു കേഴും
ജനങ്ങളെക്കണ്ടു ദയാമനസ്കൻ
ഭിഷഗ്വരൻ ദുഃഖമിവൻ സഹിക്കാ
ജ്ഞാനൌഷധത്തിന്നു പരിശ്രമിക്കേ. 60

ദുർമാർഗ്ഗദോഷാവിലമാം ജഗത്തിൽ
സന്മാർഗ്ഗമാരായ്‌വതിനുദ്യമിപ്പോർ
സ്വാർത്ഥം ത്യജിച്ചോൻ ഗുരുദേവതുല്യൻ
കോപിക്കുവാനിങ്ങിടനൽകിടൊല്ലാ. 61

സത്വങ്ങൾ മാഞ്ഞീടിന ക്രൂരിരുട്ടി-
ലിവൻ കൊളുത്തുന്നറിവാം പ്രദീപം
മഹാന്ധകാരത്തിലെ നല്ല ദീപ-
മണയ്ക്കുവാനോർപ്പതു ഭംഗിയല്ല. 62

സംസാരമാം സിന്ധുവിൽ വീണു, തീരം
കാണാതെ വല്ലാതുഴലും ജനത്തെ
രക്ഷിക്കുമിദ്ധന്യത്തെ നിഗ്രഹിക്കി-
ലങ്ങേക്കിതിൽ പാപമുദിക്കുകില്ലേ? 63

ക്ഷമാങ്കുരം, സച്ചരിതപ്രസൂനം,
ഹൃൽധൈര്യമൂലം, സ്മൃതി, ബുദ്ധിശാഖ,
ജ്ഞാനദ്രുമം ധർമ്മഫലത്തെ നൽകു
മുൽപാടനംചെയ്‌വതിനർഹമല്ല. 64

മോഹങ്ങളാൽ ബന്ധിതരായ്ക്കുഴങ്ങും
ജനങ്ങളെ സൌഖ്യസമേതരാക്കാൻ
യതിക്കുമിശ്ശാന്തനെ നിഗ്രഹിക്കാൻ
നിനക്കു തോന്നുന്നതു യുക്തമല്ല. 65

ജ്ഞാനപ്രകാശപ്രദമേതു കർമ്മ-
മിവൻ ചരിക്കുന്നു,തു യുക്തമത്രേ
സ്ഥാനത്തിലിദ്ദിക്കിലിരുന്നിട്ടുന്നു
പുരാതനശ്രീ മുനിമാർകണക്കേ. 66

മഹാത്മതേജസ്സിനിണങ്ങിടുന്ന
മഹീവിഭാഗം ധ്രുവമിപ്രദേശം
സദ്ധർമ്മശീലക്കു സുഖം പുലർത്താൻ
സിദ്ധിക്കുകില്ലിങ്ങിതുപോലൊരേടം. 67

ശോകം വഹിയ്ക്കായ്ക വരിക്ക! ശാന്തി,
യങ്ങേയ്ക്കു വന്നീലഭിമാനഭംഗം
സ്മരിക്ക നീ സുസ്ഥിരയല്ല ലക്ഷ്മി,
ചലൽപദത്തിൽ ഫലശൂന്യമോഹം. 68

ശ്രവിച്ചുമാ വാക്കുകൾ, മാമുനീന്ദ്രനി-
ഷ്പ്രകമ്പഭാവത്തെ മനസ്സിലാക്കിയും
മടങ്ങി മാരൻ, വിഫലശ്രമൻ, സുമോൽ-
കരങ്ങളാമമ്പുകൾ നെഞ്ചിലെയ്യുവോൻ. 69

ശ്രമം ഫലിക്കാതെ വിഷാദമൂകരായ്
കളഞ്ഞു കല്ലും മരവും പൊട്ടുന്നനെ
അവൻെറ സൈന്യങ്ങൾ പിരിഞ്ഞകന്നുപോയ്
അരാതിവർഗ്ഗങ്ങളൊടേററു തോററപോൽ. 70

മദനനതിബലാഢ്യൻ, തോൽവിയംഗീകരിക്കേ
തിമിരനികരസൂര്യ്യൻ യോഗിരാജൻ ജയിക്കേ
മുഴുമതിയുതവാനം മങ്കപോലുല്ലസിക്കേ
സുരഭിലസുമമേലും മാരി പാരിൽ പതിച്ചു. 71

പരാജിതൻ മാരനൊഴിഞ്ഞുമാറവേ
നിശാകരൻ ദിക്കുകൾ വെണ്മപൂശവേ
നഭസ്സിൽനിന്നും മലർമാരി തൂവിയു–
ജ്ജ്വലിച്ചു നൽകാമിനിപോലെ യാമിനീ. 72

ശ്രീബുദ്ധചരിതമഹാകാവ്യത്തിലെ
'മാരവിജയ'മെന്ന
പതിമൂന്നാംസർഗ്ഗം.

# സർഗ്ഗം 14

ധൈര്യവും ശമവുംകൊണ്ടു
മാരസൈന്യത്തെ വെന്നുടൻ
വാസ്തവജ്ഞാനമാശിപ്പോൻ
ധ്യാനിച്ചു സർവ്വമംഗളൻ. 1

ധ്യാനത്തിലേതിലും നന്നാ-
മൈശ്വര്യധ്യാനമേലവേ,
ഒന്നാംയാമത്തിലോർമ്മിച്ചു
പൂർവ്വജന്മപരമ്പര. 2

പരത്തിൽനിന്നീ ലോകത്തി-
ലെത്തീ മറെറാരു പേരിൽ ഞാൻ,
മുജ്ജന്മങ്ങളനേകങ്ങൾ,
ഓർമ്മിക്കുന്നതുപോലെയായ്. 3

ജനനം മരണം പിന്നെ
കാരണങ്ങളുമോക്കയാൽ
കരുണാത്മകനുണ്ടായി
കാരുണ്യം ജീവരാശിയിൽ. 4

സൽസ്നേഹത്തെ, സമാർജ്ജിച്ചും
ദുഷ്കർമ്മങ്ങൾ തുടർന്നമേ
രക്ഷയില്ലാത്തൊരീലോകം
ചുററുന്നു ചക്രമെന്നപോൽ. 5

ഏവം നിനയ്ക്കവേ ദേവൻ
ചിന്തിച്ചൂ ദീനവത്സലൻ
"കദളീഗർഭനിസ്സാരം
ലോകജീവിത"മെന്നുതാൻ. 6

രണ്ടാംയാമമണഞ്ഞപ്പോ-
ളാത്മപൌരുഷദീപ്തിമാൻ
നേടീ നൽദിവ്യചക്ഷുസ്സും
ഭാവിദർശനശക്തിയും. 7

പരിപാവനയാം ദിവ്യ-
ദൃഷ്ടിയാലമ്മുനീശ്വരൻ
ദർശിച്ചൂ ലോകമഖില
മാദർശത്തിങ്കലെന്നപോൽ. 8

നന്മതിന്മകൾ ചെയ്തോർതൻ
സുഖദുഃഖഫലങ്ങളെ
ഓർക്കയാൽ ഭഗവാനുള്ളിൽ
കാരുണ്യമലതല്ലിനാൻ. 9

നരകത്തിൽ ഗമിക്കുന്നു
ദുഷ്കർമ്മരതദേഹികൾ
ശുഭകർമ്മോജ്ജ്വലാത്മാക്ക-
ളെത്തുന്നു ദേവഭൂവിലും. 10

അതിദാരുണമായിട്ടും
നരകത്തിൽ ശരീരികൾ
പല ദുഃഖങ്ങളാൽ ഘോര-
യാതനാകുലരായിടും. 11

കുടിപ്പിക്കുന്നു ചിലരെ–
യഗ്നിവർണ്ണമയോരസം
കയററുന്നു കടുംചൂടാ–
മയഃസ്തംഭത്തിലന്യരെ. 12

തലകീഴായ് പചിക്കുന്നു
കുടത്തിൽ ചിലരെ സദാ
ചെന്തീക്കനലിലാഹന്ത!
ദഹിപ്പിക്കുന്നിതന്യരെ. 13

ശ്വാക്കൾ ദംഷ്ട്രകളാൽ കാർന്നു–
തിന്നുന്നു ചിലരെ ദ്രുതം
ചിലരെച്ചുണ്ടിനാൽ കൊത്തി
വിഴുങ്ങുന്നിതു കാക്കകൾ. 14

ചിലർ ദാഹപരിശ്രാന്തർ,
ശീതച്ഛായ കൊതിക്കുവോർ,
ഇരച്ച്വാൾപ്പുല്ലെഴും കാടി–
ന്നകം പൂകുന്നു ബദ്ധർപോൽ. 15

മഴുവാൽ നടുവേ വെട്ടി–
പ്പിളർപ്പു ചിലരെ ചിലർ
മരിക്കില്ലെന്നുചെയ്താലും
ജീവിപ്പു കർമ്മശക്തിയാൽ. 16

ദുഃഖം നീക്കി,സുഖം നേടാ–
നേതു കർമ്മം ചരിച്ചുവോ
അതിൻെറ ഫലമായ് ദുഃഖം
ഭുജിക്കുന്നു ശരീരികൾ. 17

സുഖം മോഹിച്ചു ചെയ്തീടും-
ദുഷ്കൃതം ദുഃഖമേകിടും
സുഖത്തിൻ ശകലംപോലു-
മശിക്കാനിടയെന്നിയേ. 18

ചിരിച്ചുകൊണ്ടു ദുഷ്കർമ്മം-
ചെയ്യും കല്മഷബുദ്ധികൾ,
കരഞ്ഞുകൊണ്ടതിൻ തിക്ത-
ഫലം, നൂനമശിക്കണം. 19

പാപം ചെയ്തോരവർക്കെത്തു-
മാപത്തിൻ കഥയോർക്കുകിൽ
മർമ്മതാഡിതരെന്നോണം
രക്തം ഛർദ്ദിച്ചുഴന്നിടാം. 20

ശരീരപീഡയെ, തീവ്ര-
നരകത്തെയുമോർക്കിലും
നിനപ്പൂ നീചസംസർഗ്ഗ-
മതിലും കഷ്ടമായി ഞാൻ. 21

മനഃക്ഷോഭം ജനിപ്പിക്കും
ചിത്രകർമ്മങ്ങളാൽ ചിലർ,
തിര്യഗ്ജാതിയിലുൾപുക്കു
വസിക്കുന്നു തപസ്വികൾ. 22

മാംസചർമ്മാദി മോഹത്താൽ,
വൈരത്താലുൾമദത്തിനാൽ
കൊല്ലുന്നു ജന്തുവർഗ്ഗത്തെ,
ജന്തുക്കൾ നോക്കിനിൽക്കവേ. 23

ശക്തിഹീനതയും ഹന്ത!
വിശപ്പും ദേഹപീഡയും
കലരും ഗോക്കളെക്കൊല്ലു-
മശ്വാദികളെയും ചിലർ. 24

ശക്തിയും പൊക്കവും വായ്ക്കു-
മാനയെയതിദുർബ്ബലൻ
അങ്കുശക്ലിഷ്ടനാക്കീട്ടു
നയിപ്പു പാദപാർഷ്ണിയാൽ. 25

ശോകഹേതുക്കളെന്യങ്ങ-
ളേറെയുണ്ടെന്നിരിക്കിലും
പരാധീനതയും ഹന്ത!
വൈരവും മുഖ്യമാണതിൽ. 26

ജലചാരികൾ, സ്വസ്ഥന്മാർ
വസുധാതലവാസികൾ
ദ്രോഹിക്കുന്നു, വെറുക്കുന്നു,
ഹനിക്കുന്നു പരസ്പരം. 27

മത്സരംമൂലമീ മന്നിൽ
ദുഷ്കൃതങ്ങൾ ചരിക്കുവോർ
കരഞ്ഞനുഭവിക്കുന്നു
പരത്തിൽ കയ്പ്പെഴും ഫലം. 28

സൂചിക്കണ്ണൊത്തിടും വായും
പർവ്വതംപോലെ കുക്ഷിയും
കലരുന്നവരത്യന്തം-
വലയുന്നു വിശപ്പിനാൽ. 29

മാത്സര്യത്തിന്നിതുവിധം
ഫലമെന്നറിയുന്നവൻ
ശരീരാവയവത്തേയു–
മശിക്കാനാഗ്രഹിച്ചിട്ടും. 30

ആശ വദ്ധിക്കിലും കർമ്മ-
ഫലത്താൽ മാഴ്കുവോക്കഹോ!
അശുഭങ്ങളെയും നൂന–
മശിക്കാനിടവന്നിടാ. 31

നരകത്തിൽ ചെന്നു ചിലർ
ഗർഭനാമകനീർക്കയം
പ്രാപിച്ചു നിതരാം ദുഃഖ–
മശിക്കുന്നു ശരീരികൾ. 32

ഇന്ദ്രലോകം ഗമിക്കുന്നു
ചില മാമുനിപുംഗവർ
ചക്രവർത്തിപദം നേടി
വാഴുന്നു ചിലരൂഴിയിൽ. 33

ചിലർ നാഗങ്ങളായ് ദിവ്യ–
നിധികൾക്കുമധീശരായ്
സ്വന്തകർമ്മഫലം പേറി
ച്ചരിക്കുന്നു ഭവാബ്ധിയിൽ. 34

ആ രാവിന്നന്ത്യയാമത്തിൽ
ധ്യാനശീലൻ നിനച്ചവൻ
കഷ്ടമീ ലോകമഖിലം
ചുറവുന്നു വിപദസ്ഥുവിൽ 35

ഭവദുഃഖമൊഴിഞ്ഞീടും
വഴികാണുന്നതില്ല ഞാൻ
ജനിക്കുന്നു മരിക്കുന്നു
ജഗത്തിൽ ജീവരാശികൾ. 36

മരിക്കുന്നു പിന്നെ വീണ്ടും
ജനിക്കുന്നു ശരീരികൾ
ജരാമൃത്യുക്കളെത്തുന്നു
കഷ്ടം കാരണമെന്തുവാൻ? 37

ജരാമൃത്യുക്കളെത്തീടാൻ
ജനനംതന്നെ കാരണം
ജനനത്തിനെഴും ഹേതു-
വെന്തെന്നും ചിന്തപൂണ്ടവൻ. 38

സംസാരത്തിൻ പ്രഭാവത്താൽ
ജനിക്കുന്നു നിരന്തരം
സംസാരോല്പത്തിതൻമൂലം
എന്തെന്നും ചിന്തയാർന്നവൻ. 39

ഉപാദാനത്തിൽനിന്നത്രേ
സംസാരത്തിൻ സമുൽഭവം
ഉപാദാനത്തിനുൾക്കൊള്ളും
ഹേതുവെന്തെന്നുമോർത്തവൻ. 40

തൃഷ്ണയാലുൽഭവിച്ചീടു-
മുപാദാനം സ്മരിക്കവേ
തൃഷ്ണയ്ക്കെഴും ഹേതു—തീക്ഷ്ണ
ബുദ്ധിമാനോർത്തു സൗഗതൻ. 41

വേദനാജന്യയായ് കണ്ടു-
തൃഷ്ണയെ യതിസത്തമൻ
വേദനാജനനത്തിന്നു
ഹേതുവെന്തെന്നു ചിന്തയായ്. 42

സ്പർശത്തിൽനിന്നുദിക്കുന്നു
ജീവികൾക്കിഹ വേദന
സ്പർശമെങ്ങനെ? യേതിങ്കൽ
നിന്നെന്നും നിനവാർന്നവൻ. 43

ഷഡാധാരത്തിൽനിന്നുണ്ടായ്
സ്പർശമെന്നോർത്തു മാമുനി
ഷഡാധാരോഭവം പിന്നെ,
എങ്ങെന്നും ചിന്തപൂണ്ടവൻ. 44

നാമരൂപത്തിൽനിന്നുണ്ടായ്
ഷഡാധാരങ്ങൾ ജന്തുവിൽ
എങ്ങുനിന്നെന്തിനായ് നാമ-
രൂപമെന്നും നിനച്ചവൻ. 45

വിജ്ഞാനത്തിൽ മുളയ്ക്കുന്ന
നാമരൂപത്തെയോർക്കവേ
വിജ്ഞാനമെന്തിനെവിടെ-
യുണ്ടായെന്നും നിനച്ചവൻ. 46

വാസനാവൈഭവംമൂലം
വിജ്ഞാനത്തിൻ സമുത്ഭവം
എങ്ങുനിന്നെങ്ങനേ വന്നീ
വാസനാശക്തി ദേഹിയിൽ. 47

അവിദ്യാബദ്ധമീ ലോകം,
എന്ന സത്യം ധരിച്ചവൻ
ധ്യാനപ്രബുദ്ധഹൃദയൻ
വീണ്ടും ചിന്തിച്ചു സുസ്പഷ്ടം. 48

ഓരോന്നിവണ്ണം ചിന്തിച്ചും
ധ്യാനിച്ചും മുനിപുംഗവൻ
അവിദ്യാജാതസംസാര-
വൈഭവത്തെ നിനയ്ക്കയായ്. 49

വിഹരിക്കുന്ന വിജ്ഞാനം
സംസാരോദിതമെങ്ങുമേ
നാമരൂപത്തിനാധാരം
വിജ്ഞാനംതന്നെ നിർണ്ണയം. 50

നാമരൂപത്തിൽനിന്നുണ്ടായ്
ഷഡാധാരങ്ങൾ ജീവിയിൽ
ഷഡാധാരജമായ് സ്പർശ-
മതിൽനിന്നിങ്ങു വേദന. 51

വേദനോൽഭൂതയായ് തൃഷ്ണ-
യുപാദാനമതിൻ ഫലം
ഉപാദാനത്തിൽനിന്നത്രേ
സംസാരത്തിൻ സമാഗമം. 52

ഭവം ജനനമേകുന്നു
ജരാരോഗാദി തൽഫലം
മരണം ഹാ! വിഴുങ്ങുന്നു
ജരാരോഗാഗ്നിതപ്തനെ. 53

മരണഗ്രസ്തമീ ലോകം
മഹാദുഃഖത്തിനാസ്പദം
ദുഃഖങ്ങൾക്കറവായ്തന്നെ
വൎത്തിക്കുന്നു മഹീതലം. 54

ഏവം നിനച്ചു ഭഗവാൻ
പാവനജ്ഞാനലാലസൻ
ധ്യാനൈകരതനായ് വീണ്ടും
ചിന്തിച്ചു ശാന്തിമാനവൻ. 55

ജരാരോഗങ്ങൾ മാററീടിൽ
ജനിയേയും തടുത്തിടാം
ഉപാദാനം നിരോധിച്ചാൽ
മാററിടാം ഭവബന്ധവും. 56

തൃഷ്ണയെ പ്രതിരോധിക്കി-
ലുപാദാനമുദിച്ചിടാ
വേദനോപശമം വന്നാൽ
തൃഷ്ണ പിന്നെയുദിച്ചിടാ. 57

സ്പർശനത്തെ നിരോധിച്ചാ-
ലുണ്ടാകുന്നില്ല വേദന
ഷഡിന്ദ്രിയനിരോധത്താൽ
സ്പർശവും സംഭവിച്ചിടാ. 58

നാമരൂപനിരോധത്താ-
ലിന്ദ്രിയങ്ങൾ നിലച്ചിടും
വിജ്ഞാനത്തിൻ നിരോധത്താൽ
നാമരൂപവുമങ്ങനെ, 59

സംസ്കാരസന്നിരോധത്താൽ
ഇല്ല വിജ്ഞാനമല്ലവും
അവിദ്യാസംനിരോധത്താൽ
സംസ്കാരങ്ങളുമങ്ങനെ. 60

ഏവം ദുഃഖസമൂഹത്തി-
ന്നേകകാരണമാകയാൽ
മോക്ഷമാശിച്ചിട്ടും ലോകം
വെറുക്കുന്നിതവിദ്യയെ. 61

അവിദ്യയെയകററുമ്പോഴം
സംസാരികളശേഷവും
സർവ്വദുഃഖങ്ങളും നീങ്ങി
സുഖം പൂണരുന്നു നിണ്ണയം. 62

അറിഞ്ഞിവണ്ണം വിജ്ഞാന-
വത്സലൻ മുനിനായകൻ
ധ്യാനൈകനിരതൻ വീണ്ടും
ചിന്തിച്ചു കരുണാനിധി. 63

സർവ്വം ദുഃഖമയം ദുഃഖ-
മല്ലാതില്ല ജഗത്തിതിൽ
അതിൻനിവാരണത്തിന്നാ-
യനിശം ഞാൻ ശ്രമിക്കുവേൻ. 64

പിന്നെച്ചെന്നു മരച്ചോട്ടിൽ
പുൽവിരിപ്പിൽ പൊടുന്നനെ
ഇരുന്നു ഭഗവാനാത്മ-
ധ്യാനത്തിൽ മുഴുകീ സ്വയം. 65

അവിദ്യാക്രൂരിരുൾപുഞ്ജ-
മകററം തന്മഹസ്സിനാൽ
അനഘജ്ഞാനധർമ്മങ്ങ-
ളറിഞ്ഞഖിലമമ്മുനി. 66

സംബുദ്ധനായ് വിരാജിക്കും
ധർമ്മരാജൻ മഹാജിനൻ
സർവാകാരജ്ഞനായ് പിന്നെ
സ്സർവ്വവിദ്യാധിനാഥനായ്. 67

അതു വീക്ഷിച്ചു ദേവന്മാ-
രേവമോതീ പരസ്പരം
മന്ദാരമലർ വർഷിപ്പിൻ
ബുദ്ധനാമിമ്മുനീന്ദ്രനിൽ. 68

മുനീന്ദ്ര ചരിതജ്ഞന്മാർ
ചൊല്ലീ വിൺപൌരർ വേറെയും
കാലമായില്ല പൂമാരി
ത്തൂവായ്കിൻ സഹജാതരേ! 69

ഏഴു വൻപനകൾക്കേലു
മുയരത്തിലതിപ്രഭൻ
ആസനസ്ഥൻ ജിനൻ ബോധി-
സത്വനോടോതി സസ്മിതം. 70

ബോധപ്രസന്നനെൻ വാക്യം
കേൾക്കുവിൻ ഭവ്യശീലരേ
ഫലിപ്പൂ പൂർവ്വപുണ്യങ്ങൾ
നേടിനേൻ പുണ്യമുജ്ജ്വലം. 71

സഞ്ചരിച്ചേൻ ചിരം ശാന്ത-
ശീലനായ് സത്യലോലനായ്
ധ്യാനപ്രസക്തനായ് ബോധി-
സത്വനായ്ത്തീൎന്നിതിന്നു ഞാൻ. 72

സ്ഥിരപ്രയത്നവിജ്ഞാന-
ധ്യാനദാനശമാദിയാൽ
സത്യജ്ഞാനം സമാൎജ്ജിച്ചു
ജിനനായ് മാറിയിന്നു ഞാൻ. 73

സത്യജ്ഞാനോദയംമൂലം
ജന്മം സഫലമായി മേ
പൂൎവ്വികന്മാൎക്കു സദൃശം
സായൂജ്യവുമിയന്നിടാം. 74

സദ്ധൎമ്മത്താൽ സൎവ്വഹിത-
മാൎജ്ജിച്ചേൻ ശക്തിപോലെ ഞാൻ
പ്രതിജ്ഞ നേടി ദുഃഖങ്ങ-
ളെന്നെന്നേയ്ക്കുമൊഴിഞ്ഞുപോയ്. 75

ധൎമ്മദീപപ്രകാശത്തിൽ
മുക്തവേന്നലകത്രയം
ഏവമോത്തും മാമുനിയെ
പൂജിച്ചൂ പുണ്യശാലികൾ. 76

മന്ദാരകുസുമം തൂവി-
വന്ദനംചെയ്തു വിണ്ണവർ
ബുദ്ധത്വം ജിനനാൎന്നപ്പോൾ
ഭുവനം ശുഭപൂൎണ്ണമായ്. 77

അതിങ്കൽനിന്നിറങ്ങീട്ടു
തരുമൂലാസനസ്ഥനായ്
ഭഗവാനവിടെത്തന്നെ
നയിച്ചേഴു ദിനങ്ങളെ. 78

സർവ്വജ്ഞത്വം മഹാബോധി–
സത്വൻ നേടി ലസിക്കവേ
പ്രപഞ്ചമേറെശ്ശോഭിച്ചു
മോദിച്ചൂ ജീവജാലവും. 79

സാധ്വിയാം നാരിയെന്നോണം
മോദിച്ചിളകി മേദിനി
നിലയങ്ങളിൽനിന്നെത്തി
സ്തുതിച്ചൂ നമ്രനിവ്രജം. 80

ജഗത്തേജസ്സിൽനിന്നിങ്ങു
ജനിച്ച ജിനദേവ! നീ
അറിവാം നൽതടാകത്തിൻ
പത്മമേ! വെല്ക! പാവന! 81

ധർമ്മാമൃതമുതിർന്നീടും
ക്ഷമാജലദരത്തമേ!
പുണ്യബീജാങ്കുരങ്ങൾക്കു
നന്മനൽകി ജയിക്ക നീ. 82

മാരജിത്തേ! മഹാഭാഗ!
ലോകക്ഷേമവിധായക!
ചിന്താമണേ! കല്പതരോ!
കാമദായക! വെല്ക! നീ. 83

മോഹാന്ധകാരജിൽ ഭാനോ!
താപനാശനനാം വിധോ!
ഭിക്ഷുരാജ! നമസ്കാരം
നമസ്കാരം തഥാഗത! 84

നമസ്കാരം ലോകനാഥ!
നമസ്കാരം ദയാപര!
നമസ്കാരം ധർമ്മരാജ!
നമസ്കാരം മഹാജിന! 85

വാഴ്ത്തിയും മുനിവര്യന്മാർ
വന്ദിച്ചും വേർപിരിഞ്ഞുപോയ്
ലോകജിത്തിനെ വർണ്ണിച്ചും
മോദിച്ചും പൂകിയാശ്രമം. 86

ആകാശചരരാം ദേവ-
രവനീചര വനേചരർ,
നായകന്മാരുമായ് ബോധി-
മണ്ഡപത്തിങ്കലെത്തിനാൻ 87

പൂജാദ്രവ്യങ്ങളെക്കൊണ്ടു
പൂജിച്ചു ജിനനെജ്ജവം
സ്തോത്രങ്ങളാൽ സ്തുതിച്ചിട്ടു
പോയീ പിന്നുടജങ്ങളിൽ. 88

"അഭിസംബോധനസംസ്തവനം" എന്ന
ജ്ഞാനസാക്ഷാൽക്കാരം. സർഗ്ഗം 11

# സർഗ്ഗം 15

വാസരംതോറുമീവണ്ണം
വൈഭവം വായ്ക്കുമമ്മുനി,
നയിച്ചൂ, "ഹാര"മെന്നാഖ്യ-
യേലുമേഴുദിനങ്ങളെ. 1

പൂർണ്ണകുംഭാഭിഷേകങ്ങൾ
രണ്ടാം സപ്താഹവേളയിൽ
നിർവ്വഹിച്ചു കൃതോത്സാഹം
ബോധിസത്വാസുരാദികൾ. 2

സാഗരങ്ങളിൽ നീരാടി
മൂന്നാംസപ്താഹവേളയിൽ
ആസനസ്ഥിതനായ്, പിന്നെ
നിമീലിതവിലോചനം. 3

നാനാരൂപങ്ങൾ കൈക്കൊണ്ട
നാലാംസപ്താഹവേളയിൽ
പക്ഷിയെ കയ്യിലേന്തിക്കൊ-
ണ്ടിരുന്നു ഭവ്യദർശനൻ. 4

സമന്തകുസുമൻ പുഷ്പ-
മാല്യങ്ങൾ സംഭരിക്കവേ
വിനയാന്വിതനായ് മന്ദം
ജിനനോടോതിയിങ്ങനെ. 5

എന്തിന്നു ഭഗവൻ! ജ്ഞാന–
നിഷ്ഠയിൽ സക്തനാകവേ
ബഹുവാസരമീവണ്ണം
വിഹരിക്കുന്നു ഹൃഷ്ടനായ്. 6

അഭിഷിക്തൻ നൃപൻ, ശത്രു–
ജേതാവും സുഖിയുമാംവിധം
"ഹാരവ്യൂഹാ"ഖ്യമിക്കർമ്മം
നമുക്കും നന്മ നൽകിടും. 7

ഏവം വദിച്ചു ഭഗവാൻ
സന്തുഷ്ടൻ വീണ്ടുമോതിനാൻ
പുരാതനപ്രബുദ്ധന്മാർ
കൈവെടിഞ്ഞീല മാമരം. 8

ലോകശോകങ്ങൾ, കാമങ്ങൾ,
മായയും മററു ബന്ധവും
ജയിച്ചു ബോധം ഞാനാന്നു
ലോകത്തിന്നഴൽ നീക്കുവാൻ. 9

സംബുദ്ധന്മാർ തരും ദിവ്യ–
ശാസനം നിറവേററുവാൻ
അഭിഷേകത്തിനായ് നാല്യ–
സപ്താഹങ്ങൾ നയിച്ചു ഞാൻ. 10

വിഷാദവിവശൻ മാരൻ
പിന്നെ ജിനനൊടോതിനാൻ
മനോരഥങ്ങൾ പൂർണ്ണങ്ങൾ,
ഭഗവൻ! ശാന്തനാക നീ. 11

സത്യജ്ഞാനം ജനങ്ങൾക്കു
നൽകി ഞാൻ വിശ്രമിക്കുവേൻ
എന്നോതും ജിനനിൽ കോപ-
കലുഷൻ പോയി മന്മഥൻ. 12

രതി, തൃഷ്ണാ, പ്രീതികളാം
മാരാത്മജകൾ മൂവരും
പിതൃദുഃഖം നിരീക്ഷിച്ചു
ചെന്നു വന്ദിച്ചു ബുദ്ധനെ. 13

മോഹനസ്മിതമേലുന്ന
രാകേന്ദുമുഖിയാം രതി
ഗാർഹസ്ഥ്യസുഖവൃത്താന്തം
വർണ്ണിച്ചു വിവിധോന്മുഖം. 14

ചക്രവർത്തി സുഖം തള്ളി
ദുഃഖമെന്തിനശിപ്പു നീ
ഐശ്വര്യം സന്ത്യജിക്കായ്ക
ഞങ്ങളെ സ്വീകരിക്കുക. 15

അല്ലെങ്കിൽ നിർണ്ണയം നിന്നെ
ഭ്രഷ്ടനായ് ഞങ്ങളെണ്ണിടും
നിദ്രാലു പോലവൻ ധ്യാന-
രതൻ, കേട്ടീലയമ്മൊഴി. 16

തൃഷ്ണാവിവശയാം തൃഷ്ണ-
യതിഗർവമൊടോതിനാൾ
ധർമ്മങ്ങളെല്ലാം കൈവിട്ട
ദുരാചാരഹതൻ ഭവാൻ. 17

ശക്തിഹീനനു സിദ്ധിക്കാ
യാഗവ്രതതപസ്സുകൾ
ബ്രഹ്മാദി ശക്തിയുക്തന്മാർ
വിലസുന്നു മഹർഷിമാർ. 18

തൃഷ്ണാഖ്യ ശക്തിയത്രേ ഞാൻ
തൃഷ്ണാ പ്രണയമേലുക
അല്ലെങ്കിൽ നിന്നെച്ചുംബിച്ചീ
ജീവൻ ഞാൻ വെടിയും ദൃഢം. 19

പൂർവ്വികന്മാരെയോർമ്മിച്ചും
ധ്യാനിച്ചും മേവിയമ്മുനി
പ്രീതിയും പ്രീതിയുൾക്കൊണ്ടു
കാണിച്ചൂ നിന്ദ്യചേഷ്ടകൾ. 20

പ്രതിഗ്രഹിക്ക ഭഗവൻ!
പ്രീതിയെന്നാണെനിക്കു പേർ
ഭിക്ഷുണീ ശക്തിനൽകിട്ടു
രക്ഷിക്ക രതിയെന്നിൽ നീ. 21

ആശംസിച്ചുമപേക്ഷിച്ചും
ശപിച്ചുമവൾ നിൽക്കവേ
കൃതകൃത്യതയാർന്നാണം
ധ്യാനലീനനിരിക്കയായ്. 22

അതിഖിന്നകളായ്ത്തീർന്ന
മൂന്നുപേരും പരസ്പരം
മേളിച്ചു കാര്യം ചിന്തിച്ചു
താരുണ്യം പൂണ്ടു യാത്രയായ്. 23

ശ്രീബുദ്ധനെസ്സമീപിച്ചു
കൈകൂപ്പിക്കൊണ്ടു ചൊല്ലിനാർ
സന്ന്യാസധർമ്മം ഞങ്ങൾക്കു
വഴിപോൽ ചൊൽക, സൽഗുരോ. 24

അങ്ങേക്കഥകൾ കേട്ടെത്തീ
കാഞ്ചനത്തിങ്കൽനിന്നു നാം
ഗാർഹസ്ഥ്യത്തെ വെടിഞ്ഞുള്ള
നമുചീപ്രിയപുത്രിമാർ. 25

അനേകസോദരന്മാരെ-
യഭ്യസിപ്പിച്ചിടേണ്ടവർ
ഭർത്തൃഹീനകളീ ഞങ്ങ-
ളങ്ങെല്ലാക്കും വിരക്തകൾ. 26

നിർവ്വാണചര്യാവൃത്താന്തം
കൂടെക്കൂടവർ ചൊൽകിലും
ബുദ്ധാനുസ്മൃതിയാൽ ധ്യാന-
ലീലനായ് മേവി നിർമ്മമൻ. 27

ഇന്ദ്രജാലിനിമാരാമ-
കന്ദർപ്പകുലകന്യമാർ
വാർദ്ധക്യരൂപം കൈക്കൊണ്ടു
ബുദ്ധസന്നിധി പൂകിനാർ. 28

ദശാവതാരചരിതം
വിശ്വസിച്ചിങ്ങു വന്നു നാം
ബുദ്ധാവതാരമാണങ്ങു
ബൌദ്ധരാക്കുക ഞങ്ങളെ. 29

കരുണാർഹകളീ ഞങ്ങൾ
മരണത്തെ വെറുക്കുവോർ
വൃദ്ധമാർ, നല്കു! നിർവാണം
പുനർജ്ജന്മം നിലയ്ക്കുവാൻ. 30

ഇന്ദ്രജാലിനിമാർവാക്യം
കേട്ടു കോപിച്ചതില്ലവൻ
സ്വയം വാദ്ധക്യമാന്നോരി-
ലെന്തിനാണന്യശിക്ഷകൾ. 31

മലപോൽ മരുവും ധ്യാന-
ശീലനെക്കാണവേയവർ
തിരസ്കരിച്ച താരുണ്യം
വരിയ്ക്കാൻ ശക്തി വിട്ടുപോയ്. 32

താതപാദങ്ങളെ ക്രൂപ്പി-
പരാജിതകളോതിനാർ
കാമധാരകദേവ! നിൻ-
ശക്തി സുസ്ഥിരയാക്കുക. 33

പ്രിയപുത്രികളേ! ബുദ്ധ-
ഹൃദയത്തെയിളക്കുവാൻ
കഴിയില്ലതിനാൽ ചെന്നു
തൽപദം പ്രണമിക്കുവിൻ. 34

പ്രാർത്ഥിച്ചു സാദരം ചെന്നു
മങ്കമാർ ജിനദേവനെ
യൌവ്വനോന്മാദചാപല്യം
വിസ്മരിക്കുക നീ വിഭോ! 35

ക്ഷമാശീലൻ മഹാമൌനി
യാശിസ്സേകിയവർക്കവൻ
നമസ്കരിച്ചു സാനന്ദ-
മവർപോയ് നിലയങ്ങളിൽ 36

മാരൻ മായാവിലാസത്താൽ
ത്രപ കൈവിട്ടു സത്വരം
കുലദേവതയായ് മാറി
നഭസ്സിൽനിന്നു ചൊല്ലിനാൻ 37

ബുദ്ധനായ് വരുമെന്നോർത്തു
നിന്നെ വന്ദിച്ചിരുന്നു ഞാൻ
എന്നാശിസ്സുകളാൽത്തന്നെ
ബുദ്ധനായ് തീർന്നിതിന്നു നീ. 38

നാട്ടിൽനിന്നെങ്ങനെ പോയ് നീ
യങ്ങനെ നാട്ടിലെത്തിയാൽ
തഥാഗത മഹാഭാഗ!
നിൻ പേരന്വർത്ഥമായിടും. 39

രത്നത്രയത്തെച്ചിന്തിച്ചും
രാജ്യത്തെ സ്വീകരിച്ചുമേ
പിതൃമാതൃസുഖം പുല്കി-
ത്താലോലിക്കുക പത്നിയെ. 40

ലോകരക്ഷകനായ് പിന്നെ
സൽപുത്രശതയുക്തനായ്
ഭുവനൈകാധിപത്യം നീ
വഹിക്കണമനുക്രമം. 41

ബോധിസത്വപദം പൂകി
സത്യനിർവൃതി നേടിടാം
ഗാർഹസ്ഥ്യധർമ്മം പാലിക്ക-
കപിലാപുരമെത്തുക. 42

ധർമ്മരാജൻ ഭവാനോ മൽ-
പുത്രരും ധർമ്മരാജരാം
നിന്നിച്ഛപോലെ വർത്തിക്കും
കർമ്മവും പിന്നകർമ്മവും. 43

മദനോക്തികൾ കേട്ടേവം
സർവ്വജ്ഞൻ ജിനനോതിനാൻ
മാരൻ നീ നിർണ്ണയം ശാക്യ-
വംശവർദ്ധനനല്ല നീ. 44

നിന്നെപ്പോലുള്ളവർക്കെന്നെ
വഞ്ചിക്കാൻ കഴിവാർന്നിടാ
രാജ്യത്തിലെത്തുവേൻ ധർമ്മ-
ചര്യയാൽ മുക്തി നേടുവേൻ. 45

പരാജിതൻ നീയാത്മീയ-
നിലയം പുക്കുകൊള്ളുക
കാശിക്കു പോകും ഞാൻ ധർമ്മ-
ചക്രം നാട്ടുമസംശയം. 46

അതു കേട്ടകതാർ മങ്ങി
നെടുവീർപ്പിട്ടു മന്മഥൻ
നിസ്സഹായൻ വിഹായസ്സി
ലൂടെ നിലയമെത്തിനാൻ. 47

ഭദ്രാസനം വെടിഞ്ഞിട്ടു
മാരജിത്തായൊരമ്മുനി
ഏകനായിപ്പുറപ്പെട്ടു്
കാശിയിൽ ചെന്നുചേരുവാൻ. 48

കാർമേഘങ്ങൾ നിറഞ്ഞുള്ള
ഗഗനം കണ്ടു ബുദ്ധിമാൻ
മുചിലിന്ദൻ നാഗരാജൻ
ജിനനോടോതി ഭക്തിമാൻ 49

മുനേ! കാൺക! ഭവാനേഴു-
ദിനങ്ങൾ ദുർദ്ദിനങ്ങളാം
ഇരുളും കാററുമേറീട്ടു-
മതിനാലിങ്ങു വാഴുക! 50

മഹാപ്രതാപനെന്നാലു-
മാവചസ്സാദരിച്ചുടൻ
ധന്യാസനസ്ഥനായ് മുററും
ധ്യാനത്തിൽ മുഴുകീ മുനി. 51

മഴയും കാററുമിരുളും,
അഴലേകാതെ ഭംഗിയിൽ
രക്ഷിച്ചു മുചിലിന്ദാഖ്യൻ
സർവ്വരക്ഷകബുദ്ധനെ 52

ദിനമേഴു കഴിഞ്ഞപ്പോ-
ളനുവാദം ലഭിക്കയാൽ
അജപാലവനോപാന്ത-
നദീതീരമണഞ്ഞവൻ. 53

ലാവണ്യപൂരം തൂവുന്ന
ദേവൻ ന്യഗ്രോധനാമകൻ
രാവിൽ സുഗതനെ ചെന്നു-
വന്ദിച്ചുരുളിയിങ്ങനെ. 54

മുജ്ജന്മത്തിലിവൻ നട്ടോ-
രരയാലതിവൃദ്ധനായ്
ബുദ്ധനാമത്തിൽ നിൽക്കുന്നു
ബോധിവൃക്ഷത്തിനൊത്തിതാ. 55

അതിൻ പുണ്യത്തിനാൽ സൗഖ്യം
ഭുജിക്കുന്നിതു വിണ്ണിൽ ഞാൻ
സാന്നിദ്ധ്യം പ്രിയ! നൽകേണ-
മിമ്മരത്തിന്നൊരേഴുനാൾ 56

സമ്മതിച്ചമ്മതം ശാക്യ-
നന്ദനൻ ചന്ദ്രസന്നിഭൻ
ഇരുന്നു മാമരച്ചോട്ടിൽ
പുൽവിരിപ്പിൽ സമാധിയിൽ. 57

ഏഴുനാൾ പോയതിൻശേഷം
ക്ഷീരികാവനസീമയിൽ
താലമൂലസ്ഥനായ് ധ്യാന-
ലോലനായ് മേവിയമ്മുനി 58

അങ്ങുരു രാവും പകലു-
മേഴേഴ ദിവസം യമി
ആഹാരമില്ലാതീലോക-
മുദ്ധരിക്കാൻ ചരിക്കയായ്. 59

അഞ്ചൂറശ്വങ്ങളും പിന്നെ
വിത്തവും വേണ്ടതുള്ളവർ
ഭല്ലികാത്രപുഷാഖ്യന്മാർ
വടക്കുള്ള വണിക്കുകൾ. 60

പ്രേതബാധയിൽനിന്നങ്ങു
മോചനംവന്നമൂലമായ്
പൂജിച്ചു പായസം നൽകി
ദേവനാശിസ്സവർക്കുമേ. 61

വിഹാരനിർമ്മിതിക്കാത്മ–
സാഹ്യവും ഭൂരിവിത്തവും
കാഴ്ചവച്ചമിതാനന്ദ–
സുന്ദരം പോയ് വണിക്കുകൾ. 62

ക്ഷീരികാവനമാന്നേക–
നാരി, നൽകിയ ഭോജനം
ആഹരിച്ചവളെദ്ദേവ–
നാശംസിച്ചു മഹാമതി. 63

നാലു ഭൂവരരർപ്പിച്ചു
നാലു നന്മണിഭാജനം
ഓരോന്നിലും പകന്നിട്ടു
പായസത്തെ സ്വാദിച്ചവൻ 64

ഹരീതകീഫലം നൽകി–
യൊരുനാൾ ജിനനായ് ഹരി
ഫലം ഭുജിച്ചു ബീജത്തെ
മുളപ്പിച്ചു മുനീശ്വരൻ 65

ഇന്ദ്രൻ സുരരെയീ വാർത്ത-
യറിയിച്ചതി കൌതുകം
അതിനെ സേചനംചെയ്തു
വന്ദിച്ചൂ സുരർ മർത്ത്യരും. 66

ഹരീതകിക്കെഴും വാർത്ത,
പൂർവ്വജന്മാനുഭൂതിയും
ഓർമ്മിച്ചു ഗോഭദ്രികാഖ്യ
ദേവകന്യകയെത്തിനാൾ. 67

ജീർണ്ണവസ്ത്രം വലം കൈയിൽ
വഹിക്കും ദിവ്യകന്യക
വന്ദിച്ചു ജിനനോടോതി
മന്ദസ്മിതമനോഹരം 68

അറിയിക്കുന്നു ഞാൻ ബുദ്ധ!
ജീർണ്ണവസ്ത്രം ഗ്രഹിക്ക നീ
ഇതിൻ മഹത്വംമൂലം ഞാൻ
വഹിപ്പൂ ഭദ്രികാഖ്യയെ. 69

ഇതിൻ മഹാപ്രഭാവത്താൽ
ബോധിസത്വത കൈവരും
ഏവമാശിസ്സുരച്ചിട്ടാ-
ജീർണ്ണവസ്ത്രം കൊടുത്തവൻ. 70

ജീർണ്ണവസ്ത്രം സമീക്ഷിച്ചു
വിസ്മയംപൂണ്ട വാനവർ
വർഷിച്ചു വർദ്ധിതോത്സാഹം
ദിവ്യ പട്ടാംബരങ്ങളെ. 71

സന്ന്യാസത്തിനിണങ്ങാത്ത-
തെന്നോർത്തവയിലൊന്നുമേ
ഗ്രഹിച്ചീലതു ഗാർഹസ്ഥ്യ-
ഭാവുകക്കേയിണങ്ങിട്ടു. 72

പ്രക്ഷാളനത്തിനായ് സ്വച്ഛ-
ജലമിച്ഛിച്ചു മാമുനി
നിർമ്മിച്ചു നൽകിനാനിന്ദ്രൻ
ജലരമ്യസരിത്തിനെ. 73

എത്തിച്ചു നാലു ശിലകൾ
നാലു രാജ്യധുരന്ധരർ,
ഒന്നിൽ ദേവനിരുന്നൊന്നിൽ
ക്ഷാളനംചെയ്തു നിർഭരം 74

ശോഷണംചെയ്തു മറ്റൊന്നിൽ
ഒന്നു മേൽപ്പോട്ടെറിഞ്ഞുപോൽ
ശിലാപുരത്തിൽ വീണോരാ-
ശിലയത്ഭുത ദാത്രിയായ്. 75

ബുദ്ധദേവാലയം തീർപ്പി-
ച്ചവിടെ ത്രപുഷഭല്ലികർ
ശിലാഗർഭമതെന്നാഖ്യ-
യതിന്നേകി മഹാശയർ. 76

ചൈത്യമായ്ത്തീർന്ന ശിലയെ
പൂജിച്ചു പുണ്യകാംക്ഷികൾ
പുണ്യാഖ്യയാം നവ്യസരി-
ത്തൊഴുകീയതിഭംഗിയിൽ 77

പുണ്യാനദിയിൽ നീരാടി
ശിലാചൈത്യം ഭജിച്ചിട്ടു
ബോധിസത്വമഹാത്മാക്കൾ
നേടുന്നു നിത്യനിർവൃതി. 78

പിന്നെ പനമരച്ചോട്ടി-
ലിരുന്നരുളിയാ ജിനൻ
സ്വയം ചിന്തിച്ചു ഞാൻ നേടി
സത്യജ്ഞാനം സമുജ്ജ്വലം. 79

അജ്ഞാനജടിലം ലോക-
മറിയുന്നില്ലിതൊന്നുമേ
നിന്ദിക്കുന്നെന്നെയും സത്യ-
ജ്ഞാനത്തേയും പ്രഗൽഭിതൻ. 80

വിദ്യയാൽ സ്വയമെത്തേണ്ടും
ധർമ്മം ഞാൻ ചൊൽവതെങ്ങനെ?
ഏകാന്തവാസിയായ് ലോക-
മുദ്ധരിക്കാൻ ശ്രമിക്കുഭവൻ. 81

മുൻപ്രതിജ്ഞയെയോർമ്മിച്ചു
വീണ്ടും ചിന്തിച്ചിതേവിധം
ലോകത്തെയുദ്ധരിച്ചീടാ-
മെന്നുള്ളിൽ നിനവെത്തവേ. 82

നെററിത്തടത്തിൽനിന്നാത്മ-
തേജസ്സിൻ വളർകാന്തിയെ
ചൊരിഞ്ഞു പാരം ശോഭിച്ചു
ധ്യാനലീനൻ മുനീശ്വരൻ. 83

പിറേറന്നുഷസ്സിൽ ദേവന്മാർ
പിന്നെ മാനവവര്യരും
വന്നപേക്ഷിച്ചു, സദ്ധർമ്മ–
ചക്രം സ്ഥാപിച്ചു നൽകുവാൻ. 84

മൌനാനുവാദസംതൃപ്ത–
രാലയം പൂക്ക പിന്നവർ
ധ്യാനൈകനിരതൻ മൌനി
മേവിനാനതിനിശ്ചലം. 85

ചോദിച്ചു ധർമ്മരുച്യാദി–
നാലു ദേവതമാരുടൻ
പ്രതിഷ്ഠിക്കുവതെങ്ങീ–
ധർമ്മചക്രം ജഗൽഗുരോ! 86

കാശിയിൽ ധർമ്മചക്രം ഞാൻ
മൃഗദാവത്തിൽ നാട്ടുവേൻ
നാലാമാസനമാന്നിട്ടീ
ലോകത്തെ കാത്തുകൊള്ളുവേൻ. 87

ചിന്തിച്ചു പിന്നെയും ശാക്യ–
ഭഗവാൻ പരിപാവനൻ
ആക്കുവേണ്ടീട്ടു സദ്ധർമ്മ–
ചക്രം നാട്ടുവതിന്നു ഞാൻ. 88

അരാഡരുദ്രകന്മാരെ,
പിന്നേ ഭദ്രീയരൈവരെ
ധ്യാനദൃഷ്ടിയിലൂടേയാ
മുനി ദർശിച്ചു കാശിയിൽ. 89

മാഗധീചര്യയാലേററം
മാന്യനാമമ്മഹാമുനി
പുറപ്പെട്ടു സസന്തോഷം
കാശിയിൽ ചെന്നുചേരുവാൻ 90

ധർമ്മപ്രഭാപ്രകർഷത്താ-
ലാക്കമാനന്ദമേകുവോൻ
ഗയയ്ക്കു നേർവടക്കായി-
ഗ്ഗമിച്ചു മുനിപുംഗവൻ. 91

സുദർശനാഖ്യനാഗന്റെ
ഭവനംപുക്കു രാത്രിയെ
നയിച്ചുഷസ്സിൽ സാനന്ദ-
മാഹരിച്ചു ഗമിച്ചുപോൽ 92

ബണാരയ്ക്കു സമീപത്തിൽ
വൃക്ഷത്തണലിലാന്നവൻ
ബ്രഹ്മത്തിൽ ജവമെത്തിച്ചു
നന്ദീനാമകവിപ്രനെ 93

ബണാരയിലൊരുത്തന്റെ
ഗേഹത്തിൽ പാർത്തു രാത്രിയിൽ
ആഹരിച്ചു വിഭാതത്തി-
ലാശിസ്സേകിഗ്ഗമിച്ചവൻ. 94

ബുന്ദവീരസ്ഥയക്ഷന്റെ
വീട്ടിൽ പിന്നൊരു രാത്രിയെ
നയിച്ചു പാൽ കുടിച്ചിട്ടു
വിഭാതത്തിൽ ഗമിച്ചവൻ. 95

രോഹീതവസ്തുകോദ്യാന
മെത്തവേയമ്മുനീന്ദ്രനെ
പൌരരോടൊത്തു നാഗേശൻ
ചെന്നു പൂജിച്ചു സാദരം. 96

കാരുണ്യമസൃണൻ വീണ്ടും
ദൂരദ്ദൂരം ചരിക്കവേ
എത്തി ഗന്ധപുരം, ഗന്ധ-
യക്ഷൻ പൂജിച്ചു പുണ്യവാൻ. 97

"സാരഥീപുര"പൌരന്മാ-
ക്കാശിസ്സേകി നടന്നുപോയ്
ദേവൻ, നാവികനോടോതീ
ഗംഗാതീരത്തിലെത്തവേ. 98

"സാധോ! സദയമെത്തിക്ക
ഗംഗയ്ക്കക്കരെയെന്നെ നീ
ഇല്ല കൂലിതരാനൊന്നും"
ആവില്ലെന്നോതി നാവികൻ. 99

"നിസ്സ്വൻ ഞാൻ" എന്നുൽഗമിച്ചാൻ
വാനിലൂടൊരു പക്ഷിപോൽ;
സന്യാസിമാർക്കന്നുമുതൽ
തോണിക്കൂലിയെഴാതെയായ്. 100

കാശിയിൽ ചെന്നു സൌഭാഗ്യ-
തേജസ്സിൻ നിധിയാം ജിനൻ,
ജനങ്ങൾക്കമിതാനന്ദ-
വിസ്മയങ്ങൾ വളർത്തുവോൻ. 101

ശംഖമേധീയമെന്നുള്ള
പൂവനത്തിലിരുന്നവൻ
നയിച്ചു രാത്രിയെ,പ്പാരം
വിസ്മയിപ്പിച്ചു ലോകരെ. 102

പിച്ചയാചിച്ചു ഭക്ഷിച്ചു
പിറേറന്നുജ്ജ്വലകാന്തിമാൻ
മഹാവിഷ്ണുസമൻ, പിന്നെ
മൃഗദാവത്തിലെത്തിനാൻ. 103

ജിനനെക്കണ്ടു ഭാദ്രീയ—
രൈവരോതീ പരസ്പരം
വ്രതഭംഗം ഭവിച്ചോരാ
ഗൌതമൻ വന്നിടുന്നിതാ. 104

അജിതേന്ദ്രിയനായേററ—
മാത്മവഞ്ചകനാമിവൻ
സുഖൈകസക്തനാം നവ്യ—
ബാഹുലൻതന്നെ നിർണ്ണയം. 105

അതിനാലിവനോടൊന്നു-
മുരിയാടരുതാരുമേ
സ്വീകരിക്കുക, പൂജിക്ക,
യൊന്നും വേണ്ട നിരർത്ഥമാം. 106

നിർണ്ണയം കുശലപ്രശ്ന—
മാപത്തേകുമതോർക്കണം
അകത്തേയ്ക്കു കടന്നിടാൻ
സമ്മതിക്കരുതാരുമേ. 107

അവർക്കെഴും വിചാരങ്ങ-
ളറിഞ്ഞാ മുനിസത്തമൻ
ഖിക്ഖിരീപാത്രസംയുക്ത-
നെത്തീ സത്വരമന്തികം. 108

ആസനത്തിന്നഹോ! ശീഘ്ര-
മെഴുന്നേററവരെവരും
എരിയും പഞ്ജരത്തിന്ന-
ങ്ങുയരും കിളികളെന്നപോൽ. 109

പാത്രാദിവാങ്ങിസ്സൂക്ഷിച്ചും
പാദ്യാർഘ്യാദികൾ ചെയ്തുമേ
ചോദിച്ചു സാദരാനന്ദം
ധീമൻ! കുശലമല്ലയോ? 110

നമുക്കു കുശലംതന്നെ
നേടീ ദുർലഭസിദ്ധി നാം
ഏവം പറഞ്ഞു ഭഗവാൻ,
അവരോടോതി വീണ്ടുമേ. 111

ആയുഷ്മാനെന്നുരയ്ക്കാതെ
ജിനനെന്നെന്നെയോതുവിൻ!
ധർമ്മചക്രം പ്രതിഷ്ഠിച്ചു
നൽകാനായ് വന്നിതിങ്ങു ഞാൻ. 112

പ്രവ്രജിക്കുവിനീ നിങ്ങൾ
നിർവ്വാണപദമേലുവിൻ
കൈവച്ചു, തലയിൽ ദേവ-
നവർക്കേകിയനുഗ്രഹം. 113

ഭിക്ഷുക്കൾതൻ പ്രാർത്ഥനയെ
സ്വീകരിച്ചമ്മുനീശ്വരൻ
പൊയ്കയിൽ പോയ് കളിച്ചാത്മ-
ധ്യാനത്തിങ്കൽ നിലീനനായ്. 114

മൃഗദാവജിനക്ഷേത്ര-
മിവിടെന്നോർമ്മയെത്തവേ
ഭാദ്രികന്മാരുമായ് വേഗ-
മവിടെത്തീ തഥാഗതൻ. 115

ഭദ്രാസനങ്ങൾ നാലെണ്ണ-
മവിടെക്കണ്ടു സൌഗതൻ
മൂന്നാസനങ്ങളെക്കുപ്പി,
മററതിൽ ചെന്നിരിക്കയായ്. 116

ഭദ്രാസനസ്ഥരായ് മൂന്നു
ബുദ്ധന്മാർ നേടി നിർവൃതി
പ്രിയഭാദ്രികരേ! കേൾപ്പിൻ
നാലാമത്തവനാണു ഞാൻ. 117

ഈവണ്ണം ശ്രീധനൻ ചൊന്നമലമണിലസൽ
ദിവ്യപട്ടാംബരശ്രീ-
യാളും ധർമ്മാസനത്തെ തൊഴുതതികുതുകം
രാജരാജാഭിവന്ദ്യൻ,
ആഷാഢത്തുനിലാവും സുരഗുരുദിനവും
വൈഷ്ണവം പക്കവും ചേ-
ന്നെത്തീ സൽബ്രാഹ്മലക്ഷ്മീ സമയമുടനുര-
പ്പിച്ചു സദ്ധർമ്മചക്രം. 118

ധർമ്മചക്രപ്രവർത്തനാദ്ധ്യേഷണം
എന്ന പതിനഞ്ചാം സർഗ്ഗം.

# സർഗ്ഗം 16

മൈത്രീയഭാദ്രികർക്കായും-
പാർഷതക്കായുമുത്തമം
പ്രവത്തിപ്പിച്ച സദ്ധർമ്മ-
ചക്രം, ശാക്യജമാമുനി. 1

കേഠംപ്പിൻ! സഹജസൌഹാർദ്ദ-
സൌജന്യസദനങ്ങളേ!
മുൻമുനീശ്വരസൂക്തങ്ങഠം
വ്യാഖ്യാനിക്കുകയാണു ഞാൻ. 2

ഭിക്ഷുവിൻ വ്രതചര്യയ്ക്കു
വിഘ്നകാരികഠം രണ്ടുതാൻ,
കാമോന്മാദമെഴും ഗ്രാമ്യ,
നറിവില്ലാത്ത മർത്ത്യനും. 3

രോഗക്ലേശങ്ങളാന്നോനും
മനോദുഃഖനിമഗ്നനും
അനത്ഥജാലം ചൂഴ്ന്നോനും
പരിവ്രാജകനായിടാ. 4

വിരക്തി ബ്രഹ്മചര്യങ്ങഠം
വ്രതമോക്ഷങ്ങളെന്നിവ
നിനയ്ക്കാൻപോലുമാവാത്ത
നിലയാണിരുവക്കുമേ. 5

ശരീര മാനസങ്ങൾക്ക-
ദൌർബല്യം പാരമേറിയോർ
ജ്ഞാനനിർവ്വാണലക്ഷ്യങ്ങ-
ളെത്തുവാനിടയെത്തിടാ. 6

സുഖദുഃഖങ്ങളിൽ പിന്നെ
ശ്രേയസ്സിലുമൊരേവിധം
പതറാതെ ജഗൽക്ഷേമ-
രതനായ് സ്ഥിതിചെയ്യണം. 7

ഉപദേശിക്കണം ധർമ്മം
ജഗത്തിന്നു തഥാഗതൻ
ആര്യസത്യത്തിൽനിന്നത്രേ
സദ്ധർമ്മത്തിൻ സമാഗമം. 8

ആര്യാഷ്ടാംഗികമാർഗ്ഗത്തെ
സംബുദ്ധനരുൾചെയ്യണം
ജ്ഞാനം ലഭിക്കയാലിന്നു
നൂനം സംബുദ്ധനായി ഞാൻ. 9

അതിനാലാര്യസത്യത്തിൻ
വൈവിധ്യങ്ങളശേഷവും
വിവരിച്ചു ജഗത്തിന്നു
സുഖനിർവൃതി നൽകുവേൻ. 10

ആര്യസത്യം ശ്രവിക്കേണം
ഗ്രഹിക്കേണമതിൻ പൊരുൾ
സുഖനിർവൃതി ലോകത്തെ
ദർശിപ്പിക്കുമസംശയം. 11

സർവബുദ്ധപ്രസാദത്താൽ
സ്വയം ഞാനേതു നേടിയോ?
ബ്രഹ്മചാരികളായ് നിങ്ങ–
ളതു സാക്ഷാത്കരിക്കണം. 12

സത്യനിർവൃതി സിദ്ധിക്കാ
നുപയോഗാർഹമായിട്ടും
അഷ്ടാംഗമാർഗ്ഗവിജ്ഞാന
മാർജ്ജിപ്പിൻ സഹജാതരേ! 13

ആര്യസത്യം മുതൽക്കുള്ള
വ്രതവൈവിധ്യമേതുവേൻ
ധർമ്മങ്ങളേതിലും നന്നാ–
ണാര്യസത്യം സഗർഭ്യരേ! 14

നിർവാണനിധി സിദ്ധിക്കു
മാര്യസത്യമറിഞ്ഞവർ
അഷ്ടാംഗമാർഗ്ഗവിജ്ഞന്മാർ
സംസാരത്തെയകററണം. 15

അഷ്ടാംഗമാർഗ്ഗമോർമ്മിച്ചു
സവ്രതം സഞ്ചരിക്കുവിൻ!
വിശ്വാസമിതിലില്ലാത്തോർ
മററുമാർഗ്ഗ പ്രവാചകർ. 16

സംസാരസാധനം ധർമ്മ
മെന്നോതും ചിലരിച്ചുപോൽ
പുണ്യം മുക്തിയെ നൽകുന്നി
തെന്നന്യരരുളുന്നിതേ. 17

സ്വാഭാവികമിതെന്നേകർ,
മുൻകർമ്മഫലമായ് ചിലർ,
എല്ലാം ദൈവഹിതംതന്നെ
യോതുന്നിങ്ങനെയാളുകൾ 18

സുഖദുഃഖങ്ങളിൽനിന്നും
പുണ്യപാപങ്ങളെത്തുകിൽ
എന്തുകൊണ്ടു വരാ സൗഖ്യം
ധർമ്മമില്ലായ്മയിങ്കലും 19

രൂപസൗഭാഗ്യഭാഗ്യാദി
ഭേദങ്ങൾ, എങ്ങനെ വരും?
മുൻകർമ്മമെന്നതില്ലെങ്കിൽ
നന്മതിന്മകളെങ്ങനെ? 20

കർമ്മത്തിൻ ഹേതുവായിട്ടു
കർമ്മത്തെ സ്വീകരിക്കവോർ
സ്വാഭാവികം ജഗത്തെങ്കിൽ
കർമ്മശക്തിയെ വാഴ്ത്തുമോ? 21

സുഖത്തിൻഹേതു സുഖമാം
ദുഃഖത്തിൻ ഹേതു ദുഃഖവും
ഭവത്തിൽനിന്നു മോക്ഷത്തെ
തപസ്സെങ്ങനെ നൽകിടും? 22

ദൈവം കാരണമാണെന്ന
തരുളുന്നറിവററവർ
സർവ്വസംപൂജ്യനാം ദൈവം
പക്ഷപാതിത്വമേലുമോ? 23

ഈവണ്ണമറിവില്ലാത്തോർ
ദൈവമില്ലെന്നു ചൊല്ലുവോർ
ദുഷ്കർമ്മഹീനരായ് നൂനം
നരകത്തിൽ പതിച്ചിടും. 24

ആര്യജ്ഞാനമിയന്നുള്ള
സൽക്കർമ്മഗുണശാലികൾ
സ്വർഗ്ഗലോകത്തിലെത്തീടും
ചിത്തശുദ്ധി വളർന്നവർ. 25

സംസാരരതമീ ലോകം
ക്ലേശജാലവിധേയമായ്
ജരാമൃതികളാർന്നീടും,—
ജനിക്കും വീണ്ടുമെന്തിനോ? 26

ബുദ്ധിശാലികളുണ്ടേറെ
ജീവിതദ്യുതി വാഴ്ത്തുവോർ
ഇല്ലൊരുത്തനുമീമന്നിൽ
സൂക്ഷ്മനിർവൃതിയോരുവോൻ 27

അഞ്ചുഭാഗമെഴും ദേഹം
പഞ്ചഭൂതസമുൽഭവം
ആത്മാവല്ലാതെ മറ്റെല്ലാം
തോന്നലാൽ മാത്രമുള്ളതാം. 28

മായാപ്രഭാവജം വിശ്വം
പ്രവർത്തിക്കുന്നു സർവദാ
തൽക്കർമ്മസംനിരോധം താൻ
നിവൃത്തിക്കേകകാരണം. 29

അറിഞ്ഞു സത്യമീ വിശ്വ-
ക്ഷേമമിച്ഛിച്ചിടുന്നവൻ
ജീവജാലങ്ങളിൽ സ്നേഹ-
ശീലനായ് സഞ്ചരിക്കണം. 30

ജയിച്ചു മാരനെപ്പിന്നെ
ദുഷ്ടരേ വെന്നു ഭിക്ഷുവായ്
ഭൂതഭാവികളെക്കണ്ടു
നിത്യനിർവൃതി നേടണം. 31

വിരക്തി വാച്ചു ഭൂലോക-
സുഖനിസ്പൃഹനാകവേ
മിഥ്യാബോധജമീ വിശ്വം
നിലനില്ക്കില്ല നിർണ്ണയം. 32

സംസാരക്ലേശമേലാതെ
വൈരാഗ്യമിയലും ജനം
മായാജന്യജഗൽസ്നേഹം
കൈവെടിഞ്ഞു വസിക്കണം. 33

മിഥ്യാബോധസ്ഥിതം വിശ്വം
നിശ്ശേഷം മാഞ്ഞു മാറവേ
ആലംബഹീനനാത്മാവു
സുഖനിർവൃതി പൂകിടും. 34

നിർമ്മലാശയരേ! കേൾപ്പിൻ
മംഗളോജ്ജ്വലചെയ്തികൾ
തോന്നലിൻ വകഭേദങ്ങ-
ളോരോന്നും ഞാനുരച്ചിടാം. 35

ദുഃഖശാഖകളാൽ വാച്ച-
സംസാരവിഷവൻമരം
വേരാണതിന്നീയജ്ഞാന-
വാസനാശക്തി,യോരുവിൻ! 36

കായവാങ്മാനസങ്ങൾക്ക
സംസ്കാരമതിനാൽ വരും
സംസ്കാരോദിതവിജ്ഞാനം
മനഃപഞ്ചേന്ദ്രിയാത്മകം. 37

തൽപ്രത്യയം നാമരൂപം
സംജ്ഞാസന്ദർശനാഖ്യമാം
ചേതസ്സമഞ്ചിന്ദ്രിയവും
ഷഡാധാരവുമായിടും. 38

ഷഡാധാരസമൂഹത്തെ
സ്പർശമെന്നു നിനയ്ക്കണം
സ്പർശപ്രതീതിയെപ്പിന്നെ
വേദനാഭിധയായുമേ. 39

അതിനാൽ വിഷയക്ലേശ-
രാഗതൃഷ്ണകളെത്തിടും
കാമാദിയിലുദിക്കുന്നു
തഴയ്ക്കുന്നതിശക്തിയിൽ. 40

മായാവൈഭവസഞ്ജാതം
രാഗതൃഷ്ണാകുലം ഭവം
നാനായോനികളിൽ ജീവ-
ജാലജാതിസമാകുലം. 41

ജരാമരണശോകാദി
സർവ്വജാതി നിസർഗ്ഗജം
അവിദ്യാദി നിരോധത്താ-
ലതിന്നവൃതി വന്നിടും. 82

വൃഥാ തോന്നും വിശ്വം ബഹുവിധമവിദ്യാകൃതപദം
സദാ നേരോർമ്മിപ്പിൻ വിജനവന വിശ്രാമരതരേ!
സ്ഥിരജ്ഞാനം നേടീ വിരവിലമല ധ്യാനപരരാം
പരാത്മാസക്തർക്കതിരു ചിരനിവൃത്തിത്വമിയലാം. 43

ഇതു നിങ്ങളറിഞ്ഞിട്ടു
ഭവബന്ധമകററുവാൻ
ദുഃഖഹേതുകമായീട്ട-
മജ്ഞാനം ശൂന്യമാക്കുവിൻ. 44

ഭവബന്ധങ്ങൾ വേർവിട്ട-
ഭവുകദ്യുതി വായ്ക്കവേ
നിർമ്മലാശയരാം നിങ്ങൾ
നിത്യനിർവൃതി നേടുവിൻ. 45

മുനീന്ദ്രവചനം കേട്ടു
ഭിക്ഷുവര്യരശേഷവും
ചിന്തിച്ചു ഗാഢം സംസാര-
വൃത്തിയും തന്നിവൃത്തിയും. 46

ബ്രഹ്മചാരികളാമഞ്ച-
പേരെയും നോക്കിയാജിനൻ
ജ്ഞാനസിദ്ധിക്കിണങ്ങീടും
പ്രജ്ഞയെപ്പററിയോതിനാൻ. 47

അരുൾചെയ്തു മഹാഭിക്ഷു
മൈത്രേയൻ, ചൊൽക സദ്ഗുരോ!
ധർമ്മചക്രപ്രതിഷ്ഠയ്ക്കു
ഹേതുവും തൽസ്വരൂപവും. 48

മൈത്രേയവചനം കേട്ടു
മന്ദസ്മിതമനോഹരൻ
ഭഗവാനരുളിച്ചെയ്തു
സൂക്ഷ്മസാത്ഥകസൂക്തികൾ. 49

ധർമ്മചക്രം പ്രതിഷ്ഠിച്ചേ-
നതിഗംഭീര,സൂക്ഷ്മകം,
ഇതിൽ ന്യൂനമിറങ്ങില്ലാ
തീർത്ഥകമ്മന്യരാരുമേ. 50

ജലേന്ദുപ്രതിനാദംപോൽ
മായാരശ്മിക്കിനാവുപോൽ
ആത്മനൈരാത്മ്യമേലാതി
ധർമ്മചക്രം വിളങ്ങിടും. 51

വിവിക്തം പ്രകൃതിശ്ശൂന്യ-
മനിമിത്തമലക്ഷണം
സമതാധർമ്മനിർദ്ദേശം
ധർമ്മചക്രമിതോരുവിൻ. 52

ശ്രീബുദ്ധചരിതമഹാകാവ്യം
പതിനാറാംസർഗ്ഗം

# സർഗ്ഗം 17

### വൃത്തം കേക

ശാക്യമാമുനി ചൊന്ന ധർമ്മമാഹാത്മ്യം കേട്ട
ശാശ്വതാനന്ദോന്മുഖരായ താപസമുഖ്യർ,
പൂജിച്ചു ഭക്തിപൂർവ്വം, തദ്വാക്യശ്രവണാശാ-
പൂരിതഹൃദയരായ് വേർപിരിഞ്ഞതിൽപിന്നെ,
ആഷാഢമാസത്തിലെയസിതപക്ഷത്തിങ്കൽ
ദ്വാദശി, തിരുവോണം, സോമവാരവും ചേർന്നു-
വന്ന നന്മുഹൂർത്തത്തിൽ, ഭുവനമുദ്ധരിക്കാ-
നന്നിദ്രമനസ്കനായ് ഭഗവാൻ പുറപ്പെട്ടു.
മൃഗദാവത്തിൽ വന്ന മുപ്പതു വൈദികർക്കു
ഭഗവാൻ, ധർമ്മഭിക്ഷുപദവി, കനിഞ്ഞേകി,
നന്ദനരത്നങ്ങളെ കാശിയരദ്ദേഹത്തിൻ-
ചെന്തളിരടികളിലർപ്പിച്ചു പുണ്യം നേടി.
കോവിദാഗ്രണികളാം മുപ്പതു വൈദികരെ-
ശ്ശ്രാവകരാക്കി, ധർമ്മചര്യകളവർക്കേകി,
സദ്വിജമൈത്രായണീപുത്രനെ, സമുത്തുംഗ-
സൽഗുണഗണമേലും ഭിക്ഷുനായകനാക്കി.
വൈദികവരേണ്യനാമജയൻ, തൽപുത്രനാം
വേദവിജ്ഞാനമേരും നാളകനാമകനും,
വിന്ധ്യവാസികളായ ധൃതിയുമജിതനും,
ശിഷ്യസമ്പന്നനായ സഞ്ജയീ ബ്രഹ്മർഷിയും,
തുന്ദിലഹർഷം ചെന്നു തൃപ്പദങ്ങളെ കുമ്പി-
യുന്നതധർമ്മാദർശമാശ്രയിച്ചവരെല്ലാം,

വിന്ധ്യനായകശൈലപത്രനാഗനും ചെന്നു
ബന്ധുരധർമ്മാദർശം ദേവനിൽനിന്നു നേടീ.
ത്രികവ്യംഗ്യകയെന്ന ദേവിയും തൽകാന്തനാ-
മകമ്പ്യനായ വിദ്യാകരനുമാത്മജനാം
അനഘാത്മകവിദ്യാനിധി സഭ്യനും ചെന്നു
ജിനന്റെ തൃപ്പാദങ്ങൾ പൂജിച്ചു പുണ്യാത്ഥികൾ.
വരണാതീരത്തിലെ വൻമരച്ചോട്ടിൽ, ധ്യാന-
പരനായ് ചിരം വാണ വിശ്രുതയശോദാഖ്യൻ
തരസാ തന്നാത്മാവിൽ കഴിഞ്ഞ ജന്മത്തിലെ
ചരിതം നിഴലിക്കേ, മൃഗദാവത്തിലെത്തി
ഭഗവൽപ്പാദം പുൽകിത്തൊഴുതു നിൽക്കുന്നേരം
വിഗതമായാക്ലേശൻ സൂക്ഷ്മദർശനനോതീ.
ജഗത്തിൻ നിത്യക്ഷേമം നേടുവാൻ കൊതിക്കുന്നു
സഗർദ്ധ്യ! ഭവൽതുംഗസാഹ്യം ഞാനാശിക്കുന്നു.
ഭാദ്രികന്മാരും മററു ഭിക്ഷുവര്യരുമായി
സാന്ദ്രകൗതുകം യാത്ര തുടർന്നു തഥാഗതൻ
ചംക്രമമെന്നാണതിൻപേരു, അതിൽ ഗംഗാസരിൽ
സംഗമവിശുദ്ധമാം കാശിയിൽ ചെന്നുചേർന്നു.
ദാരിദ്ര്യവിവശനാം സ്വസ്തികൻ ഭഗവാന്റെ
കാരുണ്യത്തഴപ്പിനാലാപ്തകാമനായ്തീർന്നു.
ഭൂരിസൌഭാഗ്യോജ്ജ്വലഭിക്ഷുനായകനായി
ചാരിതാത്ഥ്യവും ജഗൽപ്രീതിയും ചിരം നേടീ
കാശിരാജനാം ദിവോദാസനും ജനങ്ങൾക്കു-
മാശംസ തുവിത്തൂവി നടന്നു നടന്നുപോയ്
ദേശങ്ങൾ, വിദേശങ്ങൾ, കാനനപ്രദേശങ്ങൾ
ശൈലജാലവും കടന്നണഞ്ഞു ഗംഗാതീരം.

ഗംഗതൻ മറുതീരമെത്തിച്ചു വണങ്ങിയു-
ത്തുംഗഭക്തിയും മധുരാഹനവും കാഴ്ചവച്ചു
നിൽക്കുമന്നാവികനെ, ധർമ്മഭിക്ഷുകനാക്കി
ശാക്യനന്ദനനായ നൂതനമഹാമുനി.

ഗയയിലേയ്ക്കു പോയീ കാശ്യപാശ്രമം പൂകി
നിയതസൌഭാഗ്യശ്രീയാളുമമ്മുനി പിന്നെ
ബഹുവത്സലശിഷ്യവന്ദ്യനാം കാശ്യപനെ
സഹസഞ്ചാരപ്രിയധർമ്മലാലസനാക്കീ.

നിർമ്മലശീലരായ മൂന്നൂറു ശിഷ്യരെത്തി
ശർമ്മദായകമഹാധർമ്മചാരികളായീ.

കർമ്മവൈവിധ്യം സത്യനിർവൃതിമാർഗ്ഗങ്ങളും
നിർമ്മമൻ കനിവാൻ ചൊല്ലിനാനവർക്കായി.

ധർമ്മകാരുണ്യംപൂക്കു പിന്നെയുമെഴുന്നൂറു
സന്യാസിപ്രവരരെ ധർമ്മചാരികളാക്കി
നന്ദികാസുജാതാദി കന്യകാരത്നങ്ങളെ
തുന്ദിലാനന്ദശീലഭിക്ഷുണികളായ് മാററി.

രാജഗേഹത്തിൽച്ചെന്നു ബിംബിസാരാഖ്യനായ
രാജരാജനെ, ധർമ്മതൽപരനാക്കിത്തീർത്തു
മുജ്ജന്മസ്മൃതി നൽകീ നൂതനധർമ്മബോധ-
മുജ്ജ്വലിപ്പിച്ചു ഹൃത്തിന്നതിനൈർമ്മല്യമേകീ.

വേദവിജ്ഞാനമേറുമുപനിഷ്യനെ, ചതുർ-
വേദസാരജ്ഞാഗ്രണിയായ മൌൽഗല്യനെയും
സദ്ധർമ്മരതരാക്കി മാററിയൊരുൽബുദ്ധനാം
സിദ്ധാർത്ഥൻ വിജയിച്ചു, നൂതനബോധിസത്വൻ.

മഗധഭൂവിൽ ഭിക്ഷാപാത്രവും കയ്യിലേന്തി
സ്സുഗതൻ സഞ്ചരിച്ചു ഭുവനസമ്മോഹനൻ

വരവർണ്ണിനീജനമീശന്ന നിവേദ്യംപോൽ
സരസഭോജ്യം നൽകിയാത്മനിർവൃതി നേടീ,
ലോകബാന്ധവൻ വാനിൻനടുവിലെത്തുംവരെ
ലോകജിത്തെത്തുമോരോ ഭവനാങ്കണങ്ങളിൽ,
ആ ജേതൃവിഹാരത്തിൽ പിന്നെത്തുമിവിധത്തി-
ലാനന്ദഭിക്ഷുവൊന്നിച്ചൊരു വത്സരം വാണു.
ആഹാരമില്ലാതൊരു ബോധിവൃക്ഷത്തിൻചോട്ടി-
ലാറുവത്സരമാത്മധ്യാനസുസ്ഥിരനായി
ആസനസ്ഥനായ് വാണു, ബോധത്തിൻവളർദീപ്തി-
യാർജ്ജിച്ച ധന്യാത്മശ്രീ സിദ്ധാർത്ഥൻ വിജയിച്ചു.
വിത്തവിദ്യകളൊരേമട്ടിലൊത്തിണങ്ങിയൊ-
രുത്തമോത്തമനായ കാശ്യപനദ്ദേവനെ
ഭക്തിയോടാരാധിച്ചു സംസാരമഹാബന്ധ-
മുക്തിയെക്കാമിപ്പൊരു പാവനയതീശനായ്.
ഹിമപർവ്വതവാസി നരദത്താഖ്യമുനി-
യമിതാനന്ദം വന്നു വന്ദിച്ചു മുനീന്ദ്രനെ
വത്സലശിഷ്യത്വവും സ്നേഹശീലവുമാർന്നു-
നൽസഹചരനായിപ്പിന്നെ നാളുകൾ നീക്കീ.
ശക്തിയും കമലയുമെന്നുപേരെഴും രണ്ടു
മുഗ്ദ്ധശീലമാർ വന്നു തൃക്കഴൽ കൂപ്പിനിന്നു.
ഇംഗിതമറിഞ്ഞുടനാശിസ്സുമഭികാമ്യ-
ഖിക്ഖിരീപാത്രങ്ങളും നൽകിനാനവർക്കായി.
രുദ്രകാദികളെഴുന്നൂറുപേരാത്മരക്ഷമ-
ഭദ്രമാം ധർമ്മാദർശമുലകിലുയർത്തുവാൻ
ആത്തസൌഹാർദ്ദം ചുററിനടന്നു നാടുതോറും
ബുദ്ധശാസനോദഗ്രമാഹാത്മ്യം വിവരിച്ചു.

രൈവതനെന്ന മഹാമൌനിയാം മുനി, ജിന-
ദേവശാസനമറിഞ്ഞാനന്ദവിവശനായ്
പാവനസ്നേഹം നെഞ്ചിൽ നിറഞ്ഞു ദുഃഖത്രയം
കൈവെടിഞ്ഞൊരു സാധുശ്രമണവരനായി.
ഗാർഹസ്ഥ്യധർമ്മംപോററും ശ്രാവണീയരെ,ശ്ശാന്തി
മാഹാത്മ്യമിയന്നിട്ടും ശ്രമണശ്രേഷ്ഠന്മാരെ,
രോഗദുസ്സഹദുഃഖദഗ്ദ്ധരെ, പലവിധ-
ലൌകികക്ലേശങ്ങളാലുഴലുന്നവരേയും,
ആശ്വസിപ്പിച്ചു ധർമ്മബോധത്തിൻവളർകാന്തി
വിശ്വത്തിൽ വിളയിച്ചു ജയിച്ച ബോധിസത്വൻ
ജേതൃകാരണ്യത്തിങ്കലിരുവത്സരം പാർത്തു
ജേതൃനാമകഭിക്ഷുവര്യനെ വേർപിരിഞ്ഞു.
ശ്രീധനപ്രസാദത്താൽ തസ്കരസംഘത്തിൻെറ
ബാധ കൈവിട്ടുപോന്ന വർത്തകനൊരു ധന്യൻ
സാദരം സമർപ്പിച്ച ഭിക്ഷാപാത്രവുമേന്തി
മേദുരഗുണൻ പോയി രാജഗേഹാന്തികത്തിൽ
സാലപൂർണ്ണമാം വേണുവനത്തിൽ വാഴും മഹാ
ചോരരേകിയ ഭോജ്യം ഭുജിച്ചു സന്തുഷ്ടനായ്
നിർമ്മലനവരെഴുന്നൂറുപേരെയും ശാന്ത-
ധർമ്മചാരികളായ സാധുമാനുഷരാക്കി.
ബുദ്ധനെയാനയിക്കാൻ ഛന്ദകോദായികളെ-
യത്തവ്വിൽ നിയോഗിച്ചു വൃദ്ധനാം ശുദ്ധോദനൻ
സത്വരമവർ വേണുവനസ്ഥവിഹാരത്തി-
ലെത്തിയാ ദേവനോടു കണ്ണുനീർപൊഴിഞ്ഞോതി.
നിർമ്മലാശയനായ താതനും ഭവൽസഹ-
ധർമ്മിണി യശോധരാദേവിയും, തനയനും,

കല്മഷവിഹീനയാം ഗൌതമീജനനിയും,
നിൻമുഖദർശനത്തെക്കാത്തുകാത്തിരിക്കുന്നു.
ഭവ്യദർശന! നിൻെറ നീണ്ടൊരീ വേർപാടിനാൽ
ദുർവ്വഹമായിത്തീൻ ജീവിതമിവർക്കെല്ലാം
നിന്തിരുമേനി മാതൃഭൂമിയിലെത്തണേ വേഗം
ബാന്ധവനയനങ്ങൾ പീയൂഷം നുകരട്ടെ.
പാവനാശയ! ഭവൽദർശനത്തിനാലാത്മ-
ജീവിതസൌഭാഗ്യശ്രീ ഞങ്ങളുദ്വഹിക്കുന്നു.
ഭാവുകപ്രദമതിഭാസ്വരമിസ്സൌഭാഗ്യം
ഭാവമോഹനം പൌരരേവരും സ്വദിക്കട്ടെ,
സ്നേഹമോഹന വിഭോ! ശാക്യസാഗരജാത-
രാഹുലബാലചന്ദ്രനങ്ങയോടപേക്ഷിപ്പൂ.
ആഗമിക്കണേ വേഗം, കപിലാരാജ്യത്തിൻെറ
ഭാഗധേയമേ! കനിവെങ്ങളിലുതിരണേ.
വൃദ്ധനാം ശുദ്ധോദനജനകനാജ്ഞാപിപ്പൂ
സത്വരം ഭവാൻ തിരുസന്നിധാനത്തിലെത്താൻ.
ആവിലമനസ്കനാം താതനെ, യശോധരാ-
ദേവിയെ, ശാക്യനവ്യനിധി രാഹുലനേയും
ഓർമ്മിച്ചു ഭവാൻ മാതൃഭൂവിലേയ്ക്കെഴുന്നെള്ളാ-
നുണ്മയിൽ വിചാരിക്ക ചരിക്ക സദ്ധർമ്മത്തെ.
ബാന്ധവസന്ദർശനസൌഭാഗ്യം നിരസിപ്പ-
താത്മഹത്യയെക്കാളുമാര്യനിന്ദിതമല്ലീ?
"ആട്ടെ നാം വരാം" എന്നു ഭഗവാനരുൾചെയ്തു
കേട്ടു സന്തുഷ്ടരായ ഛന്ദകോദായികളും
ദേവനും മഹാഭിക്ഷുവര്യരാം ശ്രാവകരു-
മാ വേണുവനത്തിൽനിന്നുടനെ പുറപ്പെട്ടു,

നടന്നു നഗരങ്ങളെന്നല്ല കുഗ്രാമങ്ങൾ,
കടന്നു കാനനങ്ങൾ, ശൈലഭൂഭാഗങ്ങളും,
ധർമ്മബോധത്തിൻ വളർകാന്തിയാൽ പരിസരം
നിർമ്മലമാക്കും ജിനൻ നിഗ്രോധവനം പൂകി.

പുത്രദർശനസുഖം പേർത്തുമോർത്ത്യാനന്ദ-
മത്തനാം നൃപൻ വാർത്ത പൗരരെയറിയിച്ചു,
സത്തമനായ ദേവദത്തനുമൊത്തു രാജ-
പത്തനഹർമ്മ്യത്തിങ്കലുത്സുകനായി മേവി.

രാജഹർമ്മ്യത്തിൻദ്വാരമെത്തവേയൊരു ഭിക്ഷു-
രാജനെ നിയോഗിച്ചു താതസന്നിധാനത്തിൽ
സത്വരം ചെന്നു കഴൽ കുമ്പിട്ടു വഴിപോലേ
തൻ സമാഗമവാർത്ത സാദരമുണർത്തുവാൻ.

ശാക്യമാമുനി കാണ്മാനെത്തിയെന്നറിയിച്ചു
ശാക്യരാജനെയുദായ്യാഖ്യനാം മഹാഭിക്ഷു.
ആനന്ദബാഷ്പാവിലമാസനോത്ഥിതൻ വെമ്പി
മാനവേശ്വരൻ നിജഭാഗധേയത്തെ പുൽകാൻ.

പുത്രദർശനംകൊണ്ടു പരമാനന്ദം പൂണ്ടു-
വൃദ്ധനാം നൃപൻ കൂപ്പി ഭഗവൽപാദങ്ങളിൽ
ബ്രഹ്മവിഷ്ണ്വീശ്വരന്മാരാത്മജസ്വരൂപത്തിൽ
തന്മനോമുകുരത്തിൽ പ്രതിബിംബിച്ചുനിന്നു.

ദ്വാദശാകാരധർമ്മം ഗൌതമനരുൾചെയ്തു
ഗൌതമീജനനിക്കും സ്ത്രീകൾക്കുമാശിസ്സേകി.

സുപ്രജകൾക്കു നവ്യനയനോത്സവം നൽകി
സുപ്രബുദ്ധത ശുദ്ധോദനനുമുദിപ്പിച്ചു.
ആനന്ദപരിപൂർണ്ണനായ മന്നവൻ പിന്നെ
സ്നാനഭോജനസൌഖ്യമവർക്കേവർക്കും നൽകി

ആത്മജവിപ്രയോഗം വിസ്മരിക്കുവാൻ പോരു-
മാത്മസംയമനവുമത്തുത്തതരമാർന്നു.
തേജസ്സിൻനിധി യുവമാമുനിവരൻ ശാക്യ-
രാജകീയാതിഥ്യത്തെ സ്വീകരിച്ചതുനേരം
സ്പന്ദനമാർന്നു ഭൂമി, ദിങ്മുഖം തെളിവാൻറു,
മന്ദമാരുതൻ പരിപൂർണ്ണസൌരഭം വീശി.
വ്യോമചാരികളായ ദേവകളാനന്ദത്താൽ
പൂമഴ ചൊരിഞ്ഞുള്ളംതെളിഞ്ഞു നൃത്തംചെയ്തു.
തിളങ്ങും തങ്കക്കതിർമാലപോൽ വളർകാന്തി
കിളർന്നുനിന്നു ദീപനാളങ്ങളൊളിതൂവി.
ലോകത്തിൽ ജനിമൃതിരോഗജങ്ങളാം തീവ്ര-
ശോകങ്ങൾ മാറാനുള്ള മാർഗ്ഗമൊന്നാരായുവാൻ
ആശിച്ചു ജിനൻ ധർമ്മഭിക്ഷുസംഘവുമൊത്തു
ദേശങ്ങൾതോറും ചുററിനടന്നു ചിലകാലം.
അക്ഷയ്യതേജസ്സേലും ശ്രാവകന്മാരെയൊരു
ലക്ഷത്തിലേറെദ്ധർമ്മഭിക്ഷുകരാക്കിത്തീർത്തും,
മുഷ്കരന്മാരായ്വാണ തസ്കരന്മാരെദ്ധർമ്മ-
പുഷ്കലരായ പരിവ്രാജകരാക്കിത്തീർത്തും,
നിർമ്മലപ്രേമധർമ്മസൂക്തിയാൽ ജനങ്ങൾക്കു
ശർമ്മവും ദയാവായ്പും നീതിബോധവും നൽകി,
ഗ്രാമങ്ങൾതോറും ചുററിയനഘം സഞ്ചരിച്ചു
സോമസുന്ദരനായ തുന്ദിലദയാനിധി.
അന്ധരെ സംരക്ഷിച്ചും നിസ്സഹായരെസ്സഹായിച്ചും
അംഗഹീനരിലനുകമ്പയാലുഴറിയും,
വൻചുഴികളിൽപെട്ട വൻമരംപോലീരാറു-
വത്സരംകൊണ്ടു വീണ്ടും ചെന്നെത്തീ കപിലയിൽ.

ദിവസംതോറും ഭിക്ഷുസംഘത്തെ വളർത്തിയും
അവരോടൊത്തു ദിനകൃത്യങ്ങൾ നടത്തിയും,
മരുവും മഹാമുനി,ലുംബിനീവനം പൂകാ-
നൊരുനാൾ പുറപ്പെട്ടു സഹചാരികളോടും,
അരയാൽമരം കാൺകെ, മുജ്ജന്മചരിതങ്ങൾ
തരസാ നിഴലിച്ചു മാനസമുകുരത്തിൽ
അരികേ സ്ഥിതിചെയ്ത ദേവിയോടവയെല്ലാം
ത്വരിതം വിവരിച്ചു സുസ്മിതോജ്ജ്വലൻ മുനി.
രാഹുലാദികളുടെ പൂർവ്വജന്മത്തിൻകഥ-
യൂഹഗോചരമായ നിലയിൽ വിസ്തരിച്ചു
സ്നേഹമോഹനയായ ദേവിയെ, സമസ്തസൃഷ്ടി-
സ്നേഹഭാവന വായ്ക്കും മാമുനി രസിപ്പിച്ചു.
തുന്ദിലസ്നേഹനിധി നിഗ്രോധവനം പൂകി,
സുന്ദരാനന്ദാദികളെഴുന്നൂറുമവ്വണ്ണം പിന്നെ
പാരമ്യഗുണശീലമാധുരീ രസജ്ഞരാം
പൌരസഞ്ചയത്തേയും പരിവ്രാജകരാക്കി,
ധർമ്മമാഹാത്മ്യം കാക്കും സ്മാരകസ്തംഭം നാട്ടി
തൻതനയനു നാട്ടിൻനായകത്വവും നൽകി,
വൃദ്ധതാതനെദ്ധർമ്മചക്രപൂജയ്ക്കായ് ചൈത്യ-
ഭട്ടാരകാഗ്ര്യവനഭൂവിലുമയച്ചുടൻ
ഗൌതമീഗോപികാദിസ്ത്രീകൾക്കു നൽകീ പരി-
വ്രാജികാപദവിയും ഖിക്ഖിരീപാത്രങ്ങളും,
വ്രതദക്ഷകളായ ഭിക്ഷുണികളായ് ധർമ്മ-
രതി കൈക്കൊണ്ടു വാഴാനാശിസ്സുമുടൻ നൽകീ,
ഗേയഗാഥകൾ, നിദാനാവദാനങ്ങൾ, മഹാ-
യാനസൂത്രാദികളും ധാദശോദ്ദാനങ്ങളും

14621



ശ്രാവകശിഷ്യന്മാരെയഭ്യസിപ്പിച്ചുമാത്മ-
ധ്യാനനിശ്ചലനായും ചില നാളുകൾ നീക്കി
പ്രാജ്യകൌതുകമേറേ വിടൎന്ന നേത്രങ്ങളാൽ
രാജ്യവാസികൾ ജിനമുനിയെ നോക്കിനോക്കി,
ആനന്ദമിയലവേ, പരിവ്രാജകസേവ്യ-
നായതഗുണോജ്ജ്വലനവിടം വിട്ടുപോയി.
പരിപാവനനായ ശാക്യമാമുനീന്ദ്രൻെറ-
പെരിയ മാഹാത്മ്യം ഞാനല്പാല്പമരുൾചെയ്തു.
ചെറുതും പരിഹാസഭാവമേലാസ്ഥിൻ ബാല
സരളാലാപംപോലെ കൈക്കൊൾവിൻ ബുധന്മാരേ!
ഉലകിൻ നിയാമകശക്തിയുൾക്കമലെത്തിൽ
വിലസും ഭഗവാനെ വാഴ്ത്തിനേനതിൻപുണ്യം
പുരുസൌഭാഗ്യം സർവജീവിസന്ദോഹത്തിനു-
മരുളാനെന്നും ശക്തിയുക്തമായ് വിളങ്ങട്ടെ!

PC Library & Research Center